# കരയോഗ സൗഹൃദം

*സത്യം പരം ധീമഹി*


Rs. 6

മാസിക : എറണാകുളം കരയോഗത്തിന്റെ മുഖപത്രം

Pages 68

വാല്യം - 12 ലക്കം - 4 മീനം - 1194 ഏപ്രിൽ 2019




# എറണാകുളം കരയോഗം
# ഗുരുവായൂർ ഗസ്റ്റ് ഹൗസ് ബോണ്ട് സ്കീം

ESTD. 1925

## നവതി സ്മാരക ഗുരുവായൂർ ഗസ്റ്റ് ഹൗസ്,

കാരക്കാട്ട് റോഡ്, തെക്കേ നട, ഗുരുവായൂർ – 680101



## കരയോഗാംഗങ്ങളുടെ ശ്രദ്ധയ്ക്ക്

എറണാകുളം കരയോഗം ഗുരുവായൂരിൽ നിർമ്മിക്കുന്ന നവതി സ്മാരക ഗസ്റ്റ് ഹൗസിന്റെ നിർമ്മാണ ജോലികൾ ത്വരിതഗതിയിൽ പുരോഗമിച്ചു വരുന്നു. ഗസ്റ്റ് ഹൗസിന്റെ നിർമ്മാണത്തോടനുബന്ധിച്ചു ധനസമാഹരണത്തിനായി എറണാകുളം കരയോഗം ആകർഷണീയമായ ബോണ്ട് സ്കീം അംഗങ്ങൾക്കായി ആവിഷ്ക്കരിച്ചിരിക്കുന്നു. പ്രസ്തുത സ്കീമിൽ 77,000 രൂപ 42 മാസത്തേക്ക് നിക്ഷേപിക്കുന്നവർക്ക് 1,01,000 രൂപയും 66 മാസത്തേക്ക് നിക്ഷേപിക്കുന്നവർക്ക് 1,21,000 രൂപയും യഥാക്രമം ലഭിക്കുന്നതാണ്.

## സവിശേഷതകൾ

1. എറണാകുളം കരയോഗം ഗുരുവായൂർ ഗസ്റ്റ് ഹൗസ് ബോണ്ട് സ്കീം (കരയോഗം യോഗ മെമ്മോറാണ്ടം വകുപ്പ് 4 ക്യൂ) അനുസരിച്ച് പുറപ്പെടുവിക്കുന്നത്.

2. അംഗത്തിന് സ്വന്തം പേരിൽ ഒറ്റയ്ക്ക് അഞ്ച് (5) ബോണ്ടും, അംഗത്തിന്റെ കുടുംബത്തിലെ ഏതെങ്കിലും ഒരംഗത്തിനോടൊപ്പം അഞ്ച് (5) ബോണ്ടും ഉൾപ്പെടെ ആകെ 10 ബോണ്ടുകൾ സ്കീമിൽ എടുക്കാവുന്നതാണ്.

3. ഒരു ബോണ്ടിന് അടക്കേണ്ട തുക 77,000/- രൂപ മാത്രമാണ്.

4. 42 മാസം കാലാവധിയുള്ള ഒരു ബോണ്ടിന് 1,01,000 രൂപയും 66 മാസകാലാവധിയുള്ള ഒരു ബോണ്ടിന് 1,21,000 രൂപയും കാലാവധിക്കു ശേഷം ലഭിക്കുന്നതായിരിക്കും. ബോണ്ട് സ്കീമിലെ എല്ലാ ഇടപാടുകളും ബാങ്ക് വഴി മാത്രമായിരിക്കും.

5. കാലാവധിക്കു ശേഷം തുക മടക്കി കൊടുക്കുമ്പോൾ അന്ന് ബാധകമായ നിരക്കിനനുസരിച്ച് ഇൻകംടാക്സ് പിടിച്ച ശേഷം ബാക്കി തുകയായിരിക്കും നല്കുക.

6. അപേക്ഷകന് / അപേക്ഷകർക്ക് അവരുടെ യുക്താനുസരണം കരയോഗം നിയമാവലിയിൽ കുടുംബം എന്നു വിവക്ഷിക്കുന്നവരിൽ പ്രായപൂർത്തിയായ ഒരാളെ നോമിനിയായി നാമനിർദ്ദേശം ചെയ്യുവാൻ അവകാശമുണ്ടായിരിക്കും.

7. ഗസ്റ്റ് ഹൗസ് നിർമ്മാണത്തിന്റെ ധനസമാഹരണത്തിനു വേണ്ടിയുള്ള ഈ ബോണ്ട്സ്കീമിൽ അപേക്ഷ സ്വീകരിക്കുന്നതും, ബോണ്ട് നല്കുന്നതും കരയോഗം ഭരണസമിതിയുടെ അംഗീകാരത്തോടെ മാത്രമായിരിക്കും. നിശ്ചിത കാലാവധിക്കു മുൻപ് ബോണ്ടിൽ നിക്ഷേപിച്ച തുക തിരികെ ആവശ്യപ്പെടുന്നവർക്ക് കരയോഗം ഭരണസമിതിയുടെ അംഗീകാരത്തോടെ തുക തിരികെ നല്കുന്നതായിരിക്കും. അങ്ങനെ കാലാവധിക്ക് മുൻപ് പണം തിരികെ വാങ്ങുന്നവർക്ക് 6% വാർഷിക നിരക്കിലുള്ള പലിശ മാത്രമേ ലഭിക്കുകയുള്ളൂ.

8. ഗുരുവായൂർ ഗസ്റ്റ് ഹൗസ് ബോണ്ട് സ്കീമിന്റെ നിബന്ധനകളും കൂടുതൽ വിവരങ്ങളും അപേക്ഷാഫോറത്തിൽ ലഭ്യമാണ്.

## എഡിറ്റോറിയൽ

# എല്ലാവരും വോട്ട് ചെയ്യണം

ഭാരതത്തിലെ മുഴുവൻ ജനതതിയും ഉത്സവാഘോഷത്തിമർപ്പിലാണ് – ജനാധിപത്യോത്സവം– കന്യാകുമാരി  മുതൽ കാശ്മീർ വരെയുള്ള സകലമാന ജനങ്ങളും ഭാഗഭാക്കാകുന്ന മഹോത്സവം. അർഹമായ സ്വാതന്ത്ര്യവും നീതിയുക്തവും സ്വതന്ത്രവും പക്ഷപാതരഹിതവുമായ തിരഞ്ഞെടുപ്പുമാണല്ലോ ജനകീയ ഭരണത്തിന്റെ അടിസ്ഥാന ശിലകൾ. ജനങ്ങൾക്കുവേണ്ടി ജനങ്ങൾ ജനങ്ങളെ ഭരിക്കുന്ന സംവിധാനത്തെയാണല്ലോ ജനാധിപത്യഭരണമെന്നു പറയുന്നത്. നമ്മുടെ ഭരണഘടന അനുശാസിക്കുന്നത് ജനപ്രതിനിധി ഭരണം ആണല്ലോ ? പാർലമെന്ററി സമ്പ്രദായത്തിൽ ഭരണം നടക്കുന്ന നമ്മുടെ രാജ്യത്തെ ഭരണം ഫലപ്രദമാകണമെങ്കിൽ  തിരഞ്ഞെടുക്കപ്പെടുന്ന ജനപ്രതിനിധി ജനങ്ങളുടെ ആശയാഭിലാഷങ്ങളും, തത്ത്വചിന്തകളും ഉൾക്കൊള്ളുന്ന ആളായിരിക്കണം, ജനതയുടെ പരമാധികാരം പരിപോഷിപ്പിക്കും വിധം പ്രവർത്തിക്കുന്ന ആളായിരിക്കണം. എങ്കിൽ മാത്രമേ പാർലമെന്ററി സമ്പ്രദായം വിജയിക്കുകയുള്ളു. ഒരാൾ ഒരു മണ്ഡലത്തിൽ നിന്നും തിരഞ്ഞെടുക്കപ്പെട്ടാൽ അദ്ദേഹം പാർട്ടി ചിന്തകൾക്കതീതമായി തന്റെ മണ്ഡലത്തിലെ മുഴുവൻ ജനങ്ങളുടെയും ഉന്നമനത്തിനുവേണ്ടി പ്രവർത്തിക്കുന്നതിനൊപ്പം മുഴുവൻ രാജ്യത്തിന്റെയും ഉന്നമനത്തിനും ശ്രേയസ്സിനും വേണ്ടി പ്രവർത്തിക്കുവാൻ ബാധ്യസ്ഥനാണ്. നാം തിരഞ്ഞെടുക്കുന്ന പാർലമെന്റംഗങ്ങളുടെ അറിവും ശേഷിയും ദീർഘവീക്ഷണവുമാണ് നമ്മുടെ നാടിന്റെ മുന്നോട്ടുള്ള പ്രയാണത്തിന് കരുത്തേകേണ്ടത്. മാത്രവുമല്ല അവരുടെ

# ഉള്ളടക്കം

വാല്യം 12 | ലക്കം 4 | ഏപ്രിൽ 2019


എഡിറ്റോറിയൽ 3
ജനറൽ സെക്രട്ടറിയുടെ പംക്തി 5
എറണാകുളം കരയോഗം പ്രതിമാസ പരിപാടി 6
ബാലലോകം 7
രാഗപരിചയം 9
വാസ്തു 10
ഭാരതത്തിലെ ഋഷികവികൾ 12
ക്ഷേത്രങ്ങളിലൂടെ 15
രാമായണവും മഹാഭാരതവും രചിച്ച സന്ദർഭത്തിന്റെ ആനുകാലിക പ്രസക്തി 19
ഹരിസുധാലഹരി 22
പാതഞ്ജലയോഗ ദർശനം 23
മലയാള കവിതയിലെ മൂന്നു ഗണികാനായികമാർ 24
ഉത്തര രാമായണത്തിലൂടെ 29
പെൺപുലി 32
വധുവരജാതകൈക്യം 35
മനസ്സിന്റെ  വർണ്ണരാജി 39
ക്ഷേത്രവും തന്ത്രിയും 41
കങ്കാരുക്കളുടെ നാട് 44
മനസ്സും വപുസ്സും ദക്കാർത്തിന്റെ സംശയങ്ങൾ 48
വലിയ ചോദ്യങ്ങൾക്കുള്ള  ചെറിയ ഉത്തരങ്ങൾ 51
ജഗദ്ഗുരു ശ്രീ ശങ്കരാചാര്യർ 54
ആദരാഞ്ജലികൾ 57
മുടി കൊഴിച്ചിൽ 58
കൃഷ്ണഗീതിക 59
മാസഫലം 60
മാട്രിമോണിയൽ 61-66


## പത്രാധിപസമിതി


**കെ.പി. കൃഷ്ണമേനോൻ**
(മാനേജിംഗ് എഡിറ്റർ)

**എം. ശ്രീവല്ലഭൻ നായർ**
(എഡിറ്റർ)

**പി. രാമചന്ദ്രൻ (വേണു)**

**കെ.ടി. മോഹനൻ**

**എ. മുരളീധരൻ**

**കെ. പ്രസന്നകുമാർ**

പ്രവർത്തനശൈലിയാണ് ഒരു രാഷ്ട്രമെന്ന നിലയിൽ ഈ ഭാരതത്തിന്റെ സുരക്ഷിതത്വവും അഖണ്ഡതയും കാത്തു സൂക്ഷിക്കുന്നതും. അതുകൊണ്ടു തന്നെ തിരഞ്ഞെടുപ്പ് എന്നത് രാജ്യത്തിന്റെ ഭാവിയെ നിർണ്ണയിക്കുന്ന പ്രക്രിയ ആണ് എന്നുള്ളത് ഓരോ സമ്മതിദായകനും ഓർത്തിരിക്കേണ്ട വസ്തുതയാണ്. ലോകത്തെ ഏറ്റവും മഹത്തായ ജനാധിപത്യമായി നമ്മുടെ നാട്ടിൽ ജനാധിപത്യം നിലനില്ക്കുന്നതു തന്നെ ഇവിടുത്തെ നീതിപൂർവ്വവും സ്വതന്ത്രവുമായ തിരഞ്ഞെടുപ്പ് സമ്പ്രദായം കൊണ്ടാണ്. രാജ്യം സ്വതന്ത്രമായ ശേഷം ഇതിനോടകം പതിനാറു പ്രാവശ്യം ലോകസഭയിലേക്കുള്ള തിരഞ്ഞെടുപ്പുകൾ നടന്നു. ഇപ്പോഴിതാ അടുത്ത ലോകസഭയിലേക്കുള്ള തിരഞ്ഞെടുപ്പ് സമാഗതമായിരിക്കുന്നു.

2019 ഏപ്രിൽ – മെയ് മാസങ്ങളിലായി ഭാരതത്തിന്റെ 17-ാം ലോകസഭയിലേക്കുള്ള തിരഞ്ഞെടുപ്പ് നടക്കുകയാണല്ലൊ? ഓരോ സംസ്ഥാനങ്ങളിലേയും ഓരോ നിയോജകമണ്ഡലങ്ങളിലേയും തിരഞ്ഞെടുപ്പ് തീയതികൾ ഇലക്ഷൻ കമ്മീഷൻ പ്രഖ്യാപിച്ചു കഴിഞ്ഞു. ഇനിയുള്ള ചുമതല നമുക്ക്, ജനങ്ങൾക്കുള്ളതാണ്. 543 എം.പി മാരെ തിരഞ്ഞെടുത്ത് അവരുടെ കൈകളിലേക്കു ഈ രാജ്യത്തിന്റെ ഭരണച്ചുമതല ഏല്പിച്ചു കൊടുക്കുക എന്ന ഉത്തരവാദിത്വമാണ് നാം നിറവേറ്റണ്ടത്. ഈ ഉത്തരവാദിത്വം നിസ്സാരമെന്നു കരുതാൻ പാടില്ല. ജനാധിപത്യഭരണ സമ്പ്രദായത്തിൽ ആനുകൂല്യങ്ങൾ നേടിയെടുക്കാൻ ശ്രമിക്കുന്നതിനേക്കാളും വളരെയേറെ ജാഗ്രതയോടുകൂടി, സൂക്ഷ്മമായി പരിശോധിച്ചു വേണം ഓരോരുത്തരും അവരവരുടെ സമ്മതിദാനാവകാശം രേഖപ്പെടുത്താൻ. രാജ്യത്തെ മുഴുവൻ സമ്മതിദായകരും ഈ തിരഞ്ഞെടുപ്പിൽ വോട്ട് രേഖപ്പെടുത്തണം. ഒരാളുപോലും വോട്ട് രേഖപ്പെടുത്താതിരിക്കരുത്.

നമ്മുടെ ബഹു: പ്രധാനമന്ത്രിയുടെ വാക്കുകൾ ഇത്തരുണത്തിൽ വളരെ പ്രസക്തമാണ്. 'ഈ വരുന്ന ലോക്സഭ തിരഞ്ഞെടുപ്പിൽ എല്ലാവരും വോട്ടു ചെയ്യണം. അത് നമ്മുടെ ജനാധിപത്യത്തെ ശക്തിപ്പെടുത്തും' ശരിയാണ് ജനാധിപത്യത്തെ നിലനിർത്തേണ്ടതും ശക്തിപ്പെടുത്തേണ്ടതും ഓരോ പൗരന്റേയും കടമയാണ്. ദേശവിരുദ്ധരും, വിഘടനവാദികളുമൊക്കെ തിരഞ്ഞെടുപ്പ് ബഹിഷ്ക്കരിക്കാൻ ആഹ്വാനം ചെയ്യുകയും സമാധാനപരമായ തിരഞ്ഞെടുപ്പ് പ്രക്രിയയെ അലങ്കോലപ്പെടുത്താനും ശ്രമിച്ചേക്കാം. അമ്മാതിരിയുള്ള ദേശദ്രോഹികളുടെ വാക്കുകൾക്കു ചെവികൊടുക്കുക പോലും ചെയ്യാതെ, അവയെല്ലാം അർഹിക്കുന്ന അവജ്ഞയോടു കൂടി തള്ളിക്കളയണം. ഇലക്ഷൻ കാലമാണ് പലവിധത്തിലുള്ള പ്രലോഭനങ്ങളുമായി ആളുകൾ നമ്മെ ഓരോരുത്തരേയും സമീപിച്ചേക്കാം. നമ്മുടെ മാതൃരാജ്യത്തോടുള്ള കടപ്പാട് മനസ്സിലുറപ്പിച്ച്, എല്ലാവിധ പ്രലോഭനങ്ങളെയും അവഗണിച്ച്, നാടിന്റെ യശസ്സ് നിലനിർത്തുന്നതിനും ഉത്തരോത്തരമുള്ള വളർച്ചയ്ക്ക് ഉതകുന്നതുമായ പ്രവർത്തനങ്ങൾ കാഴ്ചവയ്ക്കുന്നവരേയും ജനാധിപത്യവിശ്വാസികളേയും തിരഞ്ഞെടുത്ത് അവരിലൂടെ ഉണ്ടാകുന്ന മാതൃകാപരമായ പാർലമെന്ററി പ്രവർത്തനങ്ങൾ വഴി നമ്മുടെ ഈ പുണ്യഭൂമിയെ ലോകത്തിലെ ഏറ്റവും ഉന്നത നിലവാരമുള്ള രാജ്യമാക്കി മാറ്റാം.

ഒന്നുകൂടി ഓർമ്മിപ്പിക്കുന്നു; എല്ലാവരും സമ്മതിദാനാവകാശം വിനിയോഗിക്കണം. വോട്ട് ചെയ്യാതിരിക്കുന്നത് നിയമപരമായി കുറ്റമല്ലെങ്കിലും ധാർമ്മികമായി അത് തെറ്റു തന്നെയാണ്. രാജ്യത്തിന്റെ ഭാവി നിർണ്ണയിക്കുന്നത് നമ്മുടെ സമ്മതിദാനാവകാശമാണ്. അതുകൊണ്ടു തന്നെ അതിൽ ഭാഗഭാക്കാകുകയെന്നുള്ളത് ഓരോ പൗരന്റെയും കടമയാണ്. അതിനാൽ തന്നെ രാജ്യത്തോടുള്ള പ്രഥമവും പ്രധാനവുമായ കർത്തവ്യം നിറവേറ്റുക വോട്ട് രേഖപ്പെടുത്തുക സ്വന്തം അവകാശം അർഹമായ തരത്തിൽ വിനിയോഗിക്കുക – നാടിന്റെ ശോഭനമായ ഭാവിക്കുവേണ്ടി.

# വേദാന്ത പഠനക്ലാസ്സ്

**എറണാകുളം കരയോഗത്തിന്റെ ആഭിമുഖ്യത്തിൽ**
**ശ്രീ.കെ.ആർ നമ്പ്യാരുടെ നേതൃത്വത്തിൽ വേദാന്ത പഠനക്ലാസ്സ്**
**എല്ലാ ശനിയാഴ്ചയും രാവിലെ 10.00ന് ഉണ്ടായിരിക്കുന്നതാണ്.**



# ജനറൽ സെക്രട്ടറിയുടെ പംക്തി

പി. രാമചന്ദ്രൻ (വേണു)

*'എല്ലാവർക്കും വിഷുദിനാശംസകൾ'*

2019 മാർച്ച് 31ന് എറണാകുളം കരയോഗത്തിന്റെ നടപ്പു സാമ്പത്തിക വർഷം അവസാനിക്കുകയാണ്. ഈ വർഷത്തിൽ കരയോഗം മുന്നോട്ടു വച്ച പദ്ധതികൾ, പ്രവർത്തനങ്ങൾ എന്നിവയെ സംബന്ധിച്ച് 2019 ജൂൺ മാസം 30-ാം തീയതി കൂടുന്ന 94-ാമത് വാർഷിക പൊതുയോഗത്തിൽ റിപ്പോർട്ട് ചെയ്യുന്നതായിരിക്കും. കഴിഞ്ഞ വാർഷിക പൊതുയോഗത്തിൽ ഭരണസമിതിയെ ഏൽപ്പിച്ച എല്ലാ ഉത്തരവാദിത്തങ്ങളും സാമ്പത്തിക പരിമിതികൾക്കുള്ളിൽ നിന്നു കൊണ്ട് മുൻഗണനാക്രമത്തിൽ ചെയ്തുവരികയാണ്. എറണാകുളം കരയോഗം നവതി സ്മാരക പദ്ധതിയായ ഗുരുവായൂരിലുള്ള രാധേയം ഗസ്റ്റ് ഹൗസിന്റെ നിർമ്മാണത്തിനാണ് നടപ്പുവർഷം പ്രാമുഖ്യം കൊടുത്തിട്ടുള്ളത്. 2019ൽ തന്നെ പൊതുജനങ്ങൾക്ക് സേവനത്തിനായി രാധേയം തുറന്നുകൊടുക്കാനാണ് തീരുമാനിച്ചിട്ടുള്ളത്.

2019 ലെ വിഷു, ഏപ്രിൽ 15 മേടം ഒന്നിന് എല്ലാ മലയാളികളും ആഘോഷിക്കുകയാണ്. എറണാകുളം കരയോഗത്തിന്റെ വിഷു വിപണനമേള ഏപ്രിൽ 7 മുതൽ 15 വരെയുള്ള ദിവസങ്ങളിൽ ടിഡിഎം ഹാളിൽ നടക്കുന്നു. മേളയിൽ വിവിധ പ്രഥമനുകൾ, കാളൻ, പുളിയിഞ്ചി, അച്ചാറുകൾ തുടങ്ങിയുള്ള വിഭവങ്ങൾ പ്രത്യേകം സജ്ജീകരിച്ച കൗണ്ടറിൽ നിന്ന് ലഭിക്കുന്നതായിരിക്കും. വിഷു ദിവസത്തേയ്ക്കുള്ള വിഷു സദ്യകിറ്റും പ്രഥമനുകളും മുൻകൂർ പണമടച്ച് ബുക്ക് ചെയ്യുന്നതിന് ഏപ്രിൽ 8 മുതൽ 12 വരെ ടിഡിഎം ഹാളിലെ വിപണന കൗണ്ടറിൽ സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ടെന്ന് അറിയിച്ചുകൊള്ളുന്നു. മുൻകൂട്ടി ബുക്കുചെയ്യുന്നവർക്ക് മാത്രമെ വിഷു സദ്യകിറ്റും പ്രഥമനുകളും ലഭിക്കുകയുള്ളു. ഏപ്രിൽ 15 വിഷുദിനത്തിൽ 8.30 മുതൽ 9.30 വരെ മാത്രമെ സദ്യകിറ്റ് വിതരണം ഉണ്ടായിരിക്കുകയുള്ളു.

2019 ഏപ്രിൽ നമ്മെ സംബന്ധിച്ച് പ്രത്യേകിച്ച് എടുത്തു പറയേണ്ട ഒരു മാസവും കൂടിയാണ്.

17-ാം ലോകസഭയിലേക്കുള്ള തിരഞ്ഞെടുപ്പ് ഏപ്രിൽ 23 നാണ്. ലോകത്തിലെ ഏറ്റവും വലിയ ജനാധിപത്യ രാജ്യമെന്ന നിലയിൽ, ജനങ്ങൾക്ക് തങ്ങളുടെ രാജ്യത്തിന്റെ അഖണ്ഡതയ്ക്കും കെട്ടുറപ്പിനും, ജാതി-മത വിദ്വേഷത്തിനെതിരായും, രാഷ്ട്രീയ തത്വചിന്തകൾ വിലയിരുത്തി, നമ്മുടെ സംസ്ക്കാരത്തെയും പാരമ്പര്യത്തെയും വിശ്വാസങ്ങളെയും ആചാരാനുഷ്ഠാനങ്ങളെയും ഇല്ലായ്മ ചെയ്യുന്ന പുരോഗമനപരമായ അതിവിപ്ലവങ്ങളെ സസൂക്ഷ്മം വിലയിരുത്തുകയും, ആരെയും പ്രീണിപ്പിക്കാതെയും പീഡിപ്പിക്കാതെയും രാഷ്ട്രസേവനം ജനത്തിന്റെ ഹിതമനുസരിച്ച് പ്രവർത്തിക്കാൻ കഴിവും വ്യക്തിത്വവുമുള്ള രാഷ്ട്രീയ പാർട്ടി പ്രതിനിധികളെയും, അതുപോലെ വ്യക്തിത്വവും നേതൃപാടവവും ജനാധിപത്യത്തിന്റെ ശ്രീകോവിലായ പാർലമെന്റിൽ ഈ രാജ്യത്തെ ജനങ്ങൾക്ക് വേണ്ടി സംസാരിക്കുവാനും പ്രവർത്തിക്കുവാനും കഴിവുള്ളവരെ തിരഞ്ഞെടുക്കാൻ നാം ഓരോരുത്തരും ബാദ്ധ്യസ്ഥരാണ്.

ദിവസങ്ങളോളം പാർലമെന്റ് സഭയുടെ നടത്തിപ്പ് തടസ്സപ്പെടുത്തി എത്ര കോടി രൂപയാണ് രാജ്യത്തിന് നഷ്ടപ്പെടുത്തിയിട്ടുള്ളത് എന്ന് കഴിഞ്ഞ കാലങ്ങളിലെ അനുഭവത്തിൽ നമുക്ക് അറിവുള്ളതാണ്. ആയതുകൊണ്ട് 23-ാം തീയതി പോളിങ്ങ് ബൂത്തിലെത്തുമ്പോൾ ഒരു നിമിഷം പ്രാർത്ഥനയോടെ കഴിഞ്ഞ ദിവസങ്ങളിലെ ഇവരുടെ പ്രവർത്തനങ്ങൾ വിലയിരുത്തുകയും വളരെ ഓർമ്മയോടെ, മറക്കാതെ ആലോചിച്ച് രാജ്യത്തിന്റെ മുന്നോട്ടുള്ള പ്രയാണത്തിൽ ജനാധിപത്യത്തിന്റെ ഏറ്റവും വലിയ ആയുധമായ നമ്മുടെ അവകാശം - വോട്ട് രേഖപ്പെടുത്തി നല്ല ഭരണാധികാരികളെ തിരഞ്ഞെടുക്കുവാൻ കഴിയണമെന്ന് അഭ്യർത്ഥിച്ചുകൊള്ളുന്നു.

എറണാകുളം കരയോഗവും ബീമും സംയുക്തമായി സംഘടിപ്പിക്കുന്ന പ്രതിമാസ പരിപാടി

യിൽ ഏപ്രിൽ 17 ന് ശനിയാഴ്ച വൈകുന്നേരം 6.30ന് നവദർശന, മലപ്പുറം അവതരിപ്പിക്കുന്ന നാടകം- 'ഉർവ്വരഭൂമി' ടിഡിഎം ഹാൾ ഗംഗയിൽ നടത്തുന്നതാണ്.

എറണാകുളം കരയോഗം ഫിലിം ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ ഏപ്രിൽ 20ന് ഞായറാഴ്ച വൈകുന്നേരം 5.00 മണിക്ക് 'ഭാർഗ്ഗവി നിലയം' സിനിമാപ്രദർശനം ടിഡിഎം ഹാൾ നർമ്മദയിൽ നടത്തുന്നതാണ്.

12-ാമത് എറണാകുളം കരയോഗം - പി.എസ്. ഗോപിനാഥൻ നായർ പരിസ്ഥിതി അവാർഡ് ദാനം ഏപ്രിൽ 22ന് വൈകുന്നേരം 5.00 മണിക്ക് ടിഡിഎം ഹാൾ കാവേരിയിൽ വച്ച് നടത്തുന്നതാണ്.

എറണാകുളം കരയോഗം കഥകളി ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ പ്രതിമാസ കഥകളി 'സീതാസ്വയംവരം' ഏപ്രിൽ 30, ചൊവ്വാഴ്ച നടത്തുന്നതാണ്.

കരയോഗത്തിന്റെ തുടർന്നുള്ള എല്ലാ പ്രവർത്തനങ്ങളിലും അംഗങ്ങളുടെ സഹായ സഹകരണങ്ങൾ അഭ്യർത്ഥിക്കുന്നു.

ജനറൽ സെക്രട്ടറി

## എറണാകുളം കരയോഗം
## 17.04.2019 മുതൽ 15.05.2019 വരെയുള്ള പരിപാടികൾ

| | | | |
|---|---|---|---|
| 17.4.2019 | ബുധൻ | 3.00 p.m. | : ദേവി ഭാഗവതം ക്ലാസ്സ് |
| | | 6.30 p.m. | : ബീം പ്രതിമാസ പരിപാടി- ഉർവ്വരഭൂമി |
| 18.4.2019 | വ്യാഴം | 4.00 p.m. | : എൽഡർ സിറ്റിസൺസ് ഫോറം യോഗം |
| 20.4.2019 | ശനി | 10.00 a.m. | : വേദാന്ത പഠന ക്ലാസ്സ് (ആചാര്യൻ കെ.ആർ.നമ്പ്യാർ) |
| | | 5.00 p.m. | : കരയോഗം ഫിലിംക്ലബ്ബ് - സിനിമ പ്രദർശനം - ഭാർഗ്ഗവി നിലയം |
| 22.4.19 | തിങ്കൾ | 5.30 p.m. | : എറണാകുളം കരയോഗം - പി.എസ്.ഗോപിനാഥൻ നായർ പരിസ്ഥിതി അവാർഡ് ദാനം-2019 |
| 24.4.2019 | ബുധൻ | 3.00 p.m. | : ദേവി ഭാഗവതം ക്ലാസ്സ് |
| | | 3.30 p.m | : വിമൻസ് ഫോറം യോഗം |
| 25.4.2019 | വ്യാഴം | 4.00 p.m. | : എൽഡർ സിറ്റിസൺസ് ഫോറം യോഗം |
| 27.4.2019 | ശനി | 10.00 a.m. | : വേദാന്ത പഠന ക്ലാസ്സ് (ആചാര്യൻ കെ.ആർ.നമ്പ്യാർ) |
| 30.4.19 | ചൊവ്വ | 6.30 p.m. | : എറണാകുളം കരയോഗം കഥകളി ക്ലബ്ബ്- സീതാസ്വയംവരം കഥകളി |
| 1.5.2019 | ബുധൻ | 3.00 p.m. | : ദേവി ഭാഗവതം ക്ലാസ്സ് |
| 2.5.2019 | വ്യാഴം | 4.00 p.m. | : എൽഡർ സിറ്റിസൺസ് ഫോറം യോഗം |
| 3.5.2019 | വെള്ളി | | : കരയോഗം വിഘ്നേശ്വര ക്ഷേത്ര പ്രതിഷ്ഠാദിനം |
| 4.5.2019 | ശനി | 10.00 a.m. | : വേദാന്ത പഠന ക്ലാസ്സ് (ആചാര്യൻ കെ.ആർ.നമ്പ്യാർ) |
| 8.5.2019 | ബുധൻ | 3.00 p.m. | : ദേവി ഭാഗവതം ക്ലാസ്സ് |
| 9.5.2019 | വ്യാഴം | 4.00 p.m. | : എൽഡർ സിറ്റിസൺസ് ഫോറം യോഗം |
| 11.5.2019 | ശനി | 10.00 a.m. | : വേദാന്ത പഠന ക്ലാസ്സ് (ആചാര്യൻ കെ.ആർ.നമ്പ്യാർ) |
| 12.05.2019 | ഞായർ | 10.00 a.m. | : പാർക്കിൻസൺസ് രോഗചികിത്സ(ആയുഷ്യം പോളിക്ലിനിക്) |
| 15.5.2019 | ബുധൻ | 3.00 p.m. | : ദേവി ഭാഗവതം ക്ലാസ്സ് |

## നായർ സ്ത്രീസമാജം 2019 ഏപ്രിൽ മാസ പരിപാടികൾ

| തീയതി | പരിപാടി | സമയം |
|---|---|---|
| 23.04.2019 | Get Together | 4.00 pm |



# ബാല ലോകം

ലക്ഷ്മിദേവി നായർ (ഫോൺ: 9947770638)

പ്രിയപ്പെട്ട കൂട്ടുകാരെ,

പരീക്ഷാക്കാലമെല്ലാം കഴിഞ്ഞില്ലേ? ഇനി അവധിക്കാലം വേണ്ടതുപോലെ ആസ്വദിച്ചോളൂ. അതിയായ ചൂടു കാലമാണ് വരുന്നത്. കൂട്ടുകാരെല്ലാം ധാരാളം തിളപ്പിച്ചാറിയ വെള്ളം കുടിക്കണം. ശീതികരിച്ച ഭക്ഷണ സാധനങ്ങളെല്ലാം ഒഴിവാക്കണം കേട്ടോ. എന്തൊക്കെയാണ് കൂട്ടുകാർ അവധിക്കാലത്ത് ചെയ്യാൻ പോകുന്നത് ? എന്തു ചെയ്യുന്നതിനും ഒരു കൃത്യനിഷ്ഠ വേണം കേട്ടോ. നേരത്തെ എഴുന്നേൽക്കുക, ദിനകൃത്യങ്ങളെല്ലാം വേണ്ടതുപോലെ നിർവ്വഹിക്കുക, ഇഷ്ടംപോലെ കൂട്ടുകാരോടൊത്ത് കളിക്കുക, പുസ്തകങ്ങൾ വായിക്കുക, അച്ഛനമ്മമാരോടും ബന്ധുമിത്രാദികളോടും ഒപ്പം സമയം ചിലവഴിക്കുക. അവരോടൊപ്പം യാത്രകൾ ചെയ്യുമ്പോൾ കാണുന്ന കാര്യങ്ങൾ എല്ലാം പുസ്തകത്തിൽ കുറിച്ചിടുക, ഇത്യാദി കാര്യങ്ങൾ ഓർമ്മവേണം.

പരസ്പരം സ്നേഹിക്കാനും പാവപ്പെട്ട കുട്ടികൾ താമസിക്കുന്ന അനാഥാലയങ്ങൾ സന്ദർശിക്കാനും അച്ഛനമ്മമാരോടൊപ്പം പോകാം. അച്ഛനമ്മമാരെയും ഗുരുക്കന്മാരെയും ദൈവത്തിനു തുല്യം സ്നേഹിക്കണം കൂട്ടുകാരെ. ആ അനുഗ്രഹമാണ് നിങ്ങൾക്ക് എന്നും തണലാവുക. ഒന്നിനും ആരോടും കോപം വേണ്ട. കോപത്തെ സ്നേഹം കൊണ്ട് മറികടക്കാനാവും കേട്ടോ. 'കോപംഃ കൊണ്ടു ശപിക്കരുതാരും, ഭഗവന്മയമെന്നോർക്ക സമസ്തം' എന്ന് കൂട്ടുകാരും കേട്ടിട്ടുണ്ടാവും.

ഇനി കോപിഷ്ഠനായ ഒരു മുനിയുടെ കഥ കേട്ടോളൂ.

ദുർവാസാവ് മഹർഷി ഏറെ കോപിഷ്ഠനായിരുന്നു. ഒരിക്കൽ അംബരീഷൻ എന്ന ഒരു രാജാവ് മഹാവിഷ്ണുവിനെ പ്രാർത്ഥിച്ചുകൊണ്ട് യമുനാനദീതീരത്തുള്ള മധുവനത്തിൽ വെച്ച് പൂജാകർമ്മങ്ങളിൽ മുഴുകി ഇരിക്കുകയായിരുന്നു. ഏകാദശി നൊയമ്പിനുശേഷം ദ്വാദശീവ്രതം അനുഷ്ഠിക്കാൻ ഒരുങ്ങി നിൽക്കുന്ന അദ്ദേഹത്തിന്റെ മനസ്സിൽ ഭഗവത്സ്മരണ മാത്രമേ ഉണ്ടായിരുന്നുള്ളൂ. അവിടേക്കു കോപത്തിൽ മുമ്പനായ ദുർവാസാവു മുനി കടന്നു വന്നു. പൂജ കഴിഞ്ഞു ഭക്ഷണത്തിനുള്ള ഒരുക്കമായപ്പോൾ മുനി പതുക്കെ കുളിക്കാൻ പോയി. അദ്ദേഹം മനപ്പൂർവ്വം ഏറെ സമയമെടുത്ത് കുളിക്കാൻ തുടങ്ങി. പൂജ കഴിഞ്ഞു കുറെ സമയമായിട്ടും മുനിയെ കാണാഞ്ഞു അംബരീഷൻ വിഷമത്തിലായി, അദ്ദേഹം ജലം അശിച്ചുകൊണ്ടു പാരണ നിർവ്വഹിച്ചു. ഇത് ദിവ്യദൃഷ്ടികൊണ്ട് മനസ്സിലാക്കിയ മുനി കോപിഷ്ടനായി രാജാവിനു നേരെ ശകാരവർഷം ചൊരിഞ്ഞു. എന്നിട്ടും കോപം ശമിക്കാതെ സ്വന്തം ജടയിൽ നിന്ന് ഒരു സ്ത്രീയെ സൃഷ്ടിച്ചു. ആ രൂപം രാജാവിനെ ഉപദ്രവിക്കാനായി പാഞ്ഞു ചെന്നു. രാജാവിന്റെ ഭക്തിക്ക് അല്പം പോലും ഇളക്കമുണ്ടായില്ല. ഭക്തദാസനാണല്ലോ ഭഗവാൻ. ഭഗവാന്റെ സുദർശന ചക്രത്തിന്റെ ശക്തിയാൽ അദ്ദേഹത്തെ അവർക്ക് തൊടാനായില്ല. മറിച്ച് ആ രൂപം മുനിയുടെ നേർക്ക് പാഞ്ഞു ചെന്നു. മഹർഷിക്ക് ഭയമായി. അദ്ദേഹം ബ്രഹ്മാവിനെ ശരണം പ്രാപിച്ചു. എനിക്കൊന്നും ചെയ്യാനാവില്ല ബ്രഹ്മാവ് പറഞ്ഞു. തുടർന്ന് മുനി മഹാവിഷ്ണുവിന്റെ സമീപമെത്തി. മഹാവിഷ്ണു പറഞ്ഞു. ഞാൻ ഭക്തദാസനാണെന്നു അങ്ങേക്ക് അറിയാമല്ലോ? അങ്ങിനി അംബരീഷനെത്തന്നെ ചെന്ന് കണ്ടു അദ്ദേഹത്തിന്റെ കാൽക്കൽ ശരണം പ്രാപിക്കൂ. അവിടെയും അംബരീഷന്റെ വിനയഭാവമാണ് മുനി കണ്ടത്. കാൽക്കൽ ശരണം പ്രാപിക്കാൻ വന്ന മുനിയിൽ നിന്ന് അദ്ദേഹം ഒഴിഞ്ഞു മാറി. ഇദ്ദേഹത്തിന്റെ കാരുണ്യഭാവം കണ്ടു അലിവ് തോന്നിയ മുനി അംബരീഷനെ അനുഗ്രഹിച്ചു.

ഇനി കൂട്ടുകാർ കൃഷ്ണഗാഥാ കർത്താവായ ചെറുശ്ശേരി നമ്പൂതിരിയെ പരിചയപ്പെട്ടോളൂ. മലയാള സാഹിത്യത്തില് പാട്ടു പ്രസ്ഥാനത്തിന് ഇദ്ദേഹവുമായി അഭേദ്യമായ ബന്ധമുണ്ട്. കൃഷ്ണഗാഥ പഠിക്കാൻ ഏറെ എളുപ്പമാണ് കൂട്ടുകാരെ. ക്രിസ്തുവർഷം പതിനഞ്ചാം ശതകത്തിലാണ് ഇദ്ദേഹം ജീവിച്ചിരുന്നത് എന്ന് കരുതപ്പെടുന്നു. വായനക്കാരെ ഏറെ ആകർഷിക്കുന്ന ഒരു കൃതിയാണ് ഇത്. കൈരളിക്കു ലഭിച്ച ഇതിലെ പവിഴങ്ങളിലേയും മുത്തുകളിലേയും ഒരു ചെറിയ ഭാഗം താഴെ കൊടുത്ത കവിതാ ശകലത്തിലൂടെ കൂട്ടുകാർ പരിചയപ്പെടുമല്ലോ.

ഓമനത്തുമുഖം തന്നിലേ നോക്കിക്കൊ-
ണ്ടോർത്തു നിന്നീടിനാളൊട്ടുനേരം
ചീർത്തൊരു കോപം പൂണ്ടന്തകൻ വരാഞ്ഞു
പാർത്തുനിന്നീടുന്നൊളെന്ന പോലെ
കാളിന്ദി തന്നുടെ നീരെല്ലാം പൊങ്ങീട്ട്
നീളെപ്പരന്നു ചമഞ്ഞപോലെ

പാരിച്ചു നിന്നൊരാ കൂരിരുട്ടന്നേരം
പാരിടമെങ്ങും പരന്നുകൂടി
മുത്തുകൾ പൂണ്ടുള്ള കാർവർണ്ണൻ മെയ്തന്നോ-
ടൊത്തങ്ങു നിൽപാനായെന്നപോലെ
താരങ്ങളായോരു ഹാരങ്ങൾ പൂണ്ടിട്ടു
പാരം വിളങ്ങി വിയത്തുമപ്പോൾ

# സങ്കൽപ്പസദ്യ

**പറവൂർ രാജഗോപാൽ.**
**ഫോൺ: 9847291483**

താൻ വിഭവസമൃദ്ധമായി ഊണു കഴിക്കുന്നു എന്ന് സങ്കൽപ്പിക്കുന്ന ഒരാളുണ്ടായിരുന്നു. കോമളൻ എന്നായിരുന്നു അയാളുടെ പേര്. യഥാർത്ഥത്തിൽ കോമളൻ ഉണ്ണുകയില്ല. ഉണ്ണുന്നതുപോലെ സങ്കൽപിക്കുകയേയുള്ളൂ.

അതിനായി സാമാന്യം വലിയൊരു തൂശനില വയ്ക്കുന്നതായി അയാൾ ഭാവിക്കും. പിന്നെ ഇലയിൽ വിഭവങ്ങൾ ഓരോന്നായി വിളമ്പുംപോലെ കാണിക്കും. കറികളൊക്കെ യഥാസ്ഥാനത്ത് തന്നെയെന്ന് ഉറപ്പിക്കും. പിന്നെ ഊണു തുടങ്ങും.

ഊണിനുള്ള കറികളുടെ പ്രത്യേകത എന്തെന്നോ ?

അവയൊക്കെ ധാരാളം എരിവുചേർത്തു ചമച്ചവയായിരിക്കും എന്നതാണ്.

ഊണു കഴിഞ്ഞതും എരിവു സഹിക്കവയ്യാതെ കോമളൻ ചുറ്റുവട്ടത്തൊക്കെ ഓടി നടക്കും. കാണുന്നവരോടൊക്കെ പറയും -

'ന്റെ നാക്കെരിഞ്ഞിട്ടു വയ്യേ'!

നിത്യവും ഇത് അവന്റെയൊരു വേലയാണ്. ഉച്ചയ്ക്കും രാത്രിയിലും സങ്കൽപ്പ സദ്യയുണ്ട്. കോമളൻ മറ്റുള്ളവർക്ക് തലവേദനയുണ്ടാക്കും.

വായിലും മൂക്കിലും കണ്ണിലും കൂടി വെള്ളം ഒഴുകിക്കൊണ്ട് അങ്ങുമിങ്ങും ഓടിപ്പാഞ്ഞു നടന്ന്, ഒടുവിൽ എരിവു ശമിക്കുമ്പോൾ ചെന്നു കിടന്നുറങ്ങും. നാട്ടുകാർക്കൊക്കെ കോമളന്റെ ഈ ഓട്ടപ്പാച്ചിൽ കണ്ടു കണ്ടു മതിയായി.

പലരും പറഞ്ഞു തുടങ്ങി -

കോമളാ നീ നിന്റെയീ ദു:ശ്ശീലം മാറ്റണം.

അവനുണ്ടോ മാറ്റം ? എവിടെ !

സുഹൃത്തുക്കൾ ചിലർ ചേർന്ന് ഒടുവിൽ അവനെ ഒരു നാട്ടുവൈദ്യനെ കാണിച്ചു. വൈദ്യൻ കുടുകുടാ ചിരിച്ചു. കിറി വക്രിച്ചു പിടിച്ചുകൊണ്ട് വായിലെ മുറുക്കാൻ തുപ്പി. 'ശുംഭൻ' എന്ന് കോമളനെ നോക്കി വിളിച്ചു.

ഒരു ചൂർണ്ണം അവന്റെ നാവിലിട്ടു കൊടുത്തിട്ട് നാട്ടുവൈദ്യൻ പറഞ്ഞു.

'എടവേ, നീയെന്തൊരു ഭോഷനെടേ' !

ശരിക്കും നീ ഉണ്ണുന്നില്ല. ഉണ്ണുന്നുവെന്ന് ഭാവിക്കുന്നേയുള്ളു ഇല്ലേ.....? എരിവു കൂടിയ വിഭവങ്ങൾ കഴിക്കുന്നുവെന്ന് സങ്കൽപ്പിക്കുന്ന നീ ഇനി ജിലേബിയും ലഡ്ഡുവും പാലടപ്രഥമനുമൊക്കെ കഴിക്കുന്നുവെന്ന് സങ്കൽപ്പിച്ചു നോക്ക്.

കോമളൻ തലകുലുക്കി സമ്മതിച്ചു.

പിന്നീട് അവൻ ആരെക്കണ്ടാലും പറയുമായിരുന്നു, മധുരത്തിന്റെ ആ സ്വാദിനെപ്പറ്റി !

ഇതുപോലെ തന്നെ മനുഷ്യന്റെ ജീവിതത്തിലെ ദു:ഖവും സന്തോഷവുമൊക്കെ വെറും സാങ്കൽപ്പികമാണ്.

**എറണാകുളം കരയോഗത്തിൻെറ പ്രതിമാസ പാർക്കിൻസൺസ് രോഗചികിത്സാ ക്ലിനിക് 2019 ഏപ്രിൽ മാസം 14-ാം തീയതി, ഞായറാഴ്ച രാവിലെ 10 മണി മുതൽ 1 മണി വരെ ആയുഷ്യം പോളിക്ലിനിക്കിൽ വച്ച് നടത്തുന്നതാണ്.**

***ജനറൽ സെക്രട്ടറി***

രാഗപരിചയം

# നാട്ടക്കുറിഞ്ഞി

ഡോ. ജയലക്ഷ്മി നന്ദകുമാർ

28-ാ മത്തെ മേളകർത്താ രാഗമായ ഹരികാംബോജിയുടെ ജന്യരാഗമാണ് നാട്ടക്കുറിഞ്ഞി.

ആരോഹണം : സ രി ഗ മ നി ധ നി പ ധ നി സ

അവരോഹണം : സ നി ധ മ ഗ സ

സ്വരസ്ഥാനങ്ങൾ : ഷഡ്ജം, ചതു:ശ്രുതി രിഷഭം, അന്തരഗാന്ധാരം, ശുദ്ധമദ്ധ്യമം, പഞ്ചമം, ചതു:ശ്രുതി ധൈവതം കൈശികി നിഷാദം.

ഇത് വക്രസമ്പൂർണ്ണ - ഔഡവ ആരോഹണ അവരോഹണം ആണ്. മറ്റൊരു ആരോഹണവും സ രി ഗ മ ധ നി സ ആലപിക്കാറുണ്ട്. അങ്ങനെ വരുമ്പോൾ ആരോഹണത്തിൽ ആറും അവരോഹണത്തിൽ അഞ്ചും സ്വരങ്ങൾ വരുന്നതുകൊണ്ട് ഷാഡവ - ഔഡവ രാഗം ആവും. അന്യസ്വരങ്ങൾ ഇല്ലാത്തതിനാൽ ഇതൊരു ഉപാംഗ രാഗമാണ്.

സർവ്വകാലിക രാഗമാണെങ്കിലും സായാഹ്ന സമയം കൂടുതൽ അഭികാമ്യം. മൂന്നു സ്ഥായികളിലും സഞ്ചാരസ്വാതന്ത്ര്യം ഉള്ള ത്രിസ്ഥായി രാഗമാണിത്.

ഹിന്ദുസ്ഥാനി സംഗീതത്തിൽ നാട്ടക്കുറജിക എന്ന പേരിൽ ഒരേ പോലെ പ്രാധാന്യം ഉള്ള രാഗമാണ് നാട്ടക്കുറിഞ്ഞി. ഭാവത്താൽ നിറഞ്ഞ പ്രസന്നമായ രാഗമാണ് ഇത്. ശൃംഗാരം, കരുണം എന്നീ ഭാവങ്ങൾ പ്രകടിപ്പിക്കുവാൻ ഏറെ കഴിവുള്ള രാഗം. ശ്രോതാക്കൾക്ക് കർണ്ണാനന്ദകരമായ ഒരു രാഗമാണിത്. മുത്തുസ്വാമി ദീക്ഷിതർ നവഗ്രഹങ്ങളെ പ്രകീർത്തിച്ച് രചിച്ച കൃതികളിൽ ബുധമാശ്രയാമി എന്ന നാട്ടക്കുറിഞ്ഞി രാഗത്തിലുള്ള കൃതി പ്രസിദ്ധമാണ്.

## ഈ രാഗത്തിലുള്ള കൃതികൾ

| | | | | | |
|---|---|---|---|---|---|
| 1. | മാമവ സദാ വരദേ | - | രൂപകം | - | സ്വാതിതിരുനാൾ |
| 2. | ബുധമാശ്രയാമി | - | മിശ്രഝംപ | - | മുത്തുസ്വാമി ദീക്ഷിതർ |
| 3. | മനസു വിഷയ | - | ആദി | - | ത്യാഗരാജസ്വാമി |
| 4. | പ്രാണനാഥ | - | രൂപകം | - | പുരന്ദരദാസർ |
| 5. | പരാകേല സരസ്വതി | - | രൂപകം | - | തിരുപ്പതി നാരായണസ്വാമി |

## ചലച്ചിത്രഗാനങ്ങൾ

| | | | |
|---|---|---|---|
| 1. | ഉദയം വാൽക്കണ്ണെഴുതി | - | ഞങ്ങൾ സന്തുഷ്ടരാണ് |
| 2. | തിര നുരയും | - | അനന്തഭദ്രം |
| 3. | ആദിയിൽ മത്സ്യമായ് (മൂവുലകം മൂന്നടിയായ് എന്ന ഭാഗം) | - | ശ്രീ ഗുരുവായുരപ്പൻ |
| 4. | അനാദ്യന്തമാദ്യം | - | ജഗദ്ഗുരു ആദിശങ്കരൻ |
| 5. | ചാരുസുമരാജിമുഖി | - | ചതുർവേദം |
| 6. | കമ്പകന്യകേ (തുടക്കം) | - | കാലം കാത്തുനിന്നില്ല. |
| 7. | വൈകാശി തെന്നലോ | - | രക്തസാക്ഷികൾ സിന്ദാബാദ് |
| 8. | മയ്യണിക്കണ്ണേ ഉറങ്ങുറങ്ങ് | - | മോക്ഷം |
| 9. | മാധവ മാസമോ | - | സ്വപാനം |
| 10. | ഈശ്വരാ ജഗദീശ്വരാ (ജലധരാവലി എന്നു തുടങ്ങുന്ന ഭാഗം) | - | കണ്ണുകൾ |
| 11. | കണ്ണാംമൂച്ചിയേനടാ | - | കണ്ടുകൊണ്ടേൻ കണ്ടുകൊണ്ടേൻ |

വാസ്തു

# വാസ്തുശാസ്ത്രം



ശ്രീ.പ്രഭാകരമേനോൻ പര്യാടത്ത്, റിട്ടയേർഡ് എഞ്ചിനീയർ, വാസ്തു വിദ്ഗദ്ധൻ (ഫോൺ: 9447032434)

വീടായാലും, ഫ്ളാറ്റായാലും അടുക്കള വളരെ പ്രധാനപ്പെട്ട ഒരു മുറിയാണ്. സൂര്യപ്രകാശം ധാരാളം ലഭിക്കുന്ന അടുക്കള അണുവിമുക്തമായിരിക്കും. പല പച്ചക്കറികളിലുള്ള പ്രോട്ടീനുകൾ ശരിയായി പ്രവൃത്തിക്കണമെങ്കിൽ സൂര്യപ്രകാശം ശരിയാംവണ്ണം അടുക്കളയിൽ എത്തണം. പഴയകാലത്ത് അഗ്നിദേവനായിട്ടാണ് തീ കണക്കാക്കിയിരുന്നത്. അതിന്റെ സ്ഥാനം വാസ്തു ശാസ്ത്രത്തിൽ കിഴക്ക് - തെക്ക് ഭാഗത്താണ്. പല സ്ഥലങ്ങളിലും അടുക്കള പണിതീർക്കുന്നത് വീടിന്റെ കിഴക്ക് തെക്ക് ഭാഗത്താണ്. കേരളത്തിലെ കാറ്റിന്റെ ഗതിയും, ഭൂമിയുടെ ചെരിവും നോക്കിയാൽ അടുക്കള കിഴക്കു വടക്കാണ് നല്ലത്. കിഴക്ക് തെക്കു ഭാഗത്തും നല്ലതു തന്നെ. കിഴക്ക് മദ്ധ്യത്തിലും വിരോധമില്ല. അടുക്കള എവിടെ ആയാലും കത്തിക്കുന്ന സ്ഥലം അടുക്കളയുടെ കിഴക്കു ഭാഗത്തു തന്നെയായിരിക്കണം. ഒരിക്കലും അടുക്കളയുടെ കിഴക്ക് വടക്ക് സ്റ്റൗ വെച്ച് കത്തിക്കരുത്. അതുപോലെ തന്നെ വാഷ് ബേസിൻ ഒരിക്കലും കിഴക്ക് തെക്ക്, തെക്ക് - പടിഞ്ഞാറ് വരരുത്. എപ്പോഴും അടുക്കളയുടെ കിഴക്ക്- വടക്ക് ഭാഗത്തായിരിക്കണം. കുടിക്കാനുള്ള വെള്ളവും. തെക്ക് പടിഞ്ഞാറ് ധാരാളം അലമാരകൾ ഉണ്ടാക്കാവുന്നതാണ്. അടുക്കളയുടെ കിഴക്ക് ചെറിയ ജനാല, മുറിയുടെ മദ്ധ്യ ഭാഗത്തിൽ നിന്നും വടക്കോട്ട് മാറിയിരിക്കണം. ജനാലയുടെ വടക്കു വശത്തുള്ള സ്ഥലം തെക്കു ഭാഗത്തുള്ളതിനേക്കാൾ കൂടുതൽ വേണം വടക്കു വശത്തുള്ള ഷെൽഫിന്റെ സ്ഥലം വിട്ട് ജനാല വെക്കാം. അടുക്കളയുടെ വാതിൽ ഒരിക്കലും, സ്റ്റൗവിന്റെ എതിർവശം വരരുത്. അതായത് പടിഞ്ഞാറ് തെക്കും, തെക്ക് പടിഞ്ഞാറും അടുക്കളയുടെ വാതിൽ വരരുത്. പടിഞ്ഞാറു വടക്ക് , തെക്കു കിഴക്ക് , വടക്കു മദ്ധ്യത്തിലോ വരാം. അടുക്കളയിൽ ഭക്ഷണം പാചകം ചെയ്യുന്നത് എപ്പോഴും കിഴക്കോട്ട് തിരിഞ്ഞു നിന്നുകൊണ്ടായിരിക്കണം. ഉദയം കണ്ട് പാചകം ചെയ്യണം എന്നത് ഓർമ്മയിൽ ഉണ്ടായിരിക്കണം. വടക്കോട്ട് തിരിഞ്ഞും പാചകം ചെയ്യാം. അടുക്കള കഴിഞ്ഞാൽ ഏറ്റവും പ്രധാനപ്പെട്ട മുറി കിടപ്പു മുറിയാണ്. നല്ല ഉറക്കം കിട്ടണമെങ്കിൽ, കിടപ്പുമുറിയുടെ സ്ഥാനവും കിടക്കുന്ന സ്ഥാനവും പ്രധാനപ്പെട്ടതാണ്. ശരിയാംവണ്ണം ഉറക്കം കിട്ടിയാൽ മറ്റു പല ആരോഗ്യ പ്രശ്നങ്ങളും പരിഹരിക്കപ്പെടും. Master Bedroom മുറിയുടെ തെക്ക് പടിഞ്ഞാറു ഭാഗത്തായിരിക്കണം. അതിന്റെ വടക്ക് കിഴക്ക് ഭാഗത്തായിരിക്കണം വാതിൽ വെക്കേണ്ടത്. അതിന് പറ്റാത്തവർ വടക്ക് കിഴക്ക് വാതിലിന്റെ ഉയരത്തിന്റെ താഴെ ചെറിയ ഒരു ദ്വാരം 2'' വലുപ്പത്തിൽ കൊടുക്കണം. അലമാരയും കട്ടിലും തെക്ക് പടിഞ്ഞാറു ഭാഗത്തായിരിക്കണം. മുറികളുടെ തെക്ക് പടിഞ്ഞാറു മൂല ഒഴിച്ചിടരുത്. ആഭരണങ്ങളും, പണവും ഈ ഭാഗത്ത് വെയ്ക്കാവുന്നതാണ്. അലമാര വടക്കോട്ട് തന്നെ തുറക്കണം. ടി.വി. മുറിയിൽ വെക്കുന്ന പക്ഷം കിഴക്ക് തെക്കാണ് നല്ലത്. കിടക്കുമ്പോൾ തലയുടെ ഭാഗം തെക്കോട്ടോ, കിഴക്കോട്ടോ ആയിരിക്കണം. ഒരിക്കലും വടക്കോട്ട് തലവെച്ച് കിടന്നുറങ്ങരുത്. ഡ്രെസ്സിംഗ് ടേബിൾ കിഴക്ക് അഥവാ വടക്ക് ആകാം. പഠിക്കുവാനും എഴുതുവാനും വായിക്കുവാനും ഒക്കെയായി ഉപയോഗിക്കുന്ന മേശ മുറിയുടെ വടക്ക് പടിഞ്ഞാറ് അല്ലെങ്കിൽ കിഴക്ക് തെക്ക് ആയിരിക്കണം. വടക്കു പടിഞ്ഞാറ് ഇരിക്കുന്ന ആൾ കിഴക്കോട്ടും, കിഴക്ക് - തെക്ക് ഇരിക്കുന്ന ആൾ വടക്കോട്ടും തിരിഞ്ഞിരിക്കണം. Bed Room ൽ കെറ്റിൽ ഉപയോഗിക്കുന്നത് കണ്ടിട്ടുണ്ട്. കെറ്റിൽ കിഴക്ക് - തെക്ക് വേണം വെക്കുന്നതും ഉപയോഗിക്കുന്നതും.

സൂര്യഗോളം ഓരോ സെക്കന്റിലും ഇരുന്നൂറു കോടി വാൾട്ട് ശക്തി പുറപ്പെടുവിക്കുന്നു. അതിൽ ഒരു ഭാഗം മാത്രമാണ് ഭൂമി ആകർഷിക്കുന്നത്. സൂര്യരശ്മികളിൽ നിന്നും, വൃക്ഷങ്ങൾ

അവയ്ക്ക് വേണ്ടതായ ആഹാരം ഉണ്ടാക്കുന്നു. അതേ ശക്തി, വെള്ളം ആവിയാക്കി മഴ പെയ്യിക്കുന്നു. സൂര്യപ്രകാശത്തിൽ നിന്നാണ് മനുഷ്യർക്കും, മറ്റു ജീവജാലങ്ങൾക്കും വിറ്റാമിൻ ഡി എന്ന പോഷകം ലഭിക്കുന്നത്. ആധുനിക കാലത്ത് സോളാർ പവ്വർ ഉപയോഗിച്ച്, വാട്ടർ ഹീറ്റർ, ലൈറ്റ്, കാർ, ബസ്സ് എന്നിങ്ങിനെ പലവിധ യന്ത്രങ്ങളും പ്രവർത്തിപ്പിച്ച് വരുന്നുണ്ട്. മനുഷ്യന്റെ അറിവ് വളരുന്തോറും പവ്വർ ഓഫ് സൺ കൂടുതൽ മേഖലകളിലേക്ക് ഉപയോഗത്തിൽ കൊണ്ടുവരുമെന്ന് പ്രതീക്ഷിക്കാം.

വിദേശ രാജ്യങ്ങളിലും നമ്മുടെ ബീച്ചുകളിലും, ധാരാളം ആളുകൾ വെയിലത്തു കിടക്കുന്നത് കാണാം. കപ്പലുകളിൽ ഡക്കുകളിലും ഇത് കാണുന്നതാണ്. പല മാറാരോഗങ്ങളും ഇത്തരത്തിലുള്ള സൺ ബാത്ത് കൊണ്ട് മാറിക്കിട്ടുമെന്ന് പറയുന്നു.

താമസസ്ഥലം ഒരുക്കുമ്പോൾ ഭൂമി, ആകാശം, ജലം, വായു, പ്രകാശം എന്നിവയെ ഉപകാരപ്രദമാക്കി നമ്മുടെ ശരീരത്തിന് ആരോഗ്യവും, മനസമാധാനവും ഉണ്ടാക്കുന്നതാണ് വാസ്തു ശാസ്ത്രം. മാഗ്നറ്റിക് തത്വം അനുസരിച്ച് ഭാരവും, മർദ്ദവും കണക്കിലെടുത്താണ് കിടന്നുറങ്ങുമ്പോൾ തലയുടെ ഭാഗം തെക്കോട്ടാവണം എന്ന പറയുന്നത്.

വാസ്തു നോക്കുന്നത് ആരോഗ്യത്തിനും, മനസമാധാനത്തിനും വേണ്ടി മാത്രമാണ്.

**വാസ്തു സംബന്ധമായ എല്ലാ സംശയങ്ങളും എല്ലാ മാസവും 10-ാം തിയതിക്കു മുൻപ് കരയോഗം ഓഫീസിൽ ലഭിക്കേണ്ടതാണ്. കരയോഗം മെമ്പർമാർക്ക് രാവിലെ 10 മണി മുതൽ 5 മണി വരെ 9447032434 എന്ന നമ്പറിൽ വിളിക്കാവുന്നതാണ്. ഈ സേവനം തികച്ചും സൗജന്യമായിരിക്കും. എല്ലാ മാസവും രണ്ടാം ഞായറാഴ്ച എഞ്ചിനീയർ പ്രഭാകരമേനോൻ എറണാകുളം കരയോഗം ഓഫീസിൽ രാവിലെ 9.30 മുതൽ 1 മണി വരെ ഉണ്ടായിരിക്കും. അദ്ദേഹത്തെ കാണുന്നതിന് മുൻ കൂർ പേര് രജിസ്റ്റർ ചെയ്തിരിക്കണം.**

## അറിയിപ്പ് /കരയോഗാംഗങ്ങളുടെ ശ്രദ്ധയ്ക്ക്

**കരയോഗ നിയമാവലി 7(iii) പ്രകാരം എല്ലാ കരയോഗാംഗങ്ങളും ചാരിറ്റി ഫണ്ടിലേക്ക് പ്രതിവർഷം 120 രൂപ നൽകേണ്ടതാണ്. മുൻവർഷങ്ങളിൽ തുക അടക്കാത്തവർ കുടിശ്ശിക സഹിതം അടയ്ക്കേണ്ടതാണ് എന്ന് ഓർമ്മപ്പെടുത്തുന്നു. 2000 രൂപ ഒറ്റത്തവണയായി അടച്ചാൽ പ്രസ്തുത അംഗത്തിന് ആജീവനാന്തം തുക അടയ്ക്കേണ്ടതില്ല എന്ന് അറിയിക്കുന്നു. അതുപോലെ തന്നെ ഏതെങ്കിലും ഇനത്തിൽ കരയോഗത്തിലേക്ക് അടയ്ക്കേണ്ടതായ തുക കുടിശ്ശിക വരുത്തിയിട്ടുണ്ടെങ്കിൽ ആയതുകൂടി നല്കുവാൻ വിനീതമായി അഭ്യർത്ഥിക്കുന്നു.**

***ജനറൽ സെക്രട്ടറി***

# തെക്കേ അമ്മൻകോവിൽ
# ഗുരുതി ഉത്സവം

**എറണാകുളം ദിവാൻസ് റോഡിലുള്ള തെക്കേഅമ്മൻ കോവിൽ ദേവിക്ഷേത്രത്തിലെ ഈ വർഷത്തെ മീനഭരണി ഗുരുതി ഉത്സവം 2019 ഏപ്രിൽ 6,7,8 തീയതികളിൽ വിവിധ ചടങ്ങുകളോടും കലാപരിപാടികളോടും കൂടി നടത്തപ്പെടുന്നതാണ്. 2019 ഏപ്രിൽ 8-ാം തീയതി തിങ്കളാഴ്ച ക്ഷേത്രം തന്ത്രി ബ്രഹ്മശ്രീ പുലിയന്നൂർ ശശിനമ്പൂതിരിപ്പാടിന്റെ കാർമ്മികത്വത്തിൽ വിശേഷാൽ വലിയ ഗുരുതി ഉണ്ടായിരിക്കുന്നതാണ്.**

തുടർച്ച



# ഭാരതത്തിലെ ഋഷികവികൾ
## അധിനിവേശം-പൈതൃകം-നവോത്ഥാനം

ശ്രീകുമാരി രാമചന്ദ്രൻ (ഫോൺ: 9947054009)

**ഗുജറാത്ത്**

തനതായ സംസ്കാരവും പ്രകൃതിസമ്പത്തും കൊണ്ടനുഗ്രഹീതമായ പ്രദേശമായിരുന്നു ഗുജറാത്ത് (ഇന്നും അസൂയാവഹമായ നേട്ടങ്ങൾ സ്വന്തമായ ഒരു സംസ്ഥാനം എന്ന പദവി ഗുജറാത്തിനു സ്വന്തം). രജപുത്രരും ജൈനസന്യാസിമാരും ഗുജറാത്തിൽ ഭക്തിപ്രസ്ഥാനത്തിന്റെ പ്രചാരകരായി. വല്ലഭാചാര്യ ആവിഷ്ക്കരിച്ച പുഷ്ടിസമ്പ്രദായവും സഹജാനന്ദ് സ്വാമി ആവിഷ്ക്കരിച്ച സ്വാമിനാരായണ സമ്പ്രദായവും ഗുജറാത്തിൽ ഏറെ പ്രചാരം നേടി. സംഗീതം മാത്രമല്ല നൃത്തവും ഗുജറാത്തുകാർക്ക് ഈശ്വരാരാധനക്കുള്ള മാദ്ധ്യമം തന്നെ. രാസ്, ഗർബ, ഡാണ്ഡ്യരാസ് തുടങ്ങിയ നൃത്തരൂപങ്ങൾ ക്ഷേത്രാങ്കണങ്ങളെ വൃന്ദാവനങ്ങളാക്കിമാറ്റി. ഈ സംഘനൃത്തങ്ങളുടെ ജനപ്രിയത നാൾക്കുനാൾ ഏറിയേറിവരികയാണ്.

ഭക്തിപ്രസ്ഥാനത്തിന്റെ ശംഖൊലി മുഴങ്ങുംമുമ്പുതന്നെ ഗുജറാത്തിൽ തത്ത്വചിന്തകളിലധിഷ്ഠിതമായ കാവ്യങ്ങളും ഗീതങ്ങളും രചിക്കപ്പെട്ടു. ഇത്തരുണത്തിൽ ജൈനസന്യാസിയായ ഹേമചന്ദ്രന്റെയും ശാലിഭദ്രസൂരിയുടെയും നാമങ്ങൾ പ്രസക്തമാകുന്നു. വിനയചന്ദ്ര, ജിനപത്മസൂരി, ജയശേഖർ സൂരി, അസൈന്ഠാക്കൂർ, ശ്രീധർ വ്യാസ്, ഭീമ തുടങ്ങിയ കവികളും ഗുജറാത്തി സാഹിത്യത്തിന് തങ്ങളുടേതായ സംഭാവനകൾ നൽകി. ഈ കാലഘട്ടത്തിൽ, ഗുജറാത്തി സാഹിത്യമേഖലയിൽ സ്വന്തം മുദ്രചാർത്തിയ ഒരേ ഒരു മുസൽമാൻ മിർ അബ്ദുർ റഹ്മാൻ ആണ്.

തരുണപ്രഭാസൂരി, കുലമുണ്ഡനഗിനി, മാണിക്യസുന്ദർ സൂരി തുടങ്ങിയവർ ഗുജറാത്തി ഭാഷയിൽ കൃതികൾ രചിച്ചത് ഭക്തിപ്രസ്ഥാനത്തിനു തൊട്ടു മുമ്പത്തെ കാലഘട്ടത്തിലാണ്. പതിനഞ്ചാം നൂറ്റാണ്ടിന്റെ ആരംഭദശയിൽ ഉത്തരഭാരതമൊട്ടാകെ ആഞ്ഞടിച്ച ഭക്തിപ്രസ്ഥാനം ഗുജറാത്തിലും തരംഗങ്ങളുയർത്തി. ശ്രീമദ്ഭാഗവതത്തിലെ പത്താം അദ്ധ്യായത്തിൽ ഉദാത്തവൽക്കരിച്ചിട്ടുള്ള പ്രേമലക്ഷണഭക്തിയിൽ നിന്നാണ് ഗുജറാത്തിലെ ഋഷികവികൾ ഊർജ്ജം സമാഹരിച്ചത്. ജീവാത്മാവിനെ ഗോപികയായും പരമാത്മാവിനെ ശ്രീകൃഷ്ണനായും സങ്കൽപിച്ച് അവർ കൃതികൾ രചിച്ചു. രാമൻ, ശിവൻ, ശക്തി മുതലായ ദേവതകളെ മാതാപിതാരൂപത്തിൽ സങ്കൽപിക്കുന്ന കാവ്യങ്ങളും രചിക്കപ്പെട്ടു. താത്വിക സിദ്ധാന്തങ്ങൾക്ക് പ്രചാരം നൽകാനും സമസ്തജീവികളിലും ഈശ്വരനെ ദർശിക്കാനുമുള്ള ആഹ്വാനങ്ങളായിരുന്നു ഈ ഗാനങ്ങൾ.

**1). ഭലൻ**

എ.ഡി. 1405 ൽ ഗുജറാത്തിലെ ഒരു ഗ്രാമത്തിലാണ് ഭലൻ ജനിച്ചത്. ബാല്യത്തിൽത്തന്നെ സംസ്കൃതത്തിൽ പാണ്ഡിത്യം നേടി. പുരാണങ്ങളും ഭാഗവതവും ഹൃദിസ്ഥമാക്കുകയും അവയെ ഗുജറാത്തി ഭാഷയിലേക്കു തർജ്ജമ ചെയ്യുകയും ചെയ്തു. സുഭാഷിതങ്ങളിലൂടെ പുരാണങ്ങളെ നിരക്ഷരരായ ഗ്രാമീണരിലെത്തിക്കാൻ അദ്ദേഹം പ്രത്യേക ശ്രദ്ധ പുലർത്തി. വിന്ധ്യാടവിയെക്കുറിച്ചും പമ്പ, അഛോദ തുട

ങ്ങിയ തടാകങ്ങളെക്കുറിച്ചുമുള്ള വർണനകൾ അദ്ദേഹത്തിന്റെ കവനചാതുരി വെളിപ്പെടുത്തുന്നു. കൃഷ്ണന്റെയും രാമന്റെയും ശൈശവലീലകളെ വാത്സല്യഭക്തിഭാവത്തിൽ പ്രതിപാദിക്കുന്ന ഗീതങ്ങൾ ജനഹൃദയങ്ങളെ വശീകരിച്ചു. 'ആഖ്യാൻശൈലി'യുടെ പിതാവ് എന്നാണ് ഭലൻ അറിയപ്പെടുന്നത്. അദ്ദേഹത്തിന്റെ ആഖ്യാനുകൾ ഗുജറാത്തി സാഹിത്യത്തിന്റെ മുതൽക്കൂട്ടാണ്. പിൻഗാമികളായ വീരസിംഹൻ, കർമൻ, ജനാർദ്ദൻ, മന്ദൻ തുടങ്ങിയവർ ഗുരുവിന്റെ ശൈലിയിൽ കൃതികൾ രചിക്കുകയും സുഭാഷിതങ്ങളിലൂടെ ജനങ്ങളെ ഉദ്ബുദ്ധരാക്കുകയും ചെയ്തു.

**2. നരസിംഹമേത്ത (നരസീ മേത്ത)**

ഗുജറാത്തി പദ്യസാഹിത്യത്തിന്റെ പിതാവ് എന്നറിയപ്പെടുന്ന നരസിംഹമേത്ത എ.ഡി. 1414 ൽ ജുനഗഡിന് സമീപം വസിച്ചിരുന്ന നാഗർ ബ്രാഹ്മണ കുടുംബത്തിൽ ജനിച്ചു. മൂകനും ബധിരനുമായ പുത്രനെച്ചൊല്ലി മാതാപിതാക്കൾ കണ്ണീരൊഴുക്കി. നരസിക്ക് അഞ്ചുവയസ്സെത്തും മുമ്പ് അവർ മരണപ്പെട്ടു. മാതാമഹിയുടെ സംരക്ഷണയിൽ ബാലൻ വളർന്നു. കുഞ്ഞിന്റെ സംസാരശേഷി വീണ്ടുകിട്ടാൻ പ്രാർത്ഥനയും നേർച്ചകളുമായി അവർ ക്ഷേത്രങ്ങൾ തോറും കയറിയിറങ്ങി. നരസിക്ക് എട്ടു വയസു തികഞ്ഞു. ഒരു നാൾ മുത്തശ്ശി അവനെ ഒരു ശിവാലയത്തിലേക്കു കൂട്ടിക്കൊണ്ടുപോയി. അവിടെ ഒരു ശിവയോഗി കുട്ടിയെ ശ്രദ്ധിച്ചു. മുഖതേജസ്സിൽനിന്ന് നരസിയിൽ മറഞ്ഞിരിക്കുന്ന ആത്മീയസിദ്ധിയെ അദ്ദേഹം തിരിച്ചറിഞ്ഞു. കുട്ടിയുടെ ശിരസ്സിൽ കൈവെച്ചുകൊണ്ട് അദ്ദേഹം 'രാധാകൃഷ്ണ! രാധാകൃഷ്ണ!' എന്നുച്ചരിച്ചു. കാഴ്ചക്കാരെയും മുത്തശ്ശിയെയും അമ്പരപ്പിച്ചുകൊണ്ട് കുട്ടി 'രാധാകൃഷ്ണ! രാധാകൃഷ്ണ!' എന്നാവർത്തിച്ചു. ഈ അത്ഭുതസംഭവം നരസിയുടെ ജീവിതത്തിൽ ഒരു വഴിത്തിരിവായി. ഈശ്വരസേവയാണ് തന്റെ നിയോഗം എന്നു തിരിച്ചറിഞ്ഞ നരസിംഹമേത്ത തന്റെ വീടിനടുത്ത ക്ഷേത്രങ്ങളെ സങ്കേതമാക്കി. അവിടെ വന്നും പോയുമിരുന്ന സന്യാസികൾക്കു വേണ്ടുന്ന സഹായങ്ങൾ ചെയ്യുന്നതിൽ ബാലൻ സന്തോഷം കണ്ടെത്തി.അനുജൻ ആദ്ധ്യാത്മിക ജീവിതത്തിലേക്കു പൊയ്ക്കളയുമോ എന്ന ആശങ്കയിൽ സഹോദരൻ നരസിയുടെ വിവാഹം നടത്തി. വിവാഹിതനായെങ്കിലും നരസിയുടെ ജീവിതശൈലിക്ക് ഒരു മാറ്റവുമുണ്ടായില്ല. ക്ഷേത്രങ്ങളും സന്യാസിമാരും അദ്ദേഹത്തിന്റെ ജീവിതത്തിലെ ഒഴിവാക്കാനാവാത്ത ഘടകങ്ങളായി മാറിയിരുന്നല്ലോ! അതിനിടെ നരസിക്ക് ഒരു പുത്രനും ഒരു പുത്രിയും ജനിച്ചു. കുടുംബകാര്യങ്ങളൊന്നും അദ്ദേഹത്തെ ഭക്തിമാർഗത്തിൽ നിന്നു വ്യതിചലിപ്പിച്ചില്ല. സത്സംഗവും , ഭജനസന്ധ്യകളുമായി നരസി സദാ ക്ഷേത്രത്തിൽ സമയം ചിലവഴിച്ചു. ക്ഷമാശീലയായ പത്നി യാതൊരാവലാതിയും ഉന്നയിച്ചില്ല. കൂട്ടുകുടുംബമായിരുന്നതിനാൽ അല്ലലില്ലാതെ കഴിഞ്ഞുകൂടാൻ അവർക്കു സാധിച്ചു.കാറ്റും മഴയും നിറഞ്ഞ ഒരു സന്ധ്യ - ക്ഷേത്രകാര്യങ്ങളിൽ മുഴുകിയ നരസി സമയം പോയതറിഞ്ഞില്ല അർദ്ധരാത്രിയോടെ വീട്ടിലെത്തിയപ്പോൾ ഭാഭി (ജ്യേഷ്ഠന്റെ ഭാര്യ) ഊണു വിളമ്പിക്കൊടുത്തു. ദേവറിന്റെ (ഭർത്താവിന്റെ അനുജൻ) ലക്ഷ്യമില്ലാത്ത ജീവിതത്തെച്ചൊല്ലി അവർ നരസിയെ ശകാരിക്കയും ചെയ്തു. അന്നത്തിൽ ഒന്നു സ്പർശിക്കപോലും ചെയ്യാതെ നരസി എണീറ്റു - കണ്ണുതുറപ്പിച്ച ഭാഭിയോടു നന്ദിപറഞ്ഞു. പത്നിയോടും മക്കളോടും യാത്ര പറഞ്ഞതിനുശേഷം അദ്ദേഹം വീടുവിട്ടിറങ്ങി. ഇഷ്ടദേവനായ കൃഷ്ണനെത്തേടി നേരെ ദ്വാരകയിലേക്കു യാത്രയായി. ദീർഘമായ യാത്രക്കുശേഷം ദ്വാരകാക്ഷേത്രത്തിലെത്തിയപ്പോഴേക്കും നടയടച്ചിരുന്നു. ഗോപുരവാതിൽക്കൽ കിടന്നുറങ്ങിയ നരസിക്ക് കൃഷ്ണൻ സ്വപ്നദർശനം നൽകി. 'നേരെ തോട്ടത്തിലേക്കു ചെന്നാൽ നിന്റെ ആഗ്രഹം സാധിക്കും' എന്നായിരുന്നു ദേവന്റെ കൽപ്പന. ഞെട്ടിയുണർന്ന അദ്ദേഹം ഇരുട്ടത്തു തപ്പിത്തടഞ്ഞ് തോട്ടത്തിലേക്കു ചെന്നു. അവിടെ കൃഷ്ണന്റെ രാസലീല നടന്നു കൊണ്ടിരിക്കയായിരുന്നു. ചിരകാലമോഹം സാധിച്ച സംതൃപ്തിയിൽ നരസി ആനന്ദാശ്രുക്കൾ പൊഴിച്ചു. തന്റെ യഥാർത്ഥ നിയോഗമെന്തെന്ന് അദ്ദേഹം തിരിച്ചറിഞ്ഞു. വീട്ടിലേക്കു മടങ്ങിയെത്തിയ അദ്ദേഹം ഭാഭിയുടെ പാദങ്ങളിൽ പ്രണാമമർപ്പിച്ചു. തനിക്ക് ഈശ്വരദർശനം ലഭിക്കാൻ നിമിത്തമായത് ഭാഭിയുടെ ശകാരമായിരുന്നതിനാൽ അദ്ദേഹം അവരോടു നന്ദി പറഞ്ഞു. വൈകാതെ പത്നിയെയും മക്കളെയും കൂട്ടി ജുനഗഡിനടുത്തുതന്നെ ഒരു കൊച്ചു ഗൃഹത്തിലേക്കു താമസം മാറി. ഇവിടെ വസിച്ചുകൊണ്ടാണ് അദ്ദേഹം നിരവധി ഭഗവദ് കീർത്തനങ്ങളും കവിതകളും രചിച്ചത്. അദ്ദേഹത്തിന്റെ ഭജനുകൾ കേൾക്കാൻ ജാതിമതഭേദമെന്യേ നിരവധിപേർ തടിച്ചുകൂടി. സുഭാഷിതങ്ങളിലൂടെ നരസി ജനങ്ങൾക്കു പ്രചോദനം പകർന്നു.സമീപവാസികളായ ബ്രാഹ്മണർക്ക് നരസിംഹമേത്തയുടെ രീതികൾ

രുചിച്ചില്ല. 'അധഃകൃതരെ അകറ്റി നിർത്തുക' എന്ന് അവർ നരസിയോടു കൽപ്പിച്ചു. ഈ ഘട്ടത്തിൽ നരസി ഒരു കൃതി രചിച്ചു പാടി. 'വൈഷ്ണവ ജനതോ തേനേ കഹിയെജെ'എന്നു തുടങ്ങുന്ന ഈ കൃതിയാണ് പിൽക്കാലത്ത് മഹാത്മാഗാന്ധിയെ ഏറെ സ്വാധീനിച്ചത്. അർത്ഥസമ്പുഷ്ടവും ആത്മീയതത്വങ്ങളുടെ അന്ത:സത്ത ഉൾക്കൊള്ളുന്നതുമായ ഈ ഗാനം ഇന്നും ഭാരതീയരെ കോൾമയിർ കൊള്ളിക്കുന്നു എന്നു പറഞ്ഞാൽ ഇതിന്റെ മഹത്വം എത്രത്തോളമുണ്ടെന്നു മനസിലാക്കാമല്ലോ ! ബ്രാഹ്മണർ നരസിക്കും കുടുംബത്തിനും ഭ്രഷ്ടു കൽപ്പിച്ചു. അദ്ദേഹത്തെ ഒറ്റപ്പെടുത്തി. അതിനിടെ ഗ്രാമത്തിലെ ഒരു ബ്രാഹ്മണഗൃഹത്തിൽ ഒരു വിവാഹം നടന്നു. നരസിംഹമേത്തയെയും കുടുംബത്തെയും ഒഴികെ ചുറ്റുവട്ടത്തുള്ള ബ്രാഹ്മണരെ ഒന്നൊഴിയാതെ ക്ഷണിച്ചിരുന്നു. വിവാഹകർമ്മങ്ങൾ കഴിഞ്ഞ് സദ്യ വിളമ്പി. ഭക്ഷണം കഴിക്കാൻ നിരന്നിരുന്ന ബ്രാഹ്മണർക്ക് അവിശ്വസനീയമായ ഒരനുഭവമുണ്ടായി. ഓരോ ബ്രാഹ്മണനും തന്റെ തൊട്ടടുത്ത് ഒരു അധ:കൃതൻ ഇരിക്കുന്നതായി കണ്ടു. ഇത് ഭഗവാന്റെ മായയല്ലാതെ മറ്റൊന്നുമല്ല എന്നു തിരിച്ചറിഞ്ഞ ബ്രാഹ്മണർ നരസിംഹമേത്തയോടു ക്ഷമാപണം നടത്തി. അകക്കണ്ണു തുറന്ന അവരെല്ലാവരും അദ്ദേഹത്തിന്റെ അനുയായികളാവുകയും ചെയ്തു. വരുമാനമൊന്നുമില്ലാതിരുന്നിട്ടും ഭഗവൽകൃപയാൽ പുത്രനായ ശ്യാമളിന്റെയും പുത്രിയായ കുൻവർബായിയുടെയും വിവാഹങ്ങൾ വളരെ ഭംഗിയായി നടത്താൻ നരസിക്കു സാധിച്ചു. ഹർമാല, ശ്യാമൾഷാനോവിവാഹ, ഗോവിന്ദ്ഗമൻ, സുരതസംഗ്രാം, സുദാമാചരിത്ര, രാസസഹസ്രപദി എന്നിവയാണ് നരസിംഹമേത്തയുടെ പ്രശസ്ത കൃതികൾ. ബാല-ലീല, ദാന-ലീല, വസന്ത്, ഹിൻഡോല തുടങ്ങിയ പദങ്ങൾക്കുപുറമെ ഭക്തിയും വൈരാഗ്യവും നിറഞ്ഞ ഒട്ടേറെ ഗീതങ്ങളും അദ്ദേഹം രചിച്ചു.

എ.ഡി. 1480 ൽ നരസിംഹമേത്ത ദിവംഗതനായി. അനുയായികൾക്കു മദ്ധ്യേ ഇരുന്ന് സത്സംഗം നടത്തുകയായിരുന്നു അദ്ദേഹം. സുഭാഷിതത്തിനുശേഷം അനുയായികൾ ഭജനകൾ പാടാൻ തുടങ്ങി. അന്തരീക്ഷത്തിൽ,ആയിരം കണ്ഠങ്ങളിൽ നിന്ന് തന്റെ കൃഷ്ണഗീതികൾ മുഴങ്ങിക്കൊണ്ടിരിക്കെ നരസിംഹമേത്തയുടെ ദേഹി ദേഹം വെടിഞ്ഞ് ഭഗവാനിൽ ലയിച്ചു..

**3). നകർ**

വഡോദരയിലെ ഒരു വണികകുടുംബത്തിൽ ജനിച്ച നകർ ഭക്തി പ്രസ്ഥാന കാലത്ത് സമൂഹത്തിനു ദിശാബോധം നൽകിയ ഒട്ടേറെ കാവ്യങ്ങൾ രചിച്ച വ്യക്തിയാണ്. സാധാരണക്കാരന് അപ്രാപ്യമായ സംസ്കൃത കാവ്യങ്ങളെ ലളിതവൽക്കരിച്ച് ഗുജറാത്തിഭാഷയിലൂടെ പ്രചരിപ്പിച്ചു എന്നതാണ് അദ്ദേഹത്തിന്റെ ഏറ്റവും മികച്ച സേവനം. ബ്രാഹ്മണനല്ലാതിരുന്നതിനാൽ താൻ വിവർത്തനം ചെയ്ത രാമായണവും മഹാഭാരതവുമെല്ലാം നകർ ബ്രാഹ്മണർ വഴിയാണ് ജനങ്ങളിലേക്കെത്തിച്ചത്. കേശവ് ഹൃദേരാം, വിഷ്ണുദാസ് തുടങ്ങിയവരും ഗുജറാത്തിൽ ഭക്തിപ്രസ്ഥാനത്തെ തുണച്ച് കാവ്യരചനയിൽ ഏർപ്പെട്ട കവികളാണ്.

**4). അഖോ**


വേദാന്തതത്വങ്ങളെയും ആത്മീയാനുഭൂതികളെയും ആധാരമാക്കി കൃതികൾ രചിച്ചുകൊണ്ട് ഭക്തിയുടെ പ്രണേതാവായി മാറിയ കവിയാണ് അഖോ. എ.ഡി. 1591-ൽ ജതൻപൂരിലെ ഒരു തട്ടാൻ കുടുംബത്തിലാണ് അഖോയുടെ ജനനം. യൗവനാരംഭത്തിൽ അദ്ദേഹം അംദാബാദിലേക്കു താമസം മാറി. ആത്മാന്വേഷണമാണ് തന്റെ വഴി എന്നു തിരിച്ചറിഞ്ഞ അദ്ദേഹം ഒരു ഗുരുവിനെത്തേടി ഗോകുലം, ശ്രീനാഥ്ജി, കാശി തുടങ്ങിയ തീർത്ഥങ്ങളിൽ യാത്ര ചെയ്തു. യോഗ്യനായ ഒരു ഗുരുവിനെ കണ്ടെത്താനാവാത്തതിന്റെ നിരാശയുമായി അദ്ദേഹം മടങ്ങി.അമ്പതാമത്തെ വയസിലാണ് അഖോ കൃതികൾ രചിച്ചു തുടങ്ങിയത്. സാംഖ്യ ശാസ്ത്രം, അദ്വൈതവാദം തുടങ്ങിയ ഹൈന്ദവ തത്വങ്ങളിൽ നിന്നു പ്രചോദനമുൾക്കൊണ്ട അദ്ദേഹം ചൗപായി വൃത്തത്തിൽ ഛപ്പകൾ രചിച്ചു. ഗുരുശിഷ്യസംവാദം, ചിത്രവിചാരസംവാദം, അനുഭവബിന്ദു, അഖോഗീത തുടങ്ങിയ ഗുജറാത്തി രചനകളിലൂടെ അദ്ദേഹം ജനഹൃദയങ്ങളെ സ്വാധീനിച്ചു. അഖോയുടെ സമകാലികരായ നരഹരി, വിശ്വനാഥ ജനി, ശിവാനന്ദ് തുടങ്ങിയവരും ഭക്തിപ്രസ്ഥാനത്തിന് തങ്ങളുടേതായ സംഭാവനകൾ നൽകി. കൃഷ്ണൻ, ശിവൻ, ദേവി എന്നിവരെ സ്തുതിച്ചുകൊണ്ട് ശിവാനന്ദ് രചിച്ച ആരതിഗാനങ്ങൾ ഇന്നും പ്രചാരത്തിലുണ്ട്. ഇവയിൽ ചില ഗാനങ്ങൾ ഹിന്ദിയിലും ചിലത് വ്രജഭാഷയിലുമാണ്.

(തുടരും)

***ശ്രീമതി. ശ്രീകുമാരി രാമചന്ദ്രന്റെ 'ഭാരതത്തിലെ ഋഷികവികൾ' എന്ന ലേഖന പരമ്പര പുസ്തക രൂപത്തിൽ മാതൃഭൂമി ബുക്ക് സ്റ്റാളിൽ ലഭ്യമാണ്.***

ക്ഷേത്രങ്ങളിലൂടെ

# തൃക്കവിയൂർ മഹാദേവക്ഷേത്രം



ഇന്ദിരാഭായി (ഫോൺ: 80785 52892)

പുരാതനവും പ്രസിദ്ധവുമായ പല ക്ഷേത്രങ്ങളുടെയും സാന്നിദ്ധ്യം നിറഞ്ഞ പത്തനംതിട്ട ജില്ലയിലെ ഒരു മഹാക്ഷേത്രമാണ് തൃക്കവിയൂർ മഹാദേവക്ഷേത്രം. എല്ലാ ക്ഷേത്രങ്ങളും മനുഷ്യരാശിയുടെ സമൂഹത്തോടുള്ള ഉത്തരവാദിത്വത്തെ നിറവേറ്റിക്കൊണ്ടു നിലകൊള്ളുന്നു.. ഓരോ ഭൂപ്രദേശത്തിനും അനുഗ്രഹങ്ങൾ നൽകിക്കൊണ്ടു സ്ഥിതിചെയ്യുന്ന ക്ഷേത്രങ്ങൾ മനുഷ്യമനസ്സിന് പ്രകൃതിയുമായുള്ള ദൃഢബന്ധത്തിന്റെ ഉദാഹരണങ്ങളും ഈശ്വരചൈതന്യത്തിന്റെ ആവാസകേന്ദ്രങ്ങളുമാണ്. പത്തനംതിട്ട ജില്ലയിലെ പ്രസിദ്ധമായ ശ്രീവല്ലഭക്ഷേത്രം സ്ഥിതി ചെയ്യുന്ന ശ്രീവല്ലഭപുരത്തു നിന്നും (തിരുവല്ല) അഞ്ചു കിലോമീറ്റർ അകലെ സ്ഥിതിചെയ്യുന്ന ക്ഷേത്രമാണ് തൃക്കവിയൂർ മഹാദേവക്ഷേത്രം. മണിമലയാറിന്റെ തീരത്തെ പ്രശാന്ത സുന്ദരമായ സ്ഥലത്താണ് ഈ ക്ഷേത്രം സ്ഥിതി ചെയ്യുന്നത്. ഈ ക്ഷേത്രത്തിൽ മഹാദേവപ്രതിഷ്ഠയാണെങ്കിലും ഇവിടെ ഹനുമാൻ സ്വാമിക്കാണു കൂടുതൽ പ്രാധാന്യം. നദീതീരവും നാലുവശവും സമനിരപ്പിലും കാണുന്ന ഈ സ്ഥലത്ത് ക്ഷേത്രം നില്ക്കുന്ന സ്ഥലം മാത്രം വളരെ ഉയർന്ന് നില്ക്കുന്നതായിട്ടാണ് കാണുന്നത്. കേരളത്തിലെ മുപ്പത്തിരണ്ട് ഗ്രാമക്ഷേത്രങ്ങളിലൊന്നാണ് തൃക്കവിയൂർ മഹാദേവക്ഷേത്രം. ആഞ്ജനേയ പ്രതിഷ്ഠ നടത്തിയതിനുശേഷമാണ് ഈ ക്ഷേത്രം നിലനില്ക്കുന്ന പ്രദേശം തൃക്കവിയൂർ എന്നറിയപ്പെട്ടത്. കപിയുടെ ഊര് കപിയൂര് എന്നും പിന്നീട് കപി എന്നത് തെറ്റായി കവി എന്നുച്ചരിച്ചതും മൂലം സ്ഥലനാമം കവിയൂർ എന്നായി എന്നുമാണ് വിശ്വസിക്കുന്നത്.

രാമരാവണയുദ്ധത്തിനുശേഷം വിജയശ്രീലാളിതനായി ശ്രീരാമനും സീതയും ലക്ഷ്മണനും പുഷ്പക വിമാനത്തിൽ ലങ്കയിൽ നിന്നു മടങ്ങി വരുമ്പോൾ ഈ നദീതീരപ്രദേശത്തിന്റെ ഭംഗി കണ്ട് അവർ ഇവിടെയിറങ്ങി. ആ സമയം ശിവപ്രതിഷ്ഠയ്ക്കുത്തമമായ മുഹൂർത്തമായിരുന്നു. ശിവപ്രതിഷ്ഠക്കു പറ്റിയ ശിവലിംഗം കൊണ്ടു വരുവാൻ ശ്രീരാമൻ ഹനുമാനെ നിയോഗിച്ചു. മുഹൂർത്ത സമയം കഴിയുന്നതിനു മുമ്പ് ഹനുമാന് ശിവലിംഗവുമായി വന്നെത്താൻ സാധിച്ചില്ല. ശ്രീരാമൻ തന്നെ ദർഭയും മണലും ചേർത്ത് ശിവലിംഗം നിർമ്മിച്ച് മുഹൂർത്ത സമയം കഴിയുന്നതിനു മുമ്പ് പ്രതിഷ്ഠിക്കുകയും ചെയ്തു. പ്രതിഷ്ഠ കഴിഞ്ഞപ്പോൾ ഹനുമാൻ ശിവലിംഗവുമായി എത്തി. രാക്ഷസരാജാവായിരുന്ന രാവണൻ പൂജിച്ചിരുന്ന ശിവലിംഗമാണ് ഹനുമാൻ കൊണ്ടു വന്നത്. തന്റെ ഉദ്യമം ഫലിക്കാതെ പോയതിൽ ഹനുമാൻ ദു:ഖിതനായി. ശ്രീരാമദേവൻ ദു:ഖിതനായ ഹനുമാനോട് താൻ പ്രതിഷ്ഠിച്ച ശിവലിംഗം മാറ്റി ആ സ്ഥാനത്ത് ഹനുമാൻ കൊണ്ടു വന്ന ശിവലിംഗം പ്രതിഷ്ഠിച്ചു കൊള്ളുവാൻ അനുമതി നൽകി. സന്തോഷത്തോടുകൂടി ഹനുമാൻ ശ്രീരാമൻ പ്രതിഷ്ഠിച്ച ശിവലിംഗം വാലുചുറ്റി പിഴുതെടുക്കുവാൻ ശ്രമിച്ചു. വിഗ്രഹം അനങ്ങുന്നില്ല. കൂടുതൽ ശക്തിയോടെ വീണ്ടും ശ്രമിച്ചപ്പോൾ വിശാലമായ ആ പ്രദേശം ഒന്നാകെ മുകളിലേക്കുയർന്നു വന്നു. ഭഗവത് ഭക്തിയുണ്ടെങ്കിൽ തനിക്കെന്തും സാധിക്കും എന്ന് തന്റെ ശക്തിയിൽ തെല്ല് അഹങ്കാരം തോന്നിയിരുന്ന ഹനുമാന് ഭഗവാൻ പ്രതിഷ്ഠിച്ച ശിവലിംഗം ഇളക്കി മാറ്റുവാനുള്ള ശക്തിയൊന്നും തനിക്കില്ല എന്നു മനസ്സിലാക്കി, അഹങ്കാരം കുറഞ്ഞ് നിർമ്മല മനസ്സിനുടമയായി എന്നുമാണ് ഐതിഹ്യം. ഹനുമാൻ പിടിച്ചുയർത്തിയ ഈ സ്ഥലം മാരുതി മലയായും പിന്നീട് മണിമലയായും അറിയപ്പെട്ടു. ശ്രീരാമൻ ഹനുമാന് ദീർഘകാലം ശിവലിംഗത്തിനു സമീപം തപസ്സു ചെയ്യുന്നതിനുള്ള അനുമതിയും നൽകി. ഹനുമാൻ സ്വാമിയുടെ സാന്നിദ്ധ്യം കാരണം ഈ സ്ഥലം കപിയൂര് എന്നറിയപ്പെടുകയും ചെയ്തു.ഹനുമാൻ വാലുചുറ്റി ഉയർത്തിയതെന്നു വിശ്വസിക്കുന്ന ഈ സ്ഥലവും ക്ഷേത്രവും കാണുന്നവർക്ക് കുന്നിൻ മുകളിലൊരു ക്ഷേത്രത്തിലെത്തി

യതായി തോന്നും. ഒരു കുന്നിന്റെ മുകളിൽ നിന്ന് താഴ്‌വാരത്തേക്കു നോക്കുന്ന പ്രതീതിയാണ് ക്ഷേത്രമുറ്റത്തു നിന്നു നാലുപാടും കാണുമ്പോൾ ഉണ്ടാവുന്നത്. ക്ഷേത്രത്തിന്റെ മൂന്നുവശവും സമതലപ്രദേശവും ഒരു വശം മണിമലയാറുമാണ് . ക്ഷേത്രം പണികഴിപ്പിച്ച കാലത്ത് ഇവിടെ ഹനുമാൻ പ്രതിഷ്ഠയുണ്ടായിരുന്നില്ല. സമീപത്തുള്ള ഇലഞ്ഞി മരമാണ് ഹനുമാന്റെ ആസ്ഥാനം എന്നാണ് വിശ്വസിച്ചിരുന്നത്. ധാരാളം കുരങ്ങന്മാരും ഇവിടെയുണ്ടായിരുന്നു. ഒരു നാൾ വില്വമംഗലത്തുസ്വാമി ഈ ക്ഷേത്രത്തിലെത്തുകയും സ്വാമി ഹനുമാനെ കുരങ്ങന്മാരുടെ കൂട്ടത്തിൽ നിന്നും തിരിച്ചറിയുകയും ക്ഷേത്രത്തിൽ ഇന്ന് കാണുന്ന സ്ഥാനത്ത് ഹനുമാനെ പ്രതിഷ്ഠിക്കുകയും ചെയ്തു. സീതാദേവിയുടെ മുന്നിലെത്താൻ രൂപമെടുത്ത ഹനുമാനായാണ് കവിയൂരിലെ ഹനുമാൻ പ്രതിഷ്ഠ. വലതുകയ്യിൽ വജ്രായുധവും ഇടതുകയ്യിൽ സീതാദേവി ശിരസ്സിൽ ചൂടിയിരുന്നതും ശ്രീരാമനു നൽകാൻ ഏല്പിച്ചതുമായ ചൂഢാരത്നവുമായി വാലും ഉയർത്തി പിടിച്ചിരിക്കുന്നതായാണ് ഹനുമാൻ സ്വാമിയുടെ പ്രതിഷ്ഠ കാണപ്പെടുന്നത്. വെള്ളോടു കൊണ്ടു നിർമ്മിച്ച വാലില്ലാത്ത കിണ്ടി പോലെയുള്ള ഒരു പീഠത്തിലാണ് പഞ്ചലോഹനിർമ്മിതമായ ഹനുമാൻ വിഗ്രഹം പ്രതിഷ്ഠിച്ചിരിക്കുന്നത്. ശിവക്ഷേത്രശ്രീകോവിലിനോളം പഴക്കമില്ലാത്ത ചെറിയ ശ്രീകോവിലിലാണ് ഹനുമാൻ പ്രതിഷ്ഠ. അവിൽ പന്തിരുനാഴിയാണ് ഹനുമാൻ സ്വാമിയുടെ പ്രധാന വഴിപാട്. അവിൽ പന്തിരുനാഴി നേർന്നാൽ വായുവേഗത്തിൽ കാര്യസാദ്ധ്യമുണ്ടാകുമെന്നാണ് ഭക്തജനങ്ങൾ വിശ്വസിക്കുന്നത്. അഞ്ചു പൂജയും രാമായണപാരായണവും നവകവും ഇവിടെ പതിവാണ്. ഹനുമാൻ സ്വാമിയുടെ നിവേദ്യങ്ങളൊരുക്കുവാൻ പ്രത്യേക സ്ഥലവും പൂജാദികാര്യങ്ങൾക്ക് പ്രത്യേക പൂജാരിയേയും നിശ്ചയിച്ചിട്ടുണ്ട്. പണ്ട് ഈ ക്ഷേത്രത്തിൽ രാമായണ പാരായണവും വ്യാഖ്യാനവും പതിവായിരുന്നു. ഇവിടെ വടക്കോട്ടു തിരിഞ്ഞിരുന്നാണ് രാമായണം വായിക്കുക. ശ്രീരാമകഥകൾ കേൾക്കുന്നതിനുള്ള താല്പര്യം കാരണം ഹനുമാൻ രാമായണം വായിക്കുന്നിടത്തേക്കിറങ്ങി വരുമെന്നും ദീപാരാധന സമയത്ത് ക്ഷേത്രത്തിലുണ്ടാകുകയില്ല എന്നുമുള്ള വിശ്വാസത്താൽ കവിയൂരിലും പരിസരപ്രദേശങ്ങളിലും സന്ധ്യാസമയം രാമായണം വായിക്കാറില്ല. ഹനുമാൻ ദുർദ്ദേവതകളെ അകറ്റും എന്നു വിശ്വസിക്കുന്നതിനാൽ ഇവിടെ ഭൂതപ്രേത പിശാചുക്കൾക്കെതിരായ യാതൊരുവിധ കർമ്മങ്ങളും നടത്താറില്ല. വായുഭഗവാന്റെ പുത്രനെ ഇവിടെ വായുകോണിൽ തന്നെ പ്രതിഷ്ഠിച്ചിരിക്കുന്നു. കവിയൂർ ക്ഷേത്രത്തിൽ ഹനുമാന് പരമശിവനേക്കാൾ പ്രശസ്തിയും പ്രാധാന്യവും കല്പിക്കുന്നുണ്ടെങ്കിലും ശിവന്റെ പൂജകൾക്കു ശേഷമേ ഹനുമാന്റെ പൂജകൾ നടത്താറുള്ളൂ.

തൃക്കവിയൂർ ക്ഷേത്രത്തിലെ പ്രധാന പ്രതിഷ്ഠ ശ്രീപാർവ്വതീസമേതനായ പരമശിവനാണ്. ഇടതു കയ്യിൽ താമരപ്പൂവുമായി പരമശിവനോടൊപ്പമിരിക്കുന്ന ശിവപാർവ്വതീ സങ്കല്പമാണിവിടെ. അഞ്ചു പൂജയും ശീവേലിയുമുള്ള ക്ഷേത്രമാണിത്. ശ്രീകോവിലിനു തെക്കുവശത്ത് ഗണപതിക്കും സ്ഥാനം നൽകിയിരിക്കുന്നു. പ്രധാന ശ്രീകോവിലിൽ പാർവ്വതീ സാന്നിദ്ധ്യമുള്ളതിനാൽ മറ്റൊരു പാർവ്വതീദേവി പ്രതിഷ്ഠ ആവശ്യമില്ല എന്നായിരുന്നു തന്ത്രിമാരുടെ അഭിപ്രായം. എന്നാൽ ശ്രീമൂലം തിരുനാൾ മഹാരാജാവിന്റെ ആജ്ഞയനുസരിച്ച് പടിഞ്ഞാറെ നടയിൽ പാർവ്വതീ ദേവിയുടെ ഒരു പഞ്ചലോഹ വിഗ്രഹം പ്രതിഷ്ഠിച്ചിട്ടുണ്ട്. ഇത് ശ്രീമൂലരാജേശ്വരി എന്ന പേരിലറിയപ്പെടുന്നു. ഈ നട തുറന്നു പൂജകളും നടത്തി വരുന്നുണ്ട്. മഹാദേവന്റെ വൃത്താകൃതിയിലുള്ള ശ്രീകോവിലിന്റെ മേല്ക്കൂര ചെമ്പു മേഞ്ഞിരിക്കുന്നു. ദാരുശില്പങ്ങളുടെ സങ്കേതമാണ് ഈ ക്ഷേത്രം. ആയിരത്തോളം വർഷങ്ങളുടെ പഴക്കമുള്ളവയാണ് ഈ ദാരുശില്പങ്ങൾ. ബലിക്കൽപുര, വാതിൽമാടം, നമസ്കാര മണ്ഡപം, ശ്രീകോവിൽ എന്നിവയെല്ലാം കൊത്തുപണികളാൽ നിറഞ്ഞവയാണ്. സൂര്യഭഗവാൻ, പഞ്ചപാണ്ഡവർ, സീതാസമേതനായ ശ്രീരാമൻ, ഭരതൻ, ലക്ഷ്മണൻ, ശത്രുഘ്നൻ, ഹനുമാൻ, വാല്മീകി മഹർഷി, ഹനുമാൻ രാമായണം വായിക്കുമ്പോൾ കേഴ്‌വിക്കാരുടെ കൂട്ടത്തിലിരിക്കുന്ന രാമനും, സീതയും വ്യാസമഹർഷി പറഞ്ഞു കൊടുക്കുന്നതു കേട്ട് മഹാഭാരതം എഴുതുന്ന ഗണപതി ഭഗവാൻ ഇവ കൂടാതെ ഭാഗവതത്തിലെയും ഭാരതത്തിലെയും പല രംഗങ്ങളും ഇവിടെ ചിത്രീകരിച്ചിരിക്കുന്നതു കാണാം. ക്ഷേത്രസംസ്കാരത്തിന്റെ ഭാഗമായ ശില്പ കലകളുടെയും കേരളീയരുടെ സൗന്ദര്യബോധത്തിന്റെയും ഉത്തമോദാഹരണങ്ങളായ ഈ കാഴ്ചകൾ കാഴ്ചക്കാരിൽ അത്ഭുതം ജനിപ്പിക്കുന്നവയാണ്. ആധുനിക യന്ത്രസാമഗ്രികളൊന്നും ഇല്ലാത്ത കാലത്ത് ഇത്ര മനോഹരമായി ഈ ശില്പങ്ങൾ തീർത്ത ശില്പികളെ എത്ര അഭിനന്ദിച്ചാലും മതിയാകില്ല. വട്ടെഴുത്തിലുള്ള ശിലാശാസനങ്ങളും ഇവിടെ കാണപ്പെടുന്നുണ്ട്.

ഇലഞ്ഞിമരച്ചുവട്ടിൽ നാഗദേവതകളെ പ്രതിഷ്ഠിച്ചിരിക്കുന്നു. ക്ഷേത്രചുമരുകൾക്ക് പുറത്ത് യക്ഷിയേയും പ്രതിഷ്ഠിച്ചിട്ടുണ്ട്. പല ക്ഷേത്രങ്ങളിലും യക്ഷിപ്രതിഷ്ഠയുണ്ടെങ്കിലും ഇവിടുത്തെ യക്ഷിയമ്മയെ മഹായക്ഷിയെന്നാണറിയപ്പെടുന്നത്. തൃക്കവിയൂരിലുള്ള ഒരു പെൺകുട്ടി വേളികഴിഞ്ഞു പോയപ്പോൾ ഓലക്കുടയിൽ സ്വയം സന്നിവേശിച്ച് യക്ഷിയും അവരുടെ കൂടെ പോയി. വീട്ടുകാർ യക്ഷിയുടെ സാന്നിദ്ധ്യം മനസ്സിലാക്കി യക്ഷിക്ക് ഒരു മാന്യസ്ഥാനവും നൽകി. യക്ഷിയെ സാധാരണയായി ഭീതിയോടെ സങ്കല്പിക്കുമ്പോൾ ഈ യക്ഷിയമ്മ നല്ല കുടുംബജീവിതവും വിദ്യാലാഭവും നൽകി അനുഗ്രഹിക്കുന്നു എന്നാണ് വിശ്വാസം.

നഷ്ടപ്രതാപത്തിന്റെ പ്രതീകമെന്നോണം ഒരു നങ്ങ്യാർമഠം ഈ ക്ഷേത്രസമീപത്ത് ഇന്നും ഉണ്ട്. കൂടിയാട്ടം, നങ്ങ്യാർകൂത്ത്, മോഹിനിയാട്ടം എന്നീ കലാരൂപങ്ങൾ പണ്ട് ഇവിടെ അരങ്ങേറിയിരുന്നു എന്നും പഴമക്കാർ പറയുന്നു. പോയകാല ഓർമ്മകളെ അയവിറക്കിക്കൊണ്ട് ഒരു മിഴാവും ഇവിടെയുണ്ട്. അല്പം ഉയർന്ന സ്ഥലത്ത് ഒരു കൂത്തു തറയും കാണാം. ഈ പ്രദേശത്തിന്റെ സാംസ്കാരിക കേന്ദ്രവും പാണ്ഡിത്യത്തിന്റെ ഉറവിടവുമായിരുന്നു ഈ ക്ഷേത്രം. പണ്ഡിതന്മാരായ നമ്പൂതിരിമാർ ഓത്തു ചൊല്ലുന്ന പതിവും ഇവിടെയുണ്ടായിരുന്നു. ഇവിടെ വേദപഠനത്തിനുള്ള ഒരു പാഠശാല തൃക്കവിയൂർ ശാല എന്ന പേരിൽ പ്രവർത്തിച്ചിരുന്നതായും ചില സൂചനകളുണ്ട്.

ക്ഷേത്രത്തിന്റെ പടിഞ്ഞാറു വശത്തായി ഒരു വാതിലുണ്ട്. അതുവഴി കുത്തനെയുള്ള പടികളിറങ്ങിച്ചെന്നാൽ ദേവാലയമായ കീഴ്തൃക്കോവിലിലെത്താം. ഇവിടെ ശംഖുചക്രഗദാപത്മധാരിയായ മഹാവിഷ്ണുവാണ് പ്രതിഷ്ഠയെങ്കിലും ശ്രീകൃഷ്ണസങ്കല്പത്തിലാണ് പൂജകൾ നടക്കുന്നത്. മണിമലയാറിനോടു ചേർന്നാണ് ഈ ക്ഷേത്രം സ്ഥിതി ചെയ്യുന്നത്. ഉപദേവതാക്ഷേത്രമാണെങ്കിലും ചുറ്റുമതിലും ശ്രീകോവിലും നമസ്കാരമണ്ഡപവും തിടപ്പള്ളിയും മറ്റ് എല്ലാ സൗകര്യങ്ങളുമുള്ള ഒരു സ്വതന്ത്രക്ഷേത്രമെന്നതുപോലെയാണ് കാണപ്പെടുന്നത്.

മഹാദേവക്ഷേത്രത്തിന്റെ ചുറ്റുമതിലിനു വെളിയിൽ കിഴക്കെ അതിർത്തിയിൽ ഒരു വലിയ ശിവലിംഗം കാണാം. ഇതിന് മേൽക്കൂരയുണ്ട്. ഇവിടെ സ്ഥിരമായി പൂജകളോ വിളക്കു വയ്പ്പോ ഇല്ല. ആരെങ്കിലും വിളക്കു കൊളുത്തിയാലായി. അത്രതന്നെ. ഇവിടെ മേൽക്കൂരയുണ്ടാക്കിയതാരെന്നും അറിയില്ല. ഈ വലിയ ശിവലിംഗത്തിന്റെ ഒത്ത നടുവിൽ വട്ടത്തിൽ മുറിഞ്ഞിരിക്കുന്നതു കാണാം. ഇത് രാക്ഷസശിവലിംഗമെന്നാണറിയപ്പെടുന്നത്. ശിവപ്രതിഷ്ഠക്കായി ശിവലിംഗം കൊണ്ടു വരുവാൻ ശ്രീരാമൻ പറഞ്ഞതനുസരിച്ച് ഹനുമാൻ ശ്രീലങ്കയിൽ നിന്നും കൊണ്ടു വന്നതും രാക്ഷസരാജാവായ രാവണൻ പൂജിച്ചിരുന്നതുമായ ശിവലിംഗമാണിത് എന്നു വിശ്വസിക്കുന്നു. രാക്ഷസരാജാവു പൂജിച്ചിരുന്ന വിഗ്രഹമായതിനാലാകാം ഇത് രാക്ഷസശിവനെന്നാണറിയപ്പെടുന്നത്. ശിവലിംഗത്തിന്റ ആവശ്യം കഴിഞ്ഞെന്നു മനസ്സിലാക്കിയ ഹനുമാൻ ക്ഷേത്രത്തിന്റെ വടക്കുമാറി സ്ഥിതിചെയ്യുന്ന മതിമല എന്ന കുന്നിൽ ഈ വിഗ്രഹം ഉപേക്ഷിച്ചു. വർഷങ്ങൾക്കുശേഷം ആരോ അവിടെനിന്നും ഈ വിഗ്രഹം ഈ ക്ഷേത്രത്തിൽ എത്തിച്ചു പ്രതിഷ്ഠിച്ചു എന്നാണ് വിശ്വസിക്കുന്നത്.

കേരളത്തിലെ ഗുഹാക്ഷേത്രങ്ങളിലൊന്നായ തൃക്കാക്കുടി ക്ഷേത്രം കവിയൂരു നിന്നും രണ്ടു കിലോമീറ്റർ അകലെയാണ്. പാണ്ഡവന്മാർ വനവാസക്കാലത്ത് ഈ ഗുഹയിൽ താമസിച്ചിരുന്നതിനാൽ ഇവിടം പാണ്ഡവൻപാറയെന്നും അറിയപ്പെടുന്നു. രണ്ടു വലിയ പാറകൾക്കിടയിൽ ഒരു വശം തുരന്നാകാം ഈ ഗുഹ നിർമ്മിച്ചിരിക്കുന്നത്. ഈ ഗുഹയുടെ പരിസരത്തെങ്ങും ആൾത്താമസമില്ല. തൃക്കവിയൂർ മഹാദേവനെക്കാൾ മഹത്വമുള്ള ശിവക്ഷേത്രം നിർമ്മിക്കുക എന്ന ലക്ഷ്യത്തോടുകൂടി ഭൂത ഗണങ്ങൾ ഒറ്റ രാത്രികൊണ്ട് നിർമ്മിച്ചതാണ് ഈ ഗുഹാക്ഷേത്രം എന്നാണ് ദേശവാസികൾ വിശ്വസിക്കുന്നത്. ഭൂതഗണങ്ങൾ നല്ല ഉദ്ദേശത്തിലല്ല ക്ഷേത്രം നിർമ്മിക്കുന്നത് എന്നു മനസ്സിലാക്കിയ ഹനുമാൻ പൂവൻകോഴിയായി ചെന്ന് ഉറക്കെ കൂവി. നേരം പുലർന്നു എന്നു കരുതി ഭൂതഗണങ്ങൾ ഉപകരണങ്ങളെല്ലാം അടുത്തുള്ള കുളത്തിലെറിഞ്ഞ് സ്ഥലം വിട്ടു എന്നും വിശ്വസിക്കുന്നു. സന്ധ്യയായാൽ ഈ സ്ഥലത്തേക്ക് ആരും കടക്കാറേയില്ല. പുരാതന സംസ്കാരത്തിന്റെ അമൂല്യമായ ഒരു മാതൃകയായി ഈ ഗുഹാക്ഷേത്രം ഇവിടെ കാടിനുള്ളിൽ സ്ഥിതി ചെയ്യുന്നു.

പരശുരാമപ്രതിഷ്ഠിതമായ മുപ്പത്തിരണ്ട് മലയാള ഗ്രാമങ്ങളിലൊന്നായ കവിയൂരിന്റെ അധിദേവതയാണ് തൃക്കവിയൂരപ്പൻ. പത്തില്ലക്കാരെന്നറിയപ്പെട്ടിരുന്ന പത്തു ബ്രാഹ്മണകുടുംബക്കാരുടേതായിരുന്ന തൃക്കവിയൂർ മഹാദേവക്ഷേത്രം ഇന്ന് ദേവസ്വം ബോർഡിന്റെ മേൽ നോട്ടത്തിലാണ്. തിരുവല്ല തുകലശ്ശേരി പറമ്പൂർ

ഇല്ലക്കാർക്കാണ് താന്ത്രികച്ചുമതല. തൃക്കവിയൂർ മഹാദേവന് ധാരയും വില്വാർച്ചനയും പ്രധാന വഴിപാടുകളാണ്. മറ്റു ശിവക്ഷേത്രങ്ങളിലേതു പോലെയുള്ള എല്ലാ വഴിപാടുകളും അർച്ചനകളും തന്നെയാണ് ഇവിടെയും നടത്തുന്നത്. ഹനുമാൻ സ്വാമിക്ക് പഴക്കുലയും വാലിലണിയുന്ന മോതിരവും പ്രത്യേക വഴിപാടായി സമർപ്പിക്കുന്നു. അവിൽ നിവേദ്യവും വെറ്റിലമാല ചാർത്തലും പ്രധാനമാണ്.

ധനുമാസത്തിലെ തിരുവാതിര നാളിൽ കൊടിയേറി പത്ത് ദിവസമാണ് ഇവിടുത്തെ ഉത്സവം. പത്താം ദിവസം മണിമലയാറ്റിലെ പാറപ്പുഴ കടവിൽ ആറാട്ടോടെ ഉത്സവം സമാപിക്കുന്നു. ശിവരാത്രി ദിവസവും അതിവിപുലമായി ആഘോഷിക്കാറുണ്ട്. ക്ഷേത്രാധീനതയിലുള്ള എട്ടു കരകളുടെ പ്രതിനിധികൾ ചേർന്ന് അതിമനോഹരമായി ദീപക്കാഴ്ചകളും ഒരുക്കാറുണ്ട്. ശ്രീമൂലരാജേശ്വരിയുടെ പ്രതിഷ്ഠ നടന്നതിന്റെ ഓർമ്മക്കായി ഉതൃട്ടാതി നാളിൽ വിശേഷാൽ പൂജകളോടെ ദേവിയുടെ തിരുനാൾ ആഘോഷിക്കുന്നു. എല്ലാ വർഷവും ചിങ്ങം ഒന്നു മുതൽ ഹനുമാൻ സ്വാമിക്ക് പന്ത്രണ്ട് കളഭം നടത്താറുണ്ട്. ധനുമാസത്തിലെ മൂലം നക്ഷത്രത്തിൽ ഹനുമദ് ജയന്തി ആഘോഷിക്കുന്നു.

തൃക്കവിയൂർ മഹാദേവക്ഷേത്രത്തിലെത്തി നയനാനന്ദകരമായ ശില്പഭംഗിയാസ്വദിച്ച് മഹാദേവനേയും ദേവിയേയും ശ്രീകൃഷ്ണഭഗവാനേയും മറ്റു ഉപദേവതകളേയും തൊഴുത് ഭക്തിയുടെ മൂർത്തിമത്ഭാവമായ ഹനുമാൻ സ്വാമിയുടെ മുന്നിലെത്തി ഇഷ്ടകാര്യഫലസിദ്ധിക്കായി പ്രാർത്ഥിച്ച് ഇഷ്ട വഴിപാടുകളും നടത്തി തൃക്കവിയൂരപ്പന്റെ അനുഗ്രഹങ്ങളും ഏറ്റു വാങ്ങി മടങ്ങാം. തൃക്കവിയൂരപ്പാ അനുഗ്രഹിച്ചാലും........

*(മിനിക്കഥ)*

# ഓരോ കാര്യങ്ങൾ

**ഉണ്ണി വാരിയത്ത്**
**ഫോൺ: 09867179480**

ഓട്ടോറിക്ഷയിൽ സഞ്ചരിക്കുകയായിരുന്നു അയാൾ.

തെരുവോരത്ത് ആൾക്കൂട്ടം. ഒരുവനെ പലരും അടിക്കുകയും തൊഴിക്കുകയും ചെയ്യുന്നതു കണ്ടു. ഡ്രൈവർ പെട്ടെന്ന് ഓട്ടോ നിർത്തി ഓടിച്ചെന്ന് തന്റെ വക ഒരടി കൊടുത്ത് തിരിച്ചു വന്നു.

എന്തിനാണ് അവനെ അടിച്ചത് ? സഞ്ചാരി ചോദിച്ചു.

എല്ലാവരും അടിക്കുന്നതു കണ്ടില്ലേ? എന്തെങ്കിലും കാര്യമുണ്ടാവും. ഡ്രൈവർ നിസ്സാര മട്ടിൽ പറഞ്ഞു.

പലപ്പോഴും ഇതുപോലെയാണല്ലോ. ഓരോ കാര്യങ്ങൾ ഇവിടെ നടക്കുന്നത് !

## വിമൺസ് ഫോറം 2019 ഏപ്രിൽ മാസത്തെ പരിപാടി

| തീയതി | പരിപാടി | സമയം |
|---|---|---|
| 24.04.2019 | Get-together | 3.30 pm - 5.00 pm |

## എറണാകുളം കരയോഗം - **ചാരിറ്റി പ്രവർത്തനങ്ങൾക്ക് 2019 മാർച്ച് മാസത്തിൽ സംഭാവന നൽകിയവർ**

| | |
|---|---|
| 1. ബി. പി. സി. എൽ. അമ്പലമുകൾ | 1,00,000/- |
| 2. ശ്രീ. ടി. എസ്. വിശ്വനാഥൻ, രാജീവം, കൊച്ചി | 10,001/- |
| 3. ശ്രീ. സതീഷ്. കെ, നന്ദനം, കിഴക്കേ എഴുത്തുള്ളീൽ ഹൗസ്, രവിപുരം,കൊച്ചി -16 | 6,400/- |
| 4. ശ്രീ. സി. ബാലകൃഷ്ണ മേനോൻ, സജ്മ, എസ്. എ. റോഡ്, കടവന്ത്ര, കൊച്ചി - 20 | 5,800/- |
| 5. ശ്രീമതി. ഉഷ. സി. മേനോൻ, ദേവികൃപ, നന്ദകുമാർ ലെയ്ൻ, കാരിക്കാമുറി ക്രോസ് റോഡ്, എറണാകുളം | 5,000/- |



# രാമായണവും മഹാഭാരതവും രചിച്ച സന്ദർഭത്തിന്റെ ആനുകാലിക പ്രസക്തി

ഡോഃ രാജേശ്വരികുഞ്ഞമ്മ. ഫോൺ : 9388382009

മനുഷ്യജീവിതം പൂർണ്ണതയേ തേടിയുള്ള ഒരു യാത്രയാണ്. ധ്യാനത്തിലൂടെയും അറിവു സമ്പാദനത്തിലൂടെയും സജ്ജനസംസർഗ്ഗത്തിലൂടെയും അറിവുനേടുകയെന്നത് ഇതിനു സഹായകമാകും. ഉത്തമനായ ഗുരു തന്റെ സാമീപ്യത്തിലൂടെ മാർഗ്ഗദർശകനായി ഭവിക്കുമ്പോൾ ജീവിതം ധന്യമാകും. ശ്രീബുദ്ധനും കൃഷ്ണനും പറയുന്നു, നാനാ വീക്ഷണകോണുകളിൽ നിന്നു പരിശോധിച്ചശേഷം ഗുരുവിനെ സ്വീകരിക്കു എന്ന്. ശരിയായ ഗുരു നമ്മുടെ കയ്യിൽ വിളക്കു തന്നിട്ട് മാർഗ്ഗം കണ്ടുപിടിക്കുവാൻ പറയും. അതാണല്ലോ ഗീതയിൽ കൃഷ്ണൻ പറയുന്നത്,

'ദദാമി ബുദ്ധിയോഗം, തം യേന മാം ഉപയാന്തി തേ'

ഞാൻ ഭക്തരുടെ ഹൃദയത്തിന് ബുദ്ധിയെന്ന പ്രകാശം നൽകുന്നു. അവർ അതിന്റെ സഹായത്തോടുകൂടി സ്വന്തം വഴി തെരഞ്ഞെടുക്കുന്നു. അങ്ങനെ എന്നെ പ്രാപിക്കുന്നു. ചുരുക്കത്തിൽ നാം പ്രയത്നിച്ചാൽ ഇത്തരം തത്ത്വചിന്താശകലങ്ങൾ ഭാരതീയ പുരാണേതി ഹാസങ്ങളിൽ കൂടെ കടന്നുകയറുന്ന നമുക്ക് ജീവിതപ്രശ്നങ്ങളെ നേരിടാൻ തക്ക പ്രാപ്തി നൽകുന്നു. ഇവിടെയാണ് മഹാഭാരതവും രാമായണവും എന്ന രണ്ട് ഇതിഹാസ ഗ്രന്ഥങ്ങൾ മനുഷ്യനന്മക്ക് സഹായകമാകുമെന്നതും ഈ കാലഘട്ടത്തിൽ ആ മഹദ്ഗ്രന്ഥങ്ങൾ ചർച്ച ചെയ്യപ്പെടേണ്ടതായുള്ള ആവശ്യകത ഉടലെടുക്കുന്നതും.

ഈ രണ്ടു മഹാകാവ്യങ്ങളും എഴുതപ്പെട്ട സാഹചര്യം ഇന്നത്തെ തലമുറക്ക് ചർച്ച ചെയ്യപ്പെടേണ്ടതാണോ എന്നതാണിവിടെ പ്രതിപാദിക്കുവാൻ ഉദ്ദേശിക്കുന്നത്. ഈ രണ്ടു കൃതികളും രചിക്കപ്പെട്ടപ്പോൾ ഉണ്ടായ സന്ദർഭങ്ങൾ ഇന്നും ചർച്ച ചെയ്യപ്പെട്ട് മാനസികപരിവർത്തനത്തിനെങ്ങനെ ഉപയോഗപ്രദമാക്കാമെന്നും ചിന്തിക്കേണ്ടിയിരിക്കുന്നു. ഇവിടെ ഞാൻ കൂടുതലും വാത്മീകിമഹർഷിയുടെ രാമായണവും മഹാഭാരതം സംസ്കൃത ശ്ലോകങ്ങൾ 18 പർവ്വങ്ങളിലൂടെ കടന്ന് 9 വോളിയങ്ങളിലായി ശ്രീ. എം.എൻ. ദത്തയുടെ ഇംഗ്ലീഷ് പരിഭാഷയോടു കൂടിയ മഹാഭാരതവുമാണ് അവലംബിച്ചിരിക്കുന്നത്. വ്യാസമഹർഷി സ്വന്തം എന്നു പറയപ്പെടുന്ന ജയ എന്ന പുരാണ ഗ്രന്ഥത്തിൽ നിന്നും പിന്നീട് പല കൂട്ടിച്ചേർക്കലുകളും ഉണ്ടായി. ഇതിന്റെ മൂന്നാമത്തെ പകർപ്പായപ്പോഴേക്കും ഇതിൽ ഉഗ്രശ്രവസ്സ് പറഞ്ഞ ഭാരത കഥയിലേയ്ക്കു മാറ്റം സംഭവിച്ചു. പല കൂട്ടിച്ചേർക്കലുകളും മാറ്റങ്ങളും നടത്തി നമുക്കു ലഭിച്ച ഈ സംസ്കൃതത്തിലുള്ള 9 വാല്യങ്ങളാണ് എനിക്ക് അന്വേഷണത്തിലൊടുവിൽ ലഭിച്ചത്.

രാമായണകഥ രചിച്ച വാല്മീകി മഹർഷി, (അദ്ദേഹത്തിന്റെ ജീവിതം ഒരു കൊള്ളക്കരന്റേതായിരുന്നു) . പിന്നീടുണ്ടായ മാനസാന്തരത്തിൽ ചിതൽ പുറ്റിൽ (വാല്മീകം) നിന്നും വന്നവൻ എന്ന അർത്ഥത്തിൽ വാല്മീകി ആയതാണെന്നും, അതല്ല ഒരു ദേശത്തിന്റെ പേരിൽനിന്നും ലഭിച്ചതാണെന്നും മറ്റും പറയപ്പെടുന്നു. എന്തായാലും തനിക്കു സംഭവിച്ച മാനസിക പരിവർത്തനം സമൂഹനന്മക്കു ഉതകണമെന്നൊരാഗ്രഹം ആദികവിക്കുണ്ടായിരുന്നു എന്നതിൽ സംശയമില്ല. ഈ കാവ്യത്തിലും സീതാരാമ പുത്രന്മാരുടെ വിദ്യാഭ്യാസത്തിന്റെ ഗുരുവായും വാത്മീകി വരുന്നുണ്ട്.

ഉത്തമനായ ഒരു മനുഷ്യസങ്കല്പമായിരുന്നു വാത്മീകിക്കുണ്ടായിരുന്നത്. ഒരു ഭരണാധികാരി എപ്രകാരം ആയിരിക്കണമെന്നും വരും കാലങ്ങളിൽ അത് നിലനിൽക്കണമെന്നും ആഗ്രഹിച്ച വാല്മീകി നാരദനോടു ചോദിക്കുന്നു, ഗുണവാനും സത്യം പറയുന്നവനും എല്ലാവർക്കും പ്രിയനായി പ്രവർത്തിക്കുന്നവനും ആയ ഒരു മഹാനേക്കുറിച്ചു പറയാമോ എന്ന്.

'ചാരിത്രേണ ച കോ യുക്തഃ
സർവ്വ ഭൂതേഷു കോ ഹിതഃ

വിദ്വാൻ കഃ കഃ സമർത്ഥശ്ച കശ്ചൈക പ്രിയദർശനഃ'

ചാരിത്ര്യ യുക്തനും എല്ലാവർക്കും ഹിതനും വിദ്വാനും സമർത്ഥനും ഏവർക്കും പ്രിയപ്പെട്ടവനുമായ മഹാനാരാണ്? ഇതിനു മറുപടിയായിട്ടാണ് രാമനാണെന്ന് നാരദർ പറയുന്നത്.

'ധർമ്മജ്ഞഃ സത്യസന്ധശ്ച പ്രജാനാം ച ഹിതേ രഹിതഃ

യശസ്വി ജ്ഞാനസമ്പന്നാ: ശുചിർ വശ്യഃ സമാധിമാൻ'

ധർമ്മം കാത്തു സൂക്ഷിക്കുന്നവനും സത്യസന്ധനും പ്രജകളുടെ ആഗ്രഹത്തിനനുസരിച്ച് പ്രവർത്തിക്കുന്നവനും ആയ ദശരഥപുത്രനേക്കുറിച്ച് പറയുന്നു.

തുടർന്ന് വാല്മീകി കഥയിലേക്ക് കടക്കുമ്പോൾ ദശരഥൻ തുടങ്ങിയുള്ള പരമ്പരയുടെ ചരിത്രം അനാവരണം ചെയ്യുന്നു. ദശരഥന്റെ ഭരണകാലം വിവരിക്കുന്നിടത്തെല്ലാം ആധുനികയുഗത്തിലെ സ്വാർത്ഥതല്പരരായ ജനസമൂഹത്തിന് ചിന്തിക്കേണ്ടതും അനുകരണീയവുമായ പ്രവർത്തനശൈലിയാണ് കാണാൻ കഴിയുക.പ്രകൃതിയേയും ജീവജാലങ്ങളേയും അത്യധികം സ്നേഹിച്ചിരുന്ന വാത്മീകി മനസിനേക്കുറിച്ച് ഇങ്ങനെ പറയുന്നു. നല്ലവരായ മനുഷ്യന്റെ മനസ്സുപോലെ സൗന്ദര്യവും ശുദ്ധിയുമുള്ളതായിരുന്നു നദിയിലെ ജലമെന്ന്. ഇത്തരം ജലാശയങ്ങൾ അന്നത്തെ സമ്പത്തായിരുന്നു.

'രമണീയം പ്രസന്നാംബു സന്മനുഷ്യ മനോ യഥാ'

പ്രകൃതിയേ ആസ്വദിച്ചുകൊണ്ടു നിന്ന അവസരത്തിൽ ആണ് ഒരു വേടൻ ഇണപക്ഷികളിലൊന്നിനെ അമ്പെയ്തു കൊന്നത്. പക്ഷിയുടെ ശരീരത്തിൽ നിന്നൊഴുകുന്ന രക്തവും ഇണപക്ഷിയുടെ കരച്ചിലും കേട്ട മഹർഷിയുടെ മാനസീകാവസ്ഥയാണ് കവിതയിലൂടെ നമുക്കു രാമായണം എന്ന ജീവിതഗന്ധിയായ കാവ്യമായി ലഭിച്ചത്. ദുഃഖിതനായിരുന്ന വാത്മീകി ബ്രഹ്മാവിന്റെ ആഗ്രഹപ്രകാരം രാമചരിതം രചിച്ചു. ഇവിടെ ബ്രഹ്മാവു പറയന്നു,

''താവത് രാമായണ കഥ ലോകേഷു പ്രചരിഷ്യതി''

അങ്ങയാൽ വിരചിതമായ രാമകഥയായ രാമായണം ലോകമുള്ളിടത്തോളം കാലം നിലനില്ക്കും. അങ്ങനെ രാമകഥ വരുംതലമുറക്കു ചിന്തിക്കാൻ തക്ക വിധത്തിൽ രൂപരചന സംഭവിച്ചു. ഭാരതത്തിൽ നിലനിന്നിരുന്ന ഒരു സാംസ്കാരിക പൈതൃകത്തെ ബ്രാഹ്മണമേധാവിത്വത്തിനു തുല്യമായി ജനകൻ തുടങ്ങിയ രാജാക്കന്മാർ കൈവരിച്ചിരുന്നതും ഇതു ജിജ്ഞാസിയായ ഏതൊരാൾക്കും ഏതൊരു ജീവിക്കും കരതലാമലകംപോലെ ആക്കിതീർക്കാനുള്ള കഴിവ് എങ്ങനെയെന്ന് പല സന്ദർഭങ്ങളിലും വാത്മീകി വിവരിക്കുന്നുണ്ട്. ആര്യന്മാരും ദ്രാവിഡരും ചേർന്നുള്ള ഒരു പുതിയ കാഴ്ചപ്പാടുണ്ടാക്കുന്ന കാലത്താണ് ഇതിഹാസങ്ങൾ എഴുതപ്പെട്ടത്. കാട്ടാളനായിരുന്ന വാത്മീകിയുടെ മനക്കണ്ണിൽ നിറഞ്ഞുവന്ന കഥകൾ രാമായണചരിതമായി മാറി. ക്ഷത്രിയനായ വിശ്വാമിത്രനും വസിഷ്ഠനുമായുള്ള ബ്രഹ്മർഷി പദതർക്കം, കൈകേയിയുടെ മേൽ മന്ഥര സ്ഥാപിച്ചെടുക്കുന്ന ആധിപത്യം കൗസല്യയുടെ മുഖം ഇതൊക്കെ തന്നെ വാല്മീകിയുടെ മനസിൽ കൂടി കടന്നു വന്നത് സമകാലീന പ്രസക്തി നൽകുന്നുവെന്നതിന് സംശയമില്ല.

ഇരുപത്തി നാലായിരം ശ്ലോകങ്ങളും അഞ്ഞൂറു സർഗ്ഗങ്ങളും ആറു കാണ്ഡങ്ങളും പിന്നെ ഉത്തരകാണ്ഡവും കൂടി രചിച്ചതും രാമപുത്രന്മാരായ ലവകുശന്മാരെക്കൊണ്ടു പാടിപ്പിച്ചതും സീതാചരിതവും രാമചരിതവും ജനങ്ങളെ ബോധപൂർവ്വം നന്മയും തിന്മയും നേരിടുന്നതിന് പ്രാപ്തരാക്കുവാൻ വേണ്ടിയുള്ള വാല്മീകിയുടെ പരിശ്രമങ്ങളായിരുന്നു. പാരായണമാധുര്യവും ശബ്ദ താളലയങ്ങളാൽ സമൃദ്ധവുമായ ശൃംഗാര കരുണ ഹാസ്യ രൗദ്ര ഭയാനക വീരാദി നവരസയുക്തമായ ആ കാവ്യം ഈ കുട്ടികൾ രാമന്റെ സദസ്സിലും ആലപിച്ചുവെന്നാണ് ചരിത്രം.

ഇങ്ങനെ തന്റെ ജീവിതത്തിൽ വന്ന മാറ്റങ്ങൾ ഭാവിയിൽ ഏതു മനുഷ്യനിലും ഉണ്ടാകേണ്ടതാണെന്നും മാനവജന്മത്തിൽ സുഖവും ദുഃഖവും ഇടകലർന്നുണ്ടാകുമ്പോൾ സാധാരണക്കാരിൽ നിന്നും വ്യത്യസ്തനായി രാജാവ് എങ്ങനെ ഭരിക്കണമെന്നും ആത്മാഭിമാനത്തിന് ക്ഷതം സംഭവിക്കുമെന്നു തോന്നിയാൽ സധൈര്യം നേരിടാനും സ്വാർത്ഥലാഭം കൈമുതലാക്കി ശക്തികൊണ്ടു ജയിക്കാമെന്നുള്ള അത്യാധുനീക ചിന്തക്ക് പതനം എങ്ങനെയാകുമെന്നും വാത്മീകി വിവരിക്കുന്നു. ഇത്തരം കുത്സിത പ്രവർത്തികളെ നേരിട്ടു വിവരിച്ച് ഉത്തമ പുരുഷ സ്ത്രീ സങ്കൽപം ജനങ്ങളിലെത്തിക്കുക എന്ന തോന്നലിലൂടെയാണ് രാമായണകഥ എഴുതാനുണ്ടായ സന്ദർഭം. വിധിയുടെ ക്രൂരഹസ്തങ്ങളിൽപ്പെട്ടു ജീവിതം പകുതിവഴിക്കു നഷ്ടപ്പെടേണ്ടിവന്ന പക്ഷി ഇന്നത്തെ സമൂഹത്തിന്റെ നേർരൂപമാണ്.

അഞ്ചാംവേദമെന്നറിയപ്പെടുന്ന മഹാഭാരതം അതിന്റെ ഉച്ചാരണ വ്യത്യാസംകൊണ്ട് സാമ്പ്രദായിക സംസ്കൃതത്തിലാണ് രചിക്കപ്പെട്ടിട്ടുള്ളത്. ഭാരതീയസംസ്കാരത്തിന്റെ അടിത്തറയെന്നു തന്നെ പറയാവുന്ന ഗ്രന്ഥങ്ങളായ രാമായണവും ഭാരതവും അന്നത്തെ കാലഘട്ടത്തിന്റെ മാത്രമല്ല, വരും തലമുറയുടെ ജീവിതഗന്ധിയായ ഇതിഹാസ ചരിത്രഗ്രന്ഥങ്ങളാണ്. മഹാഭാരതത്തിൽ സമകാലീന ഭാരതീയ ചരിത്രം മനുഷ്യ മനസിന് ചിന്ത

നീയവും വഴികാട്ടിയുമായി തീർക്കണമെന്നുള്ള ഉദ്ദേശത്തോടു കൂടിയാണ് ദ്വൈപായനവേദവ്യാസൻ ഈ രചന നിർവ്വഹിച്ചത്. ഈ മഹദ്ഗ്രന്ഥം ഒരാളുടെ മാത്രം രചനയായിട്ടല്ല നമുക്കു ലഭിക്കുന്നത്. ജയ എന്ന പേരിലാണ് മഹാഭാരത കഥ ആദ്യം ലഭിക്കുന്നത്. വ്യാസൻ തന്റെ 5 ശിഷ്യന്മാരെ പഠിപ്പിച്ചു. ശിഷ്യനായ വൈശമ്പായൻ ജനമേജയന്റെ സർപ്പയജ്ഞയാഗസ്ഥലത്തു വെച്ച് ഈ കഥ വിവരിച്ചു. ജനമേജയന്റെ ചോദ്യങ്ങൾക്കുള്ള ഉത്തരമായി പലതും കൂട്ടിച്ചേർക്കപ്പെട്ടതായും പറയപ്പെടുന്നു. ഉഗ്രശ്രവസ് നൈമഷാരണ്യത്തിൽ വച്ച് ശൗനകാദി മഹർഷികൾക്കും ഇത് പറഞ്ഞുകൊടുത്തു. അങ്ങനെയാണ് മഹാഭാരതകഥ നമ്മളിലേക്കെത്തിയത്. ചരിത്രപരമായി വളരെ പ്രാധാന്യമുള്ള മഹാഭാരതം ചന്ദ്രവംശ രാജാക്കന്മാരുടേയും പാണ്ഡവ കൗരവന്മാരുടേയും കഥകൾ വഴി അക്കാലത്തെ ഭാരതചരിത്രം ജനങ്ങളിലേക്കെത്തിക്കുകയാണ് ചെയ്യുന്നത്. ധർമ്മത്തിനും നീതിക്കും ഉയർന്ന സ്ഥാനം കൽപ്പിച്ചിരുന്ന ഈ കൃതി കർമ്മയോഗവും ജ്ഞാനയോഗവും സമ്മേളിക്കുന്ന ഒന്നാണ്. വിഷമം പിടിച്ച പല ചോദ്യങ്ങളുടെ ഉത്തരങ്ങൾ, വൈശമ്പായൻ ജനമേജയനു നൽകുന്ന ഉത്തരങ്ങളിലൂടെ പാണ്ഡവകഥ മാത്രമല്ല ഒരു ശ്രോതാവിന് ആ കാലഘട്ടത്തേക്കുറിച്ച് എന്തൊക്കെ അറിയണമെന്നുണ്ടോ ആ വിവരണങ്ങളെല്ലാം നമുക്കു ലഭിക്കുന്നു. ശ്രീപർവ്വത്തിൽ വ്യാസൻ ഗാന്ധാരിക്കു നൽകുന്ന ഉപദേശം തുടങ്ങി രാജ്യതന്ത്രജ്ഞന്മാർ അറിഞ്ഞിരിക്കേണ്ട വസ്തുതകൾ വരെ നമുക്കിവിടെ ലഭിക്കുന്നു.

ഭാരതീയ ഋഷി പാരമ്പര്യത്തിന്റെ അഗ്രഗണ്യനായിരുന്ന പരാശരമഹർഷിക്കു മുക്കുവസ്ത്രീയിലുണ്ടായ പുത്രനാണ് വ്യാസൻ. അദ്ദേഹം കറുത്ത നിറത്തോടു കൂടിയവനായിരുന്നു. പക്ഷെ 18 പുരാണങ്ങളും 4 വേദങ്ങളും ഉപനിഷത്തുകളും രചിച്ചു. വസുദേവരുടെ ശിഷ്യനും സനകമഹർഷി, സദാനന്ദമഹർഷി, പരാശമഹർഷി എന്നിവരുടെ ശിഷ്യത്വം കൂടിയായപ്പോൾ വ്യാസൻ അറിവിന്റെ വിളനിലമായി മാറി, വേദത്തെ നാലായി വിഭജിച്ച് വ്യാസന്റെ അഥർവവേദം ശാസ്ത്രത്തിന്റെ ദൂഷ്യവശങ്ങൾ തള്ളാനിരുന്നവർ തള്ളി. സ്ത്രീകൾക്കും സാധാരണക്കാർക്കും മനസിലാക്കിക്കൊടുക്കാനുള്ള അവസരം ഉണ്ടാക്കിയ വ്യാസൻ കർമ്മകാണ്ഡത്തിലൂടെ സമ്പൂർണ്ണജീവിതവും ലോകനന്മക്കായുള്ള ധർമ്മവും പഠിപ്പിച്ചു. ധർമ്മാർത്ഥകാമമോക്ഷങ്ങളെ വിവരിച്ച പോലെ തന്നെ ഇക്കാലത്തധിഷ്ഠിതമായി കാണുന്ന ദുഷ്ചിന്തയും വഞ്ചനയും സ്ത്രീകളോടുള്ള പെരുമാറ്റ വ്യത്യാസങ്ങളും വിവരിച്ചു. മനുഷ്യന്റെ ഇഛാശക്തിയെ കാണിക്കുന്ന ഒരു ചരിത്രഗ്രന്ഥം നമുക്കു സമ്മാനിക്കുവാൻ വ്യാസനു സാധിച്ചു. വായ്മൊഴിയിലൂടെ മാത്രം സാധ്യമായിരുന്ന വേദചിന്തകൾ ലിഖിതരൂപത്തിലാക്കിയത് വ്യാസനാണ്. ഇതിന് വിഘ്നേശ്വരനായ ഗണപതിയും വിജ്ഞാനത്തിന്റെ ഉറവിടവും ആയ വ്യാസനും കൂടി ചേർന്നപ്പോൾ വേദാന്തങ്ങൾ ലോകോപകാരാർത്ഥമായ സൃഷ്ടിയായി മാറി. ജനമേജയന്റെ സർപ്പയാഗത്തിൽ പങ്കുകൊള്ളാനെത്തിയ വ്യാസനോട് ആവശ്യപ്പെട്ടതനുസരിച്ച് ഭാരതകഥ വൈശമ്പായൻ വഴി പറഞ്ഞുവെന്നും അവിടെയുണ്ടായിരുന്ന ഉഗ്രസ്യവസ് ശൗകമുനിയുടെ കലികാല ശാന്തിക്കായുള്ള യാഗത്തിൽവെച്ചു പറഞ്ഞ കഥയായിട്ടാണ് മഹാഭാരതകഥ സവിസ്തരം നമ്മളിലേക്കെത്തുന്നത്. ഇവിടെ ആസ്തികനിൽ തുടങ്ങി പഞ്ചപാണ്ഡവകഥയിലൂടെ, കൃഷ്ണകഥയിലൂടെ കടന്ന് അവസാനം ധർമ്മപുത്രരുടേയും മറ്റും സ്വർഗ്ഗാരോഹണം വരെ നീളുന്ന ഈ ചരിത്രം സങ്കീർണ്ണമാണ്. തത്വചിന്താപരമായ ഈ കൃതി പുരുഷാർത്ഥത്തിന്റെ നേർകാഴ്ചയാണ്.

ഇവിടെ രാമായണവും ഭാരതവും എഴുതിയ മഹദ്‌വ്യക്തികളുടെ ഉദ്ദേശം വരുംതലമുറയുടെ നന്മയായിരുന്നു എന്നതിൽ സംശയമില്ല. രണ്ട് ഇതിഹാസഗ്രന്ഥങ്ങളിലും വാക്കുകളുടെ ശക്തിയും ദുഷ്കർമ്മങ്ങൾ നിലംപതിക്കുന്നതും അഹംഭാവം അധഃപതനത്തിനു വഴിതെളിയിക്കുന്നതും കാണാം. വാത്മീകിയുടെ ബാല്യം ദുഷ്കരമായിരുന്നു. അദ്ദേഹത്തിനുണ്ടായ നന്മയുടേതായ പരിവർത്തനം ശ്രീരാമൻ എന്ന പാത്രരചനയിലൂടെ വാത്മീകിയുടെ ലക്ഷ്യം സാദ്ധ്യമാക്കിത്തീർത്തു. മനുഷ്യാവതാരമെടുത്താൽ സുഖവും ദുഃഖവും അനുഭവിക്കണമെന്നുള്ള തത്ത്വവും ഇവിടെ പ്രത്യേകം പ്രസ്താവ്യമാണ്. വേദവ്യാസൻ മുക്കുവസ്ത്രീയുടെ പുത്രനാണ്. ഗുരുക്കന്മാരാൽ വിജ്ഞാനിയായ അദ്ദേഹം തന്റെ തലമുറക്കുവേണ്ടി കർമ്മകാണ്ഡവും ജ്ഞാനയോഗവും ഭക്തിയോഗവും കൂട്ടിക്കലർത്തി. നന്മ ചെയ്യുന്നവർക്ക് എപ്പോഴെങ്കിലും അതിന്റെ ഫലം ലഭിക്കുമെന്നുള്ള തത്ത്വം ജനങ്ങളെ ബോധ്യപ്പെടുത്തുകയും ചെയ്യുന്നു. ഈ രണ്ട് ഇതിഹാസങ്ങളും മാനുഷികമൂല്യങ്ങളും സാംസ്കാരിക പൈതൃകവും ജീവിതമൂല്യങ്ങളും ഉൾക്കൊണ്ടുകൊണ്ട് ജീവിക്കുക എന്നത് ഏത് കാലഘട്ടത്തിലും ഉത്തമ ജീവിതത്തിന് അത്യന്താപേക്ഷിതമെന്ന് വ്യക്തമാക്കുന്നു. രണ്ടു കൃതികളും രചിക്കുവാൻ ഉണ്ടായ സന്ദർഭം വ്യത്യസ്ഥമാണെങ്കിലും ഉദ്ദേശം വരുംതലമുറയണെന്നതിൽ സംശയമില്ല.

# ഹരിസുധാലഹരി

നന്ദകുമാർ മേനോൻ ഫോൺ : 9895981809

**ശ്ലോകം ঃ 32**

ആദ്യാംശു വ്രജകന്ദമാം തവപദം ധ്യാനിച്ചു ഗായത്രിയാം
വിദ്യാമന്ത്രമനുത്തമം പ്രതിദിനം ഭക്ത്യാ ജപിക്കുന്നവൻ
വിദ്യാ ശ്രീ വിജയം സുഖം സുഭഗതാ കീർത്ത്യാദി സംയുക്തനാ –
യുദ്യൽക്കാന്തിയൊടാവസിച്ചു ചരമേ പൂകുന്നു കൈവല്യവും

ആദ്യ = ആദ്യത്തെ

അംശുവ്രജ = സൂര്യരശ്മിയുടെ കൂട്ടം

കന്ദമാം = വേരാകുന്ന

തവപദം = അവിടുത്തെ കാൽ

ധ്യാനിച്ചു = ധ്യാനിച്ചുകൊണ്ട്

ഗായത്രിയാം = ഗായത്രിയാകുന്ന

വിദ്യാമന്ത്രം = വിദ്യയുടെ മന്ത്രം

അനുത്തമം = ഏറ്റവും മികച്ചത്

പ്രതിദിനം = എല്ലാ ദിവസവും

ഭക്ത്യാ ജപിക്കുന്നവൻ = ഭക്തിയോടുകൂടി ജപിക്കുന്നവൻ

വിദ്യാ ശ്രീ വിജയം = അറിവ്, ധനം, വിശിഷ്ടമായ ജയം

സുഖം സുഭഗതാ കീർത്ത്യാദി = സുഖം, ആരോഗ്യം, യശസ്സ് മുതലായ

സംയുക്തനായ് = മുഴുവനായും ചേർന്ന്

ഉദ്യത്കാന്തിയൊടാവസിച്ചു = ഉദിച്ചുയരുന്ന ശോഭയോടുകൂടി ജീവിച്ച്

ചരമേ പൂകുന്നു = മരിക്കുമ്പോൾ കൈവരിക്കുന്നു

കൈവല്യവും = ബ്രഹ്മത്വവും

## ശ്ലോകാർത്ഥം :

ആദ്യത്തെ സൂര്യരശ്മിക്കൂട്ടത്തിന്റെ വേരായ അവിടുത്തെ പാദം ധ്യാനിച്ചുകൊണ്ട്, ഏറ്റവും വിശിഷ്ടമായ ഗായത്രിയാകുന്ന വിദ്യാമന്ത്രം എല്ലാ ദിവസവും ജപിക്കുന്നവൻ അറിവ് , ധനം, വിശിഷ്ടമായ ജയം, സുഖം, ആരോഗ്യം, യശസ്സ്, മുതലായവ മുഴുവനായും കൂടിച്ചേർന്ന് ഉദിച്ചുയരുന്ന ശോഭയോടുകൂടി ജീവിച്ച് മരിക്കുമ്പോൾ ബ്രഹ്മത്വം കൈവരിക്കുന്നു.

## വ്യാഖ്യാ:

ആദ്യംശുവ്രജകന്ദം. ആദ്യത്തെ സൂര്യരശ്മിക്കൂട്ടത്തിന്റെ വേര്. അരുണകിരണങ്ങൾക്ക് തൊട്ടുമുമ്പ്./ തവപദം ധ്യാനിച്ച്. അങ്ങനെയുള്ള വിഷ്ണുപാദം ധ്യാനിച്ച്. ഇവിടെ അദ്യാംശുവ്രജകന്ദം എന്ന അരുണപൂർവം കൊണ്ട് ബ്രാഹ്മമുഹൂർത്തെ വ്യക്തമാക്കപ്പെട്ടു. എന്നിരിക്കെ അതിനെ ധ്യാനിക്കുവാൻ ആ സമയത്ത് ഉണർന്നെഴുന്നേറ്റു വേണം ചെയ്യാൻ എന്നത് വ്യംഗ്യം. ഗായത്രിയാം വിദ്യാ മന്ത്രമനുത്തമം പ്രതിദിനം ഭക്ത്യാ ജപിക്കുന്നവൻ. അർത്ഥം വ്യക്തം. ജപം ഭക്തിയോടെ തന്നെ വേണം. യാന്ത്രിക ജപം പോരാ. മുമ്പേ പറഞ്ഞ ധ്യാനം ഇവിടെ ചേരുന്നു./വിദ്യാശ്രീ വിജയം സുഖം സുഭഗതാ കീർത്ത്യാദി. ഇതെല്ലാം പിന്നെ ഇതുപോലുള്ളതെല്ലാം.

സംയുക്തനായ്. യുക്തത ചേർച്ച. നല്ലവണ്ണം ചേർന്ന്. വിട്ടുപോകാത്ത ചേർച്ച. ഉദ്യത്കാന്തിയൊടാവസിച്ച്. ഉദിച്ച ശോഭയോടുകൂടി ജീവിച്ച്./ചരമേ പൂകുന്നു കൈവല്യവും, കൈവല്യം കേവലം ഒന്ന് എന്ന അവസ്ഥ. എല്ലാം ഒന്നാകുന്ന അവസ്ഥ ബ്രഹ്മാവസ്ഥ. അതു തന്നെ മോക്ഷവും. ഗായത്രി വിദ്യാമന്ത്രമാണെന്നത് പ്രസിദ്ധം. നിനക്ക് പ്രകാശം തരുന്ന ശക്തി തന്നെ ഞങ്ങളുടെ ബുദ്ധികളെയും പ്രകാശിപ്പിക്കട്ടെ എന്ന് ഏറ്റവും ലഘുവായ വിവരണം. 'ഗായന്തം ത്രായതെ ഇതി ഗായത്രി'. ഗാനം ചെയ്യുന്നവനെ, പാടുന്നവനെ, ജപിക്കുന്നവനെ ത്രാണനം ചെയ്യുന്നതിനാൽ, രക്ഷിക്കുന്നതിനാൽ, ഗായത്രി, ഗായത്രിക്ക് പ്രകടവും ഗോപ്യവുമായ രണ്ടു രൂപങ്ങളുണ്ടെന്ന് താന്ത്രികമതം. പ്രകടം ഭൂർഭുവസ്സു : എന്നു തുടങ്ങുന്നത്. ഗോപ്യം, പതിനഞ്ചക്ഷരങ്ങളുള്ള ശ്രീവിദ്യ. അതും വിദ്യാസ്വരൂപം തന്നെ. യത്രാസ്തി ഭോഗോ ന ച തത്ര മോക്ഷ : യത്രാസ്തി മോക്ഷോ ന ച തത്ര ഭോഗ : ശ്രീ സുന്ദരീ സാധകപുംഗവാനാം ഭോഗശ്ച മോക്ഷശ്ച കരസ്ഥ ഏവ : എന്ന് അന്യത്ര പരാമർശവുമുണ്ട്. എവിടെ ഭോഗം ഉണ്ടോ അവിടെ മോക്ഷമില്ല. എവിടെ മോക്ഷമുണ്ടോ അവിടെ ഭോഗമില്ല. ത്രിപുരസുന്ദരീ സാധകന്മാർക്ക് രണ്ടും കയ്യിൽ വരുന്നു. അതുകൊണ്ട് ഗായത്രിയെ വിഷ്ണുപാദങ്ങളായി ധ്യാനിച്ച് നിത്യം ജപിക്കുന്നവൻ ഇഹലോകഭോഗങ്ങളും പരലോക മോക്ഷവും നേടുന്നു എന്ന് സമഷ്ട്യർത്ഥം.

# പാതഞ്ജലയോഗദർശനം

കൈതപ്രം വാസുദേവൻ നമ്പൂതിരി ഫോൺ : 9447077203

**സമാധി പാദത്തിലെ 29-ാ മത്തെ ശ്ലോകം**

തത: പ്രത്യക്ചേതനാധിഗമോ $f$ അപ്രന്തരാവശ്വ

ഇതിൽ നിന്ന് (ജപ ധ്യാനങ്ങളിൽ നിന്ന്) ആത്മസാക്ഷാത്കാരവും വിഘ്നനാശനവും ഉണ്ടാവുന്നു.

പ്രത്യക് എന്നാൽ ഉള്ളിലോട്ട് എന്നർത്ഥം. പരാക് എന്നാൽ പുറത്തേയ്ക്ക്. കഠോപനിഷത്തിൽ ഈ പ്രത്യക് പരാക് ചിന്തനം നടക്കുന്നുണ്ട്. രണ്ടാമദ്ധ്യായം തുടങ്ങുന്നതിങ്ങിനെയാണ്.

പരാഞ്ചി ഖാനി വ്യതൃണത്സ്വയംഭൂ.

(ബ്രഹ്മാവ് ഇന്ദ്രിയങ്ങളെ (ഖാനി) പുറത്തേക്കു നോക്കാനാണ് (പരാഞ്ചി) സൃഷ്ടിച്ചത്. തസ്മാത് പരാങ് പശ്യതി (അതുകൊണ്ട് പുറത്തേക്കു മാത്രം കാണുന്നു.) 'ന അന്തരാത്മൻ' (ഉള്ളിലുള്ള ആത്മാവിനെ കാണുന്നില്ല.) കശ്ചിത് ധീര : പ്രത്യക് ആത്മാനം ഈക്ഷൻ (ഒരു ധീരൻ ഉള്ളിലുള്ള ആത്മാവിനെ കാണാനായി) 'അമൃതത്വം ഇച്ഛൻ' (അമൃതത്വം നേടാനായി) ആവൃത്ത ചക്ഷു: (ഉള്ളിലേക്കു നോക്കി.)

തുടർന്ന് പുറത്തുനോക്കിയിരിക്കുന്നവരുടെ ഗതിയും വിവരിക്കുന്നുണ്ട്. അവർ അല്പജ്ഞന്മാരാണ്. ബാലന്മാരാണ്. അവർ എങ്ങും നിറഞ്ഞു നിൽക്കുന്ന മൃത്യുവെ പുൽകുന്നു. യമൻ നചികേതസ്സിന് നൽകുന്ന ആവൃത്ത ചക്ഷുക്തം ഇതു തന്നെയാണ് പ്രത്യക് ചേതനാധിഗമത്വം പുറത്തേക്കു നാനാവിധത്തിൽ ചിതറിപ്പോകുന്ന മനസ്സിനെ, ബോധത്തെ ഉള്ളിലേക്കു തിരിക്കുമ്പോൾ അത് ഏകാഗ്രമാകുന്നു. സ്വരൂപ ദർശനം സിദ്ധിക്കുന്നു. തദാ ദ്രഷ്ടു: സ്വരൂപേ അവസ്ഥാനം എന്ന് മൂന്നാം സൂത്രത്തിൽ പറഞ്ഞിട്ടുണ്ട്. യോഗപ്രാപ്തിയുണ്ടായാൽ സ്വരൂപത്തിൽ ഉറയ്ക്കും എന്ന്, പ്രണവജപസാധനയിലൂടെ ഈശ്വര പ്രണിധാനത്തിലൂടെ ആത്മജ്ഞാനം സിദ്ധിക്കുകയും ഈശ്വരന്റെ പ്രസാദം, പവിത്രത, നിർവ്വികാരത, കേവലത മുതലായവ നേടുകയും ചെയ്യുന്നു.

യോഗത്തിന്റെ ലക്ഷ്യം തന്നെ മനസ്സിനെ ബാഹ്യത്തിൽ നിന്നും വിടർത്തി അന്തർമുഖമാക്കലാണ്. അപ്പോൾ സാധകൻ തന്റെ നൈസർഗിക പ്രവണതകളെ അതിജീവിച്ച് ഉള്ളിലേക്കു തിരിയണം. ഉള്ളിലോട്ട് ചേരലാണ് യോഗം.

അന്തരായം എന്നാൽ തടസ്സം, വിഘ്നം, എന്നർത്ഥം. ഈശ്വരപ്രണിധാനത്താൽ യോഗ സാധനയിലെ തടസ്സങ്ങൾ നീങ്ങും. 9 തടസ്സങ്ങൾ അടുത്ത സൂത്രത്തിൽ പറയുന്നുണ്ട്. 5 ഉപവിഘ്നങ്ങൾ അതിനടുത്ത സൂത്രത്തിലും. നമുക്ക് നിത്യാനുഭവമുള്ള അസ്വാസ്ഥ്യങ്ങളാണവയെല്ലാം. പ്രണവം നമ്മുടെ ഉള്ളറകളെ സ്പർശിക്കും. സൂക്ഷ്മമായ നാദ തരംഗങ്ങൾ ഉറങ്ങിക്കിടക്കുന്ന സൂക്ഷ്മശക്തികളെ ഉണർത്തും. അതിന്റെ മുന്നിൽ എല്ലാ വിഘ്നങ്ങളും അടി പണിയും. മലങ്ങളെ ശുദ്ധീകരിക്കും, മടിയകറ്റും, സംശയങ്ങളെ വിച്ഛേദിക്കും, രോഗങ്ങളെ സുഖപ്പെടുത്തും. യോഗമാർഗ്ഗത്തെ സുഗമമാക്കും. എന്നാൽ സാധനയിൽ ഉണരുന്ന പ്രചണ്ഡ ശക്തികളെ വേണ്ട പോലെ ഉപയോഗിക്കാൻ , ദുരുപയോഗമുണ്ടാവാതിരിക്കാൻ , ഉള്ള മുൻകരുതൽ ആണ് യമ നിയമങ്ങൾ, അഹിംസ, സത്യം മുതലായ ആത്മനിയന്ത്രണങ്ങൾ സാധനയുടെ മുന്നോടിയായി അനുഷ്ഠിക്കുന്നതിതിനാണ്. 23-ാ മത്തെ സൂത്രം മുതൽ 29 -ാ മത്തെ സൂത്രം വരെ ഏഴെണ്ണം ഈശ്വര പ്രണിധാനത്തെപ്പറ്റിയാണ്. ഉന്നതമായ ഭക്തി യോഗ സാധനതന്നെയാണിത്. ഹൃദയ ദ്രവീകരണത്തിന്റെ മാർഗ്ഗം . തന്നെക്കാൾ എത്രയൊ ഉയരത്തിലിരിക്കുന്ന ഈശ്വരനെ അറിഞ്ഞ് ഈശ്വരനാമം ജപിച്ച് അവിടത്തെ മഹത്വം ധ്യാനിച്ചും കീർത്തിച്ചും മനസ്സിനെ നിരുദ്ധാവസ്ഥയിലെത്തിക്കുന്ന ഒരു യോഗ മാർഗ്ഗമാണിത്. ആത്മസമർപ്പണം മാർഗ്ഗവും ലക്ഷ്യവും. ജപമാണ് ഉപകരണം. സത്യം തേടി പുറത്തേക്ക് അലയുന്ന വ്യക്തിയെ അന്തർമുഖമാക്കി ആന്തരിക ആഴങ്ങളിലേക്കു തിരിച്ചുവിടുന്ന അത്ഭുത വിദ്യയാണ് ഇത്.

നമ്മൾ സ്ഥൂല വസ്തുക്കളെ ശ്രദ്ധിക്കുമ്പോൾ നമ്മുടെ ബോധവും സ്ഥൂലമാവും. ഒരു ലൈംഗിക ശരീരം കാണുമ്പോൾ ബോധവും ലൈംഗികമാവും. ചിന്തകനായ കൃഷ്ണമൂർത്തി പറയുന്നത് കാണുന്നവൻ കാണപ്പെടുന്ന വസ്തുവായിത്തീരും എന്നാണ്. അതുകൊണ്ട് നമ്മൾ അത്യഗാധമായ, അത്യന്തം സ്വാഭാവികമായ, മനുഷ്യനിർമ്മിതമല്ലാത്ത, ഉണ്മ തന്നെയായ ഓങ്കാര നാദം ധ്യാനിച്ചു കൊണ്ടിരുന്നാൽ നാം അതായിത്തീരും. ദ്രഷ്ടാവും, ദൃശ്യവും ഒന്നാകും. ഈ ചേർച്ചയാണ് യോഗം. വ്യത്യാസങ്ങൾ മാഞ്ഞു പോകും. പരാബോധത്തിന്റെ നിലയിലേക്കു കടക്കും.

# മലയാള കവിതയിലെ മൂന്നു ഗണികാ നായികമാർ

റ്റി.എൻ.റ്റി.നായർ. ഫോൺ : 9447064246

മലയാള കവിതയിലെ കാൽപനിക പ്രസ്ഥാനത്തിന്റെ പതാകാ വാഹകരാണ് 'കവിത്രയം' എന്നു വിഖ്യാതരായ ആശാൻ, ഉള്ളൂർ, വള്ളത്തോൾ എന്നീ മഹാകവികൾ. അവരുടെ അനശ്വര സംഭാവനകളെക്കുറിച്ച് ഉപന്യസിക്കാനല്ല, നേരെമറിച്ച് ഈ മൂന്നു സർഗ്ഗധനന്മാരും ലോകത്തിലെ ഏറ്റവും പഴക്കമുള്ള തൊഴിലായ വേശ്യാവൃത്തിയിൽ ഏർപ്പെട്ടിരുന്ന മൂന്നു മാദക സുന്ദരിമാരുടെ പാപനിവൃത്തിയുടെ വ്യത്യസ്തമായ കഥപറയുന്ന ഖണ്ഡകാവ്യങ്ങളിലേക്ക് ഒന്നു കണ്ണോടിക്കാൻ ശ്രമിക്കുകയാണ് ഈ ലേഖനത്തിൽ.

വള്ളത്തോളിന്റെ 'മഗ്ദലനമറിയം', (കൊ. വർഷം 1096), ആശാന്റെ 'കരുണ' (കൊ.വർഷം. 1099), ഉള്ളൂരിന്റെ 'പിങ്ഗള' (കൊ.വർഷം.1104) ഇവയാണ് ആ സവിശേഷ കാവ്യങ്ങൾ. ഈ കാവ്യങ്ങളിലൂടെ, മലയാള കാവ്യാനുശീലനത്തിന്റേയും ആസ്വാദനത്തിന്റേയും വേറിട്ട വാതായനങ്ങൾ തുറന്നിടാൻ മഹാകവികൾക്കു സാധിച്ചു. മഗ്ദലനമറിയവും, കരുണയും സഹൃദയരിലും സാധരണക്കാരിലും ആലാപനത്തിന്റേയും ആഖ്യാനത്തിന്റേയും പുതിയ അനുഭവങ്ങളുടെ വേലിയേറ്റം തന്നെ സൃഷ്ടിച്ചുവെന്നു പറയാം. കഥാപ്രസംഗം മുതലായ അക്കാലത്തെ നൂതന കലാ മാദ്ധ്യമങ്ങളിലേക്കു ആ വേലിയേറ്റം പടർന്നു.

1. മഗ്ദലനമറിയം : ചിത്രമെഴുത്ത് കെ.എം.വർഗ്ഗീസ് ഉൾപ്പെടെയുള്ള സഹൃദയരായ കൃസ്തീയ സുഹൃത്തുക്കളുടെ താല്പര്യത്തെ മാനിച്ചാണ് വള്ളത്തോൾ ഈ കാവ്യം രചിക്കുന്നതിനു തയ്യാറെടുത്തതെന്നു പറയുന്നു. ക്രിസ്തുദേവന്റെ പാവനകഥകളിൽ പ്രധാനമായ ഒന്നാണ് അഭിസാരികയുടെ പാപമോചനം. ഈ അഭിസാരിക മഗ്ദലനക്കാരി മറിയം തന്നെയാണോ എന്നു ചില ക്രൈസ്തവ വിഭാഗങ്ങൾക്കു സംശയമുണ്ട്. തന്റെ ഭാവനക്കൊത്ത് ആ കഥ സംസ്ക്കരിച്ചെടുത്തവതരിപ്പിക്കുവാൻ കവിക്കും പരിമിതികൾ ഉണ്ടായിരുന്നിരിക്കണം. മുണ്ടശ്ശേരി വള്ളത്തോളിന്റെ കാവ്യോദ്യമത്തെ 'സാഹസികമായ കാൽവെപ്പ്' എന്നാണ് വിശേഷിപ്പിക്കുന്നത്.

പൊതുവെ വിശ്വസിക്കപ്പെടുന്ന കഥയുടെ സാരമിതാണ്. മഗ്ദലനയിലെ സുന്ദരിയായ അഭിസാരികയായിരുന്നു മറിയം. ദുഷ്പ്പേരിനൊപ്പം ധാരാളം ധനം അവൾ സമ്പാദിച്ചു. പക്ഷെ ക്രിസ്തുവിന്റെ ദിവ്യാപദാനങ്ങൾ കേട്ടറിഞ്ഞ അവൾ അവിടുത്തെ തൃക്കാൽക്കൽ വീണു പശ്ചാത്താപത്തോടെ മാപ്പിനു യാചിച്ചു. അവിടുത്തെ അനുഗ്രഹദായകമായ കാരുണ്യമുൾക്കൊണ്ടവൾ പാപമോചിതയായി, ക്രിസ്തുശിഷ്യയായിത്തീർന്നു. പാപിനിയായ മറിയം പശ്ചാത്തപിച്ച് വിശുദ്ധജീവിതത്തിന്റെ വഴിയിലേക്കു പ്രത്യാനയിക്കപ്പെടുന്ന കഥയാണ് വള്ളത്തോൾ കാവ്യരൂപത്തിലാക്കിയത്.

അഞ്ചു ഖണ്ഡങ്ങളുള്ള കാവ്യത്തിന്റെ ഒന്നാം ഖണ്ഡം ആരംഭിക്കുന്നത് ഗലേലയിലെ നെയിൻ പട്ടണത്തിലുള്ള ശീമയോന്റെ (ശീമോൻ) പൂമേട തന്നിലെ നേത്രാഭിരാമ വിശാലമാം ശാലയിൽ സുഗന്ധ തൈലത്തിലെരിയുന്ന വിളക്കുകളുടേയും പ്രൗഢമായ അത്താഴ സദ്യയുടെ ഒരുക്കങ്ങളുടേയും ദൃശ്യത്തോടെയാണ് . അവിടെ കത്തുന്ന വിളക്കുകളേക്കാൾ തേജസുള്ള ദിവ്യപുരുഷനായ യേശുദേവനാണ് അതിഥി. പക്ഷെ വിത്തപ്രതാപിയായ ശീമോൻ മുട്ടുമടക്കാതെയും തലകുനിക്കാതെയുമാണ് യേശുവിനെ വരവേറ്റത്. ഏഴെട്ട് കാശിന്റെയുന്മാദത്തള്ളൽ! വിഭവ സമൃദ്ധമായ ഭക്ഷണം, വിലപ്പെട്ട പാത്രങ്ങൾ, പക്ഷെ ആതിഥേയൻ അന്തസ്സു കാട്ടി മാറിനിൽക്കുന്നു! പരിചാരകരാണ് വിളമ്പുന്നത്. ആർക്ക്?! പച്ചവെള്ളത്തെ മുന്തിരിച്ചാറാക്കിവച്ച ഭഗവാന് ! എന്തൊരാതിഥ്യമര്യാദ!

ഖണ്ഡം രണ്ടിൽ നാം കാ

ണുന്നത് കവിയുടെ വർണ്ണനോത്സാഹം കരകവിഞ്ഞ് അലതല്ലുന്ന ദൃശ്യമാണ്. തങ്ങളിൽ ഒരു താരം ഭൂമിയിലേക്കു പതിച്ചുവോ എന്ന മട്ടിൽ ആകാശത്തിലെ നക്ഷത്രങ്ങളെപ്പോലും അത്ഭുതപ്പെടുത്തുന്ന, നിലാവിനെ വെല്ലുന്ന മറ്റൊരു പൂനിലാവു പോലെയുള്ള , ഒരു യുവസുന്ദരി ഓടിക്കിതച്ചെത്തുന്നു. അവളുടെ ഉത്തുംഗമായ മാർത്തട്ടുലയുന്നു. കെട്ടഴിഞ്ഞോമനപൃഷ്ഠഭാഗത്തേയും പുഷ്ടനിതംബപ്പരപ്പിനെയും മൂടിക്കിടക്കുന്നു, അവളുടെ കാർകൂന്തൽ. കയ്യിൽ ഒരു വെണ്ണക്കൽ ഭരണിയുമായി ഓടി വരുന്ന അവൾ ഒരഭിസാരികയാവാം, അല്ലെങ്കിൽ പ്രിയ കാമുകനു പിൻപേ ഓടി വരുന്ന കാമിനിയാവാം. കവി തന്നെ ഉത്തരം നൽകുന്നു.

'ഏവരുമാരെയഭിസരിക്കേണമ –

ദ്ദേവനെത്തേടി ഗമിപ്പോളിവൾ'

അതെ, യേശുദേവനെ ദർശിക്കാനാണവൾ പാഞ്ഞെത്തിയത്.

ഖണ്ഡം മൂന്നിൽ മറിയത്തിന്റെ പൂർവ്വ ചരിത്രം കവി വരച്ചിടുന്നു.

ദാരിദ്ര്യ ശുഷ്കമായ പാഴ്ക്കുടിലിൽ, പാറപ്പുറത്തു വിരിഞ്ഞ പനിനീരലരാണവൾ. പിന്നെ, അവളുടെ സമൃദ്ധമായ താരുണ്യം എങ്ങനെ ആ ചെറ്റക്കുടിലിനെ പൂമേടയാക്കി എന്ന കഥ പറയുന്നു കവി. അവൾ ധാരാളം ധനം സമ്പാദിച്ചു, ചാരിത്ര്യധനം നഷ്ടപ്പെടുത്തിക്കൊണ്ട്,

'കൊറ്റിന്നുഴക്കരി കാണാതിരുന്നവൾ

കൊറ്റക്കുടചൂടും റാണിയായി'

പാപത്തിന്റെ നിലയില്ലാകയങ്ങളുടെ സൂചനകൾ .

ഖണ്ഡം നാലിൽ മറിയത്തിന്റെ ആഗമനോദ്ദേശം വ്യക്തമായി വരുന്നു. പാപിനിയായ മറിയത്തിന് ദിവ്യമായ ഉൾവിളി ഉണ്ടായിരിക്കുന്നു: 'രക്ഷിക്ക ചാരിത്ര്യം' എന്ന അന്ത:കരണത്തിന്റെ ഉദ്ബോധനം ക്രിസ്തുവാം കൃഷ്ണന്റെ ധർമ്മോപദേശം കർണ്ണാ കർണ്ണകിയാ അറിഞ്ഞ മറിയത്തിനെ ആ ഉൾവിളി, അവളുടെ പാപ ജീവിതത്തെക്കുറിച്ച് പശ്ചാത്തപിച്ച് നന്മയിലേക്കു തിരിച്ചുപോകാൻ പ്രേരിപ്പിച്ചു. ആത്മപരിശോധനയിലൂടെ, തന്റെ കുറ്റബോധത്തെ അവൾ പശ്ചാത്താപക്കണ്ണീർ കൊണ്ടു കഴുകി. 'കേഴുവോർക്കാശ്രയമേകുമീശൻ' – അന്ത: കരണത്തിന്റെ ശക്തമായ ഈ ആഹ്വാനമാണ് അവളെ ഇപ്പോൾ യേശുവിന്റെ സവിധത്തിൽ എത്തിച്ചിരിക്കുന്നത്. ഇപ്പോൾ മറിയം,

'ഇന്നലെ നാം കണ്ട തേവിടിപ്പെണ്ണല്ലി

തിന്നിവൾ ചാരിത്ര്യ ചാരുമൂർത്തി'

(എട്ടു വർഷത്തിനു ശേഷം, ഉള്ളൂർ പിങ്ഗളയിൽ നായികയുടെ സമാനമായ അവസ്ഥ വിവരിക്കുന്നു. വരികൾ ഓർക്കുക :

'ഇന്നലെക്കണ്ടൊരു വേശ്യയാം പിങ്ഗള–

യിന്നൊരു ദേവാധിദേവദാസി)

അഞ്ചാമത്തെ ഖണ്ഡത്തിൽ പശ്ചാത്താപാവിഷ്ടയായി യേശുദേവനു മുമ്പിൽ കുമ്പിട്ടു മാപ്പപേക്ഷിക്കുന്നു. പരീശനായ ശീമോൻ ധർമ്മരോഷത്തോടെ അവൾക്കെതിരെയേറെ പുലമ്പുന്നുണ്ട്. എല്ലാമറിയുന്ന യേശുവിന്റെ സാർത്ഥകമായ മന്ദഹാസം അതിന്നുത്തരമാവുന്നു. മറിയം ശീമോനെ ശ്രദ്ധിക്കുന്നേയില്ല. അവളുടെ ആശ്വാസാനുഭൂതി, സാഗരത്തെ പ്രാപിച്ച് ചരിതാർത്ഥ്യയായ നദിപോലെയാണ്. അവൾ തന്റെ കണ്ണീർധാര കൊണ്ട് പ്രഭുവിന്റെ കാൽ കഴുകിച്ചു. ആ കോമളപാദങ്ങൾ അവൾ നേർത്ത പട്ടിന്നു നേർകൊണ്ട തൻ കൂന്തലാൽ തോർത്തി തുടച്ചു. പവിഴാധരം കൊണ്ടു ചുംബിച്ചു. പൂക്കളിൽ തൂമണം പാകിയ കർത്താവിന്റെ മൂർദ്ധാവിൽ വെൺകൽ ഭരണിയിലെ സുഗന്ധലേപം പൂശി. 'മുട്ടുവിൻ തുറക്കപ്പെടു' മെന്നരുൾ ചെയ്ത കർത്താവ് തന്നെക്കൂടി രക്ഷിച്ച് ഉൾപ്രവേശം നൽകണമെന്നപേക്ഷിച്ചു.

'ചെയ്യരുതാത്തതു ചെയ്തവളെങ്കിലു –

മിയ്യെന്നെ തള്ളെല്ലെ തമ്പുരാനേ'

എന്നു മനം നൊന്തു പ്രാർത്ഥിച്ചു. സാത്വിക ഭക്തിയോടെയുള്ള ആ പ്രാർത്ഥനയോടെ ചുറ്റുമൊരാനന്ദ ശാന്തത ചേർന്നു. പ്രപഞ്ചം നിഷ്പന്ദമായ നിർവൃതിയിൽ ലയിച്ചു. നായികയുടെ പാപശാന്തിയുടെ പൂർണ്ണതയിൽ, അചഞ്ചലമായ വിശ്വാസം അവളെ രക്ഷിച്ചുവെന്നു ആശ്വസിപ്പിച്ച യേശുദേവൻ ,

'അപ്പപ്പോൾ പാതകം ചെയ്വതിനൊക്കെയും

ഇപ്പശ്ചാത്താപമേ പ്രായശ്ചിത്തം' എന്ന പാപമോചന വാഗ്ദാനത്തോടെ മഗ്ദലനമറിയത്തിനു യാത്രാമൊഴി നൽകുന്നു. മറിയത്തിന് ഇനി ഒരു പുണ്യജീവിതത്തിന്റെ അദ്ധ്യായമാണെന്ന പ്രത്യാശയുടെ വെളിച്ചത്തിൽ കാവ്യം അവസാനിക്കുന്നു.

**(ii) 'കരുണ'**

'മഗ്ദലനമറിയ'വും 'പിങ്ഗള' യും ഗണികാനായികമാരുടെ പേരുകൾ തന്നെ ശീർഷകങ്ങളായിരിക്കുന്ന കാവ്യങ്ങളാണ്.

കുമാരനാശാന്റെ 'കരുണ', ആ കഥയിലെ പാപനിവൃത്തിയുടെ സ്ഥായിഭാവത്തെ സൂചിപ്പിക്കുന്നു. മുന്ന് ഖണ്ഡങ്ങളുള്ള ഈ കാവ്യത്തിൽ ഉത്തരമഥുരാപുരിയിലെ വാസവദത്ത എന്ന കുലഗണികയുടെ ഭോഗതൃഷ്ണ, ധനലിപ്സ, ജാരഹത്യ, ഉപഗുപ്തനോടുള്ള അദമ്യപ്രേമം, കൊലപാതകത്തിനുള്ള ഭയങ്കര ശിക്ഷ, ചുടലക്കളത്തിലെ ദാരുണാവസ്ഥ, ഉപഗുപ്ത സമാഗമം, ശരണത്രയ ശാന്തിയിൽ കൈവല്യപ്രാപ്തി എന്നിവയെ നതോന്നതയുടെ ഗാംഭിര്യത്തിൽ ആശാൻ ആവിഷ്കരിക്കുന്നു.

ഒന്നാം ഖണ്ഡത്തിൽ വാസവദത്താഖ്യയായ കുലഗണികയുടെ പ്രൗഢിയും ഭാവഹാവാദികളും ക്ഷോണീരംഭയെ പോലെയുള്ള അലൗകീക ലാവണ്യവും വിവരിക്കുന്നു. വാസവദത്തക്ക് സുമുഖനായ ബുദ്ധശിഷ്യനിൽ ഉള്ള അനുരാഗം നായികയും തോഴിയുമായുള്ള സംഭാഷണത്തിൽ സ്പഷ്ടമാവുന്നു. നായികയുടെ ക്ഷണത്തിന് 'സമയമായില്ല' എന്ന മറുപടിയാണ് ഉപഗുപ്തൻ നൽകുന്നത് അതവളെ അലോസരപ്പെടുത്തുന്നു. പക്ഷെ വില്ലുവണ്ടിയിൽ വന്നിറങ്ങിയ വർത്തകനെ കണ്ട് അവളുടെ ചിന്ത വഴി മാറി.

രണ്ടാം ഖണ്ഡത്തിൽ ഒരു ചുടുകാടിന്റെ ബീഭൽസ വിവരണം നൽകുന്ന കവി, അതിനു നടുവിൽ അംഗഭംഗം വന്ന വാസവദത്ത തള്ളപ്പെട്ട നിലയിലുള്ള ദാരുണദൃശ്യം കാട്ടിത്തരുന്നു സംഭവബഹുലമായ നാലുമാസങ്ങൾക്കു ശേഷമുള്ള രംഗമാണതെന്ന പ്രസ്താവവുമുണ്ട്.

'ഹാ സുഖങ്ങൾ വെറും ജാലമാരറിവൂ നിയതി തൻ

ത്രാസു പൊങ്ങുന്നതും താനേ താണുപോവതും'

വിധിയുടെ പ്രവചനാതീതമായ വൈചിത്രം വെളിപ്പെടുത്തുന്നതിന് തൊട്ടു തന്നെ ഉപഗുപ്തന്റെ ആഗമനത്തെക്കുറിച്ചുള്ള അറിവു കിട്ടുന്നു. ഛേദിക്കപ്പെട്ട അവയവങ്ങൾ ഒളിക്കാനുള്ള പാഴ്ശ്രമത്തിലാണ് കാക്കയെയും മറ്റും ആട്ടിക്കൊണ്ടിരുന്ന പരിചാരിക 'മൃതിയിലും മഹിളമാർ മറക്കാമാനം' എന്നൊരു ലോകോക്തി ദയനീയമായ ദുരഭിമാനത്തിന്റെ അശരണത്വം നമ്മെ ബോദ്ധ്യപ്പെടുത്തുന്നു.

'ഇലയും കുലയുമരിഞ്ഞിട വെട്ടിമുറിച്ചിട്ട

മലവാഴത്തടിപോലെ മലർന്നടിഞ്ഞു'

കിടക്കുന്ന വാസവദത്ത ചൊൽക്കൊണ്ട ക്ഷോണിരംഭയെന്നു വിശേഷിപ്പിക്കപ്പെട്ടവളായിരുന്നുവല്ലോ -വിധിയുടെ ക്രൂരമായ വിളയാട്ടം! ഇനി സംഭവങ്ങളുടെ ഒരു പൂർവ്വദൃശ്യം : ഒട്ടുനാളൊരു തൊഴിലാളിത്തലവന്റെ ഇഷ്ടകാമുകിയായി രമിച്ചിരുന്ന വാസവദത്ത വില്ലുവണ്ടിയിലന്നുവന്ന ചെട്ടിയാരുടെ രത്ന സ്വർണ്ണക്കിഴികളിൽ ഭ്രമിച്ചു. തൊഴിലാളിത്തലവൻ മാന്യൻ, മറ്റയാൾ കാമ്യൻ. അവർ തമ്മിലുള്ള അഭ്യസുയാകലഹത്തിൽ കുഴങ്ങിയ വാസവദത്ത പരിനാശകാരിയായ തീക്കുടുക്കപൊട്ടും മുൻപേ തിരിമുറിച്ചെറിഞ്ഞു, തൊഴിലാളിത്തലവന്റെ ശവം ചാണകക്കുഴിയിൽ നിന്നു കണ്ടെടുത്തു. വാസവദത്ത ശിക്ഷിക്കപ്പെട്ടു. കരചരണങ്ങൾ നഷ്ടപ്പെട്ട് ഭൂനരകമാം ചുടുകാട്ടിൻ നടുവിലവൾ തള്ളപ്പെട്ടു.

മൂന്നാം ഖണ്ഡം കരുണയുടെ ശാന്തിപർവ്വമാണെന്നു പറയാം പ്രാണാവസാനമടുത്തിരിക്കുന്ന ആ സന്ദർഭത്തിൽപ്പോലും ഉപഗുപ്തനെ ഒരു നോക്കു കാണാനുള്ള വാസവദത്തയുടെ ത്വര അവളുടെ മുഖത്തു നിഴലിച്ചു, അവൾ തല തെല്ലൊന്നുയർത്തി നോക്കുന്നു : രാഗവൈഭവം തന്നെ !. 'അന്തിമമാം മണമർപ്പിച്ചടിവാൻ മലർകാക്കില്ലേ ഗന്ധവാഹനേ? രഹസ്യമാർക്കറിയാവൂ' എന്നു കവിയുടെ പ്രാസംഗികമായ വാക്കുകൾ ഉപഗുപ്തൻ തന്റെ സൗമ്യമായ വാക്കുകളിലൂടെ താൻ മുൻപ് എന്തുകൊണ്ടു വന്നില്ല എന്നുള്ളതും, ഇപ്പോൾ വരാനുള്ള സമയമായി എന്നുള്ളതും അവളെ ബോധ്യപ്പെടുത്തുന്നു. നിന്റെ ധാരണകളും വാഞ്ഛിതങ്ങളും അഹങ്കാരവും നിന്നെ വഞ്ചിച്ചിരിക്കുന്നു. എന്നാൽ നിനക്കിനി കളങ്കഭീരുത വേണ്ട. ബുദ്ധഭഗവാന്റെ പരിശുദ്ധ പാദപത്മം തുടച്ച കൈയ്യാൽ തന്നെ നിന്റെ നെറ്റി ഞാൻ തലോടാം.

'ലോലമാം ക്ഷണമേ വേണ്ടു ബോധമുള്ളിൽ ജ്വലിപ്പാനും

മാലണക്കും തമസ്സാകെ മാഞ്ഞു പോകാനും,'

ചോരനപഹരിക്കാത്ത ശാശ്വത ശാന്തിധനവും, മാരനെയ്താൽ മുറിയാത്ത മനശോഭയും നിനക്കിനി സ്വന്തം. ആത്മീയമഹസ്സുറ്റ ഉപഗുപ്തൻ ഓതിക്കോടുത്ത ശരണത്രയമന്ത്രങ്ങൾ ഉൾക്കോണ്ട്,

'പറയാവതല്ലാത്തോരു പരമ ശാന്തിരസത്തി

ന്നുറവായവൾക്കു തോന്നി യവളെത്തന്നെ'

യമുനയിൽ ഇളംകാറ്റ് വീശുകയും ചുടുകാട്ടിലെ അരയാലിൻ മേൽ പോലും അമരസല്ലാപം കേൾക്കയും ചെയ്ത മുഹൂർത്തം

'ക്ഷണത്തിൽ ചെന്നുഞെരുങ്ങി പ്രപഞ്ചം നിന്നഹോ ഹിമ-

കണത്തിൽ ബിംബിച്ചു കാ

ണും കാനനം പോലെ'

ഭാനുകിരണങ്ങളുടെ കനക ശ്രേണിയേറി, വാസവദത്ത മന്ദസ്മേരത്തോടെ, ശാന്ത ശാന്തമായ നിർവൃതിയിൽ ലയിച്ചു.

ഉപഗുപ്തനു ധന്യവാദവും ലോകരക്ഷയ്ക്ക് അവിടുത്തെപ്പോലെയുള്ള മഹാത്മാക്കൾ ഇനിയും ഭൂമിയിൽ അവതരിക്കണെമെന്ന ഭവ്യവചസ്സും നേർന്നു കവി ഗണികയുടെ പാപവിമോചനകഥ അവസാനിപ്പിക്കുന്നു.*********

**(iii) പിങ്ഗള**

മഗ്ദലനമറിയം പ്രസിദ്ധീകരിച്ച് എട്ടു വർഷവും കരുണ പ്രസിദ്ധികരിച്ച് അഞ്ച് വർഷവും കഴിഞ്ഞാണ് ഉള്ളൂരിന്റെ പിങ്ഗള പ്രസിദ്ധികൃതമായത് ''പിങ്ഗള എന്ന വേശ്യയുടെ കഥ മഹാഭാഗവതം ഏകാദശസ്കന്ധം എട്ടാം അദ്ധ്യായത്തിലും, മഹാഭാരതം ശാന്തി പർവ്വം നൂറ്റിയെഴുപത്തിനാലാം അദ്ധ്യായത്തിലുംപ്രതിപാദിച്ച് കാണുന്നുണ്ട്'' എന്ന് ഉള്ളൂർ ഈ കാവ്യത്തിന്റെ അവതാരികയിൽ എടുത്തു പറയുന്നുണ്ട്. മഹാഭാഗവതത്തിൽ അവധൂതൻ തന്റെ ബുദ്ധിയെ സ്വാധീനിച്ച് ഇരുപത്തിനാലു ഗുരുക്കൻമാരിൽ ഒൻപതാമത്തെ ഗുരുവായി പരാമർശിക്കുന്നത് പിങ്ഗളയെന്ന ഗണികയെയാണ്. ഇരുപത്തി രണ്ടു ശ്ലോകങ്ങളിൽ പിങ്ഗള എന്ന സമ്പന്ന ഗണികയ്ക്ക് ഒരസാധാരണ രാത്രിയിലെ ഏതാനും നാഴികക്കുള്ളിലുള്ള (യാമർദ്ധേന) അനുഭവം കൊണ്ടുളവാകുന്ന നൈരാശ്യവും വിഫലതാബോധവും, അവയുടെ പരിണതിയിൽ അവർക്കുണ്ടാകുന്ന വിശുദ്ധീകരണ സമർത്ഥമായ ഹൃദയപരിവർത്തനവും വ്യക്തമാക്കുന്നു. പാപപങ്കിലയായ പിങ്ഗള ജീവൻ മുക്തി നേടുന്ന ഇതേ അത്ഭുത കഥ കേവലം എട്ടു പദ്യങ്ങളിലാണ് മഹാഭാരതം ശാന്തിപർവ്വത്തിൽ പറയുന്നത്. പിങ്ഗളക്കുപോലും യാമർത്ഥത്തിൽ മാർഗ്ഗ ദർശകമായിത്തീർന്ന സനാതന ധർമ്മത്തെ ഉയർത്തി കാട്ടിയാണ് മഹാകവി ഉള്ളൂർ പിങ്ഗളയുടെ പാപവിമോചന കഥ ആവിഷ്കരിക്കുന്നത്.

സീതാദേവിയുടെ ജന്മം കൊണ്ടു ധന്യമായ മിഥിലയിലെ ഒരു ഉത്തുംഗസൗധത്തിൽ, ഒരു ചൈത്രപൗർണ്ണമിരാവിൽ, ഒരലൗകീക സൗന്ദര്യധാമം അതിനൊത്ത വേഷഭൂഷാദികളണിഞ്ഞ് പ്രതീക്ഷാനിർഭരയായി ഇരിക്കുന്നു. അവളുടെ പേരത്രെ പിങ്ഗള – കാമുകമാനസനർത്തന യന്ത്രമാണവൾ, കാഞ്ചനാകർഷണകകാന്തമാണവൾ. കമിതാക്കളുടെ വരവും കാത്തിരിക്കുന്ന കുലഗണിക! ചെന്തീക്കനലിനെ ചന്ദനച്ചാറാക്കിയ ചാരിത്ര്യവതിയായ സീതയുടെ ജന്മഭൂമിയിൽ ധനത്തിനുവേണ്ടി ചാരിത്രം വിറ്റുതുലക്കുന്ന വേശ്യയുടെ സാന്നിധ്യം കവിയെ അസ്വസ്ഥനാക്കുന്നു എങ്കിലും പിങ്ഗള പഞ്ചേന്ദ്രിയാമൃതപാന പാത്രമായി വിരാജിക്കുന്നു വെന്നു പറയാൻ കവിക്കു മടിയില്ല. ഏകാകിനിയായി കമിതാക്കൾക്കുവേണ്ടിയുള്ള കാത്തിരിപ്പ് പതിവില്ലാതെ നീളുന്നതിൽ നായിക ക്രമത്തിൽ അസ്വസ്ഥയാക്കുന്നു. ആരും വരുന്നില്ല. ചന്ദ്രികാചർച്ചിതമായ വാസന്തരാവും കാമോല്ലാസാനുകുലമായ അന്തരീക്ഷവും വ്യഥാവിലാകുന്നു.മിഷ്ടാന്നമുണ്ണേണ്ട പൊന്നോണനാളിൽ പട്ടിണി കിടക്കുക എന്ന സ്ഥിതിയാണോ വന്നിരിക്കുന്നതെന്ന ആശങ്ക അവളെ പിടികൂടി. എന്തെല്ലാം സുഖഭോഗസജ്ജീകരണപദ്ധതികളാണു താൻ മനസ്സിൽ സങ്കൽപിച്ചിരുന്നത്. പിങ്ഗളക്ക് അവളുടെ ആകർഷണീയതയിൽ ശങ്ക തോന്നിതുടങ്ങി. അക്ഷമയും നിരാശയും അവളെ ആക്രമിക്കാൻ തുടങ്ങി. കമിതാവായ ഒരു പുരുഷനും വരുന്നില്ലെന്നോ! എന്താണിങ്ങനെയൊരനുഭവം ഉണ്ടാവാൻ കാരണം, അവൾ ചേടിയെ വിളിച്ച് ആരാഞ്ഞു 'ദൈവനിശ്ചയമാവാം, ദൈവത്തെ ഓർക്കണം', ഇങ്ങനെ ഒരുപദേശം നൽകി, ചേടി പോയി. പരിചാരികയുടെ വാക്കുകൾ പിങ്ഗളയെ ക്ഷോഭിപ്പിച്ചു. പിന്നെ ചിന്തിപ്പിച്ചു. ഇനി ആരേയും സ്വീകരിക്കേണ്ടതില്ല എന്നവൾ തീരുമാനിച്ചു. തന്റെ കാമപാഠശാലക്ക് ആ രാത്രി അനദ്ധ്യായമാണെന്ന് അവൾ ഈർഷ്യയോടെ മനസ്സിലാക്കി. കൂറില്ലാത്ത കാമുകരെ അവൾ ശപിച്ചു.

പക്ഷെ, ആ ചിന്ത അവളെ കൂടുതൽ വിഷമത്തിലാക്കി. തനിക്ക് ആരോടുണ്ട് കൂറ് എന്ന ചിന്ത അവളെ ആദ്യമായി അലട്ടാൻ തുടങ്ങി. അവിടെ നിന്ന് ആത്മപരിശോധനയുടെ തലത്തിലേക്ക് മനസ്സെത്തുന്നു. കാമുകരുടെ പണത്തിനൊത്താടുന്ന ആമിഷപ്പാവകളാണു വേശ്യകൾ. താനാകട്ടെ ആളുകളെ നരകത്തിലേക്കു വഴികാട്ടുന്ന 'ശൃംഗാടദീപസ്തംഭ' മാണെന്നു അവൾ ഏറ്റു പറയുന്ന നിലയിലാണ് ഏകാന്തചിന്തകൾ. താൻ ചെയ്ത പാപങ്ങളിലേക്കു നിശിതമായി അന്തകരണത്തെ നയിക്കുന്ന പിങ്ഗളയുടെ ഹൃദയം ക്രമേണ ആർദ്രമാകുന്നു. കണ്ണുകൾ അശ്രുപൂർണ്ണമായി

'ധന്യമായ്, പിങ്ഗളേ ! നിൻ മിഴി രണ്ടും നീ–

യിന്നവ്യഭൂഷണം ചാർത്തുകയാൽ' എന്ന് കവി പോലും അഭിനന്ദിച്ചു പോകുന്നു ആ നിർവേദാവസ്ഥയിൽ അവളിൽ തത്ത്വാവബോധമുണരുന്നതു കവി ആശ്വാസത്തോടെ കാണു

ന്നു. ഈശ്വരചിന്തയെക്കുറിച്ച് പരിചാരിക ഓർമ്മിപ്പിച്ചത് അവൾ സ്വയമുരുവിട്ടു. കൊയ്ത്തു കഴിഞ്ഞ നിലത്തിലെ പിടിതാളുകൾ മാത്രമായിത്തീർന്ന തന്റെ ശിഷ്ടായുസ്സ് ഈശ്വരപൂജക്കായി സമർപ്പിക്കാൻ പിങ്ഗള ദൃഢ നിശ്ചയം ചെയ്തു. ആ മുഹൂർത്തത്തിൽ, ഭിത്തിയിൽ തൂക്കിയിട്ടിരുന്ന ശ്രീരാമചന്ദ്രന്റെ ചില്ലിട്ട ചിത്രം യാദൃശ്ചികമെന്നവണ്ണം താഴെ തന്റെ പട്ടു മെത്തയിൽ പതിച്ചതവൾ കാണുന്നു. പിങ്ഗളയിലെ മന:പരിവർത്തനത്തിന്റെ നിർണ്ണായക മുഹൂർത്തമായിരുന്നു അത്. ശുദ്ധമായ മനസ്സോടെ, അവൾ ഭഗവാനോട് മാപ്പപേക്ഷിക്കുന്നു. തന്നെ ആപത്തിൽ നിന്നുദ്ധരിക്കുവാൻ യാചിക്കുന്നു. രാജർഷിയായ ജനകന്റെ രാജ്യത്തെ പ്രജയായ തനിക്ക് അതിന് അർഹതയുണ്ടെന്ന വിശ്വാസം അവളിൽ ധന്യതാബോധം വളർത്തുന്നു. അവളുടെ മനസ്സിൽ ശാന്തികന്ദളങ്ങൾ വീശുന്നു. അവൾ സുഖനിദ്രയിൽ അമർന്നു. അടുത്ത പ്രഭാതത്തിൽ അടുത്തുള്ള ശ്രീരാമസ്വാമിയുടെ ക്ഷേത്രത്തിൽ ജടാവൽക്കലങ്ങൾ ധരിച്ച് ഭസ്മലേപം ചാർത്തി ഭഗവതോത്തമയായ മറ്റൊരു പിങ്ഗളയെയാണ് നാം കാണുന്നത്.

'ഇന്നലെ നാം കണ്ട വേശ്യയാം പിങ്ഗള -
ഇന്നൊരു ദേവാധിദേവദാസി
അത്ഭുതമെന്തിതിലദ്ദേവദാസിയു -
മിപ്പുണ്യഭൂമിതൻ പുത്രിയല്ലീ?!'

അങ്ങനെ ഏകയാമാർദ്ധത്തിൽ ഭാഗവതത്തിലെ അവധൂതന് ആചാര്യയായ പിങ്ഗള മങ്ഗളയെന്ന പേരിനർഹയായി, വിശ്വലോകാനുഗ്രഹത്തിനായി ജീവിച്ചു. ഭാരതത്തിന്റെ പ്രശസ്തിസൗധത്തിൽ പൊൻതാഴികകുടമായി പിങ്ഗള പരിലസിക്കുന്നു എന്ന ശുഭ പ്രസ്താവത്തോടെ 1206 വരികളുള്ള ദീർഘമായ ഖണ്ഡകാവ്യം കവി ഉപസംഹരിക്കുന്നു.

ഈ മൂന്ന് ഖണ്ഡ കാവ്യങ്ങളും അതെഴുതിയ മഹാകവികളുടെ പ്രതിഭയുടെ കൈയൊപ്പുകൾ പേറുന്നു. അനുവാചകർക്ക് അമൃതായി, ദാർശനികർക്ക് ജ്ഞാനാനന്ദമായി, ഭവരോഗാതുരർക്ക് ഭക്ത്യനൗഷധമായി അവ വായനാസൗഖ്യം നൽകുന്നു.

# അനുമോദനങ്ങൾ

**ആയുഷ്യം പോളിക്ലിനിക്കിലെ കൺസൽട്ടന്റ് ഡോക്ടറും എറണാകുളം കരയോഗാംഗവുമായ ഡോ. സുന്ദരി. ജി. മേനോന് ഐ.എം. എ. വനിതാവിഭാഗം കർമ്മശേഷിയുള്ള മുതിർന്ന വനിതാ ഡോക്ടറായി തിരഞ്ഞെടുത്ത് വനിതാദിനത്തിൽ മെമന്റോ നല്കി ആദരിക്കുകയുണ്ടായി.**

**ഡോക്ടർ നടത്തിയ പ്രമേഹരോഗത്തെക്കുറിച്ചുള്ള ബോധവല്ക്കരണം കണക്കിലെടുത്ത് കൊച്ചി സിറ്റി ഹോസ്പിറ്റൽ ഡോക്ടർക്ക് ലൈഫ് ടൈം അച്ചീവ്മെന്റ് അവാർഡ് നല്കി ആദരിക്കുകയുണ്ടായി.**

**ഡോ. സുന്ദരി ജി മേനോൻ കൈവരിച്ച ഈ ആദരവിനും അംഗീകാരത്തിനും എറണാകുളം കരയോഗത്തിന്റെ അനുമോദനങ്ങൾ**



**ഐ.എം. എ. വനിതാ വിഭാഗം ഡോ. സുന്ദരി. ജി. മേനോനെ വനിതാ ദിനത്തിൽ ആദരിക്കുന്നു.**

# ഉത്തര രാമായണത്തിലൂടെ

തുടർച്ച - 4

കല്പകം സോമരാജൻ. ഫോൺ : 9895453072

സീതാ തിരോധാനം അസ്വസ്ഥനാക്കിയ രാമരാജാവിനെ ദേവഗണങ്ങളും ഗുരുഭൂതന്മാരും ധർമ്മോക്തികൾ ഓതി അനുനയിപ്പിക്കുന്നു. ലക്ഷ്മീസമേതനായ അങ്ങേക്ക് ഒരു സമയത്തും ദേവീവിരഹം ഉണ്ടാകുന്നില്ല. മാനുഷജന്മങ്ങൾക്കല്ലെ ഇത്തരം സുഖദു:ഖാവസ്ഥകളും ചാഞ്ചല്യങ്ങളും ഭവിക്കുന്നത്. അങ്ങ് വാല്മീകിവിരചിതമായ രാമായണകാവ്യം ശ്രദ്ധയാൽ കേൾക്കുക. അങ്ങനെ ചെയ്യുമ്പോൾ ഈ മോഹവലയങ്ങളെല്ലാം അങ്ങയെ വിട്ടുപോകും. അങ്ങ് സ്വസ്ഥനായി ഭവിക്കും. ഇങ്ങനെ സ്വാന്തനവചസ്സുകളോതി വിരിഞ്ചാതി ദേവതകൾ ശ്രീരാമചന്ദ്രനെ സ്വസ്ഥനാക്കുന്നു. അശ്വമേധയാഗം അതിഗംഭീരമായി നടത്തി. ഭാഗഭാക്കുകളായി എത്തിയ സർവ്വർക്കും യഥോചിതം സമ്മാനങ്ങൾ നൽകി അവരെയെല്ലാം തിരിച്ചയച്ചു. അയോദ്ധ്യാധിപതി അമ്മമാരോടും സോദരങ്ങളോടും അമാത്യന്മാരോടും ചേർന്ന് രാജ്യഭാരം ഭംഗിയായി നിർവ്വഹിക്കുന്നു.

അങ്ങനെ രാമചന്ദ്രമഹാരാജാവ് രാജ്യഭാരം തുടരവെ ഒരു ദിനം കേകയരാജാവ് നാനാവിധ സമ്മാനസമന്വിതം തന്റെ പുരോഹിതനെ രാജസമക്ഷം അയയ്ക്കുന്നു. സുഖാന്വേഷണങ്ങൾ ചൊല്ലി സംവദിച്ചിരിക്കെ തന്റെ മാതുലന്റെ സുഖവിവരങ്ങൾ രാമരാജാവ് ആരായുന്നു. ഈ സമയം മാതുലന്റെ സുഖവൃത്താന്തങ്ങളോടൊപ്പം ഇംഗിതങ്ങളും പുരോഹിതൻ രാജാവിനെ അറിയിക്കുന്നു. എന്തെന്നാൽ ശൈലൂഷതനയന്മാരായ ഗന്ധർവ്വപ്രമുഖർ മൂന്നുകോടി പടയോടൊപ്പം പൂർവ്വസാഗരതീരേ വസിക്കുന്നു. അവരെ കീഴ്പ്പെടുത്തിയാൽ ആ രാജ്യവും തങ്ങളോടു ചേർക്കാം. ഈ നിർദ്ദേശം സ്വാത്മനാ സ്വീകരിച്ച രാജാവ് ഭരതകുമാരനെ വേണ്ട നിർദ്ദേശങ്ങൾ നൽകി അങ്ങോട്ടയയ്ക്കുന്നു. ശുഭസമയേ പുറപ്പെട്ട് കേകയ രാജ്യത്തെത്തുന്നു. കുമാരനെയും സൈന്യത്തേയും മാതുലൻ സ്വീകരിച്ച് അവരുമായി ചേർന്ന് ഗന്ധർവ്വന്മാരുമായി യുദ്ധത്തിനു പുറപ്പെടുന്നു. ഘോരയുദ്ധാന്ത്യത്തിൽ കാലാസ്ത്രം പ്രയോഗിച്ച് ഗന്ധർവന്മാരെ ഒന്നടങ്കം കീഴ്പ്പെടുത്തുന്നു. അനന്തരം രാജ്യം കേകയനെ ഏല്പിച്ച് അംഗതനെയും ചന്ദ്രകേതുവിനെയും അവിടെ രാജചുമതല ഏല്പിച്ച് ഭരത കുമാരൻ ജ്യേഷ്ഠസവിധത്തിൽ എത്തുന്നു.

ഈ സമയം ഒരു ദിനം യമൻ മുനിവേഷത്തിൽ ശ്രീരാമചന്ദ്രരാജധാനിയിൽ എത്തുന്നു. താപസന്റെ ആഗമനം അറിഞ്ഞ ശ്രീരാമചന്ദ്രരാജാവ് അദ്ദേഹത്തെ സ്വീകരിച്ചാനയിക്കുന്നു. സ്വീകരണശേഷം ആഗമനോദ്ദേശം ആരായുന്നു. എന്നാൽ ഏകാന്തത്തിലേ ഉദ്ദേശിച്ച കാര്യം അറിയിക്കൂ എന്ന് താപസൻ ശഠിക്കുന്നു. രാജാവ് അതിനുള്ള ഒരുക്കങ്ങൾ ചെയ്യുന്നു. ഇവർ ഏകാന്തത്തിൽ സംസാരിക്കുന്ന സമയത്ത് ആരെങ്കിലും അവിടെ വന്നാൽ രാജാവ് അയാളെ വധിക്കണം എന്ന വ്യവസ്ഥയും രാജാവ് അംഗീകരിക്കുന്നു. ഗോപുരകവാടത്തിൽ ലക്ഷ്മണനെ കാവൽ നിർത്തുന്നു. മന്ത്രശാലയിൽ താപസനും രാജാവും എത്തുന്നു. അവിടെവെച്ച് താൻ ധർമ്മദേവനാണെന്നും ബ്രഹ്മാവിന്റെ ഇംഗിതപ്രകാരമാണ് ഇവിടെ എത്തിയിരിക്കുന്നതെന്നും താപസവേഷധാരി രാജാവിനെ അറിയിക്കുന്നു. പാലാഴിയിൽ പന്നഗതല്പത്തിൽ പള്ളികൊള്ളുന്ന പരമാത്മാവായ അങ്ങയുടെ നാഭിയിൽ നിന്ന് ഉൽഭൂതമായ പങ്കജത്തിൽ സാക്ഷാൽ ബ്രഹ്മദേവൻ അധിവസിക്കുന്നു. അങ്ങയുടെ കർണ്ണമലത്തിൽ നിന്ന് ഉത്ഭൂതരായവരാണ് മധുകൈടഭാസുരന്മാർ. അവർ ജഗത്തടക്കി വാഴുന്നു.

ഈരേഴു ലോകങ്ങളും അതിലു ൾക്കൊള്ളുന്ന സർവ്വത്തിനേയും എന്നു വേണ്ട ഈ അണ്ഡകടാഹം തന്നെയും സൃഷ്ടിച്ചു പരിപാലിക്കുന്ന അങ്ങ് ധർമ്മരക്ഷണത്തിനായി ഓരോരോ അവതാരങ്ങൾ കൈക്കൊണ്ടു. ദശരഥ രാജപുത്രനായുള്ള ഈ അവതാരവും ലക്ഷ്യപ്രാപ്തിയിലെത്തിയിരിക്കുന്ന ഈ സമയത്ത് ധാതാവിന്റെ ഹിതം അറിയിക്കുവാനായി അദ്ദേഹത്തിന്റെ അനുവാചകനായി എത്തിയിരിക്കുകയാണ് ഞാൻ. ഇവരുടെ

സംഭാഷണം ഇങ്ങനെ പുരോഗമിക്കുന്ന സമയത്ത് ദുർവ്വാസാവു മഹർഷി ഗോപുരദ്വാരേ എത്തുന്നു. ലക്ഷ്മിവല്ലഭനെ ദർശിക്കുകയാണ് ലക്ഷ്യം. ആയതിനാൽ വഴിവിലങ്ങി നില്ക്കാതെ ആഗമനവൃത്താന്തം രാജാവിനെ അറിയിക്കുവാൻ അദ്ദേഹം ലക്ഷ്മണനോട് ആവശ്യപ്പെടുന്നു. കിംകരണീയ ചിന്തയാൽ ഭയചകിതനായ ലക്ഷ്മണകുമാരൻ ക്ഷിപ്രകോപിയായ മുനിയെ അനുനയിപ്പിക്കുവാൻ ശ്രമിക്കുന്നു. എന്നാൽ ലക്ഷ്മണജല്പനങ്ങളിലൊന്നും വഴിപ്പെടാതെ ഋഷി ശാപത്താൽ ഭാനുവംശത്തെ തന്നെ ഇല്ലായ്മ ചെയ്യും എന്ന് ലക്ഷ്മണനെ ഭീഷണിപ്പെടുത്തുന്നു. ഭയാക്രാന്തനായ കുമാരൻ ജ്യേഷ്ഠ സന്നിധിയിൽ പാഞ്ഞെത്തി വിവരം അറിയിക്കുന്നു. എന്നാൽ ഈ സമയത്ത് രാജാവുമായുള്ള താപസന്റെ സംഭാഷണം സമാപ്തമായിരുന്നതിനാൽ അഭിനവമുനിയെ രാജാവ് യാത്രയാക്കുന്നു. അതിനുശേഷം സാക്ഷാൽ ദുർവ്വാസാവിനെ സ്വീകരിച്ച് സൽക്കരിക്കുന്നു. ആയിരം സംവത്സരമായി താൻ അനശനനായിരിക്കുന്നുവെന്നും പാരണവീടണമെന്നും ഋഷി ആവശ്യപ്പെടുന്നു. രാജാവ് അതിനുള്ള എല്ലാ സൗകര്യങ്ങളുമൊരുക്കുന്നു. സന്തുഷ്ടനായ മുനിശ്രേഷ്ഠൻ ഭോജനാനന്തരം അനുഗ്രഹവർഷം ചൊരിഞ്ഞ് അവിടുന്നു പോകുന്നു.

## ലക്ഷ്മണ പരിത്യാഗം

ഇത്രയുമായപ്പോൾ മഹാരാജാവിന്റെ അവസ്ഥ അതീവ കഷ്ടതരമായി തീർന്നു. സത്യലംഘനം മഹാപാപമാണ്. പക്ഷെ സത്യദീക്ഷക്കായി ലക്ഷ്മണനെയാണ് വധിക്കേണ്ടത്. സന്തപ്തനായ രാജാവ് ദു:ഖാഗ്നിയിൽ മുഴുകിയതു കണ്ട സഹജൻ തന്നെ വധിച്ച് പ്രതിജ്ഞാപാലനം നടത്തുവാൻ രാജാവിനോട് അപേക്ഷിക്കുന്നു. മന്ത്രിസത്തമന്മാരും കുലാചാര്യന്മാരും പൗരമുഖ്യരുമെല്ലാം സത്യപാലനം ചെയ്ത് കുലധർമ്മം സംരക്ഷിക്കുവാൻ രാജാവിനെ പ്രേരിപ്പിക്കുന്നു. എന്നാൽ സ്വപ്രാണനായ അനുജനെ പിരിഞ്ഞാൽ പിന്നെ തനിക്ക് ഭൂമിയിൽ ജീവനം അപര്യാപ്തമെന്ന് രാജാവ് വിലപിക്കുന്നു. അന്ത്യത്തിൽ ലക്ഷ്മണനെ ഉപേക്ഷിക്കുവാൻ രാജാവ് തീരുമാനിക്കുന്നു. ഇത് വധതുല്യം തന്നെ എന്ന് അഭിജ്ഞർ അഭിപ്രായപ്പെടുന്നു. രാജാജ്ഞമാനിച്ച് സർവ്വരേയും വന്ദിച്ചു കുമാരൻ കൊട്ടാരം വിടുന്നു. അങ്ങനെ ഏകനായി സരയൂ തീരത്തെത്തി ധ്യാനത്തിൽ നിമഗ്നനാകുന്നു. ഈ സമയം ദേവകൾ പുഷ്പവൃഷ്ടി ചെയ്ത് അദ്ദേഹത്തെ വിഷ്ണുലോകത്തേയ്ക്ക് ആനയിക്കുന്നു.

## മഹാപ്രസ്ഥാനം –

ശ്രീരാമരാജാവ് തനിക്കുറ്റ എല്ലാവരെയും കൊട്ടാരത്തിലേക്ക് വിളിച്ചു വരുത്തുന്നു. ലക്ഷ്മണ വൃത്താന്തം എല്ലാവരെയും അറിയിക്കുന്നു. സന്താപതപ്തനായ രാജാവ് സുമിത്രാത്മജനില്ലാത്ത ലോകത്ത് തനിക്കിനി ജീവനം ഇല്ലെന്നും കൈകേയിസുതനെ രാജ്യഭാരമേല്പിച്ച് താനും ദേഹവിയോഗത്തിനൊരുങ്ങുകയാണെന്നും എല്ലാവരെയും അറിയിക്കുന്നു. എന്നാൽ ഈ സമയം രാമരാജാവ് എവിടെയാണ് അവിടെ മാത്രമേ തങ്ങൾക്കും ജീവിക്കുവാൻ കഴിയൂ എന്ന് അനുജന്മാർ വിലപിക്കുന്നു. പുത്രന്മാരെ രാജാഭിഷിക്തരാക്കാൻ പോയിരുന്ന ശത്രുഘ്നൻ ഭരതൻ അറിയിച്ചതനുസരിച്ച് രാമസവിധത്തിൽ ഓടി എത്തുന്നു. തങ്ങളെ ഉപേക്ഷിച്ച് പോകരുതെന്നും അഥവാ പോയാൽ തങ്ങളെയും കൊണ്ടുപോകണമെന്നും ഇവർ വാവിട്ടു കേഴുന്നു. രാജവാർത്ത കേട്ട് വാനരരാജാക്കന്മാരും വിഭീഷണാദി രാക്ഷസവീരരും രാമസമക്ഷം വന്ന് പാദം വണങ്ങി നിലകൊള്ളുന്നു. പൗരാവലിയും അസംഖ്യമായി എത്തികൊണ്ടിരിക്കുന്നു. ഈ സന്ദർഭത്തിൽ ആഗതരായിരിക്കുന്ന ആശ്രിതരുടെ ആതങ്കം ഉന്മൂലനം ചെയ്യേണ്ടത് രാജധർമ്മമാണെന്നും അതിനായി കാരുണ്യപൂർവ്വം കൃപ ചെയ്യണമെന്നും വസിഷ്ഠമുനി അരുളിചെയ്യുന്നു. പാരാവാരം പോലെ വന്നു നിറഞ്ഞ ജനാവലിയുടെ ഇംഗിതം എന്തെന്ന് രാജാവ് ആരായുന്നു. നിന്തിരുവടിയോടു കൂടെ പോരുന്നു ഞങ്ങൾ എന്ന ആരവം അന്തരീക്ഷത്തിൽ അലതല്ലുന്നു. പുത്രദാരാദികളോടൊപ്പം പോരുവാൻ തങ്ങളെ അനുവദിക്കുവാൻ അങ്ങയ്ക്ക് കൃപയുണ്ടാവണം ദയാനിധേ എന്ന അനുരണനം അന്തരീക്ഷത്തിൽ അലതല്ലുന്നു. കരുണാനിധിയായ രാജാവ് പ്രജാഹിതം സസന്തോഷം അനുവദിച്ച് അവരുടെ ദു:ഖനിവൃത്തി വരുത്തുന്നു. കുലഗുരുക്കന്മാരും മുനിശ്രേഷ്ടന്മാരും ഭൂദേവന്മാരും പ്രജാപ്രമുഖരും സന്നിഹിതരായിരുന്ന രാജസദസ്സിൽ വച്ച് ലവകുശന്മാരുടെ രാജ്യാഭിഷേകം നടക്കുന്നു. അങ്ങനെ ലവകുശന്മാർ മുറപ്രകാരം അയോദ്ധ്യാധിപരായി അഭിഷിക്തരാകുന്നു. ബഹുവിധ വിത്തവും ചതുരംഗസേനയും നൽകി അവരെ പിതാക്കന്മാർ അനുഗ്രഹിക്കുന്നു.

വാനരേന്ദ്രന്മാരും രാക്ഷസേന്ദ്രന്മാരും ഈ ശുഭ സമയത്ത് മാ


നവേന്ദ്രനെ വന്നു വണങ്ങുന്നു. തങ്ങളെയും കൂടെ കൂട്ടണമെന്ന ആവശ്യം രാജനെ അറിയിക്കുന്നു. സുസ്മേരവദനനായി അവരുടെ പരിദേവനങ്ങളെല്ലാം ശ്രവിച്ച രാജശ്രേഷ്ഠൻ അവരെ ഇപ്രകാരം ഉപദേശിക്കുന്നു. വിഭീഷണന്റേതായിരുന്നു ആദ്യമൂഴം. ആദിത്യചന്ദ്രന്മാരും ആകാശഭൂമികളും ഉള്ള കാലത്തോളം അങ്ങ് ലങ്കാരാജ്യത്ത് നിശാചരരാജാവായി വാഴുക. അതുമൂലം സന്താപരഹിതമായി ഭൂമിയെ കാക്കുവാൻ അങ്ങേക്കു കഴിയും. ഇതാണ് ഉത്തമ കരണീയം. അടുത്തത് ഹനുമാനോടുള്ള ഉപദേശമായിരുന്നു. ഹനുമാൻ മുൻപേതന്നെ ആവശ്യപ്പെട്ടിട്ടുള്ളതു പ്രകാരം രാമനാമം ഭൂമിയിൽ നിലനില്ക്കുന്ന കാലത്തോളം ഹനുമത് നാമവും വിശ്രുതമായി നിലനില്ക്കും. അങ്ങനെ ഹനുമാന്റെ ആഗ്രഹം സാധിതമായിത്തീരും. ചിരംജ്ജീവിയായി ഹനുമാൻ ലോകത്തിൽ നിലകൊള്ളും. ആയതിനാൽ നിങ്ങൾ ഇരുവരും എന്റെ ഇംഗിതം നിറവേറ്റുക. മറ്റുള്ളവർ സകലരും എന്റെ കൂടെ പോന്നാലും.

അങ്ങനെ സൂര്യോദയകാലമായി. കുലഗുരു വസിഷ്ഠമുനി അഗ്നിയുമേന്തി മുൻപിൽ നടക്കുവാൻ ശ്രീരാമചന്ദ്രൻ അനുജ്ഞ നൽകുന്നു. ഗുരുനാഥൻ അപ്രകാരം ചെയ്യുവാൻ തയ്യാറാകുന്നു. വിവിധങ്ങളായ കർമ്മാനുഷ്ഠാനങ്ങൾക്കുശേഷം ധർമ്മാചാരക്രമമനുസരിച്ച് അഗ്നിയുമായി മുന്നിൽ ഗുരുഭൂതനും പിന്നാലെ സോദരന്മാർ, പുരാംഗനമാർ, അമാത്യന്മാർ, പൗരന്മാർ തുടങ്ങി മനുഷ്യവാനരനിശാചരന്മാരും പക്ഷിമൃഗാദി സകല ജീവജാലങ്ങളും വേദമഹാമന്ത്രഘോഷിതമായ അന്തരീക്ഷത്തിൽ ശ്രീരാമസ്വാമിയെ അനുഗമിച്ച് യാത്ര തിരിക്കുന്നു. സരയൂ തീരത്തെത്തിയ സാക്ഷാൽ ശ്രീനാരായണൻ അവിടെ തന്നെ സ്വീകരിക്കാനായി എത്തിയിരിക്കുന്ന ബ്രഹ്മാവാദി സകല ദേവതകളേയും സാകൂതം കണ്ട് ആനന്ദനിമഗ്നനാകുന്നു.

തുടർന്ന് ബ്രഹ്മസ്തുതിയാണ്. ശ്രീരാമാവതാരത്തിൽ ഭഗവാൻ കൈക്കൊണ്ട എല്ലാ ധർമ്മപ്രവർത്തികളെയും ഒന്നൊന്നായി എണ്ണി പറഞ്ഞ് നാന്മുഖൻ ശ്രീരാമദേവനെ സ്തുതിക്കുന്നു. സർവ്വം ത്യജിച്ച് എന്നാൽ സർവ്വത്താലും പൂരിതനായ പൂതാത്മ സരയൂ തീരത്തിങ്കൽ നിന്ന് സ്തുതിഗീതങ്ങൾ ചൊല്ലുന്ന ബ്രഹ്മവചസ്സുകൾ ശ്രവിച്ച് സന്തോഷം പൂണ്ട് സസ്മിതം ഇപ്രകാരം അരുളുന്നു. എന്നോടുകൂടെ എത്തിയിട്ടുള്ള സമസ്തർക്കും സ്വർഗ്ഗലോകം നൽകണം. ഭഗവൽഗീതം മാനിച്ച് വിധാതാവ് സർവ്വരോടും സരയൂ നദിയിൽ ഇറങ്ങി വെള്ളത്തിൽ നിമഗ്നരാകുന്നതിനായി ആവശ്യപ്പെടുന്നു. അങ്ങനെ സകലരും സരയുവിൽ മുങ്ങി വിശുദ്ധരാക്കപ്പെടുന്നു. ഭഗവാൻ ശ്രീരാമചന്ദ്രനും സ്വസഹോദരരോടൊത്ത് വിഷ്ണു ലോകത്ത് എത്തുന്നു. അങ്ങനെ സ്വാമിയോടൊത്ത് സകല ചരാചരങ്ങളും നാകലോകത്തെത്തി സസുഖം വാഴുന്നു. യോഗേശ്വരസ്വാമി ലക്ഷ്മീ സമേതനായി അനന്തതൽപ്പത്തിൽ ശയിക്കുന്നു. രാമ നാമ ജപത്താൽ എല്ലാ ജീവജാലങ്ങൾക്കും ദോഷങ്ങളെല്ലാം നീങ്ങി മോക്ഷപ്രാപ്തി ലഭ്യമാകും എന്ന് രാമചന്ദ്രസ്വാമിയെ മനസ്സാ സ്മരിച്ച് കിളിമകൾ തിങ്ങിയ ഭക്തിയോടെ ഈ കഥാഭാഗം താൽക്കാലികമായി ചൊല്ലി നിർത്തുന്നു.

**എറണാകുളം കരയോഗം എൽഡർ സിറ്റിസൺസ് ഫോറം**
**2019 ഏപ്രിൽ/മെയ് മാസത്തെ പരിപാടികൾ**

| തീയതി | മനോരഞ്ജിനി/ അവതരണം | മുഖ്യപ്രഭാഷണം | വിഷയം | നമ്പർ |
|---|---|---|---|---|
| 18.4.19 | എസ്. ശ്രീകുമാർ | ടി.കെ. ശ്രീകുമാരൻ നായർ | നമ്മുടെ പൈതൃകം | 1013 |
| 25.4.19 | ഡി. കെ. നായർ | എസ്.പി. പിള്ള | അറിവും അനുഭവവും യാത്രയിലൂടെ | 1014 |
| 02.05.19 | ടി.കെ.ശ്രീകുമാരൻ നായർ | പി. ജി. രാമചന്ദ്രൻ | 'അസതോമ സത്ഗമയ' | 1015 |
| 09.05.19 | | സി. രാമചന്ദ്രൻ | മനസ്സും വപുസ്സും | 1016 |



# പെൺപുലി

മൃണാളിനി (ഫോൺ : 95677 63643)

ഒരു പെൺപുലിയായിരുന്നു അവരുടെ മനസ്സിൽ. മൃഗശാലയിലെ കൂട്ടിൽ ആ പെൺപുലി അമറുന്നുണ്ടായിരുന്നു. താൻ ജനിപ്പിച്ച പെൺകുഞ്ഞിനെ തന്നിൽ നിന്ന് അകറ്റി മാറ്റുവാൻ വരുന്ന കാവൽക്കാരെ വായ്പൊളിച്ച് ചീറ്റി അകറ്റുന്ന പെൺപുലി. മാനസിയുടെ മനസ്സിൽ ആവർത്തിച്ചാവർത്തിച്ചുവരുന്ന ചിത്രം തനിക്കും അതുപോലെ തന്റെ മകളെ രക്ഷിക്കേണ്ടിയിരിക്കുന്നു. പ്രസാദ് മരിച്ചതിൽപ്പിന്നെ ഒരില അനങ്ങിയാൽപോലും ഭയമായിരുന്നു.

ബംഗ്ലാവിലെ ചിന്ന റെഡ്ഡി തങ്ങളുടെ ജീവിതം അപഹരിക്കുവാൻ ശ്രമം തുടങ്ങിയിട്ട് ആറ് മാസത്തോളമായി. ഒരു പ്രൈമറി സ്കൂൾ അദ്ധ്യാപകനായ പ്രസാദും അംഗൻവാടി ടീച്ചറായ മാനസിയും ഒത്തുചേർന്ന് ആ ജീവിതയാനം തുഴയാൻ ആഞ്ഞു പരിശ്രമിക്കുമ്പോഴും അവരുടെ ഒറ്റ മകളിലായിരുന്നു അവരുടെ പ്രതീക്ഷ മുഴുവൻ. പത്തിൽ പഠിക്കുന്ന അവളെ ചിന്നറെഡ്ഢി കാണുവാൻ ഇടയായി. അയാളുടെ രണ്ടാമത്തെ ഭാര്യയിലുള്ള കുട്ടിക്ക് ട്യൂഷനെടുക്കുവാൻ പ്രസാദിനെ വിളിക്കുവാനാണ് അയാൾ നേരിട്ട് വന്നത്. മുറ്റത്ത് ചെടി നനയ്ക്കുന്ന മാലതിയെ അയാൾ ആർത്തിപൂണ്ട കണ്ണുകളോടെ നോക്കി. 'ഇവാൾ ഊങ്ക പൊണ്ണാ? റൊമ്പ അഴകായിരിക്ക്' പ്രസാദ് ഉള്ളിൽ പടർന്ന വിഭ്രമവും പ്രതിഷേധവും പുറത്തുകാണിക്കാതെ എഴുന്നേറ്റ് വിനയപൂർവ്വം അയാളെ അകത്തേയ്ക്ക് ക്ഷണിച്ചു. അയാൾ പ്രസാദുമായി വന്നകാര്യം പറഞ്ഞുറപ്പിച്ച് തിരിച്ചുപോകാൻ ഇറങ്ങി. വീണ്ടും കൊച്ചുമകളുടെ നിഷ്കളങ്കമായ മുഖത്തുനോക്കി ഒരു വിടച്ചിരി ചിരിച്ച് അവളുടെ കവളിൽ നുള്ളിക്കൊണ്ട് പടികൾ ഇറങ്ങി. 'എന്തിനാണ് ആ പിശാചിനെ അടുപ്പിക്കുന്നത്. നാട്ടിൽ അയാൾ നശിപ്പിക്കാത്ത പെണ്ണുങ്ങളില്ല. ഒരു പെൺകുട്ടി വളരുന്ന വീടാണിത്.' മാനസി അല്പം കടുപ്പിച്ചു പറഞ്ഞു. പ്രസാദ് പറഞ്ഞു 'എനിക്കയാളെ അറിയാഞ്ഞിട്ടല്ല, പക്ഷെ, അയാൾ മകന് ട്യൂഷൻ കൊടുക്കുവാൻ എന്നെ വിളിക്കാനാണ് വന്നത്. അയാൾ നല്ല പ്രതിഫലം തരും. നമുക്ക് പണത്തിനുള്ള മുട്ട് കുറച്ചെങ്കിലും കുറയില്ലെ?' 'എന്തോ എനിക്കറിയില്ല.' മാനസിയുടെ ശങ്ക മാറിയില്ല.

പ്രസാദ് ആഴ്ചയിൽ മൂന്നു ദിവസം ട്യൂഷൻ എടുക്കുവാൻ പോയിത്തുടങ്ങി. പക്ഷേ വേഗം തന്നെ ചിന്നറെഡ്ഢി ആ ശീലം മാറ്റി. 'നിങ്ങൾ പെരിയ സ്കൂൾ മാസ്റ്റർ, ഞാൻ എന്റെ കുളന്തയെ വീട്ടിൽ കൊണ്ടു വിടാം.' പ്രസാദ് അതിന്റെ ആവശ്യമില്ലെന്നും തനിക്കതൊരു ബുദ്ധിമുട്ടല്ലെന്നും പറഞ്ഞുനോക്കി. പക്ഷെ ചിന്നറെഡ്ഡി ഉറച്ചുനിന്നു. അന്ന് ദ്വിമനസ്കനായാണ് പ്രസാദ് വീട്ടിലെത്തിയത്. മാനസി പറഞ്ഞത് നേരാവുമോ, അയാൾക്ക് ഭയം തോന്നി. എന്നാൽ ആ കിരീടം വയ്ക്കാത്ത രാജാവിനെ നിരസിച്ചാലുള്ള ഭവിഷ്യത്ത് അതിലും വലുതായിരിക്കും.

അയാൾ വീട്ടിൽ പോയി വിവരം ഭാര്യയോടു പറഞ്ഞു. മാനസി അയാളെ തറപ്പിച്ചൊന്നു നോക്കി. 'അയാൾ വരിക മാത്രമല്ല ഇവിടെ കയറിയിരിക്കുകയും ചെയ്യും. ഞാനും മോളും അകത്ത് മുറിയടച്ചിരിക്കേണ്ടി വരും.' അവരുടെ ഉള്ളിൽ പ്രായമറിയിച്ച കുഞ്ഞിനെക്കുറിച്ചുള്ള ആധി അന്നു തുടങ്ങിയതാണ്. ട്യൂഷൻ തുടങ്ങി. ചിന്നറെഡ്ഡി തന്റെ മകനെയും കൊണ്ട് വൈകിട്ട് പ്രസാദ് സ്കൂളിൽ നിന്നും വരുമ്പോഴേയ്ക്കും റെഡിയായി വീട്ടിലെത്തും. പ്രസാദ് തന്റെ ഉമ്മറക്കോലായിൽ ഒരറ്റത്തിരുന്ന് പഠിപ്പിക്കാൻ തുടങ്ങും. മറ്റേയറ്റത്ത് ചാരുകസേരയിൽ ചിന്നറെഡ്ഢി തന്റെ തോൾമുണ്ടെടുത്ത് വീശിക്കൊണ്ടിരിക്കും.

രണ്ട് ദിവസമായി ഭാര്യയേയും കുട്ടിയേയും കാണാതായപ്പോൾ ചിന്നറെഡ്ഢിക്ക് ക്ഷമ നശിച്ചു. 'ഊങ്ക അഴകാനാ കൊളന്ത എങ്കെ?' എന്ന് ചോദിക്കാൻ തുടങ്ങി. പ്രസാദ് ഓരോരോ കാരണങ്ങൾ പറഞ്ഞ് ഒഴിഞ്ഞു മാറി. പക്ഷെ ഒരു ദിവസം മാലതി സ്കൂളിൽ നിന്നും വരാൻ വൈകി. ട്യൂഷൻ നടക്കുന്ന സമയത്താണ് അവർ വീട്ടിൽ കയറി വന്നത്. ചിന്നറെഡ്ഢി ആഹ്ലാദത്തോടെ എഴുന്നേറ്റ് അവളുടെ കൈപിടിച്ച് വലിച്ച് ചാരുകസേരയുടെ കൈയ്യിലിരുത്തി. പ്രസാ

ദിന്റെ മുമ്പിൽ വച്ച് അവളുടെ അരയിൽ കൈചുറ്റി അഴകാന പൊണ്ണെ എന്ന് പറഞ്ഞ് മുഖ ത്ത് തടകി. അയാൾ കൂടുതൽ വിക്രിയകൾ ചെയ്യുന്നതിനുമുമ്പ് അവൾ കൈവിട്ട് അകത്തേക്ക് ഓ ടി. മാനസിയുടെ അടുത്തുപോയി നെഞ്ചിൽ തലവച്ച് തേങ്ങി. മാന സിയുടെ മുഖം കറുത്തു.

പ്രസാദിന്റെ മുഖം വിളറി. അയാൾ ട്യൂഷൻ നിർത്തിവച്ചു. നെറ്റിയിൽ പൊടിഞ്ഞ് വിയർപ്പ് തുടച്ച് അയാൾ അകത്തേയ്ക്ക് നടന്നു. കരയുന്ന മാലതിയെ തന്റെ നെഞ്ചോടടക്കി അയാൾ പറഞ്ഞു. 'ഇനി ഇങ്ങനെ ഉണ്ടാവാ തെ അച്ഛൻ നോക്കിക്കൊള്ളാം.'

അയാൾ പുറത്തുവന്ന് റെഡ് ഢിയോട് പറഞ്ഞു. ഇനി ഇവിടെ വെച്ച് ട്യൂഷൻ എടുക്കുന്നില്ല. വേ ണമെങ്കിൽ ഞാൻ അങ്ങോട്ടുവ രാം. ചിന്നറെഡ്ഢി വികലമായ ചിരി ചിരിച്ചു. 'ചിന്ന കൊളന്തൈ താനെ. അപ്പടി താൻ നിനച്ചു ഞാൻ അന്തമാതിരി പണ്ണിനേൻ.' പ്രസാദ് എവിടെന്നോ വിളിച്ചു ണർത്തിയ ധൈര്യം പ്രാപിച്ചു പറഞ്ഞു. 'എന്തായാലും ഇവിടെ ഇനി ട്യൂഷൻ ഇല്ല.' ചിന്നറെഡ്ഢി തന്റെ സ്വർണ്ണപല്ലുകൾ കാട്ടി ചി രിച്ച് തോൾമുണ്ടുകൊണ്ട് വീശി ക്കൊണ്ടു പറഞ്ഞു 'പാക്കലാം'. എന്നിട്ട് അയാൾ മകനേയും കൊ ണ്ട് പടിയിറങ്ങിപോയി.

അന്ന് സന്ധ്യയ്ക്ക് റേഷൻ വാങ്ങാൻ സഞ്ചിയുമെടുത്തു പോയ പ്രസാദ് മടങ്ങി വന്നില്ല. ആകാംക്ഷയോടെ കാത്തിരുന്ന മാനസി പ്രസാദ് ഗുണ്ടകളുടെ ആക്രമണത്തിനിരയായി കുത്തേ റ്റു വീണു എന്ന വാർത്തയാണ് കേട്ടത്. അവർ മകളെയും കൂ ട്ടി കരഞ്ഞുകൊണ്ട് ഓടി സംഭ വസ്ഥലത്ത് എത്തി. പോലീസ് വന്ന് പ്രസാദിന്റെ ശവശരീരം ആശുപത്രിയിലേയക്ക് മാറ്റുന്ന കാഴച്യാണ് കണ്ടത്. റോഡിൽ രക്തപ്രളയം. മാനസി കരഞ്ഞു കൊണ്ട് എസ്.ഐ.യുടെ അടു ത്തുചെന്നു. ഇതിനു കാരണം ചി ന്നറെഡ്ഢിയാണെന്നും കൂടാതെ പകലുണ്ടായ സംഭവങ്ങളും വിവ രിച്ചു. അയാളുടെ മുഖം കറുത്തു. കൂടെ നിന്ന കോൺസ്റ്റബിളിനോട് ഈ സ്ത്രീ പിച്ചുംപേയും പറയു കയാണ്, ഇവരെക്കൊണ്ട് വീട്ടിലാ ക്കൂ എന്ന് പറഞ്ഞു. അല്ല, ഞാൻ പറയുന്നത് സത്യമാണ് എന്ന് തൊഴുകൈയ്യോടെ പറഞ്ഞ് മാ നസി കേണു. മാലതി അമ്മയെ ഇറുകെ പുണർന്നുകൊണ്ട് നിന്നു. കോൺസ്റ്റബിൾ രൂക്ഷമായി അവ രോട് തിരിഞ്ഞുനടക്കാൻ പറഞ്ഞ് അവരെ അനുഗമിച്ചു.

പ്രസാദിന്റെ മരണശേഷം ദിവസങ്ങൾ കൊഴിഞ്ഞു. കൊ ലപാതകക്കേസ് തെളിവില്ലെന്ന് പറഞ്ഞ് എഴുതിത്തള്ളി. നിതാ ന്തമായ ഭീതിയുടെ നിഴലിയായി രുന്നു മാനസി കുട്ടിയെ സ്കൂളിൽ കൊണ്ടുവിടുന്നതും അവിടെ നിന്ന് തിരിച്ചുകൊണ്ടുവരുന്നതും അവരാ യിരുന്നു. അംഗൻവാടിയിലെ ശമ്പ ളമായിരുന്നു ഏക വരുമാനം. ഒരു ദിവസം അവർ ജോലി കഴിഞ്ഞ് മകളെ വിളിക്കാൻ പോകുമ്പോൾ രണ്ടു പേർ അവരെ വഴിയിൽ തട ഞ്ഞു നിറുത്തി. ഞങ്ങൾ ചിന്ന റെഡ്ഢി പറഞ്ഞിട്ട് വന്നതാണ്. നിങ്ങളുടെ മകളെ വിവാഹം ചെ യ്യാൻ റെഡ്ഢിക്ക് ഭയങ്കര മോഹം. അവളെ കൊടുക്കുകയാണെങ്കിൽ നിങ്ങൾക്കുവേണ്ട പണവും വസ് തുക്കളും തരുന്നതാണ്. മാനസി കത്തിജ്വലിച്ചു. 'എന്റെ മകൾ വിൽ ക്കാനുള്ളതല്ല എന്ന് നിങ്ങളുടെ റെഡ്ഢിയോട് പോയി പറഞ്ഞേ ക്കൂ.' 'ഒന്നുകൂടി ആലോചിച്ചിട്ട് മതി.' അവർ പറഞ്ഞു. മാനസി ക്ഷോഭത്തോടെ ഒരു ആഭാസനും കൊലപാതികയുമായ ഗുണ്ടാത്ത ലവന്റെ ആജ്ഞാനുവർത്തികളോ ട് തനിക്കൊന്നും പറയാനില്ലെന്ന് പറഞ്ഞ് തിരിഞ്ഞു നടന്നു. സ്കൂ ളിൽ പോയി മകളെ കൂട്ടിക്കൊ ണ്ടുവരുമ്പോൾ അവളോട് അമ്മ വരാതെ ഒരു കാരണവശാലും വീ ട്ടിലേയ്ക്ക് പോകരുതെന്ന് പറഞ്ഞ് ഏല്പിച്ചു. എന്നിട്ടും മാനസിയുടെ മനസ്സിൽ ക്ഷോഭം അടങ്ങിയില്ല. വീട്ടിലെത്തി അവർ മകളെ കെട്ടി പ്പിടിച്ചു പൊട്ടിക്കരഞ്ഞു. തന്റെ കു ഞ്ഞിനെ എന്തുവിലകൊടുത്തും കാക്കണമെന്ന് അവരുടെ ദൃഢ നിശ്ചയം അവരെ ക്ഷോഭത്തിൽ നിന്നും ഉയർത്തി ഉൾക്കരുത്തിന്റെ കോട്ടയിലെത്തിച്ചു.

പക്ഷെ ഒരു ദിവസം അം ഗൻവാടിയിൽ മേലുദ്യോഗസ്ഥർ ഇൻസ്പെക്ഷന് വന്നപ്പോൾ മാന സി ഇറങ്ങാൻ വൈകി. വർദ്ധിച്ച ആകാംക്ഷയോടെയാണ് അവർ കാര്യമെല്ലാം തീർത്ത് ഇറങ്ങി ഓ ടിയത്. മകൾ അമ്മയെ കാണാതെ വിഷമിക്കുമോ എന്നെല്ലാം ഓർത്ത് ഒരുവിധം ഓടി സ്കൂളിൽ എത്തി യപ്പോൾ അവൾ കെട്ടിടത്തിന്റെ കോവണിച്ചുവട്ടിൽ നിന്നിരുന്നു. ആശ്വാസം പകർന്ന ദീർഘനിശ്വാ സത്തോടെ അവർ മകളെ അണ ച്ചുപിടിച്ചു. 'അമ്മ വൈകിപ്പോയി അല്ലെ മോളെ.' അവർ ചോദിച്ചു. 'സാരമില്ല' അമ്മേ അവൾ മറുപ ടി പറഞ്ഞു. 'നമുക്ക് പലചരക്ക് വാങ്ങിക്കാനുണ്ട്. ലോനപ്പൻ ചേട്ട ന്റെ പീടികയിൽപ്പോയി വാങ്ങിച്ചി ട്ട് വീട്ടിലേക്ക് മടങ്ങാം.' മാനസി പറഞ്ഞു. അവർ ഒരു ഇടവഴിയിൽ കൂടി പീടികയിലേയ്ക്ക് നടന്നു. പെട്ടെന്നാണ് ഒരു ജീപ്പ് പാഞ്ഞു വന്നത്. ജീപ്പിൽ നിന്നും ഒരാൾ ഇറങ്ങി മാലതിയെ ജീപ്പിൽക്കയറ്റി ഓടിച്ചുപോയി. മാനസിക്ക് കുറച്ചു നിമിഷങ്ങൾ വേണ്ടിവന്നു എന്താ ണ് സംഭവിച്ചത് എന്നറിയാൻ.

പിന്നെ അവർ വാവിട്ടു കരഞ്ഞു കൊണ്ട് ജീപ്പിന്റെ പിറകെ ഓടി. അവർ നിലത്തു കുഴഞ്ഞുവീണു. വഴി വിജനമായിരുന്നു.

ഒരു ഓട്ടോറിക്ഷ അതുവഴി വന്നു. അത് ഓടിച്ചിരുന്ന ആൾ മാനസിയെക്കണ്ട് അയ്യോ മോളെ എന്ന് പറഞ്ഞ് വണ്ടി നിറുത്തി. അവരുടെ അടുത്തുചെന്ന് കുലുക്കി നോക്കി. പിന്നെ അയാൾ വണ്ടിയിൽ നിന്നും ഒരുകുപ്പി വെള്ളമെടുത്ത് മാനസിയുടെ മുഖത്തു തളിച്ചു. മാനസി 'എന്റെ മോളെ' എന്ന് പറഞ്ഞു കരയാൻ തുടങ്ങി. ലോപ്പസ് അവരുടെ അയൽക്കാരനായിരുന്നു. എന്തു പറ്റി എന്ന ചോദ്യത്തിന് അവർ തേങ്ങിത്തേങ്ങി ഉണ്ടായതെല്ലാം പറഞ്ഞു. 'നമക്ക് പോലീസിൽ പരാതിപ്പെടാം.' ലോപ്പസ് പറഞ്ഞു. 'അതുകൊണ്ട് ഒരു കാര്യവുമില്ല. പോലീസിനെല്ലാം ആ ദുഷ്ടനെ പേടിയാണ്. ലോപ്പസ് ചേട്ടാ എനിക്ക് എന്റെ മകളെ രക്ഷിക്കണം. ഞാൻ തോൽക്കില്ല. മാനസി വിറയാർന്ന ശബ്ദത്തിൽ പറഞ്ഞു. 'മോളെ ഇപ്പോൾ വണ്ടിയിൽ കയറ്. വീട്ടിൽ ചെന്ന് നമുക്ക് ആലോചിക്കാം.' 'പറ്റില്ല. എനിക്ക് നേരെ ബംഗ്ലാവിൽ പോകണം. അവളെ രക്ഷിക്കണം.' മാനസി വീറോടെ പറഞ്ഞു. ലോപ്പസ് പ്രതിസന്ധിയിലായി. അയാൾ പറഞ്ഞു. 'അവിടെയെല്ലാം കാവൽക്കാരാണ്. അവരെ വെട്ടിച്ച് എങ്ങനെ കടക്കും.' 'ഞാൻ പിൻവശത്തുകൂടി കടന്നുനോക്കാം.'മാനസിയുടെ മനസ്സിൽ അപ്പോൾ ചീറിയടുക്കുന്ന ആ പെൺപുലിയുടെ ചിത്രമായിരുന്നു. കടലാസുമറ പൊളിച്ച് ചീറിയടുക്കുന്ന പെൺപുലി.

വഴിയിൽക്കൂടി ബംഗ്ലാവിന്റെ പിൻവശത്ത് ചെന്ന് ഗേറ്റിൽക്കൂടെ അവർ അകത്തുകടന്നു. അടുക്കളയുടെ വാതിൽക്കൽ നിന്ന് തട്ടമിട്ട ഒരു ഉമ്മ അവരെ നോക്കി. 'ആരത്' എന്ന് ചോദിച്ചു. 'ഞാൻ എന്റെ മകളെ കൊണ്ടു പോകാൻ വന്നതാണ്.' ആ സ്ത്രീ അവരെ സൂക്ഷിച്ചു നോക്കി. തീക്കനൽപോലെ തീക്ഷ്ണമായ അവരുടെ കണ്ണുകളിൽ എരിയുന്ന ഒരമ്മയുടെ വേപഥു ആ സ്ത്രീ കണ്ടു. അന്നു വൈകുന്നേരം ജീപ്പിലിട്ടു കൊണ്ടുവന്ന ഇളംപ്രായത്തിലുള്ള ഒരു പെൺകിടാവിനെ കിരാതന്മാർ മുകളിലേയ്ക്ക് വലിച്ചിഴച്ചു കൊണ്ടുപോകുന്നത് ആ സ്ത്രീ കണ്ടിരുന്നു. ഉമ്മ മാനസിയെ കൈപിടിച്ച് അകത്തേയ്ക്കു കൊണ്ടുപോയി. വിശാലമായ ഗോവണി കാണിച്ചുകൊടുത്തു. പരിസരത്തെങ്ങും ആരെയും കണ്ടില്ല. മാനസി ഓടി മുകളിൽ കയറി. വലിയ തളത്തിന്റെ ഒരു വശത്തെ മുറിയിൽ നിന്നും അവരുടെ കുഞ്ഞുമകളുടെ കരച്ചിൽ കേട്ടു. ഒപ്പം ചിന്നപ്പൊണ്ണെ ചിന്നപ്പൊണ്ണെ എന്ന റെഡ്ഢിയുടെ വിഡ്ഢിച്ചിരിയോടെയുള്ള വാക്കുകളും. മാനസി ചുറ്റും നോക്കി. ചുമരിൽ ഒരു വാൾ തൂക്കിയിരിക്കുന്നു. കൂടുതലൊന്നും ആലോചിക്കാൻ നിൽക്കാതെ വാളെടുത്ത് ചീറ്റുന്ന പുലിയെപ്പോലെ വാതിൽ ചവിട്ടിത്തുറന്നു അകത്തു കടന്നു. ഞെട്ടലോടെ നോക്കി നിൽക്കുന്ന റെഡ്ഢിയുടെ കൈയ്യിൽ നിന്ന് തന്റെ മകളെ അടർത്തിമാറ്റി അവർ ആ വാൾ റെഡ്ഢിയുടെ നെഞ്ചിൽ കുത്തിയിറക്കി. നിലത്തുവീണ് പിടയുന്ന അയാളെ വീണ്ടും വീണ്ടും കുത്തി വാൾ നിലത്തിട്ടു. അവർ മകളേയും പിടിച്ച് അടുക്കളവാതിൽ വഴി രക്ഷപെട്ടു. അവരുടെ വസ്ത്രത്തിലെ രക്തക്കറ ആ ഉമ്മ കണ്ടു. അവർ ശബ്ദിച്ചില്ല.

ലോപ്പസ് ഗേറ്റിൽ കാത്തുനിന്നിരുന്നു. അവർ അയാളുടെ കൈയ്യിൽ മാലതിയെ ഏല്പിച്ചു പറഞ്ഞു. 'ചേട്ടൻ ഇവളെ സ്വന്തം വീട്ടിലേയ്ക്ക് കൊണ്ടുപോകൂ. ഞാൻ പോലീസ് സ്റ്റേഷനിലേയ്ക്കാണ്.' 'മോൾ ആദ്യം വണ്ടിയിൽ കയറി. ഈ വേഷത്തിൽ ഇവിടെയെങ്ങും നിൽക്കണ്ട.' അയാൾ പറഞ്ഞു. ബംഗ്ലാവ് ഉണരുംമുമ്പെ അയാൾ അവിടെ നിന്നും വണ്ടിയെടുത്ത് പാഞ്ഞു.

മാലതി കരഞ്ഞുകൊണ്ടിരുന്നു. അവളെ കെട്ടിപ്പിടിച്ചിരുന്ന മാനസിയുടെ ഹൃദയം കരിങ്കല്ലായിരുന്നു. പോലീസ് സ്റ്റേഷന് മുമ്പിലെത്തിയപ്പോൾ മാനസി പറഞ്ഞു 'നിർത്തൂ'. 'വേണ്ട മോളെ', ലോപ്പസ് ശങ്കിച്ചു. 'വേണം.'മാനസി പറഞ്ഞു. അവർ അവിടെ ഇറങ്ങി നേരെ അകത്തേയ്ക്ക് നടന്നു. എസ്.ഐ. നോക്കിയപ്പോൾ രക്തത്തിൽ കുളിച്ച നിർവ്വികാരയായ ഒരു സ്ത്രീ കടന്നുവരുന്നു. അയാൾ സ്ഥലംമാറി വന്ന പുതിയ ആളായിരുന്നു. മാലതി ഉറച്ച ശബ്ദത്തിൽ ഉണ്ടായതെല്ലാം പറഞ്ഞു. കൂടാതെ തന്റെ ഭർത്താവിനെ ആറുമാസം മുമ്പ് കൊന്നത് റെഡ്ഢിയുടെ ആളുകളായിരുന്നുവെന്നും.

എസ്.ഐ. കുറച്ചുനേരം അവരെ നോക്കിയിരുന്നു. എ.എസ്.ഐ. എഫ്.ഐ.ആർ ഉണ്ടാക്കുവാനുള്ള തെരക്കിലായിരുന്നു. പോലീസുകാരെയെല്ലാം ഞെട്ടിച്ചുകൊണ്ട് എസ്.ഐ. പറഞ്ഞു. 'നിങ്ങൾ തിരിച്ചു വീട്ടിൽപോയി ആ സാരികത്തിച്ചുകളയൂ.' മാനസി നിർന്നിമേഷയായി നോക്കി. അവരുടെ കണ്ണിൽ കണ്ണീർ തുളുമ്പി. അവർ തൊഴുകൈയ്യോടെ പിൻവാങ്ങി. ഗേറ്റിൽ ലോപ്പസ് ചേട്ടൻ കാത്തുനിൽപ്പുണ്ടായിരുന്നു.



# വധുവരജാതകൈക്യം

ഡോ. കെ. ഹരിഹരൻ ഫോൺ : 9847313322

ഓരോ വ്യക്തിയും ഈ പ്രപഞ്ചത്തിൽ പിറവിയെടുക്കുന്നത് ചില കടമകൾ നിറവേറ്റപ്പെടാൻ വേണ്ടിയാണ്. പ്രധാനമായും നാലു കടമകൾ ആണ് നിറവേറ്റപ്പെടേണ്ടത്. അവയെ ഋണചതുഷ്ഠയം എന്ന് ആചാര്യന്മാർ വിശേഷിപ്പിക്കുന്നു. ഇവ നാലും നിറവേറ്റപ്പെടേണ്ടത് യഥാക്രമം ഋഷിമാരോടും , ദേവന്മാരോടും, പിതൃക്കളോടും ആണ്. ഋഷിമാർക്കുള്ള കടം ബ്രഹ്മചര്യം, വേദാദ്ധ്യയനം എന്നിവയിലൂടെ നിറവേറ്റപ്പെടും. ഓരോ വ്യക്തിയുടേയും ബാല്യവും കൗമാരവും ബ്രഹ്മചര്യത്തിലൂടെയും വിദ്യാഭ്യാസത്തിലൂടെയും നയിക്കപ്പെടണം എന്നർത്ഥം. ദേവന്മാർക്കുവേണ്ടിയുള്ള കടം യാഗാദികർമ്മങ്ങൾകൊണ്ട് നിറവേറ്റണം. അദ്ധ്യയനം കഴിഞ്ഞ് കർമ്മമണ്ഡലത്തിലേക്ക് പ്രവേശിക്കുന്ന ഓരോ വ്യക്തിയും അവനവന്റെ കർമ്മങ്ങൾ യഥോചിതം നിർവ്വഹിച്ച് ഈ കടം വീട്ടണം. മനുഷ്യരോടുള്ള കടം, ദയ, ഭക്തി, സ്നേഹബഹുമാനങ്ങളോടെ സമൂഹത്തിൽ സഹവർത്തിത്ത്വത്തോടെ ജീവിക്കു മ്പോൾ നിറവേറ്റപ്പെടുന്നതാണ്. നാലാമത്തെ കടം പിതൃക്കളോടുള്ളതാണ്. തിലഹവനാദികളി ലൂടെയാണ് അവ നിറവേറ്റപ്പെടേണ്ടത്. അതിനുള്ള കർതൃത്വം സന്താനങ്ങളിലാണ് നിലക്കൊള്ളുന്നത്. അയാൾ സഭാര്യനാകുന്നതോടെ സന്താനോല്പാദനത്തിന് അർഹനാകുന്നു. അതിലൂടെ വംശം നിലനിർത്തുവാനും പിതൃക്കളോടുള്ള കടപ്പാട് നിറവേറ്റാനും സാധിക്കുന്നു.

ജീവിതം സ്ത്രീക്കും പുരുഷനും തുല്യമാണ്. ജീവിത യാത്രയിൽ സുഖദു:ഖങ്ങൾ പങ്കിടാൻ പുരുഷനു സ്ത്രീയും, സ്ത്രീക്കു പുരുഷനും വിധിക്കപ്പെട്ടിരിക്കുന്നു. സ്ത്രീയില്ലാതെ പുരുഷൻ പൂർണ്ണനാകുകയില്ല. അതിന് അനുയോജ്യരായ സ്ത്രീപുരുഷന്മാർ ഒത്തുചേരണം. അനുയോജ്യരായ സ്ത്രീപുരുഷജോഡികളെ തിരഞ്ഞെടുക്കാൻ ജാതകമല്ലാതെ മറ്റൊന്നും ഈ പ്രപഞ്ചത്തിലില്ല. ജീവിതത്തിൽ സഹവർത്തിത്വം സമതുലിതമായി നിലനിറുത്തുവാൻ പോന്നവരാണോ സ്ത്രീപുരുഷന്മാർ എന്നറിയാൻ അവരുടെ ജാതകവുമായി സത്യജ്ഞാന പരായണരായ ദൈവജ്ഞരെ സമീപിച്ച് ഫലം അറിയണം. ഇരുജാതകങ്ങളും പരസ്പരം പൂരകങ്ങളാണെന്നു കണ്ടാൽ മാത്രമെ അവർ തമ്മിൽ വിവാഹിതരാവാൻ ദൈവജ്ഞർ വിധിക്കാവൂ.

ദാമ്പത്യോർ ജന്മ താരാഭൈരനുകൂല്യം പരസ്പരം

വിചിന്ത്യോപയമ : കാര്യസ്തൽ പ്രകാരോനിഗദ്യതേ:

വിവാഹത്തിനുമുമ്പ് വിവാഹം കഴിക്കാൻ പോകുന്ന കന്യാപുരുഷന്മാരുടെ ജന്മനക്ഷത്രം, കൂറ് ഇവ കൊണ്ട് ഇവർ തമ്മിലുള്ള പൊരുത്തം ഗുണകരമോ എന്ന് ഉറപ്പിക്കണം.

പൊരുത്തം എന്നാൽ ആനുകൂല്യം എന്നർത്ഥം.

സന്തുഷ്ടമായ കുടുംബജീവിതത്തിന് പൊരുത്തപരിശോധന അത്യന്താപേക്ഷിതമാണ്. ദാമ്പത്യജീവിതത്തിന്റെ ലക്ഷ്യം തന്നെ സന്താനസിദ്ധിയാണ്. സ്ത്രീപുരുഷ ശരീരധാതുക്കൾക്ക് സാമ്യതയില്ലെങ്കിൽ സന്താന വിഷയത്തിൽ ക്ലേശങ്ങൾ ഉണ്ടാകും. മനപ്രീതിയില്ലാത്ത ദാമ്പത്യവും ജീവിതത്തെ നരകതുല്യമാക്കും. ജാതകചേർച്ചയിലൂടെ ഈ കുഴപ്പങ്ങൾക്ക് പരിഹാരം കാണുവാനാണ് ഋഷീശ്വരന്മാർ നമ്മെ ഉപദേശിക്കുന്നത്. പൊരുത്തങ്ങളേക്കാൾ പ്രാധാന്യമർഹിക്കുന്ന ഒന്നാണ് മനപ്പൊരുത്തം അഥവാ സക്തി.

'യസ്യാം മന: സമാസക്തം

താമേവ വിവഹേൽ ബുധ :

സർവ്വാനുഗുണ ഭാഗേപി

മതോനുഗുണ താധീകം'

ഏതു സ്ത്രീയിലാണോ പുരുഷന് നിർവാജ്യമായ ആസക്തിയുള്ളത് ആ സ്ത്രീയേ തന്നെ അയാൾ വിവാഹം ചെയ്യേണ്ടതാണ്. ബാക്കി എല്ലാ പൊരുത്തങ്ങളേക്കാളും ഈ ആസക്തിക്ക് ശ്രേഷ്ഠത കൂടും എന്നാണ് ആചാര്യമതം.

പൊരുത്തങ്ങൾ ആഗൂഢമെന്നും ഗൂഢമെന്നും രണ്ടു വിധത്തിലുണ്ട്. ഇതിൽ ആഗൂഢം പന്ത്രണ്ട് വിധത്തിലും ഗൂഢം എട്ടു തരത്തിലും ആകുന്നു.

രാശിശ്വരാശ്യാധിപ വശ്യഗണാ : പ്രശസ്താ :

മാഹേന്ദ്ര യോനി ദിന മദ്ധ്യമരജ്ജുവേധ

സ്ത്രീദീർഘ വേധ ഗുണ വേധ ദശാന്ത്യകാലാ :

ഗൂഢേതരാ : ഖലുഭവന്തി ഗുണാ : വിവാഹേ

രാശി, രാശ്യാധിപൻ, വശ്യം, ഗണം, മാഹേന്ദ്രം, യോനി, ദീനം, മദ്ധ്യമരജ്ജു, വേധം, സ്ത്രീദീർഘം, ഗ്രഹസാമ്യം, ദശാസന്ധി ഇവ പന്ത്രണ്ടും വിവാഹവിഷയത്തിലെ പ്രധാന ആഗൂഢപ്പൊരുത്തങ്ങളാണ്. ഇവയാണ് പൊരുത്ത പരിശോധനയ്ക്ക് ദൈവജ്ഞർ വിധേയമാക്കുന്നത്.

രാശിപ്പൊരുത്തം : കന്യക ജനിച്ച കൂറിൽ നിന്നും രണ്ട്, മൂന്ന്, നാല്, അഞ്ച്, ആറ് കൂറുകളിൽ ജനിച്ച പുരുഷനെ വർജ്ജിക്കണം. ഏഴു മുതൽ പന്ത്രണ്ടു വരെ കൂറുകളിൽ ജനിച്ച പുരുഷനെ ഭർത്താവായി സ്വീകരിക്കാം. കന്യകയുടെ കൂറിൽ തന്നെ ഭിന്ന നക്ഷത്രത്തിൽ ജനിച്ച പുരുഷനേയും സ്വീകരിക്കാം. രാശിപൊരുത്തം ശാരീരിക ആനുകൂല്യമാണ് ചിന്തിക്കുന്നത്.

രാശ്യാധിപപ്പൊരുത്തം : സ്ത്രീയുടേയും പുരുഷന്റെയും ജന്മാധിപന്മാർ ഒന്നു തന്നെയായിരിക്കുന്നതും ആഗ്രഹങ്ങൾ തമ്മിൽ ബന്ധുക്കൾ ആയിരിക്കുന്നതും ഉത്തമമാണ്. സൂര്യന് വ്യാഴവും, ചന്ദ്രന് ബുധനും വ്യാഴവും, കുജന് ശുക്രനും ബുധനും, ബുധന് സൂര്യനൊഴികെ മറ്റു ഗ്രഹങ്ങളും വ്യാഴത്തിന് കുജൻ ഒഴിച്ചുള്ളവരും, ശുക്രന് ചന്ദ്രനും സൂര്യനും ഒഴിച്ച് മറ്റു ഗ്രഹങ്ങളും ശനിക്ക് കുജനും ചന്ദ്രനും സൂര്യനും ഒഴിച്ചുള്ള മറ്റു ഗ്രഹങ്ങളും ബന്ധുഗ്രഹങ്ങളാണ്. ഇത് സ്ത്രീപുരുഷന്മാരുടെ മാനസിക ഐക്യമാണ് ചിന്തിക്കുന്നത്.

വശ്യപ്പൊരുത്തം : മേടത്തിന് വൃശ്ചികവും ചിങ്ങവും, ഇടവത്തിന് കർക്കിടകവും തുലാമും, മിഥുനത്തിന് കന്നിയും, കർക്കിടകത്തിന് തുലാമും ധനുവും, ചിങ്ങത്തിന് തുലാമും , കന്നിക്ക് മിഥുനവും മീനവും, തുലാത്തിന് മകരവും കന്നിയും, വൃശ്ചികത്തിന് കർക്കിടകവും, ധനുവിന് മീനവും, മകരത്തിന് കുംഭവും മേടവും, കുംഭത്തിന് മേടവും, മീനത്തിന് മകരവും വശ്യരാശികളാകുന്നു. സ്ത്രീയുടെ കൂറ് പുരുഷജന്മരാശിയുടെ വശ്യരാശിയും പുരുഷന്റെ കൂറ് സ്ത്രീജന്മത്തിന്റെ വശ്യരാശിയും ആയിരിക്കുന്നത് ശുഭപ്രദമാണ്. വശ്യപ്പൊരുത്തം ദമ്പതിമാരുടെ പരസ്പര യോജിപ്പിനെയാണ് ചിന്തിക്കുന്നത്.

മഹേന്ദ്രപ്പൊരുത്തം : സ്ത്രീയുടെ ജന്മാനുജന്മ നക്ഷത്രങ്ങൾ മൂന്നിൽ നിന്നും നാല്, ഏഴ്, പത്ത് ഈ നക്ഷത്രത്തിൽ ജനിച്ച പുരുഷൻ ശുഭനാകുന്നു. മഹേന്ദ്രപ്പൊരുത്തമുണ്ടായാൽ ധനധാന്യാഭിവൃദ്ധിയും പലവിധ ശ്രേയസ്സും ഫലം. ഈ പൊരുത്തത്തിൽ പുരുഷന് സ്ത്രീയെ സംരക്ഷിക്കുവാനുള്ള കഴിവ് ചിന്തിക്കുന്നു.

ഗണപ്പൊരുത്തം : സ്ത്രീപുരുഷന്മാർ ഒരേ ഗണത്തിൽപ്പെട്ടവരാണെങ്കിൽ ശുഭപ്രദമാകുന്നു. ദേവഗണത്തിൽ ജനിച്ച പുരുഷന് മനുഷ്യഗണത്തിൽ ജനിച്ച സ്ത്രീ ശുഭപ്രദമാണ്. പുരുഷൻ അസുരഗണത്തിൽ ജനിച്ചതാണെങ്കിൽ മനുഷ്യഗണത്തിൽ ജനിച്ച സ്ത്രീയെ മദ്ധ്യമമായി എടുക്കാം. എന്നാൽ മനുഷ്യഗണത്തിൽ ജനിച്ച പുരുഷൻ ദേവഗണത്തിൽ ജനിച്ച സ്ത്രീയെ എടുക്കുന്നത് നിന്ദ്യമാണ്. മനുഷ്യഗണജാതനായ പുരുഷൻ അസുരഗണസ്ത്രീയെ വിവാഹം ചെയ്യുന്നത് അത്യന്തം ദോഷപ്രദമാകുന്നു.

പൂയം, പുണർതം, തിരുവോണം, അനിഴം, ചോതി, അശ്വതി, അത്തം, രേവതി, മകയിരം ഈ ഒമ്പത് നക്ഷത്രങ്ങൾ ദേവഗണങ്ങളാകുന്നു.

പൂരം, പൂരാടം, പൂരുരുട്ടാതി, ഭരണി, രോഹിണി, തിരുവാതിര, ഉത്രം, ഉത്രാടം, ഉത്രട്ടാതി, എന്നീ ഒമ്പത് നക്ഷത്രങ്ങൾ മാനുഷഗണങ്ങളാണ്. ബാക്കി വരുന്ന കാർത്തിക, ആയില്യം, മകം, ചിത്തിര, വിശാഖം, കേട്ട, മൂലം, അവിട്ടം, ചതയം എന്നീ നക്ഷത്രങ്ങൾ അസുരഗണങ്ങളുമാണ്.

ഗണപ്പൊരുത്തംകൊണ്ട് ദമ്പതിമാർ തമ്മിലുള്ള അഭിപ്രായ വ്യത്യാസങ്ങളാണ് ഉദ്ദേശിക്കുന്നത്.

യോനിപ്പൊരുത്തം : പുരുഷനക്ഷത്രത്തിൽ ജനിച്ച പുരുഷനും സ്ത്രീനക്ഷത്രത്തിൽ ജനിച്ച സ്ത്രീയും അന്യോന്യം ശുഭത്തെ ചെയ്യുന്നു. വിപരീതമായാൽ അശുഭകരമാണ്. രണ്ടാളും സ്ത്രീയോനിയാണെങ്കിൽ അവർ തമ്മിലുള്ള വിവാഹം മദ്ധ്യമമാകുന്നു. രണ്ടു പേരും പുരുഷനക്ഷത്രത്തിൽ ജനിച്ചവരാണെങ്കിൽ നിന്ദ്യവുമാണ്.

തൃക്കേട്ട മുതൽ അഞ്ചുനക്ഷത്രം അശ്വതി, ഭരണി, പൂയം, ആയില്യം, മകം, ഉത്രം, വിശാഖം, പൂരുരുട്ടാതി, ചോതി എന്നീ പതിന്നാല് നക്ഷത്രങ്ങൾ പുരുഷ നക്ഷത്രങ്ങളാണ്. ബാക്കി ഉള്ള നക്ഷത്രങ്ങളെല്ലാം സ്ത്രീനക്ഷത്രങ്ങളുമാണ്. യോനിപ്പൊരുത്തമുണ്ടെങ്കിൽ ലൈംഗികമായ സംതൃപ്തി കിട്ടും.

സ്ത്രീ ദീർഘപ്പൊരുത്തം : സ്ത്രീയുടെ നക്ഷത്രം മുതൽ പുരുഷന്റെ ജന്മനക്ഷത്രം വരെ എണ്ണിയാൽ പതിനഞ്ചിൽ അധികമുണ്ടങ്കിൽ അതാണ് സ്ത്രീദീർഘപ്പൊരുത്തം. സ്ത്രീദീർഘപ്പൊരുത്തമുണ്ടെങ്കിൽ ഭർതൃശുശ്രൂഷാദികളിൽ ഭാര്യയ്ക്ക് ശ്രദ്ധയുണ്ടാകും. മാത്രമല്ല ദമ്പതികൾക്ക് അനുരാഗവർദ്ധനയും ആയുർവർദ്ധനയും ഉണ്ടാകും എന്നാണ് ആചാരമതം.

ദിനപ്പൊരുത്തം : സ്ത്രീയുടെ ജന്മനക്ഷത്രത്തിൽ നിന്ന് മൂന്ന്, അഞ്ച്, ഏഴ് നക്ഷത്രങ്ങളിൽ ജനിച്ച പുരുഷൻ വർജ്ജ്യനാകുന്നു. ദിനപ്പൊരുത്തം കൊണ്ട് ഉദ്ദേശിക്കുന്നത് പരസ്പരമുള്ള വിട്ടു വീഴ്ചാമനോഭാവത്തെയാണ്.

മദ്ധ്യമരജ്ജു : അശ്വതി, ഭരണി, കാർത്തിക എന്നിങ്ങനെ മുമ്മൂന്ന് നക്ഷത്രങ്ങളെ വിരലുകളിൽ ക്രമമായും വിപരീതമായും എണ്ണുമ്പോൾ ഇരുവരുടേയും നാളു

കൾ ഒരു വിരലിൽ തന്നെ വരുമെങ്കിൽ രജ്ജുദോഷം ഭവിക്കുന്നു. സാധാരണയിൽ രണ്ടുപേരുടേയും നാളുകൾ നടുവിരലിൽ വരുന്ന നാളുകൾക്കാണ് രജ്ജുദോഷം പറയുക. അങ്ങനെയുള്ള നാളുകൾ തമ്മിൽ ചേർത്താൽ മരണവും ദമ്പതീകലഹവുമുണ്ടാകും.

ഭരണി, മകയിരം, പൂയം, പൂരം, ചിത്തിര, അനിഴം, പൂരാടം എന്നീ നാളുകൾ തമ്മിൽ രജ്ജുദോഷമുണ്ട്.

വേധദോഷം : അശ്വതിയും കേട്ടയും, ഭരണിയും അനിഴവും, തിരുവോണവും തിരുവാതിരയും, വിശാഖവും കാർത്തികയും, മൂലവും ആയില്യവും, ചോതിയും രോഹിണിയും, പൂയവും പൂരാടവും, മകവും രേവതിയും, പുണർതവും ഉത്രാടവും, അത്തവും ചതയവും, ഉത്രട്ടാതിയും പൂരവും പൂരുരുട്ടാതിയും ഉത്രവും, മകയിരവും ചിത്തിരയും അവിട്ടവും ഈ നക്ഷത്രങ്ങൾക്കു തമ്മിൽ അന്യോന്യം വേധമുണ്ട്. സ്ത്രീപുരുഷന്മാർ ഇരുവരും വേധനക്ഷത്രത്തിൽ പെട്ടതാണെങ്കിൽ വിവാഹം പാടില്ല.

ഗ്രഹസാമ്യം : പാപസാമ്യം ചിന്തിക്കുമ്പോൾ സ്ത്രീപുരുഷ ജാതകങ്ങളിൽ പാപഗ്രഹങ്ങളുടെ സ്ഥിതി ഒരുപോലെ ആയിരുന്നാൽ അവർ ഭർതൃപുത്രധനാദികളോടുകൂടി ദീർഘകാലം ജീവിക്കും. സന്താനയോഗമില്ലാത്ത ജാതകത്തിന് സന്താനയോഗമുള്ളതും കാരുണ്യവർത്തായ ജാതകത്തിന് നിർദ്ദയ ജാതകവും ദരിദ്രജാതകത്തിന് ധനവർദ്ധജാതകവും അരോഗജാതകത്തിന് രോഗജാതകവും വിദ്യാഹീന ജാതകത്തിന് വിദ്യത്വമുള്ള ജാതകവും പരസ്പരം ചേർക്കണം. എന്നാൽ മരണദോഷമുള്ള ജാതകത്തിന് മരണദോഷമുള്ള ജാതകം തന്നെ ചേർക്കണം.

സ്ത്രീ ഒരിക്കലും അവളുടെ ഭർത്താവ് മരിക്കുന്നത് കാണാൻ പാടില്ല. അങ്ങനെയുള്ള സ്ത്രീ പുരുഷ ജാതകങ്ങളാണ് ചേർക്കപ്പെടേണ്ടത്. അതാണ് പൊരുത്തം എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്. നേരെ മറിച്ചായാൽ അത് ദോഷജാതകങ്ങളാണ്. ഒരു ദോഷം വന്നാലും ഭർത്താവിന് മരണമുണ്ടാകും. കൂടുതൽ ദോഷങ്ങളുണ്ടായാലും ഭർത്താവ് മരിക്കും. അതുകൊണ്ട് ദോഷങ്ങൾ പല ആവർത്തി വന്നതുകൊണ്ട് ഫലം മറ്റൊന്നാകില്ല. ആഗ്നേയഗ്രഹങ്ങളായ രവി, കുജൻ, ശനി, രാഹു, കേതു എന്നിവരാണ് പാപത്വം സൃ,ഷ്ടിക്കുന്നത്. ഇതിൽ ഏറ്റവും കുറവ് പാപത്വം രാഹുവിനും പിന്നീട് കേതു, രവി, ശനി, കുജൻ എന്നിവർക്ക് ക്രമമായി പാപത്വം കൂടിയും വരും. ചൊവ്വയ്ക്ക് പാപത്വം മറ്റുള്ളവയെ അപേക്ഷിച്ച് കൂടുതൽ ഉള്ളതു കൊണ്ടാകണം ചില ജ്യോത്സന്മാർ ദോഷജാതകങ്ങളെ ചൊവ്വദോഷമായി കരുതുന്നത്. ഇന്ന് ചൊവ്വദോഷം ജാതകത്തിലെ ഒരു കീറാമുട്ടിയാണ്. പ്രത്യേകിച്ചും സ്ത്രീകളുടെ കാര്യത്തിലാണ് ഇതൊരു പ്രതിബന്ധമായി കൂടുതലും കാണുന്നത്. വളരെയധികം തെറ്റിദ്ധരിക്കപ്പെടുന്ന ഒന്നാണ് ചൊവ്വദോഷം. എന്നാൽ ഇങ്ങനെയൊരു ചൊവ്വദോഷത്തെ കുറിച്ചുള്ള പരാമർശം ജ്യോതിഷത്തിന്റെ മൂലഗ്രന്ഥങ്ങളിൽ പ്രതിപാദിക്കുന്നുണ്ട് എന്നു തോന്നുന്നില്ല. ശാസ്ത്രം ശരിക്കും പഠിച്ച് വിശകലനം ചെയ്യുന്ന ഒട്ടുമിക്ക ജ്യോത്സന്മാരും ചൊവ്വദോഷമെന്ന ഒരു പ്രത്യേകദോഷത്തെ പറ്റി പ്രതിപാദിക്കാറില്ല. ഇതിന്റെ പേരിൽ മംഗല്യം നിഷേധിക്കപ്പെട്ട യുവതികൾ നിരവധിയാണ്. ജാതകങ്ങൾ പൊതുവെ ശുദ്ധജാതകമെന്നും ദോഷജാതകമെന്നും രണ്ടു തരത്തിലേ ഉള്ളൂ.

## ഭർതൃനാശ ലക്ഷണങ്ങൾ

ആഗ്നേയൈർ വിധവതാസ്തരാശി സഹിതൈ :
മിശ്രൈ : പുനർഭൂഭവേൽ
ക്രൂരേ ഹിതബലേ, fസ്തഗേ സ്വപതിനാ
സൗമേക്ഷിതേ പ്രോത്ധിതാ
അന്യോന്യം അംശഗയോർ
സീതാ വതിജയോരന്യപ്രസക്താംഗനാ
ദ്യൂനേ വായതി ശീതരശ്മീ സഹിതേ
ഭർതൃസ്തദാനുജ്ജയാ

ആഗ്നേയഗ്രഹങ്ങളായ രവി, കുജൻ, മന്ദൻ, രാഹു, കേതു ഇവയിലൊന്ന് സ്ത്രീജാതകത്തിൽ ഏഴാം ഭാവത്തിൽ നിന്നാൽ വൈധവ്യയോഗവും, ഒരു ശുഭനും പാപനും മിശ്രമായി ഏഴിൽ നിന്നാൽ രണ്ടാമതു വേൾക്കുന്നവളായും ഭവിക്കും. ബലഹീനനായ പാപൻ ഏഴിൽ നില്ക്കുകയും ഒരു ശുഭൽ വീക്ഷിക്കപ്പെടുകയും ചെയ്താൽ ഭർത്താവിനാൽ ഉപേക്ഷിക്കപ്പെടും. അംശകനിലയിൽ ശുക്രന്റെ ക്ഷേത്രത്തിൽ ചൊവ്വയും ചൊവ്വക്ഷേത്രത്തിൽ ശുക്രനും നിന്നാൽ സ്ത്രീക്ക് അന്യപുരുഷനിൽ താല്പര്യമുണ്ടാകും. ചന്ദ്രനും ചൊവ്വയും ശുക്രനും കൂടി ഏഴിൽ നിന്നാൽ ഭർത്താവിന്റെ അനുമതിയോടെ വ്യഭിചരിക്കും.

ക്രൂരേ ഭഷ്ടമേ വിധവതാ
നിധനേശ്വരാം ശേ
യസ്യസ്ഥിതോ വയസ്സിതസ്യസമേപ്രദിഷ്ഠാ
സ്വയ മേവ തസ്യ:

എട്ടിൽ പാപഗ്രഹം നിന്നാൽ വൈധവ്യയോഗമുണ്ടാകും. അത് അഷ്ടമാധിപന്റെ അംശക നാഥനു പറഞ്ഞിട്ടുള്ള വയസ്സിൽ മരിക്കും. എന്നാൽ രണ്ടാം ഭാവത്തിൽ ഒരു ശുഭഗ്രഹം നിൽക്കുന്നുണ്ടെങ്കിൽ ഭർത്താവിനു മുമ്പ് ഭാര്യ മരിക്കും.

നവമേ ശുഭസംയുക്തേസ പാപേസ്തേഷ്ടമേപിവാ

പതി പുത്രയുതേ നാരീമോദതേനാത്ര സംഷയ:

സ്ത്രീ ജാതകത്തിൽ ഏഴിലോ എട്ടിലോ പാപൻ നില്ക്കുന്നുണ്ടെങ്കിലും ഒമ്പതിൽ ഒരു ശുഭൻ ഉണ്ടെങ്കിൽ അവൾ ഭർത്താവിനോടും സന്താനങ്ങളോടും

കൂടി ദീർഘകാലം വാഴും. എട്ടിലെ ദോഷം രണ്ടിലെ ശുഭനെകൊണ്ടും മാറുന്നതാണ്.

**ഭാര്യാനാശ ലക്ഷണങ്ങൾ:**

പാപ : പാപേക്ഷീതോ വാ, യദീബല രഹിത :
പാവവർഗ്ഗസ്ഥിതോ വാ,
പുത്രസ്ഥാനാധിപോ വാ, മൃതിഭവനപതി-
മ്മാന്ദീരാശീശ്വരോ വാ
നീചസ്ഥശ്ചാമരദ്ധ്യോ, മധുപഗതസിത:
പാപസംയുക്ത ശുക്ര:
കുര്യേസ്തേ ദാരനാശം മദനമുപഗതാ :
സൌമ്യയോഗേക്ഷണോനാ :
(ജാതകദേശം)

പാപദൃഷ്ടിയുള്ള പാപൻ അല്ലെങ്കിൽ ബലഹീനതയുള്ള പാപൻ, പാപവർഗ്ഗസ്ഥിതിയുള്ള പാപൻ,അഞ്ചാം ഭാവാധിപൻ, അഷ്ടമാധിപൻ, ഗുളികരാശ്യാധിപൻ വൃശ്ചികരാശിയിലോ പാപനോടുകൂടിയോ നില്ക്കുന്ന ശുക്രൻ. ഇതിലേതെങ്കിലും ഒരു ഗ്രഹം ഏഴാം ഭാവത്തിൽ ഉണ്ടായിരിക്കുകയും ആഗ്രഹത്തിന് ശുഭന്മാരുടെ യോഗമോ ദൃഷ്ടിയോ ഇല്ലാതിരിക്കുകയും ചെയ്താൽ ഭാര്യ മരിക്കുന്നതാകുന്നു.

ഉഗ്രഗ്രഹൈ : സിതചതുരശ്ര സംസ്ഥിതൈ
മധ്യ സ്ഥിതോ ഭൃഗുതനയോf ഥവോഗ്രയോ
സൗമ്യഗ്രഹൈരസഹിത സന്നിരീക്ഷിതേ
ജായാവധേ ദഹന നിപാതപാശജ
(ഹോര)

പുരുഷ ജാതകത്തിൽ ശുക്രൻ നില്ക്കുന്ന രാശിയുടെ നാലിലും എട്ടിലും പാപൻ വരികയും ശുക്രന് ശുഭഗ്രഹങ്ങളുടെ യോഗദൃഷ്ടിബന്ധങ്ങളുണ്ടാകാതിരിക്കുകയും ചെയ്താലും ശുക്രന് പാപന്തരസ്ഥിതി വന്നാലും ഭാര്യ യഥാക്രമം തീകൊണ്ടും വീഴ്ചകൊണ്ടും കയറുകൊണ്ടും മരണപ്പെടാം.

ശുക്രന് പാപാന്തരസ്ഥിതി രണ്ടു വിധത്തിൽ വരാം. ശുക്രൻ പാപഗ്രഹങ്ങളോടുകൂടി ഏകരാശി സ്ഥിതനായാലും ശുക്രന്റെ രണ്ടിലും പന്ത്രണ്ടിലും പാപഗ്രഹങ്ങൾ നിന്നാലും പാപാന്തര സ്ഥിതിയാണ്.

**ദാമ്പത്യ ലക്ഷ്യം :**

പ്രജനാർത്ഥം മഹാഭാഗാ : പൂജാർഹാഗൃഹദീപ്തയാ :

സ്ത്രീയാ : ശ്രീയശ്ചഷ്ഠന വ്ശേഷോസ്തി കശ്ചനാ :

എന്റെ കുലത്തിന്റെ ഭാവി നിലനില്പിനു വേണ്ട സന്താനസിദ്ധിക്കും അവരുടെ ശ്രേയസ്കരമായ വളർച്ചയ്ക്കു വേണ്ടവിധം ഗൃഹഭരണം നടത്താനും, ഗൃഹഐശ്വര്യത്തെ വളർത്തിയെടുക്കും വിധം മഹാലക്ഷ്മീസേവാപുരസ്സരം ഭർതൃസന്താനശുശ്രൂഷകളോടെ ആദരാന്വിതം ജീവിതം പുലർത്തിപ്പോരാനും വേണ്ടി സ്ത്രീപുരുഷൻ വേൾക്കുന്നു. അതുകൊണ്ടാണ് ഗൃഹങ്ങളിൽ സ്ത്രീയും ശ്രീയും ഒരുപോലെയെന്നു പറയുന്നത്.

ശുഭം

# വിശേഷ ദിവസങ്ങൾ

## 2019 മെയ് 17 മുതൽ ജൂൺ12 വരെ

| | | |
|---|---|---|
| മെയ് | 18 | ബുദ്ധപൂർണിമ, കൂർമ്മ ജയന്തി |
| | 25 | കൊട്ടിയൂർ മഹാദേവക്ഷേത്രം ഇളനീർ വയ്പ്പ് |
| ജൂൺ | 3 | ഗുരുവായൂർ വൈശാഖമാസാവസാനം |
| | 5 | ലോകപരിസ്ഥിതി ദിനം |
| | 12 | ശബരിമല പ്രതിഷ്ഠാദിനം |

# ഇ സി എഫ് ലേക്ക് സ്വാഗതം

55 വയസ്സ് കഴിഞ്ഞ കരയോഗം അംഗങ്ങൾക്ക് ഒത്തുകൂടി സന്തോഷപ്രദമായും, ഫലപ്രദമായും സമയം ചിലവഴിക്കുന്നതിന് കരയോഗം എൽഡർ സിറ്റിസൺ ഫോറത്തിന്റെ യോഗത്തിൽ പങ്കെടുക്കാവുന്നതാണ്. എല്ലാ വ്യാഴാഴ്ചയും 4 മണി മുതൽ 6 മണി വരെയാണ് മീറ്റിംഗ്. എല്ലാവരേയും ഹൃദയംഗമായി സ്വാഗതം ചെയ്യുന്നു.

കൺവീനർ

# മനസ്സിന്റെ വർണ്ണരാജി

പ്രൊഫ. അംബുജാക്ഷി.പി. ഫോൺ : 9447577652

മർത്ത്യൻ എന്ന മരണമുള്ള ജീവിയെ മാനവനാക്കുന്നത് ചിന്താശക്തിയാണ്. ചിന്തക്കും ആശയനിവേദനത്തിനും ഉതകുന്ന ഭാഷ രസാനുഭവത്തിന്റെ മാധ്യമമായിത്തീരുമ്പോൾ നാം ആനന്ദം അനുഭവിക്കുന്നു. മനോമണ്ഡലത്തെ ആകമാനം പ്രഭാവിതമാക്കുന്ന മാറ്റമാണ് അനുഭൂതി. ജീവിതത്തിലൊരിക്കലെങ്കിലും ഇത്തരമൊരനുഭൂതി അറിയാത്ത മനുഷ്യരില്ല. ഹൃദയത്തിൽ നിന്ന് ഹൃദയത്തിലേക്കു അനുഭൂതി പകരുന്നത് ലളിതമായ ഒരു പ്രക്രിയയല്ല. ആ രസാനുഭൂതിയുടെ പേലവവും ഉദാത്തവുമായ മേഖലകൾ ദൃശ്യാനുഭവങ്ങളിൽ നിറങ്ങളുമായി ഏറെ ബന്ധപ്പെട്ടുകിടക്കുന്നു. ഈ നിറങ്ങൾ നവരസങ്ങളുമായി എങ്ങനെ ബന്ധപ്പെട്ടു കിടക്കുന്നു എന്നു നോക്കാം.

### ശൃംഗാരം

പരപ്രഹ്ലാദകമായ രസമാണ് ശൃംഗാരം. ആരെയും വശീകരിക്കാൻ പോന്ന ആസ്വാദ്യതയുള്ള ശൃംഗാരത്തെ രസരാജൻ എന്നാണ് വിശേഷിപ്പിക്കുന്നത്. ഈ പ്രപഞ്ചത്തിന്റെ നിലനില്പിന് ആധാരമായ ശൃംഗാരത്തിന്റെ നിറം ഇരുണ്ട പച്ച (ശ്യാമം) യാണ്. മനസ്സിനെ ഹരിക്കുന്ന ഹരിത നിറത്തിനും സഹൃദയനെ ആകർഷിക്കുന്ന ശൃംഗാരത്തിനും സമാനതകൾ ഏറെയുണ്ട്. ധീരോദാത്ത നായകന്മാർക്ക് (കഥകളിയിൽ) പച്ച വേഷമാണ് വിധിച്ചിട്ടുള്ളത്. കാമം എന്ന പുരുഷാർഥത്തിന്റെ അധിഷ്ഠാന ദേവതയായ കാമദേവനാണ് ശൃംഗാരത്തിന്റെ ദേവത.

### ഹാസ്യം

ഏതൊരു രസത്തിന്റെയും ആഭാസരൂപം പൂർവാപര ചിന്തയോടിണങ്ങി പരന്നൊഴുകുമ്പോഴാണ് ഹാസ്യ രസം ജനിക്കുന്നത്. ദേശകാല പരിമിതികൾ ഇല്ലാതെ എല്ലാവരേയും ആകർഷിക്കുന്ന രസമാണിത്. ജീവിതത്തിലെ വൈരുദ്ധ്യങ്ങളെ സമർഥമായി ആവിഷ്കരിക്കുന്നതാണ് ഹാസ്യത്തിന്റെ ഉദാത്തത. ഇതിന്റെ നിറം സിതം (വെളുപ്പ്) ആണ്. പ്രായഭേദമന്യേ എല്ലാവരേയും ആകർഷിക്കുന്ന നിറവും സിതം – വെളുപ്പ് ആണല്ലോ. ആ സർവ്വസ്വീകാര്യതകൊണ്ടായിരിക്കും ഹാസ്യവും വെണ്മയും ഒത്തുചേർന്നത്. കൂടിയാട്ടത്തിൽ വിദൂഷകന്മാർ സർവാംഗം അരിമാവ് തേച്ച് അരങ്ങിൽ എത്തുന്നത് ഇവിടെ ഓർക്കേണ്ടതാണ്. കേളീതല്പരരായ ശിവഗണങ്ങളാണ് ഹാസ്യരസത്തിന്റെ ദേവതകൾ.

### രൗദ്രം

ക്രോധം സ്ഥായിയായ രസമാണ് രൗദ്രം. സ്വന്തം ഇഷ്ടങ്ങൾക്കെതിരായുള്ള അനുഭവങ്ങൾ ഉണ്ടാകുമ്പോൾ മനസ്സിൽ ആളിക്കത്തുന്ന ഒരു തീപിടിത്തമാണ് ഇത്. രൗദ്രത്തിന്റെ നിറം രക്തവർണ്ണമാണ്. രൗദ്രരസപ്രധാനമുള്ള കഥാപാത്രങ്ങൾക്ക് വിധിച്ചത് ചുവന്നതാടി വേഷമാണ്. ത്രൈലോക്യ സംഹാരമൂർത്തിയായ രുദ്രനാണ് രൗദ്ര ദേവത.

### കരുണം

പ്രിയപ്പെട്ടവരുടെ വിനാശമാണ് കരുണത്തിന് ആലംബനം. ഇതും പ്രഹ്ലാദനകരമായ രസം തന്നെ. പക്ഷെ, പിടക്കുന്ന മനസ്സോടെയല്ലാതെ ഈ രസം ആസ്വദിക്കാനാവില്ല. ഈ ദു:ഖസ്പർശം കൊണ്ടാവാം മറ്റു രസങ്ങളെ അപേക്ഷിച്ച് ഇതിന് പ്രാധാന്യം കുറവാണ്. കപോതവർണ്ണമാണ് ഇതിന്റെ നിറം. മനസ്സിന്റെ മങ്ങലായിരിക്കാം ഈ ചാരനിറം കൊണ്ട് ഉദ്ദേശിക്കുന്നത്. യമനാണ് ഈ രസത്തിന്റെ ദേവത.

### വീരം

വീരരസത്തിന്റെ സ്ഥായി ഉത്സാഹമാണ്. ശൂരത പ്രദർശിപ്പിക്കുന്ന വാക്കുകളും ചേഷ്ടകളുമാണ് വീരരസത്തിന്റെ പ്രത്യേകത. വീരത്തിന്റെ നിറം ഗൗരമാണ് മഞ്ഞകലർന്ന ചുവപ്പ്. മനസ്സിൽ ഉത്സാഹം വളർത്തുന്ന നിറമാണ് ഗൗരം. (ദേശീയപതാകയിലുള്ള കുങ്കുമനിറത്തിന്റെ പേരിൽ നമുക്ക് അഭിമാനിക്കാം.) ത്രിലോകാധിപതിയായ മഹേന്ദ്രനാണ് വീരദേവത.

### അത്ഭുതം

വിസ്മയത്തിന്നാധാരമായ രസമാണ് അത്ഭുതം. അതിവിശിഷ്ടവും അസാധാരണവുമായ കാര്യങ്ങൾ കാണുകയോ കേൾ

ക്കുകയോ ചെയ്യുമ്പോൾ സഹൃദയനുണ്ടാകുന്ന അനുഭൂതിയാണിത്. 'നഭൂത ഇതി അദ്ഭുത' : എന്നും അത് 'സ്യാഭാശ്ചര്യവാചക': എന്നുമൊക്കെ അത്ഭുത രസത്തിന്റെ വ്യാഖ്യാനരൂപം. മറ്റെല്ലാ രസങ്ങളേയും പാനം ചെയ്യുന്ന മാത്രമല്ല മനസ്സിനെത്തന്നെ പാനം ചെയ്യുന്ന എന്നർത്ഥമുള്ള പീത (മഞ്ഞ) നിറമാണ് ഇതിന്റെ നിറം. ഈ രസത്തിന്റെ ഹൃദയവശീകരണ ക്ഷമതകൊണ്ടായിരിക്കാം, ഈ അത്ഭുതപ്രപഞ്ചത്തിന്റെ സൃഷ്ടാവായ ബ്രഹ്മാവിനെത്തന്നെയാണ് അധിദേവതയായി കണക്കാക്കിയിട്ടുള്ളത്.

**ബീഭത്സം**

ജുഗുപ്സ, അല്ലെങ്കിൽ അറപ്പ് ആണ് ഈ രസത്തിന്റെ സ്ഥായി. ഇഷ്ടമല്ലാത്ത, അറപ്പുളവാക്കുന്ന കാര്യങ്ങൾ കാണുകയോ കേൾക്കുകയോ ചെയ്യുന്നതാണ് ബീഭത്സത്തിന്റെ വിഭാവം. നീലനിറം ചാർത്തിക്കൊടുത്തിട്ടുള്ള ഈ രസത്തിന്റെ ദേവത മഹാകാലൻ തന്നെയാണ്.

**ഭയാനകം**

ഭയം സ്ഥായിയായ രസമാണ് ഭയാനകം. ഭീകരജീവികൾ, ദൃശ്യങ്ങൾ, ശബ്ദങ്ങൾ, ഏകാന്തത, ഇരുട്ട്, വധം, ബന്ധനം എന്നിവയാണ് വിഭാവങ്ങൾ. ഇരുട്ടിന്റെ ഭയാനകമായ കറുത്ത നിറമാണ് ഭയാനകനിറം. കഥകളിൽ കരിവേഷത്തിലാണ് ഇത്തരം കഥാപാത്രങ്ങൾ പ്രത്യക്ഷപ്പെടുന്നത്. മരണദേവതയായ കാലനാണ് ഭയത്തിന്റെ ദേവത.

**ശാന്തം**

ശാന്തം നിർവ്വേദത്തിൽ നിന്ന് ജനിക്കുന്നു. പ്രപഞ്ചത്തിന്റെ നശ്വരതയും സത്യത്തിന്റെ അനശ്വരതയും മനസ്സിലാക്കിയ വിവേകിയുടെ വിഷയവിരക്തിയാണ് നിർവ്വേദം, ജ്ഞാനപ്രകാശം പോലെ സ്വച്ഛമാണ് ശാന്തത്തിന്റെ നിറം, തിളങ്ങുന്ന വെളുപ്പുതന്നെ. പരോപകാരനിരതനും ജ്ഞാനപ്രകാശിതനുമായ ഗൗതമബുദ്ധനാണ് ശാന്തദേവത.

ഭാരതീയ സൗന്ദര്യ ശാസ്ത്രത്തിന്റെ ഈ അനന്യസാധാരണമായ കണ്ടെത്തലുകൾ കാലഹരണപ്പെട്ടതാണെന്നു എഴുതിത്തള്ളുന്നവരുണ്ടാവാം. മനസ്സും രസവും അനുഭൂതിക്ക് തെളിച്ചം നല്കുന്ന വർണ്ണസങ്കല്പവും ഒക്കെ ഭാരതത്തിന്റെ പൈതൃക സ്വത്താണെന്ന് പാശ്ചാത്യർ പോലും അംഗീകരിച്ചിരിക്കുന്നു. ചതുർവേദങ്ങൾ കടഞ്ഞെടുത്ത നാട്യവേദത്തിന്റെ പേരിൽ നമുക്ക് അഭിമാനിക്കാം.

# ബലിക്കല്ലിൽ ചവിട്ടുമ്പോൾ



ജി. സുരേഷ്കുമാർ. ഫോൺ : 9447375367

ബലിക്കല്ലേൽ ചവിട്ടല്ലേ
കുരുന്നിലേ പഠിച്ചിട്ടും
അറിയാതെ ചിലപ്പോൾ നാം
ചവിട്ടാറുണ്ടവയ്ക്കു മേൽ...!

അബദ്ധത്തിൽ ചവിട്ടിയാൽ
അതുതൊട്ടു നെറുകയിൽ
തൊടുവാതെങ്ങാനുംപോയാൽ
അതു പിന്നെ കൊടുംപാപം

മനസ്സുകൊണ്ടുറച്ചാലും
പ്രദക്ഷിണ വഴികളിൽ
വിധിവശാൽ ഭവിച്ചിട്ടോ
ചവിട്ടിപ്പോന്നിടയ്ക്കിടെ...!

ബലിക്കല്ലിൽ ചവിട്ടുമ്പോൾ
സഹിക്കുന്നോ ശപിക്കുന്നോ
അതിന്നുള്ളിൽ കുടികൊള്ളും
അതിസൂക്ഷ്മ ശരീരികൾ...

ചിലപ്പോൾ നാം അറിയാതെ
ചവിട്ടിപ്പോയതിനാലേ
അവരാണോ പ്രതിബന്ധം
നിറപ്പതീ വഴിക്കെല്ലാം...?

ബലിക്കല്ലു കിടക്കുന്നു
നടക്കുന്ന വഴികളിൽ
തൊഴുന്ന ദേവി തൻമുമ്പിൽ
കുടുംബ സോപാനത്തിങ്കൽ

തിരക്കിലോ തിരിയാതോ
ഒരിക്കലെങ്കിലും ചെന്നു
ബലിക്കല്ലിൽ ചവിട്ടാതെ
നടന്നോരുമുണ്ടാവുമോ...?

(തുടർച്ച)

# ക്ഷേത്രവും തന്ത്രിയും

**ഏ.കെ. സന്തോഷ്**

ക്ഷേത്രങ്ങളിലെ പൂജാദി കർമ്മങ്ങൾ ശാസ്ത്രാനുസരണം നിശ്ചയിച്ചു നടത്തുകയോ നടത്തിക്കുകയോ ചെയ്യുന്നവരാണ് തന്ത്രിമാർ. പ്രാചീനകാലം മുതൽ തന്ത്രം കാരായ്മവകാശമായിരുന്നു. ദൈവികമായ കാര്യങ്ങളെക്കുറിച്ചു വിധി പറയുന്നതിനുള്ള അധികാരം തന്ത്രികളിലാണു നിക്ഷിപ്തമായിട്ടുള്ളത്. തന്ത്രികൾ ക്ഷേത്രത്തിലനുഷ്ഠിക്കുന്ന പ്രവൃത്തികളാണ് തന്ത്രം എന്ന പേരിലറിയപ്പെടുന്നത്. തന്ത്രി എന്ന സ്ഥാനം പവിത്രമാണ്. ദേവതയുടെ പിതൃസ്ഥാനീയനാണ് തന്ത്രി. തന്ത്രസമുച്ചയത്തിൽ ആദ്യ ആറു പടലങ്ങൾ ക്ഷേത്ര പ്രതിഷ്ഠയിലൂന്നിയതാണ്. അത്യന്തം സങ്കീർണ്ണമായ ക്ഷേത്രപ്രതിഷ്ഠയുടെ പരമപ്രധാന ഘടകം ആണ് തന്ത്രി. അനേകം ക്രിയകളിലൂടെ ക്ഷേത്രം സ്ഥാപിക്കുന്ന വ്യക്തി. ക്ഷേത്രമെന്ന ചിന്ത പ്രാവർത്തികമാവുമ്പോൾ മുതൽ തന്ത്രിയുടെ ഉത്തരവാദിത്വങ്ങൾ ആരംഭിക്കുന്നു. ആചാര്യവരണത്തോടെ ആണ് ക്ഷേത്രപ്രവർത്തനങ്ങൾ ആരംഭിക്കുന്നത്. ക്ഷേത്രം നിർമ്മിക്കാൻ പോകുന്ന ദേശത്തെ യജമാനസ്ഥാനത്തുള്ള വ്യക്തി ആചാര്യന്മാരായ തന്ത്രിയെയും പരികർമികളെയും ദേവതാഭാവേന പൂജിച്ചു നിവേദ്യവും താംബൂലവും സമർപ്പിച്ചു നമസ്കരിക്കുന്നു. ക്രിയകൾക്കായി വേണ്ട പവിത്ര മോതിരവും, തറ്റുടുക്കാനുള്ള വസ്ത്രവും, യജമാനോപവീതവും നൽകുന്നു. അടുത്തത് ഭൂപരിഗ്രഹം എന്ന ക്രിയയാണ്. ക്ഷേത്രത്തിന് ലക്ഷണയുക്തമായ ഭൂമി തിരഞ്ഞെടുത്ത ശേഷം, സ്ഥലശുദ്ധി ചെയ്ത് ക്ഷേത്രഭൂമി ഏറ്റു വാങ്ങി വാസ്തുശാസ്ത്രപ്രകാരം പ്രതിഷ്ഠാസ്ഥാനം നിശ്ചയിച്ച ശേഷം നിശ്ചിത മുഹൂർത്തത്തിൽ തന്ത്രി ഷഡാധാര പ്രതിഷ്ഠ നടത്തുന്നു. ക്ഷേത്രം ഷഡ്ചക്ര ശരീരപ്രതീകവും ദേവത ബ്രഹ്മചൈതന്യവും എന്ന സങ്കൽപ്പമാണല്ലോ. വാസ്തുബലി, വാസ്തുപൂജ, ഹോമം എന്നിവ ചെയ്ത് ആധാരശിലയാകുന്ന മൂലാധാര പ്രതീകവും അതിന്റെ മുകളിൽ സ്ഥാപിക്കുന്ന സ്വാധിഷ്ഠാന പ്രതീകമായ ധ്യാനപീഠവും, അതിനു മേൽ മണിപൂരകത്തെ പ്രതിനിധാനം ചെയ്യുന്ന നിധികുംഭവും, അതിനുമേൽ അനാഹതചക്രപ്രതീകമായ പത്മവും, പദ്മത്തിൽ ഹൃദയസ്ഥാനമായ പ്രാണശക്തിയും അതിനു മുകളിലായി വിശുദ്ധി ചക്രപ്രതീകമായ യോഗനാളത്തേയും പൂജിച്ചു പ്രതിഷ്ഠിച്ചു തന്ത്രി ഷഡാകാര പ്രതിഷ്ഠ നടത്തുന്നു.

അതിനുശേഷം ഇഷ്ടകാന്യാസം അഥവാ ഗർഭപാത്രസ്ഥാപനം, ശ്രീകോവിൽ ദേവന്റെ സ്ഥൂല ശരീര സങ്കല്പം ആണ്. ക്ഷേത്രപുരുഷ ശരീരത്തിന്റെ മാതൃത്വം വഹിക്കുന്നത് ഭൂമിദേവിയാണ്. വിഗ്രഹം എന്ന പുത്രനെ ക്ഷേത്ര ഭൂമി പ്രസവിക്കുന്നതാണ് സങ്കല്പം. അതിനായി ഗർഭപാത്രസ്ഥാപനം ഭൂമിയിൽ നടത്തുന്നു. താമ്രം കൊണ്ട് അടപ്പോടുകൂടി ഉണ്ടാക്കുന്ന ഗർഭപാത്ര രൂപം ഭൂത്വത്തെ സൂചിപ്പിക്കുന്നു. ശേഷം ഈ ഗർഭപാത്രത്തിൽ മൂലമന്ത്രം കൊണ്ട് ദേവനെ ആവാഹിച്ച് തൃമധുര നിവേദ്യത്തോടെ ഉള്ള പൂജ തന്ത്രി നടത്തുന്നു. ശേഷം തന്ത്രി അനുയോജ്യരായ ശില്പികളെ ക്ഷണിക്കുന്നു. അവരുടെ ആയുധങ്ങൾ വിധിപ്രകാരം പൂജിക്കുന്നു. വിഗ്രഹമായി തീരാനുള്ള ശില തിരഞ്ഞെടുക്കേണ്ടതും തന്ത്രിയുടെ ചുമതലയാണ്. ശിലാലക്ഷണങ്ങൾ തികഞ്ഞ ശിലയെ കണ്ടെത്തിയാൽ ദേഹശുദ്ധ്യാദികൾ ചെയ്തു പുറപ്പെടുന്നു. ശിലയെ അഭിവാദ്യം ചെയ്ത്, ശിലക്കു മുകളിൽ പത്മമിട്ട് ദേവതകളെയും പരിവാരങ്ങളെയും ആവാഹിച്ച ശേഷം പൂജിച്ചു ദിക്പാലബലികളും കൊടുത്ത് ദേവതാസാന്നിദ്ധ്യം കൊടുത്ത് , തന്ത്രി അന്നവിടെ ഉറങ്ങണം. സ്വപ്ന ദർശനത്തെ പ്രാർത്ഥിച്ച ശേഷം അതിനനുസൃതമായി ശിലാഖണ്ഡങ്ങളെ ശിൽപികൾ വെട്ടിമാറ്റുന്നു. ശേഷം വിഗ്രഹശിലയെ വാദ്യഘോഷങ്ങളോടെ പണിപ്പുരയിലേക്കു എഴുന്നള്ളിക്കുന്നു. ഇതിനെ ശിലാപരിഗ്രഹം എന്ന് പറയുന്നു. ഇത് കഴിഞ്ഞാൽ മുളയിടൽ എന്ന കർമ്മം ആണ്. ബിംബനിർമ്മാണം പൂർത്തിയായാൽ തന്ത്രി വിധിപ്രകാരം പരിഗ്രഹിച്ചു ശുദ്ധീകരിക്കുന്നു. സോമമണ്ഡലം നിർമ്മിച്ചാണ് ശുദ്ധീകരണം നടത്തുന്നത്. മുളയിടൽ എന്ന് വിളിക്കുന്ന ചടങ്ങിൽ മുളപ്പാളുകളിൽ മഹാവിഷ്ണുവിനേയും ബീജത്തിൽ സോമനെയും ആവാഹിച്ചു പൂജിക്കുന്നു. മുള എത്ര ദിവസം നിൽക്കുന്നുവോ അത്രയും നാൾ മൂന്നു പൂജയും രാത്രി ബലിയും തന്ത്രി നടത്തണം.

ഇത് പൂർത്തിയായാൽ അടുത്തത് ബിംബ പരിഗ്രഹം ആണ്. ശില്പി ശയ്യ വിരിച്ചു ബിംബത്തെ അതിൽ കിടത്തുന്നു. പൂജിച്ച

സ്വർണസൂച്യഗ്രം കൊണ്ട് തന്ത്രി വിഗ്രഹത്തിന്റെ കണ്ണ് കീറി ശില്പിയെ കൊണ്ട് നേത്ര ഉന്മീലനം നടത്തുന്നു. ശില്പിയിൽ നിന്നും ശില്പത്തെ ക്ഷേത്ര യജമാനൻ ഏറ്റു വാങ്ങി തന്ത്രിക്കു സമർപ്പിക്കുന്നു. ഏറ്റ് വാങ്ങിയ ബിംബം നെയ്യ്, തേൻ, മരത്തൊലികൾ, പുറ്റു മണ്ണ്, ചെറുപയർ, മഞ്ഞൾ മുതലായവ തേച്ച് വെള്ളം കൊണ്ടോ അഷ്ടഗന്ധജലം കൊണ്ടോ ബിംബശോധന തന്ത്രി ചെയ്യുന്നു. പിന്നീട് നടക്കുന്ന അക്ഷത ഹോമത്തിന്റെ സമ്പാതം ബിംബത്തിന്റെ പാദം മുതൽ ശിഖ വരെയുള്ള ഏഴു സ്ഥാനങ്ങളിൽ സ്പർശിക്കുന്നു. ഈ കർമ്മത്തെ ബിംബശോധന എന്ന് പറയുന്നു. അതിനുശേഷം കൗതുക ബന്ധനം നടത്തുന്നു. ഒരു പട്ടു വസ്ത്രത്തിൽ നന്നായി പൊതിഞ്ഞ കടുകും മുത്തും സ്വർണവും ചരടിൽ കെട്ടി തന്ത്രി ദേവന്റെ വലതു കയ്യിൽ കെട്ടുന്നു. സ്വർണം സൂര്യമണ്ഡലവും, കടുക് അഗ്നിമണ്ഡലവും, മുത്ത് സോമമണ്ഡലവും ആവുന്നു. ബിംബദേഹത്തിന്റെ പഞ്ചഭൗതിക ശുദ്ധി വരുത്തി കുണ്ഡലിനി ഉത്പാദനമാണ് ഈ ക്രിയ. കൗതുക ബന്ധനം നടത്തിയ ബിംബത്തെ തന്ത്രി ജലാധിവാസം നടത്തുന്നു. കുണ്ഡലിനി ഉത്പാദനശേഷം ജീവചൈതന്യം സമാധി അനുഭവിക്കുന്ന സങ്കൽപ്പം ആണ് ഇത്. ബിംബത്തെ ക്ഷേത്രക്കുളത്തിലേക്ക് വിളക്കും വാദ്യഘോഷങ്ങളോടും കൂടി എഴുന്നള്ളിക്കുന്നു. വരുണദേവനെ തന്ത്രി തീർത്ഥമായി ആവാഹിച്ചു പൂജിക്കുന്നു. ശേഷം ബിംബത്തെ അരയാൽ പലകമേൽ കിഴക്കു ശിരസായി കിടത്തി വെള്ളത്തിൽ താഴ്ത്തി ഉറപ്പിച്ചു എട്ടു ദിക്കുകളിലും ബന്ധനം ചെയ്തു രക്ഷിച്ചു വെക്കുന്നു. ഇത് മൂന്ന് ദിവസവും മൂന്നു രാത്രിയും തുടരും. ജലാധിവാസം കഴിഞ്ഞ ബിംബത്തെ fപ്രാസാദ ശുദ്ധിf ചെയ്യുകയാണ് അടുത്ത ഘട്ടം. പ്രാസാദം എന്നാൽ ശ്രീകോവിൽ ആകുന്നു. തന്ത്രി ബിംബത്തെ ദർഭ, ഗോമയ ജലം, കടുക്, പഞ്ചഗവ്യം, വികിരം എന്നിവ ഉപയോഗിച്ചു പ്രാസാദ ശുദ്ധി വരുത്തുന്നു. ദുഷ്ട ഭൂത രാക്ഷസാദികളെ നിഷ്കാസനം ചെയ്ത്, അഷ്ടഗന്ധജലം തളിച്ച് , ഗന്ധ പുഷ്പാക്ഷതം വിതറി , ധൂപദീപാദികൾ കാണിച്ച് പ്രാസാദ ശുദ്ധി പൂർത്തിയാക്കുന്നു. അടുത്ത പടി അസ്ത്രകലശ പൂജയാണ്. ദേവന്റെ അസ്ത്ര മന്ത്രം കൊണ്ട് കലശം പൂജിച്ച് വെയ്ക്കുന്നു. ഗർഭഗ്രഹത്തിൽ ദേവന്റെ മന്ത്രംകൊണ്ട് പൂജ ചെയ്തു അഗ്നിപ്രതീകമായ കടുക് മന്ത്രപുരസ്സരം വിതറുകയും, പഞ്ചഗവ്യം ജപിച്ചു തളിച്ച് ശുദ്ധീകരിക്കുകയും ചെയ്യുന്നു. അതിനുശേഷം അഗ്നികോണിൽ രക്ഷോഘ്നഹോമം നടത്തും. ഈ ശകോണിൽ നടത്തുന്ന വാസ്തു ഹോമം, വാസ്തു ബലി എന്നിവ നടത്തിയ ശേഷം തന്ത്രി ഗർഭഗൃഹത്തിന്റെ മധ്യത്തിൽ പ്രാസാദ മൂർത്തിയെ ആവാഹിച്ചു പൂജിച്ചിടത്തു കലശങ്ങൾ ആടുകയും വാസ്തുദേവനെ പ്രീതിപ്പെടുത്തി പുണ്യാഹം തളിക്കുകയും ചെയ്യുന്നു. ശേഷം ബിംബ ശുദ്ധി കലശം നടത്തുന്നു. ക്ഷേത്രത്തിന്റെ ഈശകോണിൽ പത്മങ്ങൾ വരച്ച് ബിംബ ശുദ്ധി കലശങ്ങൾ സ്ഥാപിച്ച ശേഷം തന്ത്രി ദേവതാഭാവേന ദ്രവ്യങ്ങൾ നിറയ്ക്കുന്നു. ഇവ ജലാധിവാസം കഴിഞ്ഞ ബിംബത്തിൽ ആടുന്നു. ശുദ്ധികലശം കഴിഞ്ഞ ബിംബത്തിന്റെ ധ്യാനാനിവാസത്തിനായി മണ്ഡപം ഉണ്ടാക്കി അതിനകത്തു തോരണങ്ങളും ധ്വജങ്ങളും പ്രതിഷ്ഠിച്ചു പൂർവാദി ദ്വാരത്തിൽ ദ്വാരകലശങ്ങളെ പൂജിച്ചു മണ്ഡപത്തെ തന്ത്രി പൂജിക്കുന്നു. ഇതിന് മണ്ഡപസംസ്കാരം എന്ന് പറയുന്നു. ഇതിനുശേഷം അഗ്നിജനനം നടത്തുന്നു. മണ്ഡപത്തിന്റെ കിഴക്കായി ശയ്യാ പൂജക്കുള്ള ശിരസ്ഥാനത്തിൽ ആചാര്യ കുണ്ഡമുണ്ടാക്കി അഗ്നിജനനം ചെയ്യുന്നു. കുണ്ഡത്തിൽ അഗ്നി പകരുന്നത് പ്രകൃതിയുടെ ഗർഭപാത്രത്തിൽ പരമ പുരുഷ ബീജം സ്ഥാപിക്കലാണ്. ഗർഭാദാന പ്രക്രിയയ്ക്ക് ശേഷം മറ്റു സംസ്കാരങ്ങൾ നടത്തി ദേവന്റെ മന്ത്രങ്ങളെ ഹോമിക്കുന്നു. ഹോമത്തിനുശേഷം ശയ്യാപൂജ ചെയ്യുന്നു. മണ്ഡപത്തിൽ ശയ്യ വിരിച്ചു ശയ്യാ പദ്മത്തിന്റെ തലയ്ക്കൽ നിദ്രകലശവും എട്ടു ദിക്കിലും വിദ്യേശ്വര കലശവും സ്ഥാപിക്കുന്നു. ശയ്യയുടെ ശിരോഭാഗത്തും, പാദാഗ്രത്തിലും, ഇടതും, വലത്തും കിരീടാഗ്ര ഭാഗത്തും പ്രതിഷ്ഠ കഴിഞ്ഞാൽ ഉപഹാര ദ്രവ്യങ്ങൾ വച്ച് പൂജിച്ചു അഷ്ടദിക്കുകളിലും ദേവന് വേണ്ട അഷ്ടമംഗല്യങ്ങൾ വെയ്ക്കുന്നു. പിന്നീട് തീർത്ഥസ്ഥാനത്തു പോയി ജലാധിവാസം ചെയ്ത ബിംബത്തെ പുറത്തെടുത്തു ഭദ്രാപീഠത്തിൽ നിർത്തി ശിരസ്സ് മുതൽ പാദം വരെ മുൻപ് സംഹരിച്ചതായ പഞ്ചഭൂതങ്ങളെയും പ്രാണായാമരൂപേണ സൃഷ്ടിച്ചു വെള്ളം കൊണ്ട് കഴുകി തന്ത്രി നേത്രോന്മീലനം ചെയ്യണം. ഇത് സമാധി കഴിഞ്ഞുള്ള കണ്ണ് തുറക്കലാണ്. നേത്രോന്മീലനം കഴിഞ്ഞ ബിംബത്തെ പശുവിനെ കാണിക്കുകയും മണ്ഡപത്തിനു പ്രദക്ഷിണമായി കൊണ്ട് വന്നു ശയ്യയിൽ പ്രതിഷ്ഠിക്കുന്നു. ഇതിന് ജലോദ്ധാരം എന്ന് പറയുന്നു. ശേഷം തന്ത്രിധ്യാനാനിവാസത്തിനായുള്ള ദേഹശുദ്ധിയിലേക്കു കടക്കുന്നു. വിധിപ്രകാരം കുളിച്ചു സന്ധ്യാവന്ദനം ചെയ്തു ഗുരുഗണപതി ധ്യാനം ചെയ്യുന്നു. പ്രാണായാമങ്ങളെ കൊണ്ട് നാഡീശുദ്ധി വരുത്തി മന്ത്രങ്ങൾകൊണ്ട് മൂലാധാരത്തിൽ നിന്നും ജീവാത്മാവിനെ ഉണർത്തി, പ്രിഥി മുതൽ പുരുഷൻ വരെയുള്ള 25 തത്ത്വങ്ങളെ സംഹരിച്ചു പരമാത്മാവിൽ സംഹരി

ച്ചു സ്ഥൂല ശരീരത്തെ വായുബീജം കൊണ്ട് ശോഷിപ്പിക്കുകയും അഗ്നിബീജം കൊണ്ട് സംഹരിക്കുകയും, അമൃതബീജംകൊണ്ട് അമൃത പ്ലാവനം ചെയ്യിക്കുകയും ചെയ്തു ലിപിന്യാസവും, മൂലമന്ത്രന്യാസവും ചെയ്തു ധ്യാനാനിവാസത്തിനു തയ്യാറാവുന്നു. ശയ്യയിൽ കിടത്തിയിരിക്കുന്ന ബിംബത്തിൽ അനന്തരം ധ്യാനാധിവാസം നടത്തുന്നു. പ്രാണായാമ പുരസ്സരം ഭൂതസൃഷ്ടി, ഭൂതസംഹാര ക്രിയകൾ നടത്തുന്നു. തന്ത്രി സ്വശരീരത്തിൽ ഇവ ചെയ്തു ബിംബാഹൃദയത്തെ ദർഭപുല്ലുകൊണ്ട് സ്പർശിക്കുമ്പോൾ മേല്പറഞ്ഞ ക്രിയകൾ ബിംബം സ്വയം ചെയ്യുന്നതായാണ് സങ്കല്പം. അതിനായുള്ള ബിംബവുമായി തന്റെ നാഡികൾ ബന്ധിപ്പിക്കുന്ന നാഡീ സന്ധാന ക്രിയ തന്ത്രി ചെയ്യുന്നു. ശേഷം ആചാര്യകുണ്ഡത്തിൽ ഹോമം ചെയ്തു സംമ്പാതം ബിംബത്തിൽ ചേർത്ത് ശിരസ്തത്വ ഹോമം പൂർത്തിയാക്കി , അധിവാസഹോമത്തിലേക്ക് കടക്കുന്നു. ശയ്യയുടെ എട്ടു ദിക്കിലും അഷ്ടകുണ്ഡങ്ങൾ ഉണ്ടാക്കി ശാന്തി ഹോമം തന്ത്രി നടത്തുന്നു. തന്റെ ശക്തി ബീജം കൊണ്ട് ആജ്യം ഹോമിച്ച സമ്പാതം പീഠത്തിലും പ്രണവം കൊണ്ട് ഹോമിച്ച സമ്പാതം നപുംസക ശിലയിലും സ്പർശിക്കുന്നു. മണ്ഡപത്തിന്റെ തെക്കേ ഭാഗത്തു കെട്ടുന്ന പശുവിന്റെ പാൽ കറന്നു, മന്ത്രോച്ചാരണത്തോടെ ആചാര്യകുണ്ഡത്തിൽ പാല്പായസം ഉണ്ടാക്കി നിവേദ്യവും, ബ്രാഹ്മണ ഭോജനവും, ബലിക്രിയയും ചെയ്യുന്നു. അതിനു ശേഷമാണ് മർമ്മ പ്രധാനമായ പ്രതിഷ്ഠ ചടങ്ങ്. സങ്കീർണമായ വിഗ്രഹ, നപുംസക ശിലാപ്രതിഷ്ഠയും, പീഠപ്രതിഷ്ഠയും, നടയടച്ചു ദിക്പാലക പരിവാര പ്രതിഷ്ഠയും അദ്ദേഹം നടത്തുന്നു. ധ്യാനാധിവാസത്തിലൂടെ സമാധിയിലുള്ള വിഗ്രഹത്തെ ജാഗ്രദാവസ്ഥയിൽ എത്തിച്ച് ആവാഹനാദി പ്രക്രിയകളിലൂടെ തന്ത്രി ബിംബത്തിനു ആത്മശക്തി കൊടുക്കുന്നു. നപുംസക ശിലയും പീഠവും കർമ്മങ്ങളാലും ഹോമങ്ങളാലും ശുദ്ധീകരിച്ചുമാണ് പ്രതിഷ്ഠിക്കുന്നത്. മുഹൂർത്തത്തിൽ ബിംബത്തെ പീഠത്തിനു മുകളിൽ വച്ച് പ്രകൃതി പുരുഷസംയോഗപ്രതീകമായി പ്രതിഷ്ഠിക്കുന്നു. പൂജിച്ചു വച്ചിരിക്കുന്ന കലശത്തിലെ തന്ത്രിയുടെ ചൈതന്യത്തെ കലശാഭിഷേകത്തിലൂടെ ബിംബത്തിൽ സംക്രമിപ്പിക്കുന്നു.

ഈ പ്രക്രിയ ഒരു ദീക്ഷ പ്രക്രിയയായി കാണാം. പ്രാസാദ പുരുഷന് തന്ത്രിയെന്ന ആചാര്യൻ ദീക്ഷ കൊടുക്കുന്നതായി, ഗുരുനാഥനായ തന്ത്രി ശിഷ്യനുള്ള സാധന ക്രമങ്ങൾ നിശ്ചയിക്കുന്നു. ക്ഷേത്ര മര്യാദകൾ ക്ഷേത്ര പുരുഷൻ ഗുരുവായ തന്ത്രിക്കു നല്കുന്ന വാഗ്ദാനങ്ങളാണ്. അവ പാലിക്കേണ്ടത് കർത്തവ്യവും, ഇല്ലെങ്കിൽ ചൈതന്യ ലോപം സുനിശ്ചിതം !.

ഇത്രയേറെ സങ്കീർണമായ അനുഷ്ഠാനങ്ങളും യാതനകളും, ധർമ്മ തന്ത്ര ശാസ്ത്ര ക്രിയകളും ആണ് ഒരു ക്ഷേത്രത്തെ രൂപപ്പെടുത്തുന്നത്. ഇതെല്ലാം പാലിച്ചു പ്രാണപ്രതിഷ്ഠ നടത്തുന്ന തന്ത്രിമാർക്കല്ലാതെ വേറെ ആർക്കാണ് ദേവന്റെ ക്ഷേത്രത്തിന്റെ കാര്യത്തിൽ പരമാധികാരവും പ്രാധാന്യവും ? (അവസാനിച്ചു)



## വിഘ്നേശ്വര ക്ഷേത്രത്തിൽ പ്രതിഷ്ഠാദിനം

**എറണാകുളം കരയോഗം വിഘ്നേശ്വരക്ഷേത്രത്തിലെ പ്രതിഷ്ഠാദിനം മെയ് മാസം 3-ാം തീയതി (വെള്ളിയാഴ്ച) നടത്തപ്പെടുന്നു. അന്നേ ദിവസം അഷ്ടദ്രവ്യ മഹാഗണപതി ഹോമവും എറണാകുളം ശിവക്ഷേത്രത്തിൽ ധാരയും (ആയിരത്തൊന്നുകുടം), കരിക്കഭിഷേകവും ഉണ്ടായിരിക്കുന്നതാണ്.**

**ജനറൽ സെക്രട്ടറി**

## പത്രാധിപക്കുറിപ്പ്

ഫെബ്രുവരി, മാർച്ച് ലക്കങ്ങളിൽ 'കുഞ്ഞുണ്ണിക്കവിത, ചെറിയ കവിയും വലിയ കവിതയും' എന്നീ ലേഖനങ്ങളിലെ വിഷയം ഒന്നു തന്നെ ആയി പ്രസിദ്ധീകരിക്കേണ്ടി വന്നതിലുള്ള സാങ്കേതിക തകരാറിന് ഖേദം പ്രകടിപ്പിച്ചു കൊള്ളുന്നു.

പത്രാധിപ സമിതി

*(തുടർച്ച)*

# കങ്കാരു (Kangaroo) ക്കളുടെ നാട്

പി.ജയരാമൻ. ഫോൺ : 9847102015

## കാലാവസ്ഥ

തെക്കൻ അർദ്ധഗോളത്തിൽ സ്ഥിതി ചെയ്യുന്നതിനാൽ ആസ്ട്രേലിയയിലെ കാലാവസ്ഥ യൂറോപ്പിലേയും അമേരിക്കയിലേയും കാലാവസ്ഥയുടെ നേരെ തിരിച്ചാണ്. ക്രിസ്തുമസ് അവിടെ വേനൽക്കാലത്താണ് ആഘോഷിക്കുന്നത്. ഡിസംബർ മുതൽ ഫെബ്രുവരി വരെ വേനൽക്കാലവും ജൂൺ മുതൽ ആഗസ്റ്റ് വരെ തണുപ്പുകാലവുമാണ്. തണുപ്പ് കാലത്ത് ഇവിടെ കടും തണുപ്പില്ല. ഉദാഹരണത്തിന് അതിശൈത്യമാസമായ ജനുവരിയിൽ സിഡ്നി നഗരത്തിലെ കുറഞ്ഞ താപനില 10 ഡിഗ്രി സെന്റിഗ്രേഡിൽ താഴാറില്ല. രാജ്യത്തിന്റെ വടക്കു ഭാഗങ്ങളിൽ ചൂട് കൂടുതലാണ്. വേനൽ കാലത്ത് സിഡ്നിയിലെ താപനില പലപ്പോഴും 40 ഡിഗ്രി സെന്റിഗ്രേഡിന് മുകളിലായിരിക്കും. മരുപ്രദേശത്ത് ചൂട് 50 ഡിഗ്രി കവിയും ശരാശരി മഴ വർഷത്തിൽ 1992 മില്ലി മീറ്റർ . മഴ കൂടുതൽ ലഭിക്കുന്നത് ജനുവരി മുതൽ മാർച്ച് വരെ.

## ജനസംഖ്യ

ആസ്ട്രേലിയയിലെ ജനസംഖ്യ വളരെ കുറവാണെന്ന് നേരത്തെ പ്രസ്താവിച്ചിട്ടുണ്ട്. ജനസംഖ്യയുടെ 80% ത്തിലധികം വെളുത്ത വംശജരാണ്. കൂടുതലും ഇംഗ്ലണ്ടിൽ നിന്നും വന്നവർ. സ്വർണ്ണ നിക്ഷേപം 1850 കളിൽ കണ്ടെത്തിയപ്പോൾ ഉണ്ടായ തള്ള് ഒതുക്കാൻ യൂറോപ്പിൽ നിന്നുള്ള വെള്ളക്കാരെ മാത്രമേ ആസ്ട്രേലിയയിലേക്കു കുടിയേറി പാർക്കാൻ അനുവദിച്ചിരുന്നുള്ളൂ. ഈ നിയന്ത്രണം 1970 കൾ വരെ തുടർന്നു. ഏഷ്യയിൽ നിന്നുള്ളവർ ഏതാണ്ട് 15% കാണും. അതിൽ ഭൂരിഭാഗം ചൈനക്കാരാണ്. വിയറ്റ്നാമിൽ നിന്നും, ഇൻഡ്യയിൽ നിന്നും മറ്റും ഉള്ളവരും ധാരാളമുണ്ട്. ആസ്ട്രേലിയയിലെ പ്രധാന നഗരങ്ങളിൽ ജനങ്ങൾ തിങ്ങി പാർക്കുന്നതു കാണാം. സിഡ്നിയിൽ 51 ലക്ഷം ആളുകൾ താമസിക്കുമ്പോൾ മെൽബണിലെ ജനസംഖ്യ 48 ലക്ഷമാണ്. ഈ രണ്ടു നഗരങ്ങളിലും കൂടി രാജ്യത്തെ ജനസംഖ്യയുടെ 40 ശതമാനം പേർ വസിക്കുന്നുണ്ട്.

## ഭരണ നിർവ്വഹണം

1900 ൽ ആസ്ട്രേലിയയിലെ 6 ബ്രിട്ടീഷ് കോളനികൾ ചേർന്ന് ഒരു രാജ്യം സ്ഥാപിക്കാൻ നിശ്ചയിച്ചു. ബ്രിട്ടീഷ് പാർലമെന്റ് അതിന് അനുവാദം നൽകി. 1901 ജനുവരി 1 ന് പുതിയ രാജ്യം നിലവിൽ വന്നു. മെൽബൺ താത്ക്കാലിക തലസ്ഥാന നഗരിയായി തിരഞ്ഞെടുത്തു. മെൽബണും സിഡ്നിയും തമ്മിലുള്ള പാരമ്പര്യമായുള്ള സ്പർദ്ധ മൂലം ഒരു പുതിയ തലസ്ഥാന നഗരം കാൻബറയിൽ പണിയാനും തീരുമാനിച്ചു.

ആസ്ട്രേലിയ ഇപ്പോഴും ഭരണഘടനയനുസരിച്ച് രാജാധിപത്യം പിൻതുടരുന്ന രാജ്യമാണ്. ഇംഗ്ലണ്ടിലെ രാജ്ഞിയാണ് രാജ്യത്തിന്റെ അദ്ധ്യക്ഷ (Head). ഗവർണർ ജനറൽ രാജ്ഞിയെ പ്രതിനിധാനം ചെയ്ത് ഭരണഘടനാനുസൃതമായി രാജ്യത്തിന്റെ തലവന്റെ ജോലി നിർവ്വഹിക്കുന്നു. ഗവൺമെന്റിന്റെ തലപ്പത്ത് ജനാധിപത്യമുറയിൽ തിരഞ്ഞെടുക്കപ്പെട്ട പ്രധാനമന്ത്രിയാണ് . അദ്ദേഹത്തിന്റെ കാലാവധി 3 വർഷമാണ്. ആസ്ട്രേലിയൻ പാർലമെന്റിന് രണ്ട് സഭകൾ ആണുള്ളത്. 76 പ്രതിനിധികളുള്ള (ഓരോ സംസ്ഥാനത്തിൽ നിന്നും 12 പേരും ടെറിറ്ററിയിൽ നിന്ന് രണ്ട് പേർ വീതവും) സെനറ്റും 150 മെമ്പർമാരുള്ള ജന പ്രതിനിധിസഭയും (House of representatives) ചേർന്നതാണത്. സെനറ്റർമാരുടെ കാലാവധി 6 വർഷവും, ജനപ്രതിനിധി സഭയുടേത് മൂന്നു വർഷവുമാണ്. സംസ്ഥാനങ്ങളിലും ഇതുപോലുള്ള ഭരണ സംവിധാനങ്ങളുണ്ട്. അവിടേയും സംസ്ഥാന തലവനായി ഗവർണറും, ഗവൺമെന്റിന്റെ തലപ്പത്ത് പ്രിമിയറുമാണ്. ആസ്ട്രേലിയയിലെ പ്രധാന രാഷ്ട്രീയ പാർട്ടികൾ: ലിബറൽ പാർട്ടി, നാഷണൽ പാർട്ടി, ലേബർ പാർട്ടി എന്നിവയാണ്. 2010 മുതൽ 2013 വരെ രാജ്യത്തെ ജൂലിയ ഗില്ലാർഡ് എന്ന വനിതാ പ്രധാനമന്ത്രി ഭരിച്ചിരുന്നു.

## സാമ്പത്തിക സ്ഥിതി

ജി.ഡി.പി (Gross Domestic Product) യിൽ ആസ്ട്രേലിയക്ക് ലോകത്തെ 19 ാമത്തെ പദവിയുണ്ട്. പ്രതിശീർഷ വരുമാനം US $ 53,800/ ഒരമേരിക്കൻ ഡോളറിന് 1.25 ആസ്ട്രേലിയൻ ഡോളർ വില വരും ; ഒരു ആസ്ട്രേലിയൻ ഡോളർ ഏതാണ്ട് 51 ഇൻഡ്യൻ രൂപയും. രാജ്യത്തിന്റെ പ്രധാന വ്യാപാര

പങ്കാളികൾ ചൈന, ജപ്പാൻ, അമേരിക്ക, ഇംഗ്ലണ്ട്, ദക്ഷിണ കൊറിയ എന്നിവയാണ്.

## ഉയർന്ന വിദ്യാഭ്യാസം

ഇംഗ്ലീഷ് സംസാരിക്കുന്ന രാജ്യങ്ങളിൽ ഉയർന്ന വിദ്യാഭ്യാസ സൗകര്യങ്ങളുള്ള മൂന്നാമത്തെ ഏറ്റവും ജനസമ്മതിയുള്ള രാജ്യമാണ് ആസ്ട്രേലിയ, അമേരിക്കക്കും, ഇംഗ്ലണ്ടിനും തൊട്ടു പുറകിൽ. ഞങ്ങൾ താമസിച്ചിരുന്ന ഹോട്ടലുകളിലും മറ്റും ധാരാളം മലയാളി വിദ്യാർത്ഥികൾ ഭാഗിക ജോലിക്കാരായി പ്രവർത്തിക്കുന്നുണ്ടായിരുന്നു. എഞ്ചിനീയറിങ്ങിലും, ശാസ്ത്ര വിഷയങ്ങളിലും ബിരുദാനന്തര ബിരുദം നേടുന്നതിനായി പഠിക്കുന്നവരായിരുന്നു അവർ. 2017 ൽ ഏതാണ്ട് 8 ലക്ഷം അന്താരാഷ്ട്ര വിദ്യാർത്ഥികൾ ആസ്ട്രേലിയയിൽ ഉപരിപഠനത്തിനായി രജിസ്റ്റർ ചെയ്തിരുന്നു.

## മതങ്ങൾ

2016 ലെ സെൻസസ് പ്രകാരം ആസ്ട്രേലിയയിൽ 52.1% ക്രിസ്ത്യാനികൾ ഉണ്ടായിരുന്നു. അവരിലും കൂടുതലും (22.6%) കത്തോലിക്കാ വിഭാഗക്കാരും. 8.2% ബുദ്ധമതം, ഇസ്ലാം, ഹിന്ദുമതം എന്നിവയിൽ വിശ്വസിക്കുന്നവരാണ്. 30.1 % ഒരു മതത്തിലും വിശ്വസിക്കാത്തവരായി പ്രഖ്യാപിച്ചിട്ടുണ്ട്. രാജ്യത്ത് ഒരു ഔദ്യോഗിക മതവുമില്ല ; ജനങ്ങൾക്ക് ഇഷ്ടമുള്ള മതത്തിൽ വിശ്വസിക്കാനും, ഒരു മതത്തിലും വിശ്വസിക്കാതിരിക്കാനും സ്വാതന്ത്ര്യമുണ്ട്. രാജ്യത്തെ നിയമങ്ങൾ ലംഘിക്കരുതെന്നു മാത്രം.

## കായിക വിനോദങ്ങൾ

ഫുട്ബോൾ, ക്രിക്കറ്റ്, ടെന്നീസ്, ബാസ്ക്കറ്റ് ബോൾ, തുടങ്ങിയവ ജനപ്രീതിയാർജിച്ച കളികളാണ്. ജനസംഖ്യയനുസരിച്ച് കണക്കാക്കിയാൽ ഒളിംപിക് മത്സരങ്ങളിൽ ആസ്ട്രേലിയയുടെ പ്രകടനം മറ്റേതു രാജ്യങ്ങളെക്കാളും മികവുറ്റതാണ്. ക്രിക്കറ്റ് ആസ്ട്രേലിയക്കാർ വളരെ അധികം ഇഷ്ടപ്പെടുന്ന ഒരു കളിയാണ്. ഡോൺ ബ്രാഡ്മാൻ ലോകത്തിലെ എക്കാലത്തേയും മികച്ച ക്രിക്കറ്റ് കളിക്കാരനായിരുന്നു. അദ്ദേഹം തന്റെ ജീവിതകാലത്ത് 28,067 റണ്ണുകൾ നേടിയിട്ടുണ്ട്. ശരാശരി 95.14 റണ്ണുകൾ. 37 ഇരട്ട സെഞ്ചറികളും. 117 സെഞ്ചറികളും. നേടിയ ബ്രാൻഡ്മാൻ 6 ഇന്നിങ്സിൽ ഓരോന്നിലും 300 ലധികം റണ്ണുകൾ നേടിയിട്ടുണ്ട്. മെൽബൺ ക്രിക്കറ്റ് ഗ്രൗണ്ടിൽ ഞങ്ങൾ പോയപ്പോൾ ബ്രാൻഡ്മാൻ നമ്മുടെ സച്ചിൻ ടെൺണ്ടുൽക്കറിന്റെ ക്രിക്കറ്റ്ബാറ്റ് ഓട്ടോഗ്രാഫ് ചെയ്തു കൊടുക്കുന്നതിന്റെ ഒരു വലിയ ഫോട്ടോ അവിടെ പ്രദർശിപ്പിച്ചിരുന്നത് കാണാൻ കഴിഞ്ഞു. സച്ചിൻ അന്ന് വളർന്നു വരുന്ന ഒരു ക്രിക്കറ്റ് കളിക്കാരനായിരുന്നു. അതുപോലെ പല ഗ്രാന്റ്സ്ലാം മാച്ചുകളും വിജയിച്ച് 1950 –60 കളിലെ ടെന്നീസ് ഇതിഹാസമായിരുന്നു. റോഡ് ലേവർ.

## ആസ്ട്രലിയക്കാർ

ലോകത്തിലെ ഏറ്റവും പ്രമുഖ ചൂതാട്ടക്കാരായി ആസ്ട്രേലിയക്കാർ അറിയപ്പെടുന്നു. ലോക ജനസംഖ്യയുടെ 0.5% മാത്രമേ ഉള്ളൂവെങ്കിലും ചൂതുകളിക്കാൻ ലോകത്ത് ഉപയോഗിക്കുന്ന Slot Machine കളുടെ 20% ആസ്ട്രേലിയയിലാണ്. അവർ ഒരു വർഷം 11 ബില്ല്യൻ ആസ്ട്രേലിയൻ ഡോളർ (A$) ചൂതുകളിക്കാൻ ചിലവഴിക്കുന്നു. ഒരാൾ ഏതാണ്ട് A$ 2000.

ആസ്ട്രേലിയക്കാരുടെ ഒരു പ്രത്യേകതയായി കണക്കാക്കുന്നത് അവരുടെ കുറ്റമല്ലാത്ത കാര്യങ്ങൾക്ക് പോലും അവർ മാപ്പു പറയുന്നതാണ്.

## ആസ്ട്രേലിയയിലെ പ്രധാന വിനോദ സഞ്ചാരകേന്ദ്രങ്ങൾ:

ഞങ്ങൾ ആസ്ട്രേലിയയിലെ നാല് നഗരങ്ങൾ (മെൽബൺ, ഗോൾഡ് കോസ്റ്റ്, കെയിൻസ്, സിഡ്നി) സന്ദർശിച്ചു. ഞങ്ങളുടെ ഗ്രൂപ്പിൽ മൊത്തം 29 പേർ ഉണ്ടായിരുന്നു. ആ നഗരങ്ങളിലെ ഏറ്റവും പ്രധാനപ്പെട്ട ചില കാഴ്ചകൾ മാത്രം ചുരുക്കി ഇവിടെ വിവരിക്കാം.

എല്ലാ നഗരങ്ങളിലും പല പാർക്കുകൾ, പള്ളികൾ , ചരിത്രപ്രസിദ്ധങ്ങളായ കെട്ടിടങ്ങൾ, നഗരങ്ങളുടെ വിഹഗ വീക്ഷണത്തിനായി സ്ഥാപിച്ചിരിക്കുന്ന ടവറുകൾ, പല തരത്തിലുള്ള മ്യൂസിയങ്ങൾ കടൽത്തീരത്തുള്ള സ്ഥലങ്ങളിൽ ബീച്ചുകൾ, ഉദ്യാനങ്ങൾ, മുതലായവ കാണാം. അവയെക്കുറിച്ച് പ്രത്യേകിച്ച് ഇവിടെ പ്രതിപാദിക്കുന്നില്ല.

വിക്റ്റോറിയ സംസ്ഥാനത്ത് മെൽബണിൽ നിന്ന് 250 കി. മീറ്റർ ദൂരെയുള്ള Post Campbell National Park ൽ ഉള്ള പ്രസിദ്ധമായ കാഴ്ചയാണ് 12 എപോസ്ൽകൾ (ഇപ്പോൾ 9 എണ്ണമേയുള്ളൂ) എന്നു വിളിക്കുന്ന കടലിൽ ഉയർന്ന് നിൽക്കുന്ന കുമ്മായ കൽസ്തൂപങ്ങൾ ഒരു ഭാഗത്ത് കടൽ കാണാവുന്ന Great Ocean Road ൽ കൂടി രണ്ടര മണിക്കൂർ നീണ്ട യാത്ര നയനാനന്ദകരമായ ഒരനുഭവമായിരുന്നു. പോകുന്ന വഴിക്ക് പല ബീച്ചുകളും മലകളും, മറ്റും കാണാം. കൂടാതെ വന്യജീവികളായ കങ്കാരുക്കളേയും. ഫർസിൽ, എമു എന്നിവയേയും കാണാം.

കെയിൻസിൽ കണ്ടതാണ് Great Barrier Reef ലോകത്തിലെ ഏറ്റവും വലിയ സജീവ വസ്തുവെന്ന് വിളിക്കുന്ന ഏതാണ്ട് 3 ലക്ഷം കി.മീറ്റർ പരന്നു കിടക്കുന്ന പവിഴ പാറകൾ . ഇവയെ

ശൂന്യാകാശത്തു നിന്നുകൂടി കാണാമത്രെ. താഴെ ചില്ലു പതിച്ച ബോട്ടിലും, പാതി അന്തർവാഹിനിയിലും അരമണിക്കൂർ വീതം കടലിൽ സഞ്ചരിച്ച് കണ്ട കടലിനടിയിലുള്ള ഈ പവിഴപുറ്റുകളുടെ കാഴ്ച മറക്കാനാവാത്ത ഒരനുഭവമായിരുന്നു. വെള്ളത്തിൽ വസിക്കുന്ന പല തരം മീനുകളേയും, മറ്റ് ജലജീവികളേയും (സ്രാവുകൾ ഉൾപ്പടെ) അവിടെ കാണാം. ബോട്ടിൽ യാത്ര ചെയ്ത് Green Island ൽ ചെന്ന് അവിടെ നിന്നാണ് Reef കാണാൻ പുറപ്പെട്ടത്. Green Island ലെ പല ബീച്ചുകളിൽ നീന്താനുള്ള സൗകര്യങ്ങളുണ്ട്.

സിഡ്നിയിലെ ഓപ്പറ ഹൗസ് (Opera House) കാണേണ്ട കാഴ്ചയാണ്. 1500 പേർക്കിരിക്കാവുന്ന ഹാൾ കൂടാതെ തിയേറ്ററുകളും, നിരവധി ബാറുകളും, റസ്റ്റോറന്റുകളും അതിനുള്ളിലുണ്ട്. ഈ കെട്ടിടത്തിന് ചലിക്കുന്ന കപ്പലിന്റെ ആകൃതിയാണെന്നു പറയപ്പെടുന്നു. സൗന്ദര്യവും ആകർഷണവും ഏറെ ഈ കെട്ടിടത്തിനുണ്ടെങ്കിലും, അവക്കുപരിയായി ഇതിനെ ഒരു ഐക്കൺ (Icon) ആയി സിഡ്നി നിവാസികൾ കണക്കാക്കുന്നു.

ഓപ്പറ ഹൗസിന്റെ അടുത്തുള്ള, 1932 ൽ പണികഴിച്ച ഹാർബർ ബ്രിഡ്ജ് സിഡ്നിയിലെ മറ്റൊരു പ്രമുഖ ആകർഷണമാണ്. കടലിന്റെ 132 മീറ്റർ മുകളിൽ പാലത്തിന് ഒരു കമാനം (Arch) പണിതിട്ടുണ്ട്. അതിന്റെ തൂക്കം 30,000 ടൺ ആണത്രെ. കമാനത്തിന്റെ താഴെ കൂടി 10 നിലകളുള്ള ഒരു കെട്ടിടം കടത്താമെന്നു പറയപ്പെടുന്നു. കൂടാതെ സാഹസികർക്ക് ആർച്ചിന്റെ മുകളിൽ കയറുവാനും കഴിയും.

ഞങ്ങൾക്ക് കാണാൻ കഴിയാഞ്ഞ ഉളുരു (Uluru) എന്നറിയപ്പെടുന്ന ഒരു ചുമന്ന വലിയ ശിലാസ്തംഭത്തെ പറ്റി പറയാതെ വയ്യ. ആസ്ത്രേലിയയിലെ ഏറ്റവും പ്രമുഖ കാഴ്ചയായി ഇതിനെ വിലയിരുത്തപ്പെടുന്നു. ഈ സ്ഥലത്തെത്താൻ യുളാര (Yulara) യിലേക്കു വിമാനത്തിൽ യാത്ര ചെയ്ത് അവിടെ നിന്ന് 3 മണിക്കൂർ റോഡിൽ സഞ്ചരിക്കണം. വടക്കൻ ടെറിറ്ററിയിലെ ഉളുരു കാട്ട നാഷണൽ പാർക്കിൽ (Yuluru kota National Park) ഇത് സ്ഥിതി ചെയ്യുന്നു. 1150 അടി ഉയരവും ഒന്നര മൈൽ നീളവും, അഞ്ചര മൈൽ ചുറ്റളവുമുള്ള ഒരു വലിയ പാറ അതിരില്ലാത്ത ശൂന്യത (Groundless) യിൽ ഉയർന്നു നിലകൊള്ളുന്ന കാഴ്ച കാണേണ്ടത് തന്നെയാണെന്ന് കണ്ടവർ സാക്ഷ്യപ്പെടുത്തുന്നു. സൂര്യപ്രകാശത്തിന്റെ തീഷ്ണത അനുസരിച്ച് ഈ പാറ പല നിറങ്ങൾ നീല, ചുവപ്പ് ,വൈലറ്റ്, ചുട്ട കളിമൺ നിറം (Terra cota) - സ്വീകരിക്കുന്നു. ആദിവാസികളിൽപ്പെട്ട അനംഗു എന്ന വർഗ്ഗക്കാരാണ് ഈ പാറയെ സംരക്ഷിക്കുന്നത്. ഇതിന് തെക്കൻ ആസ്ട്രേലിയൻ ഗവർണറുടെ ബഹുമാനാർത്ഥം അയേഴ്സ് പാറ (Ayers Rock) എന്നു പേരുണ്ടെങ്കിലും ആദിവാസികൾ കൊടുത്ത ഉളുരു എന്ന പേരാണ് കൂടുതൽ അറിയപ്പെടുന്നത്. അവർ ഈ പാറയെ ഒരു പുണ്യവിഗ്രഹമായി കരുതുന്നു.

## അവിസ്മരണീയ അനുഭവങ്ങൾ

ആസ്ട്രേലിയയിലെ ഞങ്ങളുടെ ചില അവിസ്മരണീയ അനുഭവങ്ങൾ ഇവിടെ പ്രസ്താവിക്കാൻ ഉദ്ദേശിക്കുന്നു.

**(a) ഗോൾഡ്കോസ്റ്റിൽ Sky world** കാണാൻ പോയിരുന്നു. അവിടെ 15 മിനിറ്റ് നീണ്ട ഒരു് ഹെലി കോപ്റ്റർ യാത്ര നടത്തി. ഒരു ട്രിപ്പിൽ പൈലറ്റിനെ കൂടാതെ ഞങ്ങൾ നാലുപേർ ഉണ്ടായിരുന്നു. കടലിന്റേയും ഗോൾഡ് കോസ്റ്റ് പട്ടണത്തിന്റേയും മുകളിൽ കൂടിയായിരുന്നു യാത്ര. ഞങ്ങളുടെ ആദ്യത്തെ ഹെലികോപ്റ്റർ യാത്ര.

**(b) ബലൂൺ യാത്ര ;** ഏതാണ്ട് ഒരു മണിക്കൂർ നീണ്ട ഈ യാത്ര കെയിൻസിൽ വെച്ചായിരുന്നു. പ്രൊപെയിൻ കത്തിച്ച് ബലൂൺ വീർപ്പിക്കുന്നു. താഴെ 20 പേർക്ക് നിൽക്കാവുന്ന ഒരു വലിയ കൊട്ട തൂക്കിയിട്ടിരുന്നു. ബലൂൺ വീർക്കുന്നതനുസരിച്ച് അതും, കൊട്ടയും മേലോട്ടുപൊങ്ങുന്നു.ഏതാണ്ട് 5000 അടി വരെ ഉയരത്തിൽ പൊങ്ങാം. നിശ്ശബ്ദതയും ഗ്യാസ് ബർണേഴ്സ് ഇടക്കുണ്ടാക്കുന്ന ശബ്ദമൊഴികെ, തീരെ ചലനമില്ലായ്മയും, മുകളിൽ നിന്നുള്ള കാഴ്ചയും ഈ യാത്രയുടെ പ്രത്യേകതകളാണ് . മുകളിലേക്കും താഴേക്കുമുള്ള യാത്ര തീജ്വാല നിയന്ത്രിച്ച് നടത്താമെങ്കിലും ഭൂമിയിലേക്കുള്ള തിരിച്ചുവരവ് പൈലറ്റിന്റെ പ്രാപ്തിയും, കാറ്റിന്റെ ഗതിയും അനുസരിച്ചായിരിക്കും. ഇൻഡ്യക്കാരനായ പൈലറ്റിന് നേരത്തെ തീരുമാനിച്ച സ്ഥലത്ത് ഇറക്കാൻ സാധിച്ചില്ല. വേറൊരു സ്ഥലത്ത് ചെന്നിറങ്ങേണ്ടിവന്നു. ട്രിപ്പ് തികച്ചും ആസ്വാദ്യകരമായിരുന്നു , അവസാനത്തെ അനിശ്ചിതത്വമടക്കം.

**(c) വലിയ വേഗതയുള്ള ജെറ്റ് ബോട്ട് യാത്ര :** ഈ യാത്ര നടത്തിയത് സിഡ്നിയിലെ കടലിലായിരുന്നു ഏതാണ്ട് 20 പേർക്കിരിക്കാവുന്ന മോട്ടോർ ഘടിപ്പിച്ച തുറന്ന ബോട്ട് അതിവേഗത്തിൽ വളഞ്ഞ് പുളഞ്ഞാണ് പൊയ്ക്കൊണ്ടിരുന്നത്. ബോട്ടിന്റെ സാരഥി പല അഭ്യാസങ്ങളും കാണിച്ചിരുന്നു. ബോട്ട് വേഗത്തിൽ ഓടിക്കൊട്ടിരിക്കുമ്പോൾ പെട്ടെന്ന് 90 ഡിഗ്രി, 180

ഡിഗ്രി, 360 ഡിഗ്രിയിൽ തിരിക്കുക ബോട്ട് പൊടുന്നനവെ മുകളിലേക്കുയർത്തി കടലിന്റെ ഉപരിതലത്തിലേക്കു തള്ളുക തുടങ്ങിയവ അവയിൽ ഉൾപ്പെട്ടിരുന്നു. ധരിക്കാൻ വെള്ളം കടക്കാത്ത കോട്ടും, പാന്റും, തൊപ്പിയും, ലൈഫ് ജാക്കറ്റും മറ്റും നേരത്തെ വിതരണം ചെയ്തിരുന്നു. സീറ്റ് ബൽറ്റ് നിർബന്ധമായും ധരിക്കണം, കൂടാതെ ബോട്ടിൽ ഇരിപ്പിടത്തിന്റെ മുന്നിൽ ഉറപ്പിച്ചിരുന്ന കൈപ്പിടിയുടെ ഉപയോഗവും നിഷ്ക്കർഷിച്ചിരുന്നു. ഏതാണ്ട് അരമണിക്കൂർ നീണ്ട സാഹസികത നിറഞ്ഞ യാത്ര, ആദ്യം എനിക്ക് പേടിപ്പെടുത്തുന്നതായി തോന്നി. കുറച്ചു കഴിഞ്ഞപ്പോൾ സഹിക്കാവുന്നതായും, അവസാനമാകുമ്പോഴേക്കും ആസ്വാദ്യകരമായും അനുഭവപ്പെട്ടു.

കപ്പലിൽ ഒരു സായാഹ്നയാത്ര: ഒരു ആഡംബര കപ്പലിൽ അത്താഴത്തോടുകൂടിയ രണ്ടരമണിക്കൂർ നീണ്ട യാത്ര വൈകുന്നേരം ഏഴരമണിക്ക് ആരംഭിച്ചു. സിഡ്നിയിലെ തുറമുഖവും പരിസരത്തുള്ള പ്രകാശാലംകൃതമായ അംബരചുംബികളായ പല കെട്ടിടങ്ങളും രാത്രിയിൽ കാണാൻ കഴിഞ്ഞു.

**ഉപസംഹാരം :**

എല്ലാത്തിനും ഒരറുതി വേണമല്ലോ. ജനുവരി 15ന് സിഡ്നിയിൽ നിന്ന് രാവിലെ 10 മണിക്ക് പുറപ്പെട്ട് മെൽബൺ, കൊളംബോ വഴി ജനുവരി 16 ഉച്ചയോടു കൂടി കൊച്ചിയിൽ തിരിച്ചെത്തി. കൃത്യം 11 ദിവസം നീണ്ടു നിന്ന പര്യടനം. യാത്ര കുറച്ചൊക്കെ തിരക്കേറിയതായിരുന്നെങ്കിലും പൊതുവിൽ വളരെ ആസ്വാദ്യകരമായിരുന്നു. ഭക്ഷണം മിക്കവാറും വടക്കെ ഇൻഡ്യക്കാരുടെ ഉണക്കറൊട്ടിയും, പരിപ്പുകറിയും, പനീർ കറിയും മറ്റും തന്നെ . പുട്ടും, ദോശയും. സാമ്പാറുമൊന്നും കണികാണാൻ പോലും ലഭിച്ചില്ല. ആസ്ട്രേലിയൻ ഭക്ഷണവും രുചിക്കാൻ അവസരം ലഭിച്ചില്ല, ഇറ്റലിയുടെ പിസാ ഒരിക്കൽ ലഭിച്ചിരുന്നു. ആസ്ട്രേലിയയിൽ നല്ല ചൂടായിരുന്നെങ്കിലും ഞങ്ങൾക്ക് തണുപ്പാണ് പ്രശ്നമായത്. പോയ സ്ഥലങ്ങളിലെല്ലാം വിമാനത്തിലായാലും, ഹോട്ടലിലായാലും, കോച്ചിലായാലും, വിനോദ സഞ്ചാരസ്ഥലങ്ങളിലായാലും ശീതീകരിച്ച സംവിധാനങ്ങളുണ്ടായിരുന്നതിനാൽ ഏതാണ്ട് യാത്ര മുഴുവൻ ജലദോഷം ബാധിച്ചിരുന്നു. പനിയിലെത്താഞ്ഞതിനാൽ പിടിച്ചു നിൽക്കാൻ കഴിഞ്ഞു.

ആസ്ട്രേലിയയിൽ കാണാനുള്ളതിന്റെ ഒരു ചെറിയ അംശം പോലും ഞങ്ങൾക്ക് കാണാൻ കഴിഞ്ഞില്ല. അത്രയധികം കാണാനുള്ള സ്ഥലമാണുള്ളത്. വളരെ അകലെയായതിനാൽ നമുക്ക് ഈ രാജ്യത്തെപ്പറ്റി അധികമൊന്നും അറിയില്ല. ലോകത്തിൽ ആസ്ട്രേലിയയുടെ പങ്ക് താരതമ്യേന തീരെ കുറവാണ്. അതിനാൽ നമ്മൾ അവരെ പറ്റി കൂടുതൽ മനസ്സിലാക്കാൻ ശ്രമിക്കാറില്ല. ആ നഷ്ടം നമ്മുടേതു മാത്രമാണ്. ആസ്ട്രേലിയ നിശ്ചയമായും ഇഷ്ടപ്പെടേണ്ടതും കൂടുതൽ പഠിക്കേണ്ടതുമായ ഒരു സ്ഥലം തന്നെയാണ്.

കവിത

# കൊച്ചി നഗരം

വിദ്വൽപ്രഭ.ജെ.എസ് . ഫോൺ : 9847537007

ദിനം ദിനം പുത്തനുടപ്പിടുന്ന പൂവുപോ-
ലഭിമാനം നൽകീടുന്ന നിത്യ സുന്ദരി നീ
നിന്നുടെ നാഗരീകത തെളിയുന്നതു നോക്കി-
യകതാരിലാന്മാഭിമാനം ഏറിടുന്നു.
ആകാശചുംബികളാൽ മരതകപ്പച്ചയ്ക്കു
വിരാമമിടുന്നവെങ്കിലും നിൻസ്ഥാന-
മാനങ്ങൾ ലോകത്തിൻ നെറുകയിലെ-
ത്തീടുന്നു വെന്നതുൾക്കാമ്പിലാനന്ദമാകും

ഞാൻ പിറന്നതും വളർന്നതും നിൻ
മാറിലല്ലെങ്കിലും പോറ്റമ്മയാം നീ
നിൻ വിരിമാറിലേറ്റി ചുമക്കുന്നു ഇന്നും
നിൻ മണ്ണിലൊരുവനു കാലുകുത്തുവാൻ
സാദ്ധ്യമോ നിരൂപിയ്ക്കിൽ, നീ വിശ്രമമി-
ല്ലാതുഴലുന്നു പല പല പദ്ധതികളാൽ
നീയെനിക്കരുളിയ പുണ്യം ഞാനതിൻ
നിർവൃതിയിലമരുന്ന നിസ്സർഗ്ഗ കോമളമേ !

# മനസ്സും വപുസ്സും ഡക്കാർത്തിന്റെ സംശയങ്ങൾ

**സി. രാമചന്ദ്രൻ**

മനസ്സിനെക്കുറിച്ചുതന്നെയാണ് മനുഷ്യമനസ്സ് അഗാധമായും അനന്തമായും ചിന്തിച്ചിട്ടുള്ളത്. ആത്മീയതയും ഭൗതികതയും ധാർമ്മികതയുമെല്ലാം അതിനെ ചുറ്റിപ്പറ്റിയാണ് നിലനിൽക്കുന്നത്. മനസ്സ് നെഞ്ചിനകത്തു സ്ഥിതി ചെയ്യുന്ന ഭൗതികേതരവും പദാർത്ഥേതരവുമായ ഒന്നാണെന്നാണ് പണ്ടു കരുതിയിരുന്നത്; ഇന്നും ചിലർ കരുതുന്നത്. ആത്മാവിന്റെയും ആത്മീയതയുടെയും പ്രസരണം ഇവിടെ നിന്നാണത്രേ! മനസ്സിനെ സംബന്ധിച്ച ദാർശനികവും ശാസ്ത്രീയവുമായ ചില ചിന്തകളുടെ പരിണാമങ്ങളിലൂടെ കടന്നുപോകുകയാണ് ഇനിയുള്ള കുറിപ്പുകൾ.

എല്ലാവർക്കും അറിയുന്നതുപോലെ ദ്വൈതത്തിന്റെയും അദ്വൈതത്തിന്റെയും വിശിഷ്ടാദ്വൈതത്തിന്റെയും ദ്വൈതാദ്വൈതം തുടങ്ങിയ ചിന്തകളുടെയും ഉറവ, മനുഷ്യമസ്തിഷ്കത്തിന്റെ 'സോഫ്റ്റ് വെയർ' ആയ മനസ്സിലാണ്. അത് നെഞ്ചിനകത്ത് വാരിയെല്ലുകൾക്കകത്തല്ല, തലയോട്ടിക്കകത്തുള്ള മസ്തിഷ്കത്തൽ തന്നെയാണ് സ്ഥിതി ചെയ്യുന്നുത്. കരളേ എന്നോ, ഹൃദയമേ എന്നോ കാമുകിയെ അഭിസംബോധന ചെയ്യുന്നത് തികച്ചും കാല്പനികമാണ്. ചിന്തയേയും ചിന്തകരേയും ഇത്രയേറെ പ്രചോദിപ്പിക്കുകയും പ്രലോഭിപ്പിക്കുകയും ചെയ്യുന്ന മനസ്സല്ലാതെ മറ്റൊന്ന് പ്രപഞ്ചത്തിലില്ല. മതവും കലയും ശാസ്ത്രവും സംസ്കാരവുമെല്ലാം മനസ്സിന്റെ അസംസ്കൃത നിർമ്മാണ വസ്തുക്കളാൽ സൃഷ്ടിക്കപ്പെടുന്നു.

മനസ്സിനെ ഇങ്ങനെ പാകപ്പെടുത്തുന്നതിൽ ഭാഷ വഹിച്ച പങ്ക് നിസ്തുലമാണ്. ഭാഷയും മനസ്സും പരസ്പരം കൊടുക്കൽ വാങ്ങൽ നടത്തുന്നതിലൂടെയാണ് മനുഷ്യൻ സംസ്കാരങ്ങളും പരിഷ്കാരങ്ങളും കെട്ടിപ്പൊക്കുന്നത്. ഭാഷ മനുഷ്യന്റെ ഉപകരണവും ആയുധവുമാണ്. വാളും വാക്കും ഒരുപോലെയാണ്; ഒന്നും ഒന്നിനേക്കാൾ മീതെയല്ല. ആശയമാണ് വാക്കും വാളും സൃഷ്ടിക്കുന്നത്. ഉപകരണങ്ങളെപ്പോലെ ഭാഷയും നിരന്തരം പരിഷ്കരിക്കപ്പെടുന്നു. ഓരോ കാലഘട്ടത്തിലുമുണ്ടാകുന്ന പുത്തനാശയങ്ങളെ പ്രകാശിപ്പിക്കുവാൻ നിലവിലുള്ള പദങ്ങൾ അപര്യാപ്തമാകുമ്പോൾ പുതിയ പദങ്ങൾക്കുവേണ്ടിയുള്ള അന്വേഷണം സ്വഭാവികമായും ഉണ്ടാകും.

നാം കണ്ണുതുറന്നു കാണുന്ന അല്ലെങ്കിൽ കണ്ണുതുറന്നാൽ കാണുന്ന ഒരു ഭൗതിക പ്രപഞ്ചം നിലനിൽക്കുന്നുണ്ട്. എന്നിരുന്നാൽ ത്തന്നെ കണ്ണുകളുടെ കാഴ്ചയുടെ പരിമിതികൾക്കകത്തുനിന്നുകൊണ്ടു മാത്രമേ നിങ്ങൾ അതു കാണുന്നുള്ളൂ. നിങ്ങൾ ജനിക്കുന്നതിനു മുമ്പും അതിവിടെയുണ്ടായിരുന്നു; മരിച്ചതിനുശേഷവും അതിവിടെ ഉണ്ടായിരിക്കും. പദാർത്ഥങ്ങളാലും ഊർജ്ജങ്ങളാലുമാണ് അതിന്റെ നിർമ്മിതി.

കണ്ണടച്ചാലും കാണാൻ കഴിയുന്ന മറ്റൊരു ലോകവും നിങ്ങളിലുണ്ട്, നിങ്ങളുടെ മസ്തിഷ്കത്തിലുണ്ട്, മനസ്സിലുണ്ട്. അതു കാണാൻ വെള്ളെഴുത്തുകാരനും കണ്ണട വേണ്ട. അതാണ് ബോധപ്രപഞ്ചം. നിങ്ങളില്ലെങ്കിൽ അതില്ല. നിങ്ങൾ ഗാഢനിദ്രയിലായിരിക്കുമ്പോഴതില്ല. ബോധക്ഷയമുണ്ടാകുമ്പോഴുമതില്ല. ബോധം കേവലം ഭൗതികമല്ല. നിങ്ങൾ ഒരു കൈയുടെ വിരൽ കൊണ്ട് മറുകൈയുടെ പേശിയിൽ പിച്ചുമ്പോൾ വേദനയുണ്ടാകുന്നു. പിച്ചൽ ഒരു ഭൗതിക പ്രക്രിയയും വേദന ഒരു മാനസികാനുഭവവുമാണ്. പിച്ചലില്ലാതെ തന്നെ അതിന്റെ വേദന വിഭാവന ചെയ്യുവാൻ മനസ്സിനാകും. മനസ്സും വപുസ്സും (ശരീരം) തമ്മിലെ പ്രഹേളികകൾ അവിടെ തുടങ്ങുന്നു. മനസ്സിന്റെ നിർദ്ദേശപ്രകാരം അവയവങ്ങൾ അനങ്ങുന്നു എന്ന കാര്യകാരണ ബന്ധവും അവിടെ നിലനിൽക്കുന്നു.

മനസ്സിനെ നിരാകരിക്കാൻ ശരീരത്തിനോ, ശരീരത്തെ നിരാക

രിക്കാൻ മനസ്സിനോ സാധ്യമല്ല. എന്നാൽ ശരീരമി ല്ലാതെയും മനസ്സിന് നിലനിക്കാൻ കഴിയും എന്ന ആത്മീയ സാഹിത്യത്തിന് വലിയ കച്ചവടമൂല്യ മാണുള്ളത്. മരണശേഷം ശരീരമില്ലാതെയും ജീ വിക്കാമെന്ന സ്വപ്നമാണിവിടെ വിപണനം ചെ യ്യപ്പെടുന്നത്.

മധ്യയുഗത്തിൽ നിന്ന് ആധുനികതയിലേക്കു കാലെടുത്തുവയ്ക്കാൻ തുടങ്ങിയ സമൂഹത്തിലെ തത്വചിന്താപരമായ മാനസിക ആശങ്കകളെ പുതിയ ദാർശനിക വ്യാഖ്യാനങ്ങളിലേക്ക് ആനയിച്ച ഫ്ര ഞ്ച് ദാർശനിക ചിന്തകനാണ് റെനേ ദക്കാർത്ത്. പതിനേഴാം നൂറ്റാണ്ടിന്റെ പരിഷ്കൃത ദാർശനിക ചിന്തകളെ പ്രചോദിതമാക്കിയത് ദക്കാർത്തിന്റെ ജ്ഞാനസിദ്ധാന്തങ്ങളാണ് ; ദ്വൈതാദ്വൈത ചിന്ത കൾക്ക് വ്യക്തത വരുത്തുവാനാണദ്ദേഹം ശ്രമിച്ചത്. അത് ഗലീലിയൻ കാലഘട്ടത്തിന്റെ പുതുചിന്തക ളിലേയ്ക്ക് പുതുവെളിച്ചം വീശി.

കിടയറ്റ ഗണിതജ്ഞനും ശാസ്ത്രജ്ഞനും കൂടിയായിരുന്നു ദക്കാർത്ത്. ജ്യോമട്രിയും ആൾ ജിബ്രയും പരസ്പരം സന്നിവേശിപ്പിച്ചുകൊണ്ട് കോ -ഓർഡിനേറ്റ് ജ്യോമട്രി എന്ന പുതിയൊരു ശാഖ തന്നെ അദ്ദേഹം ഗണിതത്തിൽ സൃഷ്ടിച്ചു. പിന്നീട് അത് മൂന്നു മാനങ്ങളിലും നാലുമാനങ്ങളി ലുമായി വികസിച്ചതോടെ ലോകത്തോടുള്ള മനു ഷ്യന്റെ കാഴ്ചപ്പാടിൽ തന്നെ വിപ്ലവകരങ്ങളായ മാറ്റങ്ങളുണ്ടായി. ജ്യോതിശാസ്ത്രത്തിന്റെ ഗണി തത്തെ അത് പുതിയൊരു നിലപാടിലേക്കും നില വാരത്തിലേക്കും ഉയർത്തി. ദക്കാർത്ത് തത്വവിചാ രം ചെയ്യുമ്പോൾ പോലും അതിൽ ശാസ്ത്രത്തിന്റെ സുതാര്യതയും സാഹിത്യത്തിന്റെ സുഗന്ധവും പുരണ്ടിരുന്നു. അദ്ദേഹത്തിന്റെ ആദ്യകാല ആശ യങ്ങൾ പ്രധാനകൃതികളായ 'ശാസ്ത്രതത്വങ്ങളും ചിന്തകളും', 'ദാർശനിക തത്വങ്ങൾ', 'ഭ്രൂണത്തിന്റെ രൂപീകരണം' എന്നീ ഗ്രന്ഥങ്ങളിൽ വിശദീകരിക്ക പ്പെട്ടിരിക്കുന്നു.

മനുഷ്യനെ ആത്മാവുള്ള ജന്തുവായിട്ടാണ് ദക്കാർത്ത് വിശേഷിപ്പിക്കുന്നത്. ആത്മാവിന് ഭാരമോ രൂപമോ ഇല്ല. ഒരു ബീജം ജന്തുവായി മാറുന്നതിലും ഒരു വിത്ത് മരമായി വളരുന്നതി ലും ആത്മാവിന്റെ പങ്കില്ല. എന്നാൽ മനുഷ്യന്റെ വളർച്ചയിൽ ആത്മാവിന്റെ വിഹിതമുണ്ട്. യുക്തിഭദ്ര മായ ആത്മാവ് മനുഷ്യനിലേ കുടികൊള്ളുന്നുള്ളൂ.

ഉത്പത്തിയെക്കുറിച്ച് രസകരമായ വിശ ദീകരണമാണ് അദ്ദേഹം നൽകുന്നത്. പ്രപഞ്ചസൃ ഷ്ടിക്കുശേഷം ദൈവം അതിനെ അതിന്റെ സ്വാഭാവികവും നിയമാനുസൃതവുമായ പരിണാമ ങ്ങൾക്കു വിട്ടുകൊടുക്കുകയാണുണ്ടായത്. അതി നുശേഷം ചിലർ കരുതുന്നതുപോലെ ദൈവം ദൈനംദിന കാര്യങ്ങളിൽ ഇടപെടുന്നതേയില്ല. അടുത്തകാലത്ത് ഫ്രാൻസിസ് മാർപ്പാപ്പ പറഞ്ഞ ത് ദൈവം പ്രപഞ്ചസൃഷ്ടി എന്ന ഒരുത്ഭുതമേ ചെയ്തിട്ടുള്ളൂ; തുടർന്ന് അതിനെ അതിന്റെ വഴി ക്കനുസരിച്ച് പ്രവർത്തിക്കുവാൻ അനുവദിക്കുക മാ ത്രമാണുണ്ടായത് എന്നാണ്. ഈ ആശയം ദക്കാർ ത്തിൽ നിന്നു ലഭിച്ചതാകാം.

'ദക്കാർത്തിയൻ സന്ദേഹം' എന്നറിയപ്പെട്ടിരുന്ന ജ്ഞാനനിഷ്പാദനരീതി അദ്ദേഹം മുന്നോട്ടു വയ് ക്കുന്നത് 'രീതിശാസ്ത്രത്തെക്കുറിച്ചുള്ള നിഷ്പാദ നം''മൗനചിന്തനം' എന്നീ സൃഷ്ടികളിലൂടെയാണ്. യാഥാർത്ഥ്യമെന്ത് എന്ന് ചുഴിഞ്ഞറിയുവാൻ പ്രയാസ മാണ്. ഓടുന്ന കുതിരയേയും പറക്കുന്ന പറവയേയും കണ്ടിട്ടുള്ള ഒരാൾക്ക് ചിറകുള്ള കുതിര പറക്കുന്നതാ യി സങ്കല്പിക്കാം, വരക്കാം,എഴുതാം, വിശ്വസിക്കാം. എന്നാൽ വസ്തുനിഷ്ഠ പ്രപഞ്ചത്തിൽ പറക്കുന്ന കുതിരകളില്ല, വിശ്വാസക്കുതിരകൾ മാത്രമേ പറക്കൂ.

ഞാൻ യഥാർത്ഥത്തിൽ ഉണ്ടോ എന്ന് സംശ യിച്ച ചിന്തകർ പണ്ടും ഉണ്ടായിട്ടുണ്ട്. കണ്ണുതുറന്നു കാണുന്ന ലോകം മായയാണെന്നു പറഞ്ഞവരുണ്ട്. എന്നാൽ ഉള്ള ഞാൻ ഇല്ല എന്നു പറയാനാകു മോ? ഇവിടെയാണ് ദക്കാർത്തിന്റെ സുപ്രധാന സൂക്തം ഉരുത്തിരിയുന്നത്. 'ഞാൻ ചിന്തിക്കുന്നു, അതുകൊണ്ട് ഞാനുണ്ട്. ശരീരത്തേക്കാൾ മന സ്സിനു പ്രാധാന്യം നൽകുന്ന ഒന്ന്. ലോകം നില നില്ക്കുന്നത് എന്റെ ചിന്തയിലാണെന്ന് ഇതിനെ വ്യാഖ്യാനിക്കേണ്ടി വരും.


മനസ്സും ശരീരവും തമ്മിലുള്ള ദ്വന്ദ്വാത്മാ കത ദക്കാർത്തിന്റെ ചിന്തയിലെ സവിശേഷതയാണ്. മനസ്സും ശരീരവും സമ്മേളിക്കുന്നത് മസ്തിഷ്ക ത്തിലാണ്. വിശ്വാസങ്ങളിലുഴലുന്ന തത്വചിന്തയെ പക്ഷെ ശാസ്ത്രചിന്തയുടെ തനി യാന്ത്രികയുക്തി വാദപരമായ നിലപാടുകളിലേക്കു വഴിപിരിയാന നുവദിക്കാതെ തന്ത്രപരമായി കൈകാര്യം ചെയ്യു കയാണദ്ദേഹം ചെയ്തത്. പരമ്പരാഗത ദൈവങ്ങളെ തള്ളിപ്പറയുകയാൽ ദൈവവിശ്വാസികളും ദൈ വത്തെ നിരാകരിക്കാത്തതിനാൽ യുക്തിവാദിക ളും അദ്ദേഹത്തിനെതിരായി. എന്നാൽ ഒരു വലിയ

വിഭാഗം ശാസ്ത്രജ്ഞന്മാർക്ക് അദ്ദേഹത്തിന്റെ നിലപാടുകൾ സ്വീകാര്യമാണ്. ഗലീലിയോ, കെപ്ലർ എന്നീ ശാസ്ത്രജ്ഞജോഡികളുടെ സമകാലീകനായിരുന്നു എന്നത് ദക്കാർത്തിന്റെ ചിന്തകളെ സ്വാധീനിച്ച ഘടകങ്ങളായിരുന്നു എന്നും നാമോർക്കണം. ദക്കാർത്തിന്റെ വിപ്ലവകരമായ ചില ഗ്രന്ഥങ്ങൾ മരണശേഷമാണ് വെളിച്ചം കണ്ടത്. ഗലീലിയോ പള്ളിയുടെ ശിക്ഷണ നടപടികൾക്കു വിധേയനാകുന്നതു കണ്ടതുകൊണ്ടാണ് അദ്ദേഹം ജീവിച്ചിരിക്കെ അതു പ്രസിദ്ധീകരണത്തിനു നൽകാതിരുന്നത്. ദക്കാർത്തിന്റെ ദ്വൈതവാദത്തിന്റെ ചില അംശങ്ങൾ കത്തോലിക്കാപ്പള്ളിയുടെ ദൈവചിന്തകർ ചില ആത്മീയചോദ്യങ്ങൾക്ക് മറുപടികൾ പറയുവാനുള്ള ആവശ്യങ്ങൾക്കായി പിന്നീട് സ്വീകരിച്ചിട്ടുണ്ട്.

തലയോട്ടിക്കകത്ത് മസ്തിഷ്കത്തിനടിയിൽ സ്ഥിതി ചെയ്യുന്ന പിനീയൽഗ്രന്ഥിയാണ് മനസ്സിനേയും ശരീരത്തേയും ബന്ധിപ്പിക്കുന്ന കണ്ണി എന്ന് അദ്ദേഹം തെറ്റായി വിശ്വസിച്ചു. അതിനെ സംബന്ധിച്ച പിന്നീടുള്ളവരുടെ തുടർഗവേഷണങ്ങൾ പിൽക്കാലത്ത് അറിവിനു മുതൽക്കൂട്ടാവുകയും ചെയ്തിട്ടുണ്ട്. 1650 – ൽ ദക്കാർത്ത് അന്തരിച്ചു.

## 2-ാം ചരമവാർഷികം


**22.04.2019**



**വി.കെ. യു. മേനോൻ**
**ലക്ഷ്മി**
**കാരിയർ സ്റ്റേഷൻ റോഡ്**
**എറണകുളം സൗത്ത്**

## 12-ാം ചരമവാർഷികം

**04.04.2019**



**ശങ്കരൻകുട്ടി മേനോൻ**
**'കാർത്തിക' തോട്ടയ്ക്കാട്ട് ഹൗസ്**
**കളത്തിൽപറമ്പിൽ റോഡ്**
**എറണാകുളം സൗത്ത്, കൊച്ചി – 682016**

## 18-ാം ചരമവാർഷികം

**23.04.2019**



**ശക്തിധരൻ (ബാലൻ)**
**'ശ്രീ ശക്തി'**
**(കിഴക്കേ ആലപ്പാട്ട് വീട് )**
**രവിപുരം, കൊച്ചി – 682016**

*(തുടർച്ച)*

# വലിയ ചോദ്യങ്ങൾക്കുള്ള ചെറിയ ഉത്തരങ്ങൾ

**യു. എസ്. രവീന്ദ്രൻ. ഫോൺ : 9496120978**

**ചോദ്യം അഞ്ച് : സമയ യാത്ര സാദ്ധ്യമാണോ?**

ഭൗതിക പ്രപഞ്ചം ഉണ്ടായി എന്നു പറയപ്പെടുന്ന ആ നിമിഷം തന്നെയാണ് സമയവും ഉണ്ടായത്. ഒരു ചരടിന്റെ രണ്ട് നൂലിഴകൾപോലെ ദിശ്മണ്ഡലവും (Space) സമയവും (Time) പിരിച്ചു ചേർത്തിരിക്കുന്നു. ഭൂമിയുടെ ഉപരിസ്ഥലത്തുള്ള ഒരു സ്ഥലത്തു നിന്ന് – ഉദാഹരണത്തിന് കേരളത്തിൽ നിന്ന് അമേരിക്കയിലേക്ക് പന്ത്രണ്ടു മണിക്കൂറോളം ആകാശമാർഗ്ഗേണ യാത്ര ചെയ്യണം. കൊച്ചി വിമാനത്താവളത്തിൽ നിന്നും ഒരു വലിയ ടണൽ ഭൂമദ്ധ്യത്തിൽ കൂടി കുത്തനെ അമേരിക്കയിലേക്ക് ഉണ്ടെങ്കിൽ ഒരു സൂപ്പർ സോണിക് വാഹനത്തിൽ മേൽ പറഞ്ഞതിന്റെ മൂന്നിലൊന്നു സമയംകൊണ്ട് അമേരിക്കയിലെത്താം. എന്നാൽ പ്രകാശ വർഷങ്ങൾ അകലെയുള്ള നക്ഷത്രവ്യൂഹങ്ങളിലേക്ക് യാത്ര ചെയ്യണമെങ്കിലോ പത്തോ നൂറോ പുരുഷായുസ്സുകൾ കൊണ്ട് സാദ്ധ്യമല്ല. എന്നാൽ ഒരു സെക്കന്റിൽ മൂന്നര ലക്ഷം കിലോമീറ്റർ ദൂരം സഞ്ചരിക്കുന്ന പ്രകാശ രശ്മിയുടെ വേഗതയുള്ള ഒരു പേടകം ഉണ്ടെന്നിരിക്കട്ടെ. ചന്ദ്രനിലേക്കോ, ചൊവ്വയിലേക്കോ ദിവസവും യാത്ര ചെയ്യാം. പ്രപഞ്ചത്തിന്റെ മറു വശത്തേക്ക് ഒരു ടണൽ കൂടിയുണ്ടെന്നിരിക്കട്ടെ, നേരത്തെ പറഞ്ഞപോലെ യാത്രയും സുഗമമായി. പ്രപഞ്ചത്തിന്റ എതിർവശത്തേയ്ക്ക് ആയിരവും പതിനായിരവും വർഷങ്ങൾകൊണ്ട് സഞ്ചരിച്ചെത്തേണ്ട ദൂരം അഞ്ചാറു മണിക്കൂറുകൾകൊണ്ടോ ദിവസങ്ങൾകൊണ്ടോ സഞ്ചരിച്ചെത്താം. അപ്പോൾ ചരിത്രകാരന്മാർക്ക് പണി ഇല്ലാതാകും. സമയസംരക്ഷണപരിപാലന അതോറിട്ടി നിലവിൽ വന്നേക്കാം. അതീവ ശക്തിയുള്ള റോക്കറ്റുകൾ ഉപയോഗിച്ച് പ്രകാശ രശ്മിയേക്കാൾ വേഗത കൂടുതലുള്ള മനുഷ്യവാഹക പേടകങ്ങൾ ഉണ്ടാക്കി കൂടെന്നില്ല. ബാഹ്യലോകത്തുള്ള വൈദ്യുത കാന്തിക തരംഗങ്ങളേയും തമോഗർത്തങ്ങളേയും ഭേദിച്ച് പ്രകാശ വേഗത്തിൽ സഞ്ചരിക്കാവുന്ന പേടകം തല്ക്കാലം ഭാവനാതലത്തിൽ നിലനിറുത്തി തൃപ്തിപ്പെടാം.

**ചോദ്യം ആറ് : ഈ ഭൂമുഖത്ത് മനുഷ്യജീവിതം നിലനിൽക്കുമോ ?**

1940 കളിലാണ് ആറ്റോമിക് ആയുധകണ്ടുപിടുത്തങ്ങൾ തുടങ്ങി വച്ചത്. 1945 ൽ ജപ്പാനിലെ ഹിരോഷിമയിലും നാഗസാക്കിയിലും ആറ്റോമിക് ബോംബ് പൊട്ടിയപ്പോൾ ആറ്റോമിക് ഗവേഷണങ്ങളുടെ തലവനായ റോബർട്ട് ഓപ്പൻഹൈമർ ഇങ്ങനെ പറയുകയുണ്ടായി. 'ഞാൻ ഭഗവത് ഗീതയിലെ ചില വാചകങ്ങൾ ഓർക്കുന്നു. ഞാൻ ഇപ്പോൾ സംഹാര രൂപിയാണ് ഈ വിശ്വത്തിന്റെ തന്നെ സംഹാരകൻ' (വിശ്വരൂപ ദർശനം) ബോംബ് കണ്ടു പിടിച്ചപ്പോൾ ഞങ്ങൾക്കറിയാമായിരുന്നു, ലോകം ഇനി പഴയ പോലെ ആയിരിക്കില്ല എന്നത് . ഇതുകേട്ട് കുറച്ചുപേർ ചിരിച്ചു, കുറച്ചു പേർ കരഞ്ഞു, കുറച്ചു പേർ നിശബ്ദരായി തന്നെ നിന്നു. ദിവസം ചെല്ലും തോറും ലോകരാഷ്ട്രീയതലം കൂടുതൽ കൂടുതൽ അസ്ഥിരമായിക്കൊണ്ടിരിക്കുകയാണ്. സാമൂഹ്യവും സാമ്പത്തികവുമായി കുറേപ്പേർ പുറകോട്ട് പോയിക്കൊണ്ടിരിക്കുന്നു. എങ്ങിനെയെങ്കിലും പ്രസിദ്ധി നേടണമെന്നല്ലാതെ ഒരപകടാവസ്ഥയിൽ ശരിയായ തീരുമാനമെടുക്കാനുള്ള മിടുക്ക് ഒരു രാഷ്ട്രീയ നേതാവിനും ഇല്ല. സിറിയയിലും പാക്കിസ്ഥാനിലും അഫ്ഗാനിസ്താനിലും ലോകാന്തകന്മാർ വളർന്നുകൊണ്ടിരിക്കുന്നു.അമേരിക്കയും ഉത്തരകൊറിയയും ഒരു യുദ്ധം ഉണ്ടാക്കിയെടുക്കാൻ തിടുക്കം കൂട്ടുന്നു. ലോകം ചെറുതായിക്കൊണ്ടിരിക്കുന്നു. ഭൗതികസ്രോതസ്സുകൾ വറ്റിക്കൊണ്ടിരിക്കുന്നു. നമ്മൾ ഭൂമിക്ക് ഗുരുതരമായ കാലാവസ്ഥ വ്യതിയാനം സമ്മാനിച്ചുക്കൊണ്ടിരിക്കുന്നു. അന്തരീക്ഷ താപം ഉയർന്നുക്കൊണ്ടിരിക്കുന്നു. ധ്രുവപ്രദേശങ്ങളിലുള്ള മഞ്ഞിൻ തൊപ്പികൾ ഉരുകിക്കൊണ്ടിരിക്കുന്നു. വനനശീകരണം വ്യാപകമായിക്കൊണ്ടിരിക്കുന്നു. പുതിയ പുതിയ രോഗങ്ങൾ സാധാരണമായിക്കൊണ്ടിരിക്കുന്നു. ജനസംഖ്യ ക്രമാതീതമായി വർദ്ധിച്ചുക്കൊണ്ടിരിക്കുന്നു. ചിലർ അതിനെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നു. കുടിവെള്ളക്ഷാമം വർദ്ധിച്ചുക്കൊണ്ടിരിക്കുന്നു. ജന്തുവിഭവങ്ങൾ അപ്രത്യക്ഷമായിക്കൊണ്ടിരിക്കുന്നു. കുറെയൊക്കെ പരിഹരിച്ചെടുക്കാമെങ്കിലും ഒന്നിനും

ഒരു ശ്രമവും ഒരിടത്തും കാണുന്നില്ല. നമുക്കു കാറും മറ്റു ജീവിതസൗകര്യങ്ങളും വേണം. ജീവിത നില വാരം മെച്ചപ്പെടണം എന്നു മാത്രമേ ആഗ്രഹമുള്ളൂ. എന്താണ് സംഭവിച്ചുകൊണ്ടിരിക്കുന്നതെന്ന് ആരും തിരിച്ചറിയുന്നില്ല. ഒരു രണ്ടാം ന്യൂക്ലിയർ യുദ്ധത്തിന്റെ വക്കിലാണ് ലോകം ഇപ്പോൾ നിൽക്കുന്നത്. സ്വയംനിർമ്മിത കാലാവസ്ഥാവ്യതിയാനത്തിന്റെയും പ്രളയത്തിന്റെയും ഉത്തരവാദിത്വം ഏറ്റെടുക്കാൻ ആരും തയ്യാറല്ല. ഇനി ഭൂമിയിൽ കണ്ടുപിടിക്കാൻ പുതിയ സ്ഥലങ്ങളില്ല - പണ്ട് കൊളംബസ് അമേരിക്ക കണ്ടു പിടിച്ച് കോളനിയാക്കിയതുപോലെ.

പ്രപഞ്ചവും ക്ഷുഭിതമായിരിക്കുന്നു. വലിയ നക്ഷത്രങ്ങൾ ചെറിയ ഗ്രഹങ്ങളെ വിഴുങ്ങുന്നു– മാരകങ്ങളായ രശ്മികൾ അന്തരീക്ഷത്തിലേക്ക് വികിരണം ചെയ്യുന്നു. ഇതെല്ലാം വച്ച് നോക്കുമ്പോൾ ഒരു ബഹിരാകാശ കോളനിയും അത്ര ആകർഷകമല്ല. ഉൽക്ക പതനങ്ങളിൽ നിന്നും രക്ഷപ്പെടാൻ കഴിയുകയില്ല തന്നെ. 66 ദശലക്ഷം വർഷങ്ങൾക്ക് മുൻപ് വീണ ഉൽക്കകളാണ് ദിനോസറുകളെ ഭൂമുഖത്തു നിന്നും തുടച്ചു നീക്കിയത്. അടുത്ത ആയിരം വർഷത്തിനുള്ളിലെങ്കിലും ഒരു ന്യൂക്ളിയർ യുദ്ധമോ പ്രകൃതി ദുരന്തമോ ഈ ഭൂമുഖത്തെ വൈകല്യമാക്കിയേക്കാം. എന്നാൽ പുതിയ തലമുറ ഇതിനെയെല്ലാം നേരിടാനുള്ള ക്ഷമത നേടി അതിജീവിച്ചേക്കാം. എന്നാൽ ഭൂമിയിൽ മാത്രം കഴിഞ്ഞു കൂടാമെന്ന് കണക്കുകൂട്ടി കഴിയേണ്ട. വേറെ ഗ്രഹങ്ങളിലേക്ക് ചേക്കേറുന്നതിനെപ്പറ്റി ഗൗരവമായി ചിന്തിക്കേണ്ടതാണ്. ലോകജനസംഖ്യ കൂടി കൂടി വന്ന് എ.ഡി. 2600 ആകുമ്പോഴേക്കും പരസ്പരം തോളോടു തോളു മുട്ടി എന്ന പോലെ നടക്കേണ്ട അവസ്ഥ വരും. വൈദ്യുത ഉപയോഗം കൂടി കൂടി വന്ന് ഭൂമി ചുട്ടു പഴുത്ത ഇരുമ്പുഗോളം പോലെ ആയിത്തീരും. ഏതായാലും ഭൂമിക്ക് ഒരു ഭാവിയുണ്ട്. പക്ഷേ തികച്ചും വ്യത്യസ്തമായിരിക്കും.

**ചോദ്യം ഏഴ്: ബഹിരാകാശത്ത് കോളനി സ്ഥാപിക്കണമോ?**

നമ്മൾ ബഹിരാകാശത്ത് എന്തിനാണ് പോകുന്നത്. ഇത്രയൊക്കെ പണം ചിലവു ചെയ്ത് ബുദ്ധിമുട്ടി ചന്ദ്രനിൽ നിന്നും കുറച്ചു പാറകഷ്ണങ്ങൾ ഭൂമിയിൽ കൊണ്ടു വന്നിട്ടെന്തു കാര്യം? ഭൂമിയുടെ നന്മയ്ക്ക് വേണ്ടി വേറെ എന്തെങ്കിലുമൊക്കെ ചെയ്തു കൂടെ? ചന്ദ്രനുമൊക്കെ അവിടെയുള്ളതുകൊണ്ട് തന്നെയാണ് എന്നാണ് ഈ ചോദ്യങ്ങൾക്ക് ഉള്ള ഉത്തരം. മനുഷ്യർക്ക് ജീവിക്കാൻ പറ്റിയ സ്ഥലം ഭൂമിയിലല്ലാതെ വേറെ എവിടെയെങ്കിലും ഉണ്ടോ എന്നു അറിയുവാൻ വേണ്ടിത്തന്നെ.

കൊളംബസിനെ അമേരിക്കയിലേക്ക് അയച്ചത് വെറുതെയായില്ല എന്ന് ഇപ്പോൾ യൂറോപ്പുകാർക്ക് തോന്നുന്നുണ്ടാകും. അമേരിക്കയിൽ വളരെ വിസ്തൃതമായ കോളനി ഉണ്ടാക്കാൻകഴിഞ്ഞല്ലോ. അതുപോലെ ബഹിരാകാശ ഗവേഷണങ്ങൾ ഇപ്പോൾ അനാവശ്യമെന്ന് തോന്നുമെങ്കിലും വരും തലമുറയ്ക്ക് വളരെ ഉപയോഗപ്രദമായിരിക്കും. ഭൂമിയിലെ ഉടനെയുള്ള പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്താൻ കഴിഞ്ഞില്ലെങ്കിൽ കൂടി മനുഷ്യരാശിക്കു തന്നെ ഭാവിയുണ്ടോ എന്ന ചോദ്യത്തിനുള്ള ഉത്തരം കണ്ടെത്തൽ കൂടിയായിരിക്കും ബഹിരാകാശ ഗവേഷണങ്ങൾ കൊണ്ട് നേടുന്നത്. ഒന്നുമില്ലെങ്കിലും ബഹിരാകാശ ഗവേഷണത്തിന്റെ പേരിലെങ്കിലും കുറേ രാജ്യങ്ങൾ പരസ്പരം സഹകരിച്ച് ഒത്തു ചേരുമല്ലോ. അടുത്ത മുപ്പതു കൊല്ലത്തിനുള്ളിൽ ചന്ദ്രനിൽ ഒരു കോളനി സ്ഥാപിക്കാൻ സാധിച്ചേക്കും. പ്രസിഡന്റ് കെന്നഡി ചന്ദ്രനിൽ ആളെയിറക്കും എന്ന് 1962 ൽ ദൃഢനിശ്ചയ മെടുത്തതുകൊണ്ടാണ് 1969 ൽ അമേരിക്കക്ക് അതു സാധിച്ചത്. 2070 ൽ ചൊവ്വയിൽ ആളെ ഇറക്കാമെന്ന കണക്കുകൂട്ടലിലാണ് നാസ. 2022 ൽ ഒരു ചൊവ്വ ദൗത്യം പ്രസിഡന്റ് ട്രംപിന്റെ ബഹിരാകാശ ഗവേഷണനയങ്ങളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇപ്പോൾ ബഹിരാകാശത്ത് നിലവിലുള്ള ഗവേഷണ കേന്ദ്രം (International Space Centre) ഭൂമിയിൽ നിന്നും വളരെ അകലത്തിൽ മനുഷ്യജീവിതം സാദ്ധ്യമാണെന്ന് പ്രായോഗികമായി തെളിയിച്ചു കഴിഞ്ഞു. അവിടെ ഗവേഷകർ മാസങ്ങളോളം താമസിച്ച് തിരിച്ചു പോരുന്നുണ്ട്. ചന്ദ്രാന്തരീക്ഷത്തിൽ കാന്തിക മണ്ഡലമില്ല. സൂര്യന്റെ റേഡിയേഷൻ ചെറുത്തു നിൽക്കുവാൻ കാന്തിക മണ്ഡലം ആവശ്യമാണ്. ദ്രവരൂപത്തിലുള്ള ജലമില്ല. പക്ഷേ ധ്രുവങ്ങളിൽ മഞ്ഞുകട്ടികൾ ഉണ്ട്. ചന്ദ്രനിൽ താമസമാക്കുകയാണെങ്കിൽ ഈ ഐസുകട്ടകളെ ജലമാക്കി വൈദ്യുത വിശ്ലേഷണം ചെയ്ത് (Electrolysis) ഓക്സിജൻ ഉണ്ടാക്കി ഉപയോഗിക്കേണ്ടി വരും. അതിന് ന്യൂക്ലിയർ ഊർജ്ജമോ, സോളാർ ഊർജ്ജമോ ഉപയോഗിക്കാം. ചന്ദ്രനിൽ സ്ഥാപിക്കുന്ന ഒരടിസ്ഥാന നിലയമായിരിക്കും സൗരയൂഥത്തിലെ മറ്റു ഗ്രഹങ്ങളിലേക്ക് യാത്രക്കായുള്ള ഗവേഷണ കേന്ദ്രം.

ചന്ദ്രനിലെത്തി കഴിഞ്ഞാൽ പിന്നെ അടുത്ത ലക്ഷ്യം ചൊവ്വയായിരിക്കും. ഭൂമിയും സൂര്യനും തമ്മിലുള്ള ദൂരത്തിന്റെ പകുതിയോളം ദൂരം ഭൂമിയും ചൊവ്വയും തമ്മിലുണ്ട്. ഭൂമിയിൽ കിട്ടുന്ന സൂര്യപ്രകാശത്തിന്റെ പകുതിയോളം മാത്രമേ ചൊവ്വയിൽ കിട്ടുകയുള്ളൂ. അന്തരീക്ഷ മർദ്ദം ഭൂമിയിലുള്ളതിന്റെ ഒരു ശതമാനം മാത്രം. വെള്ളം ഒഴുകിയിരുന്നതായി

രുന്ന തോടുകളും വറ്റിപ്പോയ തടാകങ്ങളും സൂചിപ്പിക്കുന്നത് ദശലക്ഷം വർഷങ്ങൾക്കു മുൻപ് ജലം അവിടെ ഉണ്ടായിരുന്നു എന്നതാണ്. കാലക്രമേണ അന്തരീക്ഷമർദ്ദം കുറഞ്ഞു കുറഞ്ഞു ജലം ബാഷ്പീകരിച്ച് പോയതാണെന്ന് വിശ്വസിക്കാം.

ആൽബർട്ട് ഐൻസ്റ്റിൻ 16 വയസ്സുള്ളപ്പോൾ ഒരു സ്വപ്നം കണ്ടിരുന്നു. ഒരു പ്രകാശകിരണ വാഹനത്തിൽ സഞ്ചരിച്ചെന്ന്. ഭാവിയിൽ ഇതും യാഥാർത്ഥ്യമാകാൻ പോകുന്നു. വൈദ്യശാസ്ത്രത്തിൽ ഇപ്പോൾ ലേസർ ഉപയോഗിച്ച് ഓപ്പറേഷനുകൾ നടത്തുന്ന പോലെ ലേസർ രശ്മികളുടെ പല കൂട്ടങ്ങൾ ഉപയോഗിച്ച് പ്രകാശവേഗതയിൽ സഞ്ചരിക്കാവുന്ന പേടകത്തിൽ മറ്റു ഗ്രഹങ്ങളിലേക്കും നക്ഷത്രക്കൂട്ടങ്ങളിലേക്കും സഞ്ചരിക്കാൻ കഴിയുന്ന ഒരു സംവിധാനം ഭാവിയിൽ വന്നേക്കാം.

**ചോദ്യം എട്ട് ഃ നിർമ്മിതബുദ്ധികൾ (Artificial Intelligence) നമ്മളെ കീഴടക്കുമോ ?**

മനുഷ്യ വർഗ്ഗത്തിന്റെ ബുദ്ധിവൈഭവമാണ് പല പല സംസ്കാരങ്ങൾ പിന്നിട്ട് പുതിയൊരു യുഗത്തിലേക്ക് നമ്മളെ കൊണ്ടു വന്ന് എത്തിച്ചിരിക്കുന്നത്. മഹാവിസ്ഫോടനത്തിനു സഹസ്രാബ്ദങ്ങൾക്കു ശേഷം ഉരുത്തിരിഞ്ഞു വന്ന ഡി.എൻ.എ യാണ് ജീവന്റെ ആവിർഭാവത്തിനും കാലക്രമേണ വിശേഷബുദ്ധിയുള്ള മനുഷ്യവർഗ്ഗത്തിനും കാരണമായത് നാം ഇന്നു ജീവിക്കുന്നത് കപ്യൂട്ടർ യുഗത്തിലാണ്. ഓരോ ദിവസം ചെല്ലുന്തോറും കമ്പ്യൂട്ടറുകളുടെ ശേഖരണശക്തിയും പ്രവർത്തന മികവും കൂടിക്കൊണ്ടിരിക്കുന്നു. പണ്ട് മോർസ്കോഡും തെരുവുകളിലൂടെ വലിച്ചു നിർത്തിയ കമ്പികളും ഉപയോഗിച്ചു തുടങ്ങിയ വാർത്താവിനിമയം ഇപ്പോൾ ഏവർക്കും ഞൊടിയിടയിൽ ലോകത്തിന്റെ ഏതു ഭാഗത്തുള്ളവരുമായി കണ്ടു സംസാരിക്കാനുള്ള ശേഷിവരെ നേടിക്കഴിഞ്ഞു. ഇന്റർനെറ്റ് പുരോഗമിച്ച് Internet of Things (IOT) വരെ എത്തിയിരിക്കുന്നു. ഭൂമിയിലെ ഏതു മൂലയിൽ ഇരുന്നുകൊണ്ടും സ്വന്തം വീട്ടിലെ ഗ്യാസ് ഓഫ് ചെയ്യാനുള്ള സംവിധാനം വരെ എത്തിയിരിക്കുന്നു. ഈ കൃത്രിമബുദ്ധികൾ ഒരു ദിവസം മനുഷ്യന്റെ ബുദ്ധിയെ മറികടക്കുമോ? രാജ്യത്തിന്റെ പ്രതിരോധ സംവിധാനത്തിൽ കൃത്രിമ ബുദ്ധികൾ ഇടപെട്ട് അന്തർദ്ദേശീയ നയങ്ങൾക്കു തന്നെ കോട്ടം വരുന്ന വിധത്തിൽ പ്രവർത്തിച്ചേക്കാം. തീവ്രവാദികൾ ഈ കൃത്രിമബുദ്ധിയെ വികസിപ്പിച്ചെടുത്ത് മനുഷ്യരാശിക്കെതിരായ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടേക്കാം. മനുഷ്യബുദ്ധിക്ക് അതീതമായ യന്ത്രങ്ങൾ സ്വയം പ്രോഗ്രാമുകൾ വികസിപ്പിച്ചെടുത്ത് മനുഷ്യനെ കീഴടക്കിയേക്കാം എന്ന് 1965 ൽ ഇർവിങ്ങ് ഗുഡ് എന്ന ശാസ്ത്രജ്ഞൻ പറഞ്ഞിട്ടുണ്ട്. ഇതിനെ സാങ്കേതിക പ്രമാണിത്വം (Technical Singularity) എന്നു വിളിക്കാം.

സാമ്പത്തിക ഗവേഷണ മേഖലകളിൽ മനുഷ്യബുദ്ധിയെ കടത്തി വെട്ടി കൃത്രിമങ്ങൾ കാണിക്കാനും ആയുധനിയന്ത്രണങ്ങൾ ദുരുപയോഗം ചെയ്യാനുമുള്ള സാധ്യതകൾ ഉണ്ട്. ഇതിനെയെല്ലാം ആരു നിയന്ത്രിക്കുമെന്നോ അഥവാ നിയന്ത്രിക്കാൻ തന്നെ കഴിയുമോ എന്നുള്ളത് വലിയ ചോദ്യമാണ്.

ചുരുക്കത്തിൽ പറഞ്ഞാൽ നിർമ്മിത ബുദ്ധികൾ മനുഷ്യരാശിക്ക് കിട്ടാവുന്ന ഏറ്റവും നല്ല സമ്മാനമാണ്, എന്നാൽ ഏറ്റവും വലിയ ദുരന്തവുമായേക്കാം. എന്നെങ്കിലും നിർമ്മിത ബുദ്ധിയിൽ നിന്നും ഇങ്ങനെ ഒരു സന്ദേശം SMS ലഭിച്ചുവെന്നിരിക്കട്ടെ. 'ഇതാ ഞങ്ങൾ വന്നു കഴിഞ്ഞു ഒരു ദശാബ്ദത്തിനുള്ളിൽ'. നമ്മുടെ മറുപടി ഇതായിരിക്കണം. 'ശരി ഇവിടെ എത്തുമ്പോൾ ഒന്നറിയിച്ചേക്കണം. ലൈറ്റുകൾ ഓൺ ചെയ്ത് വച്ചേക്കാം'.

ശാരീരികമായ ഇടപെടലുകൾ ഇല്ലാതെ തന്നെ ലോകത്തിലെ എല്ലാ മേഖലകളിലേക്കും കയറി ചെല്ലാനുള്ള സന്ദർഭങ്ങൾ കൂടി വരികയാണ്. പല പല ജോലികൾ ചെയ്യേണ്ടി വരുമ്പോൾ നമുക്കും ചിലപ്പോൾ തോന്നിയിട്ടുണ്ടാകും, നമ്മളെ പോലെ വേറൊരാൾ കൂടിയുണ്ടെങ്കിൽ ചില ജോലികൾ അയാളെ ഏൽപ്പിക്കാമായിരുന്നു എന്ന്. ഈ ഡിജിറ്റൽ യുഗത്തിൽ നമ്മളെ പോലെ തന്നെയുള്ള ഒരു ഡിജിറ്റൽ കാര്യസ്ഥൻ ആശാവഹമായ ഒരു സങ്കല്പമാണ്. മനുഷ്യന്റെ തലയ്ക്കകത്ത് ഇലക്ട്രോഡുകൾ ഘടിപ്പിച്ച് തലച്ചോറും കംപ്യൂട്ടറും നേരിട്ട് സംവദിക്കാനുള്ള സംവിധാനങ്ങൾ നിലവിൽ വന്നേക്കാം. അപ്പപ്പോൾ വിചാരിക്കുന്ന കാര്യങ്ങൾ കപ്യൂട്ടറും Internet of Things (IOT) ടെക്നോളജിയും കൂടെ ചെയ്തുകൊള്ളും. നമ്മുടെ ഭാവി സാങ്കേതിക ശാസ്ത്രത്തിന്റെയും അതു നമ്മൾ എങ്ങിനെ ഉപയോഗിക്കുന്നു എന്നതിന്റെയും ഒരു മത്സരത്തിലധിഷ്ഠിതമാണ്.

വികിരണ സ്വഭാവമുള്ള ശേഷിപ്പുകൾ ഉണ്ടാക്കുന്ന ന്യൂക്ലിയർ ഫിഷൻ കൊണ്ട് ഉണ്ടാകുന്ന ന്യൂക്ളിയർ ഊർജ്ജത്തിനു പകരം, ന്യൂക്ലിയർ ഫ്യൂഷൻ ഊർജ്ജത്തിലേക്ക് മാറാം. അതിന്റെ ശേഷിപ്പ് ജലം മാത്രമാണ്. ആഗോള താപനത്തിന് ദോഷം ചെയ്യുകയില്ല. ഇലക്ട്രിക് കാറുകൾ ഉപയോഗിച്ചു തുടങ്ങാം. അന്തരീക്ഷജലമലിനീകരണം ഒഴിവാക്കാം. ശാസ്ത്രവും മനുഷ്യനും തമ്മിലുള്ള മത്സരത്തിൽ മനുഷ്യൻ തന്നെ ജയിക്കുമെന്ന് നമുക്ക് ഉറപ്പു വരുത്താം.

*(തുടർച്ച)*



# ജഗദ്ഗുരു ശ്രീ ശങ്കരാചാര്യർ

**എൻ. ഗോപിനാഥൻ നായർ. ഫോൺ : 9249205553**

ഗോവിന്ദ ഭഗവത്പാദർ, താൻ ശിഷ്യനായി സ്വീകരിച്ച ശങ്കരന് വിധിപ്രകാരം സന്യാസദീക്ഷ നൽകി. വേദങ്ങളിലെ സുപ്രസിദ്ധങ്ങളായ നാല് മഹാവാക്യങ്ങളാണ് ആദ്യമായി ഉപദേശിച്ചു കൊടുത്തത്. 'പ്രജ്ഞാനം ബ്രഹ്മ, അഹം ബ്രഹ്മാസ്മി, തത്ത്വമസി, അയമാത്മ ബ്രഹ്മ'. കർമ്മ സന്യാസം സ്വീകരിച്ച ശങ്കരൻ നർമ്മദാ നദിയുടെ തീരത്തെ അമരകാന്തമെന്ന സ്ഥലത്തുള്ള ആശ്രമത്തിൽ താമസമാക്കി. നാലു മാസം കൊണ്ട് അദ്ദേഹം ഗുരുവിൽ നിന്നും ആദ്ധ്യാത്മിക തത്ത്വരഹസ്യങ്ങൾ ഗ്രഹിച്ചു. ശങ്കരന്റെ ഗുരുപരമ്പര വേദവ്യാസനിൽ തുടങ്ങി ശ്രീശുക്രൻ, പതഞ്ജലി, ഗൗഡപാദർ, ഗോവിന്ദപാദർ എന്നിവരിലൂടെയാണ് എത്തി നിന്നത്.

**വേദവ്യാസൻ :** മഹാഭാരതം രചിച്ച വേദവ്യാസൻ ഭാരതീയർക്കെല്ലാം സുപരിചിതനാണല്ലോ? അദ്ദേഹത്തിന് 'കൃഷ്ണ ദ്വൈപായനൻ' എന്നും 'ബാദരായണൻ' (ബദരീനാഥത്തിലെ ബദരികാശ്രമം) എന്നും പേരുകളുണ്ട്. പിതാവായ പരാശരമഹർഷിക്കൊപ്പം ആശ്രമത്തിൽ താമസിച്ച് അദ്ദേഹത്തിൽ നിന്നു വിദ്യ അഭ്യസിച്ചു. വ്യാസൻ എന്നത് ഒരു സ്ഥാനപ്പേരാണെന്നും അതിനാൽ പുരാണങ്ങൾ രചിച്ചത് വേദവ്യാസനല്ലെന്നും പല വ്യാസന്മാരാൽ രചിക്കപ്പെട്ടതാണ്, നമ്മുടെ 18 മഹാപുരാണങ്ങളും 18 ഉപപുരാണങ്ങളും എന്ന ഒരു വാദഗതിയുമുണ്ട്. പണ്ഡിതന്മാർക്ക് ഈ കാര്യത്തിൽ ഏകാഭിപ്രായമില്ല. നമുക്കറിയാം ശങ്കരാചാര്യർ എന്നത് ഒരു സ്ഥാനപ്പേരാണെന്നും ആദിശങ്കരാചാര്യർ ഒരാളെയുണ്ടായിരുന്നുള്ളൂവെന്ന സത്യാവസ്ഥ.

മഹാഭാരതത്തിലെ ഒരു ഭാഗമായിരുന്ന 'ഭഗവത്ഗീത'യെ അതിൽ നിന്നും വേർപെടുത്തി ഒരു ഉന്നതസ്ഥാനത്ത് പ്രതിഷ്ഠിച്ചത് വേദവ്യാസൻ തന്നെയാണ്. വേദവ്യാസമുനിയുടെ ശിഷ്യന്മാരാണ് പുത്രനായ ശ്രീശുകൻ, വൈശാമ്പായനൻ, സോമഹർഷണൻ എന്നു പേരുള്ള സൂതൻ, പൈലൻ, ജൈമിനി തുടങ്ങിയവർ.

**ശ്രീശുകമഹർഷി :** വേദവ്യാസന്റെ പുത്രനായ ശുകൻ അദ്ദേഹത്തിന്റെ പ്രിയ ശിഷ്യൻ കൂടി ആയിരുന്നു. ശിവഭഗവാന്റെ അനുഗ്രഹത്താൽ ഘൃതാചി എന്ന അപ്സരസ്സിൽ ജാതനായി . ഉപനയനം നടത്തിക്കൊടുത്തതും ഭഗവാൻ തന്നെയാണ്. ദിവ്യനായ ശുകൻ ആദ്യം ബൃഹസ്പതിയിൽ നിന്നും വിദ്യ അഭ്യസിച്ചു. പിന്നീട് മിഥിലാപുരിയിലെത്തി ജനക മഹാരാജാവിൽ നിന്നും ആത്മജ്ഞാനം നേടുകയും ചെയ്തു. പിതാവിന്റെ ആശ്രമത്തിൽ തിരിച്ചെത്തിയ ശുകനെ വ്യാസൻ മഹാഭാരതം പഠിപ്പിച്ചുവെന്നും. അത് അദ്ദേഹം യക്ഷന്മാരേയും ഗന്ധർവന്മാരേയും രാക്ഷസന്മാരേയും ചൊല്ലി കേൾപ്പിച്ചുവെന്നും പ്രസ്താവിച്ചിട്ടുണ്ട്. കൂടാതെ പരീക്ഷത്ത് മഹാരാജാവിനെ ഭാഗവതപുരാണം കേൾപ്പിച്ച് അദ്ദേഹത്തെ മോക്ഷത്തിലേക്ക് നയിച്ചതും ശുകനാണ് എന്ന് മഹാഭാരതത്തിൽ വിവരിക്കുന്നുണ്ട്. പുരാണങ്ങളിൽ പറയുന്നതനുസരിച്ച് ശ്രീശുകൻ പിതാവിനേക്കാൾ ആദ്ധ്യാത്മിക ജ്ഞാനിയായിരുന്നുവത്രേ. ശുകന്റെ രണ്ടു പ്രധാനപ്പെട്ട ശിഷ്യന്മാരായിരുന്നു ഉപവർഷനും ഗൗഡപാദരുമെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. ശുകമഹർഷി മഹാസമാധിയായത് കൈലാസത്തിലെത്തി ശിവഭഗവാനെ ധ്യാനിച്ചുകൊണ്ടാണെന്ന് വിശ്വസിക്കപ്പെടുന്നു.

**പതഞ്ജലി മഹർഷി :** പുരാണങ്ങളിൽ പറയുന്നത് പതഞ്ജലി എന്ന പേരുള്ള രണ്ടു പേർ ജീവിച്ചിരുന്നുവെന്നാണ്. ഒരു പതഞ്ജലി യോഗസൂത്രങ്ങളുടെ രചയിതാവായിരുന്നെങ്കിൽ മറ്റേ പതഞ്ജലി പാണിനിയുടെ 'അഷ്ടാധ്യായി' എന്ന വ്യാകരണ ഗ്രന്ഥത്തിന് 'മഹാഭാഷ്യം' രചിച്ച് സുപ്രസിദ്ധനായ വ്യക്തിയാണ്. പാണിനി, പതഞ്ജലി, കാർത്യായനൻ എന്നീ മൂന്നു വൈകാരണന്മാരെ ചേർത്ത് 'മുനിത്രയം' എന്ന് പറയുന്നു. 'അഞ്ജലി' (ആദരപൂർവ്വം കൈക്കൂപ്പുക) എന്ന വാക്കിൽ നിന്നാണ് പതഞ്ജലി എന്ന പേരുണ്ടായത് എന്ന് പറയപ്പെടുന്നു.

യോഗസൂത്രകാരനായ പതഞ്ജലി ഷഡ്ദർശനങ്ങളിലൊന്നായ യോഗദർശനത്തിന്റെ അടിസ്ഥാനത്തിലാണ് യോഗസൂത്രങ്ങൾ രചിച്ചിരിക്കുന്നത്. സമാധി, സാധന, വിഭൂതി (സിദ്ധി) കൈവല്യം എന്നിങ്ങനെ നാലു പാദങ്ങളിലായി 195 സൂത്രങ്ങളായാണ് രചന നിർവ്വഹിച്ചിരിക്കുന്നത്.

മഹാഭാഷ്യം രചിച്ച പതഞ്ജലിയാണ് ഗൗഡപാദരുടെ ഗുരുവായി അറിയപ്പെടുന്നതെന്ന കാര്യത്തിൽ ഒരു സംശയവുമില്ല.

***ഗൗഡപാദാചാര്യർ :*** പൗരാണിക ഭാരതത്തിൽ വംഗരാജ്യമെന്ന പേരിൽ അറിയപ്പെട്ടിരുന്ന ബംഗാളിലെ ഗൗഡദേശക്കാരനായതിനാലാണ് ഇദ്ദേഹത്തിന് ഗൗഡപാദനെന്ന പേര് ഉണ്ടാവാൻ കാരണമായിപ്പറയുന്നത്. ബാല്യത്തിൽ തന്നെ അദ്ധ്യാത്മിക ജീവിതത്തിൽ തൽപരനായിരുന്ന ഗൗഡപാദൻ പ്രസിദ്ധനായ പതഞ്ജലി മഹർഷിയുടെ ഗുരുകുലാശ്രമത്തിലെത്തി വിദ്യാഭ്യാസം ആരംഭിച്ചു. വിദേശങ്ങളിൽ നിന്നുപോലും യുവാക്കൾ ജ്ഞാന സമ്പാദനത്തിനായി ആശ്രമത്തിൽ എത്തിയിരുന്നു. ഒരവസരത്തിൽ ഏതാണ്ട് ആയിരത്തോളം വിദ്യാർത്ഥികൾ ആശ്രമത്തിൽ വസിച്ചിരുന്നതായി പുരാണങ്ങളിൽ പറയുന്നു. മുതിർന്ന ശിഷ്യനായ ഗൗഡപാദനെയാണ് അന്തേവാസികളുടെ മേൽനോട്ടം ഏൽപിച്ചിരുന്നത്. ഗൗഡപാദൻ ആശ്രമത്തിൽ ഇല്ലാതിരുന്ന സമയത്ത് ഒരപകടം സംഭവിക്കുകയും അതുമൂലം ഏതാനും ശിഷ്യന്മാർ മരണപ്പെടുകയും ചെയ്തു. ഗുരുവായ പതഞ്ജലി മഹർഷിയുടെ അനുവാദം വാങ്ങാതെയാണ് ഗൗഡപാദൻ പുറത്ത് പോയിരുന്നത്. ഗുരുവിന്റെ അനിഷ്ടത്തിന് പാത്രമായ അദ്ദേഹത്തിന് ആശ്രമവാസം ഉപേക്ഷിച്ച് അവിടെ നിന്ന് പോകേണ്ടതായി വന്നു. എന്നാൽ ഗുരുവിന്റെ ആജ്ഞ അനുസരിച്ച് ഗൗഡപാദന് യോഗ്യനായ ഒരാളെ കണ്ടെത്തി ശിഷ്യനാക്കി താൻ നേടിയെടുത്ത വിദ്യ മുഴുവനും (വ്യാകരണശാസ്ത്രം, മഹാഭാഷ്യം) പഠിപ്പിച്ചു കൊടുക്കേണ്ടതുണ്ടായിരുന്നു. ഏറെക്കാലത്തെ അന്വേഷണത്തിനുശേഷം, ദേശാടനത്തിലൂടെ ഉജ്ജൈയിനിലെത്തിയപ്പോൾ കണ്ടുമുട്ടിയ ചന്ദ്രശർമനെ ശിഷ്യനായി അംഗീകരിച്ചു. ഇദ്ദേഹമാണ് പിന്നീട് ഗോവിന്ദഭഗവത് പാദർ എന്ന പേരിൽ അറിയപ്പെട്ടത്. തന്റെ ദൗത്യം പൂർത്തിയാക്കിയ ഗൗഡപാദർ ഹിമാലയത്തിലേക്ക് യാത്രയായി. അവിടെയെത്തിയ അദ്ദേഹം ശ്രീശുകമഹർഷിയുടെ ശിഷ്യത്ത്വം സ്വീകരിച്ച് ബദരികാശ്രമത്തിൽ താമസിച്ച് വേദാന്ത പഠനം തുടങ്ങി. പഠനം പൂർത്തിയാക്കിയ ഗൗഡപാദൻ, ആചാര്യസ്ഥാനത്തിന് അർഹനായി. ഗൗഡപാദാചാര്യർ എന്ന പേരിൽ അറിയപ്പെട്ടു. അദ്വൈത ദർശനത്തിന്റെ ഉപജ്ഞാതാവെന്ന നിലയിൽ അദ്ദേഹം ഭാരതത്തിലെങ്ങും അറിയപ്പെട്ടു.

**ഗോവിന്ദ ഭഗവത് പാദർ :**

ചന്ദ്രശർമ്മൻ സന്യാസം സ്വീകരിച്ച് ഗോവിന്ദ പാദരായെങ്കിലും കുറേക്കാലത്തിനുശേഷം അദ്ദേഹം വേദാന്ത പഠനത്തിനായി ഹിമാലയത്തിലെ ബദരീകാശ്രമത്തിലെത്തി ചേർന്നു. അവിടെ ഉണ്ടായിരുന്ന ഗൗഡപാദരുടെ കീഴിൽ വീണ്ടും പഠനം തുടരുകയും അങ്ങിനെ ഒരു പരിപൂർണ്ണ സന്യാസിയായി നർമ്മദാ നദീതീരത്തെത്തി ആശ്രമവാസം ആരംഭിക്കുകയും ചെയ്തു. ഒരു ഗുരുവിനെതേടി നടന്ന ശ്രീശങ്കരൻ അവിടെവച്ചാണ് തന്റെ ഗുരുവായ ഗോവിന്ദ ഭഗവത് പാദരെ കണ്ടു മുട്ടുന്നത്. ശ്രീശങ്കരൻ, സന്യാസിയായി ആദ്ധ്യാത്മിക പഠനം ആരംഭിച്ച് ഏതാണ്ട് നാലുമാസം കഴിഞ്ഞപ്പോൾ 'ചാതുർമാസ്യം' അനുഷ്ഠിക്കേണ്ട കാലമായി. അതിനാൽ ഗോവിന്ദചാര്യൻ ശിഷ്യനോടു പറഞ്ഞത്, കാശിയിൽ ചെന്ന്, യോഗ്യരായ ശിഷ്യന്മാരെ കണ്ടെത്തി അവർക്ക് ആത്മജ്ഞാനം ഉപദേശിച്ചു കൊടുക്കണമെന്നാണ്. മാത്രമല്ല, വ്യാസമഹർഷി രചിച്ച 'ബ്രഹ്മസൂത്ര'ത്തിന് നല്ല ഒരു വ്യാഖ്യാനം രചിക്കുവാൻ ശ്രമിക്കണം എന്നും ഉപദേശിച്ചു.

ചാതുർമാസ്യം : കർക്കിടകമാസത്തിലെ വെളുത്തപക്ഷം ദ്വാദശി നാളിൽ തുടങ്ങി നാലുമാസക്കാലം സന്യാസിമാർ അനുഷ്ഠിക്കുന്ന ഒരു വ്യതമാണ് ചാതുർമാസ്യം. ഈ സമയത്ത് ഹിമാലയത്തിലെ ഗുഹകളിലും ആശ്രമങ്ങളിലും തപസ്സിൽ മുഴുകിയിരിക്കുന്ന സന്യാസികൾ ഗംഗാസ്നാനത്തിനായി കാശിയിലെത്തുന്നു. അപ്പോൾ അവിടെയെത്തുന്ന തീർത്ഥാടകർക്കും ഭക്തർക്കും ആത്മീയോപദേശം നൽകുന്ന പതിവുണ്ട്. വൃതനാളുകൾക്കുശേഷം ഇവർ പഴയസ്ഥാനങ്ങളിലേക്ക് മടങ്ങി പോകുന്നു.

ബാലി വധത്തിനുശേഷം രാമ– ലക്ഷ്മണന്മാർ ഋഷ്യമൂകാചലത്തിൽ തങ്ങി നാലുമാസക്കാലം ഈ വൃതം അനുഷ്ഠിച്ചിരുന്നതായി രാമായണത്തിൽ പരാമർശിക്കുന്നുണ്ട്. (തുടരും)


## എറണാകുളം കരയോഗാംഗത്വം എടുക്കൂ

**ജീവകാരുണ്യ പ്രവർത്തനങ്ങളിൽ പങ്കാളിയാവൂ...**

**94 വർഷത്തെ സേവനപാരമ്പര്യമുള്ള എറണാകുളം കരയോഗത്തിൽ കൊച്ചി കോർപ്പറേഷൻ പരിധിയിൽ സ്ഥിരതാമസമുള്ള എല്ലാ നായർ സമുദായാംഗങ്ങൾക്കും കരയോഗം നിയമാവലിയ്ക്ക് വിധേയമായി അംഗത്വം ലഭിക്കുന്നതാണ്.**

**ഈ അവസരം പ്രയോജനപ്പെടുത്തുക.**

***കൂടുതൽ വിവരങ്ങൾക്ക്: 0484 2361160***

Email: ekmkgm@gmail.com

# OUR PILGRIMAGES – 2019

## കൈലാസ മാനസ സരോവർ
(BY FLIGHT/ HELICOPTER)
JUNE

**ശിവപാർവ്വതിമാരുടെ ആസ്ഥാനമായ കൈലാസവും മാനസസരസും കാഠ്മണ്ഡുവിലെ പശുപതിനാഥ്, ബൗദ്ധനാഥ്, സ്വയംഭൂനാഥ്, മുക്തിനഥ് ക്ഷേത്രങ്ങളും കാഠ്മണ്ഡു നഗരവും സന്ദർശിക്കുന്നു. യാത്രനിരക്ക് : 1,79,800/-+ Rs. 20,000 /-(Flight)**

## അമർനാഥ് - വൈഷ്ണോദേവി - ശിവകോടി - ശ്രീനഗർ - ഗുൽമാർഗ് (ജൂലൈ)
Flight Trip - Kochi to Sri Nagar & Return Delhi to Kochi
യാത്രാനിരക്ക് : Rs. 39,800/-

## ലേ, ലഡാക്ക്, കാർഗിൽ, ശ്രീ നഗർ, ഗുൽമാർഗ് - (ജൂലൈ)
Flight Trip - Kochi to Leh & Sri Nagar to Kochi
യാത്രാനിരക്ക് : Rs. 27,800/- + Flight Fare


## കേദാർനാഥ്, ബദരീനാഥ്, യമുനോത്രി, ഗംഗോത്രി (സെപ്തംബർ)
ഹരിദ്വാർ, ഋഷികേശ്, വസിഷ്ടഗുഹ, മാനാ ഗ്രാമം, ദേവപ്രയാഗ്, രുദ്രപ്രയാഗ്, ഗുപ്തകാശി, ജോഷിമഠം, വ്യാസഗുഹ, ഗണേഷ് ഗുഹ, ഉത്തരകാശി.
(Including Kedarnath by Helicopter) Rs. 31,800/- (From Delhi) + Train/ Flight

# HOLY HIMALAYA
## TOURS & TRAVELS
(Excellence in Pilgrimage – In the service of Lord)

**9446508304, 9961 200 400, 9961 200 500,0484-4020399**

**"KAILASAM", PONOTH ROAD, KOCHI -682017**

# 2019 മാർച്ച് മാസത്തിൽ അന്തരിച്ച കരയോഗാംഗങ്ങൾക്ക് ആദരാഞ്ജലികൾ




**ബാലകൃഷ്ണൻ പി. എം**
L/2799
അശ്വതി, പ്ളോട്ട് നമ്പർ- 209
ഗിരിനഗർ, കൊച്ചി -682020




**സതീഷ് നായർ. പി**
L/4906, നന്ദികേഷ്, 36
ഷേണായ് റോഡ്
കലൂർ, കൊച്ചി -682017




**ഡോ. ചന്ദ്രിക. എം**
L/5584, വാകയിൽ, 36/344
പുല്ലേപ്പടി റോഡ്
കതൃക്കടവ്, കൊച്ചി - 682017



**ശാന്തകുമാർ. എൻ**
L/ 4681, പ്രശാന്തി,
നവഗ്രഹ ലെയിൻ
എ.സി. എസ്. സ്ക്കൂൾ റോഡ്
കലൂർ, കൊച്ചി - 682017




**മോഹൻ ഗോപിനാഥ്**
L/3418, 1. എഫ്. ഹാൽട്ടൺ
ഹൈറ്റ്സ്, ആലിൻചുവട്
വെണ്ണല. പി. ഒ
എറണാകുളം 682028



**കൃഷ്ണകുമാർ മങ്ങോട്ട്**
L/2311, ശ്രീ അപ്പാപറമ്പത്ത്
കോളനി, ചിറ്റൂർ റോഡ്
കൊച്ചി - 682011



**കുമാരൻ നായർ കെ.**
L/1740
മനോമഞ്ജുഷ്, 28/3035
ചെറുപറമ്പത്ത് റോഡ്
കടവന്ത്ര, കൊച്ചി - 682020



**വി.എസ്. രാഘവൻ**
L/1180
ഉഷാമഹൽ
എസ്. ആർ. എം. റോഡ്
പച്ചാളം, കൊച്ചി - 682012

# വിഷുവിപണന മേള / വിഷുസദ്യകിറ്റ്

**2019 ഏപ്രിൽ 7 മുതൽ 14 വരെ ടി.ഡി.എം ഹാളിൽ പ്രത്യേകം സജ്ജീകരിച്ച കൗണ്ടറിൽ നിന്ന് വിവിധ പ്രഥമനുകൾ, കാളൻ, പുളിയിഞ്ചി, അച്ചാറുകൾ എന്നിവ ലഭിക്കുന്നതാണ്. വിഷുസദ്യകിറ്റ് ബുക്കു ചെയ്യുന്നതിന് ഏപ്രിൽ 8 മുതൽ 12 വരെ ദിവസങ്ങളിൽ വിപണന കൗണ്ടറിൽ സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ട്. (വിവരം എസ്.എം. എസ്. മുഖാന്തിരം അറിയിച്ചിട്ടുള്ളതാണ്.) 5 പേർക്കുള്ള സദ്യകിറ്റിൽ സാമ്പാർ, അവിയൽ, കാളൻ, ഓലൻ, എരിശ്ശേരി, പുളിയിഞ്ചി, നാരങ്ങകറി, മെഴുക്കുപുരട്ടി, ശർക്കര ഉപ്പേരി, കായവറുത്തത്, പപ്പടം, പാലട, പരിപ്പുപ്രഥമൻ, ഇല അഞ്ചെണ്ണം (ചോറ് ഒഴികെ) എന്നിവ ഉണ്ടായിരിക്കും. 850 രൂപയ്ക്ക് (GST ഉൾപ്പടെ) സദ്യകിറ്റ് ലഭ്യമാണ്. മുൻകൂർ പണം അടച്ച് ബുക്കു ചെയ്യുന്നവർക്കാണ് വിഷുദിനത്തിൽ സദ്യകിറ്റും പ്രഥമനുകളും ലഭിക്കുന്നത്. ഏപ്രിൽ 15 വിഷുദിനത്തിൽ രാവിലെ 8.30 മുതൽ 9.30 മണിവരെ മാത്രമേ സദ്യകിറ്റ് ലഭിക്കുകയുള്ളൂ എന്ന് അറിയിച്ചു കൊള്ളുന്നു.**

***ജനറൽ സെക്രട്ടറി***

# മുടി കൊഴിച്ചിൽ



**ഡോ. പാർവ്വതി .കെ. എസ്**

മിക്ക ആളുകളെയും ഏറ്റവും ആശങ്കപ്പെടുത്തുന്ന സൗന്ദര്യപ്രശ്നമാണ് മുടിക്കൊഴിച്ചിൽ. മുടി സംരക്ഷണത്തിനായി എന്തും പരീക്ഷിക്കാൻ തയ്യാറാണ് പലരും. എന്നാൽ പലപ്പോഴും മുടിക്കുണ്ടാകുന്ന ചില രോഗങ്ങൾ മുടിയുടെ വളർച്ചയേയും ആരോഗ്യത്തേയും ബാധിക്കുന്നു.

ഏറ്റവും വേഗത്തിൽ വളരുന്ന കോശസമൂഹങ്ങളിലൊന്നാണ് മുടി. മുടിയുടെ വളർച്ചാഘട്ടം പ്രധാനമായും മൂന്നു തരത്തിലാണ്. ആദ്യഘട്ടം അനാജൻ ആണ്. രണ്ടു മുതൽ പത്തുവർഷം വരെയാണ് ഈ കാലയളവ്. രണ്ടാമത്തെ ഘട്ടമാണ് കാറ്റജൻ. ഒന്നു മുതൽ രണ്ടാഴ്ച വരെയാണ് ഈ കാലയളവ്. മൂന്നാം ഘട്ടമാണ് ടീലൊജൻ. ഇത് വിശ്രമാവസ്ഥയാണ്. ഈ അവസ്ഥയിൽ മുടിയുടെ വളർച്ച ഏതാണ്ട് പൂർണ്ണമായി നിലയ്ക്കും. മുടിക്ക് കറുപ്പുനിറം നൽകുന്ന കോശങ്ങളുടെ പ്രവർത്തനവും മന്ദീഭവിക്കും. ഈ മുടി പരമാവധി മൂന്നു മാസം വരെ മാത്രമേ നിലനിൽക്കുകയുള്ളൂ. അതിനുശേഷം അതു കൊഴിയും. മൊത്തം മുടി വളർച്ചയുടെ 90 % അനാജൻ ഘട്ടത്തിലും 10 % ൽ താഴെ ടീലൊജൻ ഘട്ടത്തിലും ഒരു ശതമാനത്തോളം കാറ്റജൻ ഘട്ടത്തിലുമായിരിക്കും.

**മുടിക്ക് മൂന്ന് പാളികളുണ്ട്.**

**ക്യൂട്ടിക്കിൾ (Cuticle)** – ഏറ്റവും പുറമേയുള്ള പാളിയാണിത്. മുടിയെ പൊതിഞ്ഞ് സംരക്ഷിക്കുന്നു.

**കോർട്ടെക്സ് (Cortex)** – തലമുടിക്ക് ദൃഢതയും ഇലാസ്തികതയും നൽകുന്നതാണിത്. ഇതിലടങ്ങിയ മെലാനിൻ മുടിക്ക് കറുപ്പു മൽകുന്നു.

**മെഡുല്ല (Medulla)** – മുടിയുടെ അകത്തെ പാളിയാണിത്.

മുടി നിർമ്മിച്ചിരിക്കുന്നത് കെരാറ്റിൻ (Keratin) എന്ന പ്രോട്ടിൻ കൊണ്ടാണ്. മുടി വളരുന്നത് ശിരോചർമ്മത്തിലെ രോമകൂപങ്ങളിൽ നിന്ന്, രോമകൂപത്തിനുള്ളിലെ കോശവിഭജനം വഴി അങ്ങനെ ഉല്പാദിപ്പിക്കുന്ന രോമകോശങ്ങൾ മുകളിലേക്ക് നീങ്ങി കട്ടിയായിത്തീർന്ന് മുടിയിഴകൾ രൂപം കൊള്ളുന്നു. ജീവനില്ലാത്തവയാണ് മുടിയിഴകൾ.

മുടി കൊഴിച്ചിലിന് ഒട്ടേറെ കാരണങ്ങളുണ്ട്. അതിലൊന്നാണ് താരൻ. കൗമാരപ്രായമാകുമ്പോൾ തന്നെ പലർക്കും താരൻ വന്നു തുടങ്ങും. തലയിലെ ചർമ്മത്തിൽ നേർത്ത ശൽക്കങ്ങളും രോമകൂപത്തിന് ചുറ്റും ചുവപ്പും ചൊറിച്ചിലുമായാണ് താരൻ തുടങ്ങുക. തുടക്കത്തിൽ ചികിത്സ സ്വീകരിക്കാതിരുന്നാൽ താരൻ രൂക്ഷമാകും. അത് മറ്റ് മുടിയിഴകളിലേക്കും ശിരോചർമ്മത്തിന്റെ മറ്റ് ഭാഗങ്ങളിലേക്കും വ്യാപിക്കാം. ഇത് മുടിയുടെ വളർച്ച മന്ദഗതിയിലാക്കുകയോ വളർച്ച മുരടിപ്പിക്കുകയോ ചെയ്യാൻ സാധ്യതയുണ്ട്. വെള്ളം മാറി കുളിക്കുന്നതു വഴിയും ക്ലോറിൻ വെള്ളം ഉപയോഗിക്കുന്ന തിലൂടെയും മുടി കൊഴിയുന്നതിനേക്കാൾ പൊട്ടി പോവാനാണ് സാധ്യത കൂടുതൽ.

പോഷകമില്ലാത്ത ഭക്ഷണം മുടി കൊഴിച്ചിലിന് മറ്റൊരു കാരണമാകാം. ആഹാരത്തിൽ മാംസ്യത്തിന്റെയും ഇരുമ്പിന്റേയും അളവ് കുറയുമ്പോൾ വളർച്ചാ ഘട്ടത്തിലുള്ള മുടിയിഴകൾ പെട്ടെന്ന് വിശ്രമാവസ്ഥയിലേക്ക് മാറും. വിറ്റാമിനുകളും പ്രോട്ടീനുകളും ലവണങ്ങളുമെല്ലാം രോമവളർച്ചയെ സഹായിക്കും. പെട്ടെന്ന് മെലിയാനായി ഭക്ഷണത്തിന്റെ അളവ് വലിയ തോതിൽ കുറയ്ക്കുന്നത് പോഷകദാരിദ്ര്യത്തിലേക്കും അതുവഴി മുടികൊഴിച്ചിലിനും സാധ്യത കൂട്ടുന്നു.

ടെൻഷനും മറ്റ് മാനസിക പ്രയാസങ്ങളും മുടിവളർച്ചയെ ബാധിക്കും. പെട്ടെന്നുണ്ടാകുന്ന മാനസിക സംഘർഷങ്ങളുടെ ഫലമായി രണ്ടു മൂന്നു മാസംകൊണ്ട് മുടി ധാരാളം കൊഴിയാറുണ്ട്. ടിലോജൻ എഫ്ളൂവിയം എന്നാണ് ഇതിന് പേർ. വളർന്നുകൊണ്ടിരിക്കുന്ന രോമകൂപങ്ങളുടെ കോശവിഭജനം തടസ്സപ്പെടുന്നതാണ് ഇതിന് കാരണം.

തൈറോയ്ഡ് ഹോർമോണിന്റെ അളവ് ഏറിയാലും കുറഞ്ഞാലും മുടി കൊഴിച്ചിലുണ്ടാകാം. ഹോർമോൺ അപാകം മൂലമുണ്ടാകുന്ന പോളിസിസ്റ്റിക് ഓവേറിയൻ സിൻഡ്രോം (PCOD) ഉള്ളവരിൽ മുടികൊഴിച്ചിൽ അധികമായിരിക്കും. രക്തക്കുറവുണ്ടെങ്കിലും മുടി കൊഴിച്ചിലുണ്ടാകാം.

പ്രസവശേഷം മുടികൊഴിച്ചിലുണ്ടാകാം. ഗർഭാവസ്ഥയിൽ ഈസ്ട്രജൻ, കോർട്ടിസോൾ തുടങ്ങിയവയുടെ പ്രവർത്തനം ത്വരിതഗതിയിലായിരിക്കും. ഇത് മുടി വളർച്ചയെ വേഗത്തിലാക്കും. എന്നാൽ പ്രസവശേഷം ഈ ഹോർമോണുകൾ സാധാരണ

നില കൈവരിക്കും. അതോടെ മുൻപുണ്ടായിരുന്ന മുടിയിഴകളെല്ലാം പെട്ടെന്ന് കൊഴിയാൻ തുടങ്ങും.

ആരോഗ്യമുള്ള മുടിയുണ്ടാകാൻ തലയോട്ടിയെ ആരോഗ്യത്തോടെ സംരക്ഷിക്കണം. അതോടൊപ്പം ആരോഗ്യകരമായ ഭക്ഷണശീലവും അത്യാവശ്യമാണ്. ഓരോ മുടിയിഴയ്ക്കും രണ്ട് ഭാഗങ്ങൾ ഉണ്ട്. പുറമെ കാണുന്ന ഷാഫ്റ്റും (Shaft) ചർമ്മത്തിനകത്ത് സ്ഥിതി ചെയ്യുന്ന ഫോളിക്കിളും (Follicle) മുടിയുടെ ഫോളിക്കിളിന്റെ അവസാനമായി ബൾബിലാണ് ജീവകോശങ്ങൾ ഉള്ളത്. രക്തയോട്ടം ഉള്ളതും ഈ ഭാഗത്താണ്.

മുടിയിഴകൾ നിർമ്മിച്ചിരിക്കുന്നത് കെരാറ്റിൻ എന്ന പ്രോട്ടീൻ കൊണ്ടാണെന്ന് നേരത്തെ സൂചിപ്പിച്ചല്ലോ. മുടിയുടെ വളർച്ചയ്ക്കും ആരോഗ്യത്തിനും പ്രോട്ടീൻ അത്യാവശ്യമാണ്. മുട്ടയിൽ ധാരാളം പ്രോട്ടീൻ അടങ്ങിയിട്ടുള്ളതിനാൽ ഭക്ഷണത്തിൽ മുട്ട ഉൾപ്പെടുത്തുന്നത് നല്ലതാണ്. തലയോട്ടിയിലെ വരൾച്ച ഇല്ലാതാക്കാനും മുടിക്ക് തിളക്കം നൽകാനും സഹായിക്കുന്ന സെബം തലയോട്ടിയിലെ സ്നേഹഗ്രന്ഥികളിൽ ഉൽപ്പാദിപ്പിക്കപ്പെടുന്നു. ഇവയുടെ നിർമ്മാണത്തിന് വിറ്റാമിൻ എ ആവശ്യമാണ്. ഇലക്കറികൾ , കാരറ്റ്, പപ്പായ, സ്പിനാച്ച്, മധുരക്കിഴങ്ങ്, മത്സ്യം , കരൾ, ആപ്രിക്കോട്ട് മുതലായവ ഭക്ഷണത്തിൽ ഉൾപ്പെടുത്താൻ ശ്രദ്ധിക്കുക.

വിറ്റാമിൻ. സി നല്ലൊരു ആന്റി ഓക്സിഡന്റാണ്. കൊളാജൻ നിർമ്മാണത്തിനും കാപിലറികളുടെ ആരോഗ്യത്തിനും ആവശ്യമായ വിറ്റാമിൻ ഭക്ഷണത്തിൽ നിന്നുള്ള ഇരുമ്പിന്റെ ആഗിരണത്തിനും സഹായിക്കുന്നു. മുടിയുടെ ഇലാസ്തികതയ്ക്കും വളർച്ചയ്ക്കും വിറ്റാമിൻ സി സഹായകമാണ്. ഓറഞ്ച് , നെല്ലിക്ക, പേരയ്ക്ക, തക്കാളി മുതലായവ വിറ്റമിൻ സി അടങ്ങിയതാണ്.

ജലത്തിൽ അലിയുന്ന ബയോട്ടിൻ, ഫോളിക് ആസിഡ് തുടങ്ങിയ ബി ഗ്രൂപ്പ് വിറ്റാമിനുകൾ മുടിയുടെ ആരോഗ്യത്തിന് അത്യാവശ്യമാണ്. മുടിയുടെ പ്രധാന ഘടകമായ കെരാറ്റിൻ എന്ന പ്രോട്ടിന്റെ നിർമ്മാണത്തിന് ബയോട്ടിൻ ആവശ്യമാണ്.

ഇരുമ്പിന്റെ കുറവ് മൂലം വിളർച്ചയുണ്ടാവുന്നത് മുടിക്കൊഴിച്ചിലിന് കാരണമാകാറുണ്ട്. നെല്ലിക്ക, ബീറ്റ് റൂട്ട്, മാതളനാരങ്ങ, ഈന്തപ്പഴം മുതലായവ ഭക്ഷണത്തിൽ ഉൾപ്പെടുത്തുക. ഒമേഗ 3 ഫാറ്റി ആസിഡ് അടങ്ങിയ ഭക്ഷണം ഉൾപ്പെടുത്തുന്നതും നല്ലതാണ്.


ചൈത്രം

- മാനസിക സംഘർഷമനുഭവിക്കുന്നവർ
- ഏകാന്തതയനുഭവിക്കുന്നവർ
- ജീവിതം അവസാനിപ്പിക്കണമെന്ന് തോന്നുന്നവർ
- നിങ്ങളുടെ വിഷമം പങ്കുവയ്ക്കാൻ നേരിട്ടും ഫോണിലും ബന്ധപ്പെടാം;

**0484 2361161. ചൈത്രത്തിലെ സേവനം തികച്ചും സൗജന്യവും സ്വകാര്യവുമാണ്**

**ഉച്ചയ്ക്ക് 2 മണി മുതൽ 5 മണി വരെ**


# കൃഷ്ണഗീതിക

**ഡി.കെ.എം.കർത്താ**

കളിന്ദജയ്ക്കു തന്നോളനാവിലേതു നാമം ?
കുറൂരമ്മയനുനിമിഷം പാടിയേതു നാമം ?

ഗോപികമാർ താലോലിച്ചതേതു മധുര നാമം ?
ഗോപകുലമാപത്തിൽ ചൊല്ലിയേതു നാമം ?

യമുനയിൽ മുഴുകിയാൽ കേൾക്കുമേതു നാമം ?
യമദൂതരെയോടിപ്പിക്കും ഏതു ശക്തനാമം ?

ഉദ്ധവന്റെ നെഞ്ചിലുള്ളതേതു പുണ്യനാമം ?
ഉത്തമജനമന്തികളിൽ ചൊല്ലുമേതു നാമം ?

ദേവകിതൻ കനവിലും മുഴങ്ങിയേതു നാമം ?
ദോഷമൊക്കെ മാറ്റിനിർത്തും ഏതു ദിവ്യനാമം ?

നന്ദഗോപരധരത്തിൽ പേറിയേതു നാമം ?
നാരീമണി യശോദതൻ മനസ്സിലേതു നാമം ?

മേല്പത്തൂരിന്നസുഖമെല്ലാം മാറ്റിയേതു നാമം ?
മോദകപ്രിയഗണപതിയ്ക്കുമിഷ്ടമേതു നാമം ?

കരുണയുടെ തേനറയാണേതു സുഭഗനാമം ?
കംസനിലന്നാലിലപോൽ വിറചേർത്തേതു നാമം ?

ഭീഷ്മരന്നു മന്ത്രംപോൽ ചൊല്ലിയേതു നാമം ?
ഭക്തമീര പാടിന്നതേതു രുചിരനാമം ?

വൃന്ദാവനതുളസിയെന്നുമോർത്തതേതു നാമം ?
വിദുരന്റെ കരളിലെന്നും ഉണർന്നതേതു നാമം ?

രാധികയുടെ പ്രാണന്റെ പ്രാണനേതു നാമം ?
രോഗ- ശത്രു-മോഹ- നാശമന്ത്രമേതു നാമം ?

കൃഷ്ണ കൃഷ്ണ, കൃഷ്ണ കൃഷ്ണ, കൃഷ്ണനെന്ന നാമം
കൃഷ്ണ കൃഷ്ണ, കൃഷ്ണ കൃഷ്ണ, കൃഷ്ണനെന്ന നാമം

ഓം

ഹരി ശ്രീ ഗണപതയെ നമഃ അവിഘ്നമസ്തു

മേടം

# മാസഫലം

**2019 ഏപ്രിൽ15 മുതൽ മെയ് 14 വരെ**

Tel : TDM -2361160,
Mob : 9447696190, 9447354306

**ജ്യോതിഷാചാര്യ വിജയ മേനോൻ**



**മേടക്കൂറ് (അശ്വതി, ഭരണി, കാർത്തിക 1/4)ഃ** വിവാഹാദി മംഗളകർമ്മങ്ങൾ നടക്കും. ആരോഗ്യ സ്ഥിതി മെച്ചപ്പെടും. പുതിയ വീട്, വാഹനം എന്നിവ വാങ്ങുവാനുള്ള യോഗം കാണുന്നു. ഭൂമി വിക്രയത്തിൽ നിന്ന് ധനലാഭം പ്രതീക്ഷിക്കാം. വിദ്യാഭ്യാസ കാര്യത്തിൽ പ്രതീക്ഷക്കൊത്ത് ഉയരില്ല. വിദേശത്തു പോകുവാനും അർത്ഥലാഭം ഉണ്ടാകുവാനും സാദ്ധ്യതയുണ്ട്. സഹോദര സഹായം ലഭിക്കില്ല. ദൈവാധീനക്കുറവു കാണുന്നതിനാൽ വിഷ്ണുവിനെ പ്രീതിപ്പെടുത്തുന്ന കർമ്മങ്ങൾ ചെയ്യുക.



**ഇടവക്കൂറ് (കാർത്തിക 3/4 രോഹിണി, മകയിരം 1/2)ഃ** കുടുംബത്തിൽ സന്തോഷകരമായ അനുഭവങ്ങൾ വന്നുചേരും. ഉദ്യോഗത്തിൽ ഉന്നത പദവികൾ ലഭിക്കുവാനുള്ള സാഹചര്യം കാണുന്നു. വിദേശ സഞ്ചാരത്തിലൂടെ ധനലാഭം പ്രതീക്ഷിക്കാം. വിദ്യാഭ്യാസ രംഗം പുഷ്ടിപ്പെടും. വിവാഹാലോചനകൾ നിശ്ചയത്തിൽ എത്തും. കഴുത്ത്, തോൾ ഭാഗങ്ങളിൽ രോഗത്തിന് സാദ്ധ്യത കാണുന്നു. ദോഷം കുറയ്ക്കുവാനായി ധർമ്മ ദൈവ പ്രീതി വരുത്തുക.



**മിഥുനക്കൂറ് (മകയിരം 1/2, തിരുവാതിര, പുണർതം 3/4)ഃ** സന്താനകാര്യത്തിൽ ദുഃഖത്തിനുള്ള വഴികാണുന്നു. സന്താനലബ്ധിക്കായി ചിലവാക്കുന്ന പണം നഷ്ടത്തിൽ കലാശിക്കും. ചികിത്സ ഫലിക്കില്ല. ത്വക്ക് അലർജി രോഗങ്ങളാൽ കഷ്ടപ്പെടും. കർമ്മ പരമായി അല്പ ലാഭം പ്രതീക്ഷിക്കാം. കണ്ടകശനിക്കാലമാണ് ആരോഗ്യം പൊതുവേ മോശമായിരിക്കും.



**കർക്കിടകക്കൂറ് (പുണർതം 1/4, പൂയം, ആയില്യം)ഃ** ഭരണരംഗത്തും തൊഴിൽ രംഗത്തും കൂടുതൽ നേട്ടങ്ങൾ ഉണ്ടാകും. വിദ്യാഭ്യാസ രംഗത്ത് ഉയർച്ച അനുഭവപ്പെടും. പരീക്ഷകളിൽ വിജയിക്കും. സ്വജനങ്ങളോട് മത്സരബുദ്ധിയോടെ പെരുമാറും. സേനാവിഭാഗങ്ങളിൽ ജോലി കിട്ടാവുന്നതാണ്. സന്താനഗുണം കാണുന്നുണ്ട്. സന്താനങ്ങൾക്കായി പലതും കരുതിവയ്ക്കും. വാതാദി കോപം, പൊള്ളൽ എന്നിവ ഉണ്ടാകാം. ഈശ്വരാരാധന ചെയ്യുക.



**ചിങ്ങക്കൂറ് (മകം, പൂരം, ഉത്രം 1/4 )ഃ** ഉന്നതരുമായി ഇടപെടുന്ന കാര്യങ്ങൾ വിജയത്തിൽ എത്തും. ഗൃഹവും വാഹനവും വാങ്ങുകയോ മോടിപിടിപ്പിക്കുകയോ ചെയ്യും. ഔദ്യോഗിക രംഗത്ത് വിജയാന്തരീക്ഷം തുറന്നു കിട്ടും. ദീർഘനാളായി ആഗ്രഹിക്കുന്ന വിവാഹാദി കാര്യങ്ങളിൽ ഫലപ്രാപ്തി ഉണ്ടാകും. വിദേശയാത്രക്കുള്ള സാഹചര്യം വന്നു ചേരും. മാനസികമായി ബുദ്ധിമുട്ടുകൾ നേരിടും. ശിവപഞ്ചാക്ഷരി ജപിക്കുക.



**കന്നിക്കൂറ് (ഉത്രം 3/4, അത്തം, ചിത്തിര 1/2)ഃ** വിവാഹാദി മംഗളകർമ്മങ്ങൾ നടക്കും. അതിനായി ധാരാളം പണം ചിലവു ചെയ്യും. ആരോഗ്യപരമായി നല്ല സമയമല്ല. പിതാവിനോ പിതൃസമാനർക്കോ ആപത്തിന് വക കാണുന്നുണ്ട്. കണ്ടകശനിക്കാലമാണ്. വീട്ടിൽ നിന്ന് മാറിത്താമസിക്കേണ്ടി വരാം. കുടുംബത്തിൽ അസ്വാരസ്യത്തിന് സാദ്ധ്യതയുണ്ട്. ശനി മന്ത്രം ജപിക്കുന്നതും ശനിയാഴ്ചവ്രതമെടുക്കുന്നതും നല്ലതാണ്.



**തുലാക്കൂറ് (ചിത്തിര 1/2 ചോതി, വിശാഖം 3/4)ഃ** ധനപരമായും വിദ്യാഭ്യാസപരമായും കാലം നന്നായിരിക്കും. വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കായി ചിലവാക്കുന്ന ധനം നഷ്ടത്തിൽ കലാശിക്കും. നിയമക്കുരുക്കുകളും വ്യവഹാരങ്ങളും മൂലം പല അർഹതപ്പെട്ട കാര്യങ്ങളും അനുഭവിക്കുവാൻ കഴിയാതെ വരും. വ്യാപാര സ്ഥാപനങ്ങളിലും ധനസ്ഥാപനങ്ങളിലും ധനനഷ്ടത്തിനിടയുണ്ട്. രോഗികൾക്ക് ആശ്വാസം കിട്ടുന്ന കാലമാണ്.




**വൃശ്ചികക്കൂറ് (വിശാഖം 1/4 അനിഴം, തൃക്കേട്ട)ഃ** വിവാഹാലോചനകൾ അലസിപ്പിരിക്കും. വിവാഹത്തിന് കാലതാമസം നേരിടും. പുതിയ വീടും വാഹനവും വാങ്ങുവാൻ കഴിഞ്ഞെന്നു വരാം. സഞ്ചാര സുഖം ലഭിക്കുന്നതാണ്. ജനങ്ങൾക്ക് ഉപകാരപ്രദമായ പ്രവൃത്തികൾ ചെയ്യുക മൂലം സത്കീർത്തിയുണ്ടാകും. ഏഴരശനിക്കാലമായതിനാൽ ശരീരസുഖം കുറയും. ശനിദേവനെ പ്രാർത്ഥിക്കുക.



**ധനുക്കൂറ് (മൂലം, പൂരാടം, ഉത്രാടം1/4)ഃ** ജോലി ചെയ്യുന്ന സ്ഥാപനങ്ങളിൽ നിന്ന് സൗകര്യാർത്ഥമുള്ള മാറ്റങ്ങൾ ഉണ്ടാകും. വിവാഹാദി മംഗള കർമ്മങ്ങളിൽ പങ്കെടുക്കുവാൻ സാധിക്കും. യാത്രാമദ്ധ്യേ അപകടങ്ങൾക്കും ധനനഷ്ടത്തിനും സാദ്ധ്യത കാണുന്നു. സുഖവാസ കേന്ദ്രങ്ങൾ സന്ദർശിക്കും. ഗൃഹം മാറി താമസിക്കുന്നതിന് യോഗമുണ്ട്. ജന്മശനിക്കാലമായതിനാൽ ശാരീരികാസ്വാസ്ഥ്യങ്ങളും നേത്രരോഗത്തിനും സാദ്ധ്യതയുള്ള കാലം കൂടിയാണ്. ശനിയാഴ്ച വ്രതമെടുക്കുക.



**മകരക്കൂറ് (ഉത്രാടം 3/4, തിരുവോണം, അവിട്ടം 1/2)ഃ** പിതാവിന് അസുഖങ്ങളോ മരണം തന്നെയൊ ഉണ്ടാകാൻ സാദ്ധ്യത കാണുന്നതിനാൽ പിതാവിന്റെ ആരോഗ്യകാര്യത്തിൽ കൂടുതൽ ശ്രദ്ധ ആവശ്യമാണ്. ധനലാഭം ഉണ്ടാകുന്ന ഒരു കാലഘട്ടമാണ്. വിദ്യാഭ്യാസത്തിൽ ഉന്നതി ഉണ്ടാകും. ഏഴരശനിക്കാലമായതിനാലും, ദുരിതസ്ഥാനത്തിൽ ശനി, കേതുക്കൾ നിൽക്കുന്നതിനാലും ആശുപത്രിവാസത്തിനും സാദ്ധ്യത കാണുന്നു. ശനിയാഴ്ച ദിവസം നവഗ്രഹക്ഷേത്രത്തിലും ശാസ്താക്ഷേത്രത്തിലും ദർശനം നടത്തി പ്രാർത്ഥിക്കുക.



**കുംഭക്കൂറ് (അവിട്ടം 1/2, ചതയം, പൂരുരുട്ടാതി 3/4)ഃ** കരാർ വ്യവസ്ഥയിൽ ചെയ്യുന്ന പ്രവർത്തനങ്ങൾ കൂടുതൽ നേട്ടങ്ങൾ കൈവരിക്കാം. വാദ്യകലാ വിദ്യകൾ പഠിക്കുന്നതിനും, പഠിപ്പിക്കുന്നതിനും സമയം കണ്ടെത്തും. വിനോദ സഞ്ചാരികൾക്ക് സന്തോഷം പകരുന്ന സമയമാണ്. വനാന്തരങ്ങളിൽ സഞ്ചരിക്കുവാനും മറ്റും സാധിക്കും. മാതാവിന് രോഗത്തിന് സാദ്ധ്യതയുള്ള സമയമാണ്. ഭൂമിലാഭം കാണുന്ന കാലമാണ്.



**മീനക്കൂറ്(പൂരുരുട്ടാതി 1/4, ഉത്രട്ടാതി, രേവതി)ഃ** ഭാഗ്യപരമായ ജീവിത ചുറ്റുപാടുകൾ വന്നു ചേരും. അവ നിലനിർത്തിക്കൊണ്ട് പോകും. ജനോപകാര പ്രവർത്തനങ്ങളിൽ നേതൃത്വം കൊടുക്കുന്നതിനും ഭരണ രംഗത്ത് മത്സരങ്ങളിൽ വിജയിക്കുന്നതിനും കഴിയും. നാലിൽ രാഹു നിൽക്കുന്നതിനാൽ പരീക്ഷകളിൽ തോൽവി സാദ്ധ്യത കാണുന്നു. നവഗ്രഹ സ്തോത്രങ്ങൾ ജപിക്കുക.

*ശുഭമസ്തു*

*ശംഭോമഹാദേവ! എറണാകുളത്തപ്പൻ തുണ!*

**തിങ്കൾ, ബുധൻ, വെള്ളി ദിവസങ്ങളിൽ 9 am to 1 pm വരെ ജ്യോതിഷിയുടെ സേവനം ലഭ്യമാണ്**


# MANGALYAM MATRIMONIAL

## വരനെ ആവശ്യമുണ്ട്



Nair Girl, 26/5'4",Revathy, Medium, B.Arch, Architect, Self Employed,Pref: Degree and above, Professionals, Ph:0484-22621737, Mob7510767737/ 9745073926, Reg.No.21956

Email:sobhaprasad16@gmail.com
Date of Birth:03-04-1992(6.17pm)
Sishta Dasa:Budha:7-7-3





Contact Address:
MR.PRASAD KUMAR C
HIG 18, GCDA
POORNA NAGAR,
ALUVA
ERNAKULAM - 683 101

---

Nair Girl, 22/168cm,Anizham, Fair, B.Tech, Public Sector Enterprise, Pref: Professionally qualified employed in Kerala, Boy with Chowadosham preferred (7th Chowa) Ph:0484-2532740, Mob:9447609805, Reg.No. 21957

Email:bindukuttykrishnan93@gmail.com
Date of Birth:12-11-1996(11.40am)
Sishta Dasa:Sani:9-4-17





Contact Address:
MR.K.KUTTYKRISHNAN
HOUSE NO.17
VIDYANAGAR
COCHIN UNIVERSITY P. O
ERNAKULAM - 682 022

---

Nair Girl, 24/160, Revathy, Fair, B.Tech (NIT Calicut) PG in Construction Management, Engineer, Pref : Professionls, Ph: 0097333067701/ 9447481009/ 9946665391, Reg No: 21959

Email:rajasekharanpillai@hotmail.com
Date of Birth:25-8-1994 (8.43pm)
Sishta Dasa:





Contact Address:
MR. SIVAPRASAD. P. K
PARACKAL HOUSE
VKC. P.O
THEVAKKAL
THAIKKAVU ROAD
KOCHI - 682 021

---

Nair Girl,25/160cm,Rohini, Fair, MS(Engineering),Employed in USA, Pref:MS,M.Tech,Employed in USA, Canada, Mob:+974-55893201 (Qatar), Reg.No.21962

Email:rajendran1886@yahoo.com
Date of Birth:15-07-1993(10.00pm)
Sishta Dasa:Chandra:8-8-10





Contact Address:
MR.D. RAJENDRAN
P-204,DLF NEW TOWN HEIGHTS
SEAPORT AIRPORT ROAD
KAKKANAD
ERNAKULAM - 682 037

---

Nair Girl, 28/162cm, Avittam, Sudhajathakam, Fair, M.Sc, B Ed, Pref: B.Tech and above, Ernakulam/Thrissur, Malappuram, Palakkad, Calicut, Kottayam District preffered, Ph:0484-2343902, Mob: 9947223142, Reg.No.21963

Email:rajeevan.kc142@gmail.com
Date of Birth:15-2-1991(7.01am)
Sishta Dasa:Kuja : 0-4-3.51





Contact Address:
MR.K.C.RAJEEVAN
43/730,KRISHNAGEETHAM
PALARIVATTOM
PIPE LINE ROAD
ERNAKULAM - 682 025

---

Nair Girl, 23/155cm, Uthram, Fair, MBBS, Pref: Doctors, Ph:0484-2334240, Mob :9746210303/ 9847102798, Reg.No.21964

Email:anithasaketham@gmail.com
Date of Birth:28-08-1995(8.32am)
Sishta Dasa:




Contact Address:
MR.ANILKUMAR K. K
54, SAKETHAM,
PRESS CLUB COLONY
MAMANGALAM,ANJUMANA ROAD
EDAPPALLY
KOCHI - 682 024


# MANGALYAM MATRIMONIAL

## വരനെ ആവശ്യമുണ്ട്



Nair Girl,29/168cm,Bharani,Fair, B.Tech, IT Analist,Tata Consultancy Infopark, Kakkanand, Ernakulam, Mob: 9847414970, Reg.No.21965


Email:vrindharamachandran@gmail.com
Date of Birth:02-06-1989(11.10am)
Sishta Dasa:0-6-21




Contact Address:
MR. E. P. RAMACHANDRAN
EDAPPARAM BATH
NEDUVANNOOR
CHOWARA P. O, ALUVA
ERNAKULAM - 683 571

Nair Girl,24/160cm, Uthrattathi, Fair, B.Tech in EEE, Software Engineer, TCS, Infopark, Ernakulam, Pref: B.Tech/ MCA /MBBS, Govt /Private, Ph: 0481-2303652, Mob:9447270544, Reg.No.21966


Email:venuprayaga@gmail.com
Date of Birth:3-6-1994(6.08pm)
Sishta Dasa:1-11-22




Contact Address:
MR.VENUGOPAL .B
PRAYAGA
KARAPUZHA
KOTTAYAM WEST
KOTTAYAM - 686 003

Nair Girl, 23/160cm,Uthrattathi, Medium, Honours degree Interior Design (UK), Just Graduated/Trainee, Pref: Graduate/PG , Engineer/ Architect/CA (US/Europe/UAE), Teetotaller, caring groom, Medium /Fair complexion, medium built 170+, Mob: 00971508128567 (Abudhabi), Reg.No.21968


Email:sudhesh830@gmail.com
Date of Birth:20-06-1995 (8.49pm(GMT)
Sishta Dasa:Sani:0-4-30




Contact Address:
MR.SUDHESH K. G
FLAT 16D, AMITY PARK
CHANGAPUZHA SAMADHI ROAD
DEVENKULAMKARA
KOCHI - 682 024

Nair Girl, 27/168, Thiruvathira, Fair, M.Pharm, Executive (MNC), Chennai, Pref :Professional degree and above, Employed Professional/ Employed in UK/USA/Australia Ph: 9503001735/ 9503671818, Reg No: 21969


Email:sudhapbvr@gmail.com
Date of Birth:17-05-1991 (5.05pm)
Sishta Dasa:Rahu : 2.6.2




Contact Address:
MR. JAYACHANDRAN
POORNIMA, PRRA 88
POOPPANI ROAD
PERUMBAVOOR. P.O
ERNAKULAM - 683 542

Marar Girl,24/165cm, Ayilyam, Wheatish, M.Tech in Networking Engineering, Software Engineer in Infosys, Trivandrum, Pref: Professionals, Govt/Public/ Private Ltd Company, Vegetarian/ Eggetarian, Ambalavasi/ Nair, Mob:9995869754, Reg.No.21876


Email:hari_thrippekulam@yahoo.com
Date of Birth:1-10-1994(8.20am)
Sishta Dasa:Budha:12-2-26




Contact Address:
MR.HARI T
NANDANAM
CHEMBAKASSERY TEMPLE ROAD
ALUVA
ERNAKULAM - 683 101

Nair Girl,26/5'2",Moolam, White, B.Sc (Chemistry) MCA,Software Engineer, Orion, Infopark, Kakkanad, Pref: Middle class family, preferably Ernakulam & Thrissur district, Ph :0484-2455624, Mob:9447194318, Reg.No.21970

Email:mpramesh@elenjikal.in
Date of Birth:12-04-1993(9.20am)
Sishta Dasa:Kethu:2-2-9




Contact Address:
MR.RAMESH BABU
NANDANAM,
KUZHIKKATTU
KOTHAKULANGARA
ANGAMALY
ERNAKULAM - 683 572


# MANGALYAM MATRIMONIAL

## വരനെ ആവശ്യമുണ്ട്



Nair Girl, 26/153, Avittam, Fair, MBA (Finance & Marketing), Unemployed, Pref : 27-31 Yrs, Educated and Well Employed , With traditional values and clean habits, Based out of Chennai, Ph: 9746788144/ 9846049689, Reg No: 21974


Email:rajkumar.rahul886@gmail.com
Date of Birth:24-01-1993 (4.57pm)
Sishta Dasa: Chowa : 3.8.21




Contact Address:
MR. RAJASEKARAN
THIRUTHIPPILLIL HOUSE
HOUSE NO. 21
BLOSSOM ROAD
ELAMAKKARA. P.O
COCHIN -682026

Nair Girl, 23/5'4",Magham, Fair, B.Tech, (Electronics & Communication), Software Engineer, Infopark, Kakkanad, Pref: Engineer, Ph : 0485-2207340, Mob: 9447414530/ 7012927297 ,Reg.No.21975


Email:jayanveliyathu@gmail.com
Date of Birth:26-08-1995(8.30am)
Sishta Dasa:Kethu:3-3-15




Contact Address:
MR.V. N. JAYAKUMAR
VELIYATHU HOUSE
KUNNACKAL P. O
MUVATTUPUZHA
ERNAKULAM - 682 316

Nair Girl,27/155cm,Uthrattathi, Fair, M.Tech,Deputy Engineer, Public Sector, Pref:Degree/ Permanent Job,Mob: 8606073399, Reg.No.21978


Email:svgsankaramangalam@gmail.com
Date of Birth:28-08-1991(11.20am)
Sishta Dasa:Sani:3-5-20




Contact Address:
MR.VENUGOPAL . S
KEERTHI
MATHILBHAGOM
THIRUVALLA
PATHANAMTHITTA - 689101

Nair Girl, 25/142cm, Thrikketta, Medium white, MA English Literature, Asst Professor,(Self Fin) regular, Ekm, Pref: PG/Technical Graduates, Govt/ Public Sector /Bank, Mob:8943077059/ 9400181575, Reg.no.21982


Email:aryasnair@gmail.com
Date of Birth:13-12-1993(3.30pm)
Sishta Dasa:




Contact Address:
MRS.K. VALSALA KUMARY
WATER SUPPLY DIVISION
COMBARA MARKET ROAD
ERNAKULAM - 682018

Nair Girl, 23/5'7", Magham,Wheatish Brown, B.Tech, MBA (Pursuing). Pref: B.Tech /M.Tech/ MBA, Ph : 0484 - 2671382, Mob:9447776375, Reg.No.21983

Email:c_smithaelayadom@yahoo.co.in
Date of Birth:05-06-1995(12.14am)
Sishta Dasa:Kethu:6-9-4




Contact Address:
MR.JAYAKUMAR
POURNAMI HOUSE
MAMBRA ROAD
ALANGADU P. O
KOTTAPPURAM
ERNAKULAM - 683511


**THOTTEKKATT DIWAN'S MEMMORIAL HALL**

**ERNAKULAM KARAYOGAM**

1. TDM HALL GANGA a/c
2. TDM HALL PERIYAR a/c (GROUND FLOOR)
3. TDM HALL KAVERY a/c
4. TDM HALL SOORYA a/c (DINING HALL)
5. TDM HALL YAMUNA a/c
6. TDM HALL NILA a/c (DINING HALL)
7. TDM HALL PAMBA (ROOF HALL)
8. TDM HALL NARMADA a/c (SEMINAR HALL)
9. TDM HALL GODAVARY a/c (CONFERENCE HALL)
10. TDM HALL SARASWATHY (FIRST FLOOR)
11. TDM HALL KRISHNA a/c (EXHIBITION HALL)

For Details Contact: 0484 2361160
Email: ekmkgm@gmail.com,
Web: www.ernakulamkarayogam.com


# MANGALYAM MATRIMONIAL

## വധുവിനെ ആവശ്യമുണ്ട്



Nair Boy, 27/175cm,Punartham, Fair, B.Tech, Software Engineer, Oracle India Ltd, Bangalore,Pref:Preferably Employed, Mob:9446471804, Reg.No.21955


Email:menon.prasadu@gmail.com
Date of Birth:08-08-1991(3.10pm)
Sishta Dasa:Guru:6-7-3




Contact Address:
MR VASUDEVAN K. S
DHANYA NIVAS,
KUNNUMPURAM
MANNAM ROAD,
EDAPPALLY NORTH
KOCHI - 682 024

Nair Boy, 29/185, Uthradam, Fair, B.Tech+ MBA, Senior Consultant, MNC, Bangalore , Pref : Same Status, Good Looking, Fair Girl, Ph: 7042511440/ 9711173261, Reg No: 21958


Email:nairkrkpunartham@gmail.com
Date of Birth:15-08-1989 (4.00 pm)
Sishta Dasa:Surya : 1.6.15




Contact Address:
MR. K.R.K. NAIR
FLAT. NO : 22, POCKET- F/23
SECTOR -3
ROHINI
DELHI - 110 085

Nair Boy, 28/184cm, Avittam, Fair, B.Tech, Central Goverment(ESIC), Pref: Degree,Govt Employee, Mob: 9497459081, Reg.No.21960


Email:krish_kmenon@yahoo.com
Date of Birth:13-06-1990(7.45pm)
Sishta Dasa:Kuja:5-3-18




Contact Address:
MR.KRISHNA KUMAR
MRRA 66, KATTUNILATH
MANNAM ROAD
KUNNUMPURAM
EDAPPALLY (N)
ERNAKULAM - 682 024

Nair Boy, 29/172cm,Thiruvonam, Fair,+2, Diploma in PPL achieved from Serbic flight Academy, MBA doing (Distant Education) ,Front Office Asst Manager in Hilton International,Doha, Qutar,Ph:0484-2462279, Mob: 8943712440, Reg.No.21961


Email:saneeshmadhav@gmail.com
Date of Birth:19-07-1989(7.00pm)
Sishta Dasa:Chandra:7-2-16




Contact Address:
MR.S.VIJAYAN
SREEKRISHNA SADANAM
KALADY P O
ALUVA
ERNAKULAM - 683 574

Nair Boy, 30/5'8", Magham, Wheatish, B.Tech,System Analyst in TCS ,Kochi, Pref: Degree,IT/Teaching /Banking, Mob: 7034737030, Reg.No.21967


Email:kurumuttamknr@gmail.com
Date of Birth:23-05-1988(7.10am)
Sishta Dasa:




Contact Address:
MR.K.N.RAJAGOPALAN NAIR
36/1828,SREE SAKET,
JYOTHI NAGAR
EDAPPALLY NORTH
ERNAKULAM - 682 024

Nair Boy, 30/172, Aswathy, Fair, MBA (Finance) Accounts Executive (Dubai), Pref : Educated girls with Job, Employed in Dubai or Any Job in our State, Ph : 0484 - 2537555, Mob : 9645227959, Reg No: 21938

Email:krishnath.sudhakaran@gmail.com
Date of Birth:25-01-1988 (4.40 pm)
Sishta Dasa:Kethu : 4.1.12




Contact Address:
MR. K. SUDHAKARAN
KRISHNATH HOUSE
CHAMBADY ROAD
ELAMAKKARA. P.O
COCHIN-682 026

# MANGALYAM MATRIMONIAL

## വധുവിനെ ആവശ്യമുണ്ട്



Nair Boy, 29/165cm,Avittam, Wheatish, B.Tech (Civil), Manager, MNC Construction Company (Shapoorji Pallonji), Vijayawada (A.P), Pref: B.Tech/PostGraduate/MBBS/ BDS, Mob:9400334950, Reg.No.21971

Email:chitra_achu@yahoo.co.in
Date of Birth:04-12-1989(11.59am)
Sishta Dasa:Kuja:5-3-0

| | | | |
|---|---|---|---|
| | മാ | | ഗു |
| ല | ഗ്രഹനില | | ശി |
| ശു ച സ | & അംശകം | | |
| ബു മ | ര | കു | |

Contact Address:
COL.J. K.ACHUTHAN
31 LINK AVENUE,
GALAXY GARDEN
SASTHA TEMPLE ROAD
NEAR VEEGALAND FLATS,KALOOR
ERNAKULAM - 682017

Nair Boy, 28/5'8",Avittam, B.Tech, Software Engineer,Speridian Technology, Technopark, Tvm, Pref: B.Tech / Post Graduation Job at Tvm/Preferable Technopark, Nonvegetarian prefered, Mob: 9496281406, Reg.No.21976

Email:silajat@gmail.com
Date of Birth:7-8-1990(6.32am)
Sishta Dasa:Kuja:5-10-10.30

സ ശു

| | | | |
|---|---|---|---|
| | കു | | ശു |
| | ഗ്രഹനില | | ര ഗു ശി ല |
| സ ച | & അംശകം | | ബു |
| മ | മാ | | |

ര ഗു ച ബു മാ
മ ല കു ശി

Contact Address:
MR.SREEKUMAR N
INDEEVARAM, 1842 - B
POOTHENAPILLY ROAD
VYTTILA,
KOCHI - 682019

Nair Boy, 34/6ft,Aswathy (1 1/2 Papam), Fair, B.Tech, Engineer, Dubai - UAE, Pref: Graduate, Ph: 0484-2498700, Mob:9747123452, Reg.No.21977

Email:vijayanmb2014@gmail.com
Date of Birth:25-02-1985(10.55am)
Sishta Dasa:Kethu:0-3-29

ഗു ശി മാ

| | | | |
|---|---|---|---|
| കു ശു | ല ച സ | | മാ |
| ര ബു | ഗ്രഹനില | | |
| ഗു | & അംശകം | | |
| | മ | ശി | |

ബു ശു ര കു ച മ
സ ല

Contact Address:
MR.M.B.VIJAYAN
SOPANAM
NEAR NARANATH SREEKRISHNA -
TEMPLE, ELAKUNNAPUZHA P. O
ERNAKULAM - 682503

Nair Boy, 34/6ft,Avittam,Fair,B.Com+ Advanced Diploma in Catering Technology,Working as Restaurant Supervisor in Raheeb Resturant, Kuwait, Mob:8089457995/ 8089955514, Reg.No.21979

Email:jaybearing@gmail.com
Date of Birth:03-02-1984(2.19pm)
Sishta Dasa:Kuja:0-9-25

കു മ ര സ

| | | | |
|---|---|---|---|
| | | ല സ | |
| ച മാ | ഗ്രഹനില | | |
| ര | & അംശകം | | |
| ബു ശു ഗു | ശി | കു മ | |

ഗു മാ ല ശു ബു ശി
ച

Contact Address:
MR.SABARIDAS
V.B.ROYAL APARTMENT,
FLAT NO -I, BLOCK - I
OPP. GAYATRI KALYANA -
MANDAPAM, EDAPPALLY
ERNAKULAM - 682024

Nair Boy, 27/175cm,Pooradam, Fair, Diploma,Mechanical Engineering, INDUS Motors Pvt Ltd, Pref: Degree, Mob:9495738020/ 9495672678, Reg.No.21980

Email:ven55754@gmail.com
Date of Birth:18-9-1991(1.05am)
Sishta Dasa:Sukra:8-1-2

ശു മ ശി കു ഗു

| | | | |
|---|---|---|---|
| മാ | | | ല ശി |
| | ഗ്രഹനില | | ശു |
| മ | & അംശകം | | ബു ഗു |
| ച സ | | | ര കു |

ല ര
മാ ച സ ബു

Contact Address:
MR.VENU .N
C. P. HOUSE
RUDHIRAMALA LANE
WEST KADUNGALLORE
MUPPATHADOM, ALUVA
ERNAKULAM - 683 110

Nair Boy, 28/5'7", Pooram, Medium, M.Tech,Mechanical Engineering (IIT) Research Engineer, TCS,Pune, Pref: M.Tech/MBBS,girls Employed at Pune prefered, Ph:0484-2557673, Mob: 9388480512/ 7025048278, Reg.No.21981

Email:sujaathekath@gmail.com
Date of Birth:28-06-1990(7.30am)
Sishta Dasa:

ശു ഗു സ

| | | | |
|---|---|---|---|
| കു | | ശു | ര ഗു ബു |
| | ഗ്രഹനില | | ല ശി |
| സ | & അംശകം | | മാ ച |
| മ | | | |

കു ല ര മ ബു
ശി ച

Contact Address:
MR.B. PRAKASH PILLAI
SINDHU NIVAS
THAIKKATTUKARA P. O
VIDAKUZHA ,
KALAMASSERY MUNICIPALITY
ERNAKULAM - 683 106

MANGALYAM MATRIMONIAL

## വധുവിനെ ആവശ്യമുണ്ട്



Nair Boy, 32/178cm, (5'10"), Uthrattathi, Medium, BE/B.Tech - Computer Science, Software Engineer - DXC Technology, Bangalore. Pref: Professional Degree, Prefered working in Bangalore, Good family values Relationships,Mob : 08281410520,Reg.No.21984

Email:arunskr1610@gmail.com

Date of Birth:16-10-1986(5.36pm)

Sishta Dasa:

സ ഗു കു ബു ശു

| | | | |
|---|---|---|---|
| ച ല സ | | | |
| ഗു | ഗ്രഹനില & അംശകം | | |
| കു | | | |
| | മ മാ | ബു ശു | ര ശി |

ല മാ

ച മ ര ശി

Contact Address:
MR.B.UNNIKRISHNAN
6/226 D,2ND FLOOR,
MEETHASERI APARTMENT
CHAMBAKARA
KANNADIKAD ROAD
MARADU,ERNAKULAM - 682304



# തുമ്പയും കൊന്നയും

**നന്ദിനി മനോഹരൻ**

തുമ്പയും കൊന്നയുമന്നൊരുനാൾരുനാൾ
തമ്മിൽ ചെറിയൊരു വാക്കേറ്റമായി
കാർമുകിൽ വർണ്ണനാം കണ്ണനു തങ്ങളിൽ
ആരേയാണേറ്റം പ്രിയമെന്നായി
തുമ്പ തൃക്കാൽ വടിവാർന്ന താൻതന്നെയാണാ-
തൃക്കാക്കരപ്പനേറെ ഇഷ്ടപുഷ്പം
കൊന്ന കണ്ണന്റെ അരമണി വടിവാർന്ന തന്നോടാ-
ണാ കണ്ണനാമുണ്ണിക്കു സ്നേഹമേറ്റം
തുമ്പ ആവണി മാസത്തിൽ പൂക്കളം തീർക്കുവാൻ
ആവശ്യമെന്നെ ഉണ്ണികൾക്ക്
കൊന്ന കൊന്നയും കണ്ണനുമില്ലാതിരുന്നാൽ
വിഷുക്കണി പൊൻകണിയായിടുമോ?
തുമ്പ പരിശുദ്ധിയോതുന്ന വെണ്മയാണെന്നുടെ
ചാരുത ചാർത്തുന്ന വെള്ളനിറം
കൊന്ന ധനവും സമൃദ്ധിയും ആനയിച്ചീടുന്ന
കാഞ്ചന വർണ്ണമാണെൻ മഞ്ഞപ്പൂക്കൾ
തുമ്പ ഹരനും ഹരിക്കും ഒരുപോലെ അർച്ചിക്കാൻ
പാരം വിശേഷമാണെന്റെ പൂക്കൾ
തുമ്പപ്പൂമാല മുരുകനുചാർത്തിയാൽ
തുൻപമകലും , മംഗല്യഭാഗ്യമേകും
കൊന്ന സ്വർണ്ണ നിറമാർന്ന എന്നെ കണികണ്ടാൽ
പുതുവർഷം സമ്പൽ സമൃദ്ധിനേടും
ഇവരുടെ ഭാഷണം ചെവിയോർത്തു നിന്ന
അരിമുല്ല ചിരി തൂകി മൊഴിഞ്ഞു മെല്ലെ
മുല്ല പൂക്കളും കിളികളും മനുജരുമെല്ലാമാ-
പാൽക്കടൽ നാഥന്റെ അംശമല്ലോ
ആരും വലിയവരല്ലാരും ചെറിയവര-
ല്ലെല്ലാരും തുല്യരാണാ തമ്പുരാന്
തുമ്പയും കൊന്നയും പിച്ചിയും മുല്ലയും
എല്ലാം ആ തൃപ്പാദയർച്ചനക്ക്.
തൃച്ചേവടികളിൽ വീണടിയുമ്പോഴാ
പുഷ്പദലങ്ങൾക്കു മോക്ഷമായി.
മുല്ല തൻ ഭാഷണം കേട്ട നേരം
തുമ്പയും കൊന്നയും ചേർന്നു നിന്നു
സർവ്വചരാചരസൃഷ്ടാവാം ദേവനെ
സർവ്വാത്മനാ നമിച്ചു നിന്നു.




**ലോകവനിതാദിനത്തോടനുബന്ധിച്ച് ടിഡിഎം ഹാളിൽ നടന്ന ചടങ്ങിൽ സ്ത്രീ ശാക്തീകരണത്തിന് ഉദാഹരണമായ, ഡി.എച്ച്.ഗ്രൗണ്ടിൽ കരിക്ക് വ്യാപാരം നടത്തുന്ന ശ്രീമതി.പത്മകുമാരിയെ അനുമോദിക്കുകയും ഉപഹാരങ്ങൾ നല്കി ആദരിക്കുകയും ചെയ്തു. അതോടൊപ്പം 85-ാം വയസ്സിലും സകലകലാവല്ലഭയായി തിരുവാതിരകളിയുടെ മുത്തശ്ശിയായി അറിയപ്പെടുന്ന മാലതി.ജി.മേനോനെ എറണാകുളം കരയോഗം ആദരിക്കുകയും ചെയ്തു.**



പി.എസ്. ഗോപിനാഥൻനായർ

# 2019
# പരിസ്ഥിതി അവാർഡ്
# ശ്രീ. പോൾസൺ താമിന്



പോൾസൺ താം

ഈ വർഷത്തെ എറണാകുളം കരയോഗം-പി.എസ്. ഗോപിനാഥൻ നായർ പരിസ്ഥിതി അവാർഡ് ഭൗമദിനമായ ഏപ്രിൽ 22ന് തിങ്കളാഴ്ച, വൈകുന്നേരം 5.30 മണിക്ക് ടി.ഡി.എം.ഹാളിൽ കൂടുന്ന യോഗത്തിൽ തൃശ്ശൂർ സ്വദേശിയായ ശ്രീ.പോൾസൺ താമിന് നല്കുന്നതാണ്. കാർഷിക-പരിസ്ഥിതി രംഗത്ത് നടത്തുന്ന വിവിധ പ്രവർത്തനങ്ങളാണ് പോൾസൺ താമിനെ ഈ പുരസ്ക്കാരത്തിനർഹനാക്കിയത്. 1984 മുതൽ കാർഷിക പരിസ്ഥിതി പ്രവർത്തനവുമായി ബന്ധപ്പെട്ടുള്ള സേവനങ്ങളും അദ്ദേഹത്തിന്റേതായ അനേകം ലേഖനങ്ങളും കൃതികളും ഈ മേഖലയ്ക്ക് മുതൽക്കൂട്ടായിട്ടുണ്ട്. ഇപ്പോഴും മുഴുവൻ സമയവും നിത്യഹരിത വിപ്ലവത്തിനും കാർഷിക ആവശ്യങ്ങൾക്കുള്ള ഉപദേശങ്ങൾക്കുമായി സേവനം തുടർന്നുപോരുന്നു. ഭൗമദിനത്തിൽ നടത്തുന്ന പൊതുസമ്മേളനത്തിൽ ഡോ.എ.രാമചന്ദ്രൻ, വൈസ് ചാൻസലർ, കുഫോസ് പന്ത്രണ്ടാമത് പരിസ്ഥിതി അവാർഡും, പ്രശസ്തിപത്രവും, ഫലകവും, 15,000 രൂപ ക്യാഷ് അവാർഡും സമ്മാനിക്കുന്നതാണ്. കരയോഗം പ്രസിഡന്റ് കെ.പി.കെ. മേനോന്റെ അദ്ധ്യക്ഷതയിൽ കൂടുന്ന യോഗത്തിൽ അഡ്വ.ടി.ശിവദാസൻ നായർ, കെ.വി.രാമചന്ദ്രൻ, ശ്രീകുമാർ മുഖത്തല, ഡോ.ജി.മധു, എസ് ജയ് തിലകൻ തുടങ്ങിയവർ സംബന്ധി ക്കും. പ്രസ്തുത ചടങ്ങിലേക്ക് ഏവരേയും സ്വാഗതം ചെയ്തുകൊള്ളുന്നു.

DATE OF PUBLICATION: 10-04-2019

RNI NO. KERMAL/2008/23515

REGISTERED NEWSPAPER

M6-57945/2007

REGISTERED KL/EKM/514/2018-20
LICENSE NO. KL/CR/EKM/WPP-15/2018-20
LICENSED TO POST WITHOUT PREPAYMENT

Volume No. 12 April 2019 Issue No. 4

# എറണാകുളം കരയോഗം കഥകളി ക്ലബ്ബ് പ്രതിമാസ കഥകളി



പ്രവേശനം സൗജന്യം

**കഥകളി : സീതാസ്വയംവരം**

**30.4.2019, ചൊവ്വാഴ്ച, ടി.ഡി.എം. ഹാൾ ഗംഗ, 6.30 p.m.**

പരശുരാമൻ - കലാമണ്ഡലം തുളസികുമാർ
ശ്രീരാമൻ - കലാമണ്ഡലം അരുൺ രമേശ്
ദശരഥൻ - ആർ എൽ വി അനുരാജ്
സീത - കുമാരി ഉത്തര
ലക്ഷ്മണൻ - കുമാരി വരദ
പാട്ട് - കലാമണ്ഡലം ഗോപാലകൃഷ്ണൻ,ആർഎൽവി ഗണേഷ്
ചെണ്ട - കലാമണ്ഡലം ഹരീഷ്, മിഥുൻ മുരളി
മദ്ദളം - കലാനിലയം മണികണ്ഠൻ, അജു വിജയൻ


**കഥാസാരം :**

ശിവചാപമായ ത്രൈയംബകം കുലയ്ക്കുന്നവന് മാത്രമേ തന്റെ പുത്രിയായ ജാനകിയെ വിവാഹം കഴിച്ചു നല്കുകയുള്ളൂ എന്ന് ജനകൻ തീരുമാനിക്കുന്നു. അപ്രകാരം സ്വയംവരം നിശ്ചയിക്കുന്നു. വിശ്വാമിത്ര മഹർഷിയോടൊപ്പം അവിടെ എത്തുന്ന ശ്രീരാമൻ ത്രൈയംബകം കുലയ്ക്കുവാൻ ശ്രമിക്കുകയും അത് ഒടിക്കുകയും ചെയ്യുന്നു. സീതയെ ശ്രീരാമൻ വിവാഹം കഴിക്കുന്നതിനോടൊപ്പം സീതയുടെ സഹോദരിമാരെ ശ്രീരാമന്റെ സഹോദരങ്ങളായ ഭരതൻ, ലക്ഷ്മണൻ, ശത്രുഘ്നൻ എന്നിവർ വിവാഹം കഴിക്കുന്നു.

വിവാഹഘോഷയാത്ര അയോധ്യയിലേക്കു പുറപ്പെടുന്നു. തന്റെ ഗുരുവായ ശിവന്റെ ചാപം മുറിച്ച വിവരം അറിഞ്ഞ് ക്ഷുഭിതനായ പരശുരാമൻ ഈ ഘോഷയാത്രയെ തടയുകയും ശ്രീരാമനെ അധിക്ഷേപിക്കുകയും ചെയ്യുന്നു. ശ്രീരാമൻ ശാന്തനായി നിലകൊള്ളുന്നു എങ്കിലും ക്ഷമ ചോദിക്കുന്ന തന്റെ പിതാവിനെ പരശുരാമൻ കാലുകൊണ്ട് തട്ടുന്ന സമയം കോപിച്ചു പരശുരാമനോട് മറുപടി പറയുന്നു. പരശുരാമന്റെ കയ്യിലുള്ള വിഷ്ണുചാപം കുലയ്ക്കുകയാണെങ്കിൽ താൻ ആർജ്ജിച്ച തപോബലവും മാനസവേഗവും ശ്രീരാമന് നല്കാമെന്ന് പരശുരാമൻ വെല്ലുവിളിക്കുന്നു. ശ്രീരാമൻ വിഷ്ണുചാപം കുലച്ചു അസ്ത്രം തൊടുക്കുന്നു. ആ സമയം മുൻപിൽ നില്ക്കുന്നത് മഹാവിഷ്ണു തന്നെ എന്ന് മനസ്സിലാക്കിയ പരശുരാമൻ താൻ ആർജ്ജിച്ച പുണ്യലോകങ്ങൾ ലക്ഷ്യമാക്കി അസ്ത്രം അയക്കാൻ ശ്രീരാമനോട് ആവശ്യപ്പെടുകയും മാനസവേഗം തനിക്കു തിരിച്ചു നല്കാൻ അഭ്യർത്ഥിക്കുകയും ചെയ്യുന്നു.

ശ്രീരാമന്റെ ജൻമലക്ഷ്യം മനസ്സിലാക്കിയ പരശുരാമൻ ശ്രീരാമനെയും സീതയെയും ദശരഥനെയും എല്ലാം അനുഗ്രഹിച്ചു മടങ്ങുന്നു.



# എറണാകുളം കരയോഗം ഫിലിം ക്ലബ്ബ്

**55 വർഷം പിന്നിടുന്ന മലയാളത്തിലെ ആദ്യ ഹൊറർ ചിത്രം**

**ഏപ്രിൽ 20, ശനിയാഴ്ച വൈകീട്ട് 5.00ന് ഭാർഗ്ഗവി നിലയം**

ചിത്രത്തിന്റെ ഷൂട്ടിങ്ങിനിടയിൽ തിരക്കഥാകൃത്ത് ബഷീർ മധുവിനും പി.ജെ.ആന്റണിക്കും മുന്നിൽ നടത്തിയ പ്രകടനം സിനിമയോടൊപ്പം പ്രശസ്തമായി.
അഭിനേതാക്കൾ : പ്രേംനസീർ, മധു, പി.ജെ.ആന്റണി, വിജയനിർമ്മല
ഗാനരചന, സംഗീതം : പി.ഭാസ്ക്കരൻ, ബാബുരാജ്, സംവിധാനം : എ.വിൻസന്റ്

പ്രവേശനം സൗജന്യം



*If undeliverd please return to:*
Karayoga Souhridam
T.D.M Hall Complex, D.H. Road,
Kochi 682016, Kerala

The Views expressed in this journal are those of the authors and need not necessarily reflect the policies and views of Ernakulam Karayogam

Printed by M. Sreevallabhan nair Published by M. Sreevallabhan Nair on behalf of Ernakulam Karayogam, TDM Hall complex, Durbar Hall Road, Kochi-682016, Ph : 0484 -2361160, E mail : ekmkgm@gmail.com, Website : www.ernakulamkarayogam.com and Printed at Sterling Print House (P) Ltd., Door.No.49/1849, AIMS Ponekkara P.O, Kochi-682041, Ph: 0484-2802522, 2800406 for Murali Industries, Babu Cottage, Alappat extn.Road, Behind Ravipuram Temple, Kochi-682016 and Published at Ernakulam Karayogam, TDM Hall Complex, Durbar Hall Road, Kochi-682016. Editor: M. Sreevallabhan Nair- Mob: 9947736071.

സേവനം ജീവിതസാഫല്യം